കാവല്ലൂർ മുരളീധരൻ

# വിശപ്പ്

നോവൽ

# വിശപ്പ്

നോവൽ

**VISAPPU**
Malayalam Language

*by*
**Kaavalloore Muraleedharan**

Rights reserved with the Publisher

First Published: October 2025

*Published by*
**Sahithi Publications**
Ishara Complex, Elavumthitta, Pathanamthitta
www.sahithisangama.com
sahithipublications2021@gmail.com
**Tel: +91 8547357890, +91 9048834001**
Reg. No. PTM/TC/23/2022

*Printing*
**Nirmala Offset Printers**
Nirmala College Road, Chalakudy
Email: nirmalaplus@gmail.com

This work may not be translated or copied in whole or in part without the written permission of the author, except for brief excerpts in connection with reviews or scholarly analysis.

ISBN: 978-93-94587-36-6


**Price: ₹ 195**

# വിശപ്പ്

നോവൽ

## കാവല്ലൂർ മുരളീധരൻ

സാഹിതി പബ്ലിക്കേഷൻസ്
പത്തനംതിട്ട
Tel: +91 8547357890, +91 9048834001
www.sahithisangama.com



## കാവല്ലൂർ മുരളീധരൻ

തൃശ്ശൂർ, ഇരിങ്ങാലക്കുടയ്ക്കടുത്ത്, പടിയൂരിൽ ജനനം. അച്ഛൻ കാവല്ലൂർ രാംപറമ്പിൽ വേലായുധൻ, അമ്മ വള്ളിക്കുട്ടി. നാലു സഹോദരിമാർ രാജേശ്വരി, അംബിക, പരിമള, താര. പടിയൂർ ഡോൺബോസ്കോ ഇപി സ്കൂൾ, പടിയൂർ സെന്റ് സെബാസ്റ്റ്യൻ അപ്പർ പ്രൈമറി സ്കൂൾ, കൽപ്പറമ്പ് ബി.വി.എം. ഹൈസ്കൂൾ എന്നിവടങ്ങളിൽ സ്കൂൾ പഠനം. ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിൽ ബിരുദപഠനം, പുല്ലൂർ ഐടിസിയിൽ നിന്ന് സെക്രേട്ടറിയൽ പ്രാക്ടിസും പഠിച്ചു.

മൂന്നു വർഷം മുംബൈയിൽ വിവിധ ജോലി. സൗദി അറേബ്യയിൽ ഔദ്യോഗിക ജീവിതം തുടരുന്നു. ഭാര്യ ബിന്ദു, മക്കൾ മീര, മീനാക്ഷി.

*വിലാസം:*
ആരണ്യകം, കാവല്ലൂർ രാംപറമ്പിൽ വീട്
പടിയൂർ 680688, ഇരിങ്ങാലക്കുട, തൃശ്ശൂർ ജില്ല.
ഫോൺ: 00919447466923 00966507855402
E-mail: kvmuran@gmail.com
FB & Insta: Kaavalloore Muraleedharan

# നന്ദി

പ്രസാധകരായ സാഹിതി പബ്ലിക്കേഷൻസിനോടും പ്രിയ സുഹൃത്ത് ബാലചന്ദ്രൻ ഇഷാര സാറിനോടുമാണ് ആദ്യം നന്ദി പറയേണ്ടത്. സാറിന്റെ സ്നേഹപൂർണ്ണമായ നിർബന്ധം ആണ് രണ്ടാമത്തെ ഈ പുസ്തകം ഇത്തരത്തിൽ ആകുവാനുള്ള കാരണം. ഡോക്ടർ പ്രസന്ന രാജൻ സാറിന്റെ സവിശേഷമായ അവതാരിക എഴുത്തുകാരന് കിട്ടിയ അനുഗ്രഹമാണ്. ഗുരുതുല്യരായ ഇവരോടുള്ള നന്ദി വാക്കുകളിൽ ഒതുക്കാനാവില്ല. മലയാളഭാഷക്കുവേണ്ടി ജീവിതം സമർപ്പിച്ചിരിക്കുന്ന രണ്ടുപേർക്കും ഹൃദയം നിറഞ്ഞ കൂപ്പുകൈ. എന്റെ രചനകൾ വായിച്ച് അക്ഷരത്തെറ്റുകളും വ്യാകരണങ്ങളും തിരുത്തിത്തരുന്ന, പേരുവെളി പ്പെടുത്താൻ ആഗ്രഹിക്കാത്ത അടുത്ത സുഹൃത്തിന് ഹൃദയം നിറഞ്ഞ നന്ദി. ഫേസ്ബുക്കിലെ എഴുത്തുകൾ വായിച്ചു നിരന്തരം വിലയിരുത്തു കയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ധാരാളം സുഹൃത്തുക്കൾ ഉണ്ട്, എല്ലാവർക്കും നന്ദി. ഓരോരുത്തരെയും പേരെടുത്ത് പറയുന്നില്ല എന്ന് മാത്രം. പുസ്തകത്തിന് പഠന-ആസ്വാദനങ്ങൾ എഴുതിയ ശ്രീമതി രാധിക ശശിധരൻ, ശ്രീ രാധാകൃഷ്ണൻ വെട്ടത്ത്, ശ്രീ. ബിജോ സിൽവേരി എന്നിവർക്കുള്ള നന്ദി അറിയിക്കുന്നു. പുസ്തകത്തിന് ഡിടിപിയും ഒപ്പം മുഖച്ചിത്രവും രൂപകൽപ്പന ചെയ്യാനും സഹായിച്ച മഹേഷ്, എപ്പോഴും എല്ലാ പ്രോത്സാഹനങ്ങളും നൽകുന്ന സുഹൃത്ത് സുനിൽ പൂവേലി എന്നിവർക്ക് നന്ദി. എവിടെയോ ഇരുന്ന് നിരന്തരം അനുഗ്രഹങ്ങൾ ചൊരിയുന്ന എല്ലാ ഗുരുതുല്യർക്കും വായനക്കാർക്കും ഹൃദയം നിറഞ്ഞ നന്ദി, നമസ്കാരം. നന്മകൾ നിറയട്ടെ ചുറ്റും.

**കാവല്ലൂർ മുരളീധരൻ**

## അവതാരിക

# കാലത്തിന്റെ വിശപ്പ് ഒപ്പിയെടുക്കുന്ന നോവൽ

### ഡോ. പ്രസന്നരാജൻ

**ഈ** നൂറ്റാണ്ടിന്റെ തുടക്കത്തോടെ നമ്മുടെ നോവൽ എന്ന സാഹിത്യരൂപത്തിന് വലിയ മാറ്റങ്ങൾ സംഭവിച്ചു തുടങ്ങിയതായി കാണാം. പുതിയ ഒരു തലമുറയിലെ നിരവധി എഴുത്തുകാർ ഈ രംഗത്തു പ്രവർത്തിച്ചു തുടങ്ങി. പുതിയ പ്രമേയങ്ങളും ആഖ്യാനരീതികളും പുതിയ ഭാഷാരീതിയും വ്യത്യസ്ത ഭാവനയുമെല്ലാം ചേർന്ന് ശക്തമായ ഒരു നോവൽ പാരമ്പര്യംതന്നെ ഇവിടെ രൂപപ്പെട്ടു എന്ന് സാഹിത്യചരിത്രം വ്യക്തമായി കാണിച്ചുതരുന്നു. നമ്മുടെ നോവൽ ഭിന്നമായ മേച്ചിൽപ്പുറങ്ങൾ കണ്ടെത്തിയെന്ന് പല വിമർശകരും ചരിത്രകാരന്മാരും ഇതിനകം ചൂണ്ടിക്കാണിക്കുകയും ചെയ്തിട്ടുണ്ട്. നോവൽ ശ്രദ്ധയോടെ വായിക്കുന്ന വായനക്കാരും ഇന്ന് ധാരാളമായുണ്ട്. പുതിയൊരു നോവൽ പുറത്തിറങ്ങുമ്പോൾത്തന്നെ അത് വാങ്ങി വായിക്കുകയും അതിനെക്കുറിച്ച് സാമൂഹിക മാധ്യമങ്ങളിൽ കുറിപ്പുകൾ എഴുതുകയും ചെയ്യുന്ന വലിയൊരു വായനാസമൂഹം ഇവിടെ രൂപപ്പെട്ടിട്ടുണ്ട്. അത്തരം വായനക്കാർ ഇഷ്ടപ്പെടാൻ ഇടയുള്ള ഒന്നാണ് ശ്രീ കാവല്ലൂർ മുരളീധരൻ രചിച്ച 'വിശപ്പ്' എന്ന നോവൽ.

നോവൽ എന്ന കലയിൽ നിയതമായ നിയമങ്ങളോ ചട്ടങ്ങളോ നിലവിലില്ല. ഒരു കലാരൂപവും നിശ്ചിതമായ ചട്ടങ്ങൾ അനുസരിച്ച് നീങ്ങുന്നവയല്ല. രചനയുടെ പിന്നിലുള്ള കലാകാരന്റെ പ്രതിഭ നിശ്ചയിക്കുന്നതാണ് കലാസൃഷ്ടിയിലെ നിയമങ്ങൾ. നോവലിന്റെ രൂപവും ഘടനയുമെല്ലാം നോവലിസ്റ്റ് തന്നെ തീരുമാനിക്കുന്നു. നാം ഇവിടെ വായിക്കുന്ന കാവല്ലൂർ മുരളീധരന്റെ 'വിശപ്പ്' എന്ന നോവൽ മുൻധാരണകളനുസരിച്ച് നീങ്ങുന്നില്ല. സ്വന്തം രീതിയിൽ മുന്നോട്ട് പോകുകയാണ്. നോവലിനെ കുറിച്ചുള്ള വായനക്കാരുടെ സാമാന്യധാരണകളെയും സങ്കല്പങ്ങളെയും

ഒട്ടും മാനിക്കാതെയാണ് ഈ നോവൽ മുന്നോട്ട് പോകുന്നത്. നോവലിനെക്കുറിച്ച് പുതിയ ചില സങ്കല്പങ്ങൾ അവതരിപ്പിക്കുവാൻ ശ്രമിക്കുകയാണ് നോവലിസ്റ്റ്.

ആദിമദ്ധ്യാന്തപ്പൊരുത്തമുള്ള ഒരു 'കഥ' നോവലിലില്ല. മാത്രമല്ല നോവൽ എന്ന കലാരൂപത്തെപ്പറ്റിയുള്ള വായനക്കാരുടെ പരമ്പരാഗതമായ ഉറച്ച ധാരണകളെയും സൗന്ദര്യമൂല്യങ്ങളെയും തകിടം മറിക്കുകയും ചെയ്യുന്നു. ഒരർത്ഥത്തിൽ പരീക്ഷണ നോവലാണ് ഇത്. കഥാപാത്രങ്ങൾക്ക് പേരുകൾ കൊടുത്തിട്ടില്ല. അയാൾ, അവൾ, ഞാൻ, അവർ എന്നൊക്കെയുള്ള 'പേരു'കളിലാണ് കഥാപാത്രങ്ങൾ കടന്നുവരുന്നത്. സംഭവങ്ങൾ വിശദമായി ചിത്രീകരിക്കുന്നുമില്ല. നിഗൂഢതകളുടെ കൊടുംകാടായ നമ്മുടെ ജീവിതങ്ങൾ നോവലിസ്റ്റ് തന്റേതായ രീതിയിൽ ആവിഷ്കരിക്കുകയാണ്. നമ്മുടെ കാലത്തെ മനുഷ്യജീവിതം നേരിടുന്ന ദാർശനികവും സാമൂഹികവും രാഷ്ട്രീയവുമായ പ്രശ്നങ്ങളെക്കുറിച്ച് എഴുത്തുകാരൻതന്നെ വെളിപ്പെടുത്തി നീങ്ങുകയാണ് നോവലിൽ. ഉചിതമായ സന്ദർഭങ്ങൾ സൃഷ്ടിച്ച് ജീവിതത്തിനേറ്റ ആഘാതങ്ങളും മുറിവുകളും കാവ്യാത്മകമായി പ്രകാശിപ്പിക്കുന്നു. മനുഷ്യജീവിതത്തെപ്പറ്റിയുള്ള കാവ്യാത്മാകമായ പ്രസ്താവങ്ങൾ നോവലിൽ ഉടനീളമുണ്ട്. മനുഷ്യജീവിതത്തിന്റെ മൗലികമായ വശങ്ങളിൽ ഈ കലാകാരന്റെ കണ്ണുകൾ എത്തുന്നുണ്ട്. മനുഷ്യബന്ധങ്ങളുടെ നിഗൂഢ സ്വഭാവങ്ങളിലേക്ക് നോവൽ വിരൽചൂണ്ടുന്നതു കാണാം. സ്ത്രീപുരുഷ ബന്ധത്തിന്റെ ആഴവും പ്രണയത്തിന്റെ മൗലിക സ്വഭാവങ്ങളും ഈ കലാസൃഷ്ടി അർത്ഥവത്തായ സൂചനകളിലൂടെ വ്യക്തമാക്കുന്നു. മാത്രമല്ല ജീവിതത്തിന്റെ ആത്യന്തിയായ പൊരുൾ എന്തെന്ന അന്വേഷണവും നോവലിൽ ഉണ്ട്. അത് നോവലിന് ദാർശനികഛായ പകർന്നു കൊടുക്കുന്നു. ആ സ്വഭാവമാണ് നോവലിനെ മികച്ച കലാസൃഷ്ടിയായി മാറ്റുന്നത്.

സ്വന്തം കാലത്തിന്റെ ആന്തരികസവിശേഷതകൾ വ്യക്തമായി അവതരിപ്പിക്കുവാനും നോവലിസ്റ്റ് യത്നിക്കുന്നുണ്ട്. മനുഷ്യന്റെ സ്വാർത്ഥതയും കുടിലബുദ്ധിയും ക്രൂരതകളും ഭൂമിയിലേല്പിക്കുന്ന കടുത്ത ആഘാതങ്ങൾ വ്യക്തമായ സൂചനകളിലൂടെ വെളിപ്പെടുത്തുവാൻ നോവലിസ്റ്റ് കഠിനശ്രമംതന്നെ നടത്തുന്നുണ്ട്. ഭൂമിയുടെ വിലാപങ്ങൾ ഈ കലാകാരൻ വ്യക്തമായി കേൾക്കുന്നു. ഖനന കമ്പനികളുടെ വാടകക്കൊലയാളികൾ ഭൂമാതാവിനെ ആക്രമിക്കുന്നതും ഭൂമിയുടെ ആത്മാവ് തേങ്ങുന്നതും നോവലിസ്റ്റ് ചില സൂചനകളിലൂടെ വ്യക്തമാക്കുന്നു. ഖനനം തുടങ്ങുമ്പോൾ മനുഷ്യരെല്ലാം കുടിയിറക്കപ്പെടുന്നതും മലകൾ പൊട്ടിത്തകരുന്നതും ഗ്രാമങ്ങൾ തുടച്ചു നീക്കപ്പെടുന്നതും

മണ്ണിനടിയിൽ മനുഷ്യൻ മരിച്ചുകിടക്കുന്നതുമെല്ലാം ഈ എഴുത്തുകാരൻ എടുത്തുകാണിക്കുന്നു. ഒരു നൂറ്റാണ്ടിനുശേഷം ഈ ഭൂമിയിൽ പർവ്വതങ്ങളോ മലനിരകളോ കാണുമോ? എന്ന ഭീതിദമായ സംശയവും അദ്ദേഹം ഉന്നയിക്കുന്നുണ്ട്. ഉരുൾപൊട്ടൽ പ്രകൃതിയുടെ ആത്മാഹൂതി ആയിരിക്കുമോ എന്നും നോവലിസ്റ്റ് സംശയിക്കുന്നുണ്ട്. നമ്മുടെ കാലം അഭിമുഖീകരിക്കുന്ന ചില പ്രധാന പ്രശ്നങ്ങൾ ഈ നോവലിന്റെ മൗലിക പ്രമേയമായി കടന്നുവരുന്നു. കാലത്തെ തിരിച്ചറിയുന്ന ഒരു കലാകാരൻ ഈ രചനയുടെ പിന്നിലുണ്ടെന്ന് മനസ്സിലാക്കാം.

ഇന്നത്തെ ശ്രദ്ധേയരായ പല എഴുത്തുകാരും ഭൂമി നേരിടുന്ന വലിയ വിപത്തുക്കളെക്കുറിച്ച് അവരുടെ രചനകളിൽ പ്രതിപാദിച്ചിട്ടുണ്ട്. നോവലിസ്റ്റുകൾ മാത്രമല്ല, കവികളും കലാകാരന്മാരും മരിച്ചുകൊണ്ടിരിക്കുന്ന ഭൂമിയുടെ നിലനില്പിനായുള്ള വിലാപങ്ങൾ അവരുടെ സൃഷ്ടികളിൽ അവതരിപ്പിച്ചിട്ടുള്ളതായി കാണാം. നമ്മുടെ നാട്ടിൽ ഭൂനശീകരണത്തിനെതിരെ ഒരു ചിന്താപ്രസ്ഥാനംതന്നെ വളർന്നുവന്നിട്ടുണ്ട് എന്ന കാര്യം എടുത്തുപറയേണ്ടതാണ്. നമ്മുടെ കാലം നേരിടുന്ന പ്രധാന പ്രശ്നങ്ങളെ തന്റെ കലാസൃഷ്ടിയിലൂടെ കലാപരമായ മികവോടെ അവതരിപ്പിക്കുവാൻ ഈ നോവലിസ്റ്റിന് കഴിഞ്ഞിട്ടുണ്ട്. മനഷ്യജീവിതത്തെ സംബന്ധിക്കുന്ന ദാർശനികമായ പ്രശ്നങ്ങളും സാമൂഹികവും രാഷ്ട്രീയവുമായ പ്രശ്നങ്ങളും ഒന്നിച്ചവതരിപ്പിക്കുവാൻ ഈ കലാകാരന് കഴിഞ്ഞത് എഴുത്തിന്റെ രംഗത്തെ വലിയൊരു നേട്ടമായിത്തന്നെ കണക്കാക്കാം.

എഴുത്തുകാരന്റെ ഭാഷാശൈലിയും ആഖ്യാനരീതിയും വായനക്കാരുടെ പ്രീതി നേടിയെടുക്കുന്നതാണ്. മനുഷ്യജീവിതത്തെ സംബന്ധിക്കുന്ന സൂക്ഷ്മയാഥാർത്ഥ്യങ്ങൾ പ്രകാശിപ്പിക്കുവാൻ കാവ്യാത്മകമായ ആഖ്യാനരീതിയും ഭാഷയും സഹായിക്കുന്നു. മനുഷ്യന്റെയും കാലത്തിന്റെയും വിശപ്പ് ഒപ്പിയെടുക്കുവാൻ നോവലിസ്റ്റിന് കഴിഞ്ഞിട്ടുണ്ട് എന്നു പറയുവാൻ സന്തോഷമുണ്ട്. ഈ എഴുത്തുകാരനെ ആഹ്ലാദത്തോടെ ഞാൻ സ്വാഗതം ചെയ്യുന്നു.

■

# വിശപ്പും രുചിയും

**പു**സ്തകങ്ങളെക്കുറിച്ച് ഫ്രാൻസിസ് ബേക്കൺ പറഞ്ഞത്, ചില പുസ്തക ങ്ങൾ രുചിച്ചു നോക്കണം, ചിലത് വിഴുങ്ങണം, എന്നാൽ ചിലത് ചവച്ചരച്ച് നന്നായി ദഹിപ്പിക്കണമെന്നാണ്. രസകരമായ വായന എന്നൊന്ന് മൂന്നാം വിഭാഗത്തിലില്ല. അസംബന്ധം, ധാർമ്മികത, മനുഷ്യാവസ്ഥ എന്നിവയെ ക്കുറിച്ചുള്ള ചിന്തോദ്ദീപകമായ നോവലാണ് ആൽബർട്ട് കാമുവിന്റെ 'ദി സ്ട്രേഞ്ചർ'. മിലൻ കുന്ദേര എഴുതിയ 'ദി അൺബിയറബിൾ ലൈറ്റ്നസ് ഓഫ് ബീയിങ്' എന്ന നോവലിൽ സ്നേഹം, സ്വത്വം, ജീവിതത്തിന്റെ അർത്ഥം എന്നിവയെക്കുറിച്ചുള്ള ഗാഢമായ ചിന്തകൾ കാണാം. ഹെർമൻ ഹെസെയുടെ 'സ്റ്റെപ്പൻവുൾഫ്' സ്വത്വത്തിന്റെയും അസ്തിത്വ വാദത്തിന്റെയും പ്രമേയങ്ങൾ പര്യവേക്ഷണം ചെയ്യുന്ന നോവലാണ്. നിരർത്ഥകതയുടെയും അതിയാഥാർത്ഥ്യ സംഭവങ്ങളുടെയും സാധാരണ സംഭവങ്ങളുടെയും മിശ്രിതമാണ് ഫ്രാൻസ് കാഫ്കയുടെ നോവലുകൾ. 'മരുഭൂമികൾ ഉണ്ടാകുന്നത്' എന്ന കൃതിയിലൂടെ മലയാള നോവൽ സാഹിത്യത്തെ വിവിധ വിജ്ഞാനമേഖലകളുടെ സംവാദവേദിയാക്കിയ കഥാകാരനാണ് ആനന്ദ്. ഇവരുടെ വിഭാഗത്തിലാണ് കാവല്ലൂർ മുരളീധ രന്റെ പുസ്തകം ഉൾപ്പെടുന്നത്. വാക്കുകൾ ജ്ഞാനമായി മാറുന്ന ചിന്താ മണ്ഡലത്തിൽ, 'വിശപ്പ്' വായനക്കാരനെ സ്വയം കണ്ടെത്തലിന്റെയും ആത്മപരിശോധനയുടെയും ഒരു യാത്രയിലേക്ക് ക്ഷണിക്കുകയാണ്. മനുഷ്യ-അസ്തിത്വത്തിന്റെ ആഴങ്ങൾ അന്വേഷിക്കുന്ന ഈ നോവൽ, ജീവിതത്തിന്റെയും പ്രപഞ്ചത്തിന്റെയും സങ്കീർണ്ണതകളെ നേരിടാൻ വായനക്കാരനെ വെല്ലുവിളിക്കുന്നുണ്ട്. 'വിശപ്പ്' മാറണമെങ്കിൽ നന്നായി ചവച്ചരച്ചുതന്നെ ദഹിപ്പിക്കണം.

**ബിജോ സിൽവേരി**

# പ്രസാധകമൊഴി

**നോ**വൽ സാഹിത്യത്തെപ്പറ്റിയുള്ള വായനക്കാരുടെ എല്ലാ പാരമ്പര്യ സങ്കല്പങ്ങളേയും, ധാരണകളേയും, സൗന്ദര്യബോധത്തെത്തന്നെയും മാറ്റി എഴുതിക്കൊണ്ട് പിറവിയെടുത്ത നോവലാണ് ശ്രീ. കാവല്ലൂർ മുരളീധരന്റെ 'വിശപ്പ്'. ഒരർത്ഥത്തിൽ പറഞ്ഞാൽ മലയാള നോവൽ കലാരൂപത്തിന് പുതിയൊരു മാനം നല്കുന്ന പരീക്ഷണമാണ് ഈ നോവൽ, നിയതമായൊരു കഥ ചട്ടക്കൂടില്ലാതെ, സന്ദർഭങ്ങൾ കഥയ്ക്ക് അനുകൂലമായി സൃഷ്ടിച്ച് മനുഷ്യബന്ധങ്ങളേയും, ചുറ്റുപാടുകളേയും, പ്രകൃതിയേയും എന്തിന് ഈ ഭൂമിയേക്കുറിച്ചുപോലുമുള്ള ആശങ്കകളും ആകുലതകളും, ദാർശനികഭാവത്തോടെ സൗന്ദര്യാത്മകമായി അവതരിപ്പിച്ച് വായനക്കാരെ ഒപ്പം ചേർത്തു കൊണ്ടുപോകുന്ന ഒരു നൂതന രീതിയാണ് നോവലിൽ നമുക്കു കാണാൻ കഴിയുന്നത്. അതാകട്ടെ വാനക്കാരന് ആസ്വാദ്യകരമായ രീതിയിലും.

എന്തുകൊണ്ടും നോവൽസാഹിത്യത്തിന് ഒരു പുതിയ അനുഭവമായിരിക്കും 'വിശപ്പ്' എന്നതിൽ ഞങ്ങൾക്ക് സംശയമില്ല. തികഞ്ഞ ആത്മവിശ്വാസത്തോടെ, അതിലേറെ പ്രതീക്ഷയോടെ ഈ നോവൽ വായനക്കാർക്ക് സമർപ്പിക്കുന്നു.

സ്നേഹത്തോടെ,

**ബാലചന്ദ്രൻ ഇഷാര**
ചീഫ് എഡിറ്റർ
സാഹിതി പബ്ലിക്കേഷൻസ്
ഫോൺ: +91 8547357890

# വിശപ്പ്

**ജീ**വിതം തന്നെ വിശപ്പാണ്.

പ്രണയിക്കാനുള്ള വിശപ്പ്, ധനം സമ്പാദിക്കാനുള്ള വിശപ്പ്, അധികാരം നേടാനുള്ള വിശപ്പ്, പ്രസിദ്ധി ഉണ്ടാക്കാനുള്ള വിശപ്പ്, ആരോഗ്യം നിലനിർത്താനുള്ള വിശപ്പ്. അങ്ങനെ ഒരായിരം വിശപ്പുകളുടെ ആമാശയമാണ് മനുഷ്യന്റെ തലച്ചോർ.

താനിപ്പോൾ ഈ നിമിഷത്തിൽ എന്തൊക്കെ വിശപ്പുകൾ ആണ് നേരിടുന്നത്? ഈ നഗരത്തിൽ താമസിക്കാൻ ഒരിടം. അതും ഒരു വിശപ്പാണോ? വിശപ്പാണോ ആവശ്യമായി പരിണമിക്കുന്നത്? തനിക്കും വേണമെന്ന ത്വര, ഒരുപക്ഷെ തനിക്ക് ഒന്നിലധികം നിർവചനങ്ങളിലേക്ക് പോയി സ്വയം സമാധാനിക്കാം.

ഉറങ്ങാൻ ഒരു മുറി വേണമെന്ന് എന്താണിത്ര നിർബന്ധം? ക്ഷീണിച്ചു വലഞ്ഞ് ഒരു സ്റ്റേഡിയത്തിലാണ് ഇന്നലെ ഉറങ്ങിയത്. വല്ല കുഴപ്പവുമുണ്ടായോ? ആകാശത്തിലെ നക്ഷത്രങ്ങളെ എണ്ണിക്കിടന്നു. പലപ്പോഴും എണ്ണം തെറ്റി, വീണ്ടും വീണ്ടും എണ്ണുന്നതിനിടയിൽ ഉറങ്ങിപ്പോയത് അറിഞ്ഞില്ല. അതിരാവിലെ നടക്കാൻ വന്ന ഒരാളാണ് വിളിച്ചുണർത്തിയത്, അയാൾ മുന്നറിയിപ്പ് തന്നു, പോലീസ് കണ്ടാൽ പിടിച്ചുകൊണ്ടുപോകും.

പണമില്ലാത്തതായിരുന്നില്ല അയാളുടെ പ്രശ്നം. ഏതെങ്കിലും ഹോട്ടലിലോ ലോഡ്ജിലോ അതിലും വലുതായ പഞ്ചനക്ഷത്ര സൗകര്യങ്ങളോ അയാൾക്ക് വിലകൊടുത്തു വാങ്ങാനുള്ള കെൽപ്പുണ്ട്.

എന്നാൽ അവിടെയൊന്നും അയാൾക്ക് ജീവിതത്തിന്റെ വിശപ്പ് തിരിച്ചറിയാൻ കഴിഞ്ഞിരുന്നില്ല.

എന്റെ എന്ന തോന്നൽ അയാളെ എപ്പോഴും കലശലായി പിടികൂടിയിരുന്നു. ആ എന്റെ എന്ന തോന്നൽ ഒന്നും സ്വന്തമായി സ്വരുക്കൂട്ടുന്നതിലല്ല. എന്റെ ആകാശം, എന്റെ കടൽ, എന്റെ നദി, അതിൽ ഞാൻ അനുഭവിക്കുന്ന ഒഴുക്ക്. എന്റെ ശ്വാസം, അത് ഉള്ളിലേക്ക് എടുക്കുമ്പോൾ എന്നിൽ ജീവന്റെ അംശം നിലനിർത്തുന്നു എന്ന യാഥാർത്ഥ്യം. ഒരു സർബത്ത് വെള്ളം നുണയുമ്പോൾ നാവിലെ രസമുകുളങ്ങൾ പിടിച്ചെടുക്കുന്ന ദാഹത്തിന്റെ വിശപ്പ് ശമിപ്പിക്കുന്ന എന്തോ

ഒന്ന്. അങ്ങനെ ജീവിതത്തിലെ എന്റെ, എന്റെ മാത്രം എന്ന് തോന്നുന്ന നിമിഷങ്ങൾ.

നഗരത്തിന്റെ തിരക്ക് അയാൾക്ക് വെറുപ്പാണ്, എന്നിട്ടും അയാൾ നഗരംതന്നെ തിരഞ്ഞെടുത്തു. ഒരുപക്ഷെ നഗരത്തിന്റെ ഏതെങ്കിലും ഒഴിഞ്ഞ മൂലയിൽ വിഹായസ്സിലേക്ക് തുറക്കുന്ന ഒരു മുറി തന്നെ കാത്തിരിക്കുന്നു എന്ന വിശ്വാസത്തോടെ.

ബോധോദയം മനുഷ്യന് സ്വയം ഉണ്ടാകുന്നതാണ്. ജീവിതത്തിൽ ചില ലക്ഷ്യങ്ങളിലേക്ക് സ്വയം നയിക്കപ്പെടുകയാണ്. നല്ലതോ ചീത്തയോ ആകാം. അല്ലെങ്കിൽ ചീത്ത എന്നൊന്നുണ്ടോ, ആ ചീത്തയിൽ അഭിരമിക്കാനുള്ള മാനസികാവസ്ഥ നിങ്ങൾ സ്വയം നേടിയെടുത്തതല്ലേ. തെറ്റുചെയ്തിട്ട് കുറ്റബോധം പേറി നടക്കേണ്ടതില്ല. ആ തെറ്റ് ആ നിമിഷത്തിൽ നിങ്ങളുടെ ആവശ്യമായിരുന്നോ? മറ്റുള്ള വരെ ഉപദ്രവിക്കാതെ ചെയ്യുന്ന തെറ്റുകൾ, തെറ്റുകളാണോ? ആ തെറ്റുകളിൽ താൻ ഏത് വിശപ്പിനെയാണ് അകറ്റിയത്? അത് തന്റെ നേട്ടമാണോ, കോട്ടമാണോ? എന്തുകൊണ്ട് അത് ഒരു വിശപ്പായി തന്നിൽ നിലനിന്നു? അതപ്പോൾ തന്റെ നിതാന്തമായ വിശപ്പായിരുന്നോ ആവശ്യമായിരുന്നോ?

ആരാണ് തെറ്റുകളെ നിർണ്ണയിക്കുന്നത്? ഒരു പ്രമേഹരോഗി മധുരം നിറഞ്ഞ ലഡ്ഡു തേടി പോകുന്നപോലെയാണ് ചിലപ്പോൾ ജീവിതം. ജീവിതത്തിന്റെ മധുരം വീണ്ടും വീണ്ടും ആസ്വദിക്കാനുള്ള കൊതി. ആ മധുരങ്ങൾ തന്റെ ജീവിതം തന്നെ ചൂഴ്ന്നെടുക്കും എന്നറിഞ്ഞും, അതിലേക്കു തന്നെ നടക്കുന്ന മനുഷ്യർ.

പ്രമേഹം കൂടി കാലുകൾ മുറിച്ചുമാറ്റിയ മനുഷ്യരുടെ രോദനങ്ങൾ കർണ്ണങ്ങളിൽ മുഴങ്ങുമ്പോഴും, ജീവിതം എന്ന മധുരം തിരിച്ചറിയാനാകാതെ, പഞ്ചസാര ലായനിയുടെ മധുരം നാവിലേക്ക് ഇറ്റുവീഴാൻ കൊതിക്കുന്ന മനുഷ്യർ.

മധുരവും ഒരു മയക്കുമരുന്നാണോ?

ചവർപ്പിനെ, കയ്പ്പിനെ എന്തുകൊണ്ട് മനുഷ്യർ ഇഷ്ടപ്പെടുന്നില്ല. പ്രമേഹത്തിന് മരുന്നായി കൈപ്പക്ക ജ്യൂസ് കുടിക്കുമ്പോൾ, ജീവിതത്തിൽ ഇന്നുവരെ ആസ്വദിച്ച മധുരത്തെ പഴിക്കുന്നത് എന്തിനാണ്?

തന്റെ കർമ്മങ്ങളുടെ പ്രതിഫലനം തന്നിൽത്തന്നെ തിരികെയെ ത്തുന്നു. കർമ്മഫലങ്ങൾ കാംക്ഷിക്കുകയല്ല, വന്നു ചേരുകയാണ്.

തന്റെ ജീവിതത്തിലെ ഒരു വഴിത്തിരിവിന് സമയമായെന്ന് അയാളുടെ ഉള്ളിൽ നിന്ന് ആരോ നിരന്തരമായി പറയുന്നുണ്ട്. നല്ലതോ കെട്ടതോ എന്താണത്? അയാൾ ചോദിച്ചുകൊണ്ടേയിരുന്നു. സംഭവിക്കാൻ പോകുന്നത് എന്താണെന്നറിഞ്ഞാൽ മാത്രമല്ലേ അത് നിശ്ചയിക്കാനാവൂ.

നടന്നുനടന്ന് അയാൾ കടൽക്കരയിൽ എത്തി. അസ്തമയത്തിലേക്ക് ധ്യാനനിരതമാകുന്ന സൂര്യൻ. അയാൾ കടൽക്കരയിൽ ഇരുന്നു സൂര്യനെനോക്കി, ഇന്ന് മുഴുവൻ ഞാൻ നിങ്ങൾക്കായി പ്രകാശം ചൊരിഞ്ഞു. നിങ്ങൾക്ക് വിശ്രമിക്കാനായി ഞാൻ ഭൂമിയുടെ മറുവശത്തേക്ക് യാത്രയാകുന്നു, ഒരിക്കലും വിശ്രമമില്ലാത്തതും, ഒരിക്കലും ഇല്ലാതാകുന്നതും ഞാൻ മാത്രമാണ്, സൂര്യൻ അയാളോട് മന്ത്രിക്കുന്നതായി അയാൾക്ക് തോന്നി.

അസ്തമയസൂര്യനെ ഉള്ളിലേക്ക് ആവാഹിച്ച് അയാൾ മനസ്സ് ജ്വലിപ്പിച്ചു. കടലിലേക്ക് ആഴ്ന്നുപോകുന്ന സൂര്യാ, നീയെന്നിൽ അറിവിന്റെ പ്രകാശം നിറക്കുക. അയാളുടെ ധ്യാനം തിരമാലകൾ ഏറ്റെടുത്തു. ഞാൻ നിന്നെ കേട്ടു എന്ന് പറയുന്നതുപോലെ, കടൽത്തിര അയാളുടെ പാദങ്ങൾ പുണർന്നു.

അയാൾ കടലിലേക്ക് ഇറങ്ങി. കടലിൽ പല തവണ മുങ്ങി നിവർന്നു. ഇന്നിന്റെ അശുദ്ധികളെല്ലാം നിന്നിൽ മുങ്ങി ഞാൻ എന്നെ ശുദ്ധനാക്കിയിരിക്കുന്നു. മറ്റുള്ളവരുടെ അശുദ്ധികൾ ഏറ്റെടുത്ത് തിരകളിൽ കടഞ്ഞെടുത്തു ശുദ്ധമാക്കുന്ന കടൽ.

തിരിഞ്ഞു നടക്കാൻ തുടങ്ങുമ്പോൾ കടൽത്തീരത്തുള്ള വീടിന്റെ മട്ടുപ്പാവിൽ നിന്ന് ഒരു സ്ത്രീ ശ്രദ്ധിക്കുന്നത് അയാൾ കണ്ടു. അവർ അയാളെത്തന്നെ നോക്കി നിൽക്കുകയാണ്.

ദൃഷ്ടിമാറ്റി അയാൾ നടക്കാൻ തുടങ്ങി. അവർ മട്ടുപ്പാവിൽ നിന്ന് ഇറങ്ങി വന്നു അയാളോട് ചോദിച്ചു. “താമസസ്ഥലം അന്വേഷിച്ചു നടക്കുകയാണോ?”.

“അതേ” എന്നയാൾ പറഞ്ഞു.

വരൂ, വീടിന്റെ വശത്തുകൂടിയുള്ള ഗോവണി കയറി അവർ മട്ടുപ്പാവിൽ എത്തി. മുകളിൽ ഒരു മുറിയുണ്ട്, നിങ്ങൾക്ക് ഉപയോഗിക്കാം.

അവർ മുറി തുറന്ന് കാണിച്ചു കൊടുത്തു. പിന്നെ പുറത്തേക്കിറങ്ങി കടലും, അസ്തമയസൂര്യനെയും നോക്കി നിന്നുകൊണ്ട് പറഞ്ഞു.

“എന്റെ കടൽ, എന്റെ അസ്തമയം”

അയാളും കടലിലേക്ക് നോക്കി അത് തന്നെ ആവർത്തിച്ചു.

“എന്റെ കടൽ, എന്റെ അസ്തമയം”

അയാളെ നോക്കിക്കൊണ്ട് അവർ പറഞ്ഞു, “നിങ്ങളെ എനിക്കിഷ്ടമായി”.

അയാൾ അവരെ നോക്കി. അവരുടെ കണ്ണുകളിലെ വിശപ്പ് അയാൾ തിരിച്ചറിഞ്ഞു.

# വിരഹം

**എ**ന്റെ രുചിയെന്താണ്? അവർ അയാളോട് ചോദിച്ചു.

അയാൾ ചിരിച്ചു.

"ചവർപ്പോ, കയ്പ്പോ?" അവർക്ക് കൃത്യമായ ഉത്തരം വേണമെന്ന പോലെ തോന്നിച്ചു.

"മധുരം" അയാൾ പറഞ്ഞു.

"ആഹ്ളാദം" അതല്ലേ ശരി. അവർ ചോദിച്ചു.

അവരാണ് ശരി. അവരുടെ കണ്ണുകളിൽ നിറഞ്ഞു നിൽക്കുന്ന അറിവിന്റെ ആഴവും തിളക്കവും, ആകാശത്തിലെ നക്ഷത്രങ്ങൾക്ക് തുല്യമാണെന്ന് അയാൾക്ക് തോന്നി.

"കിടപ്പുമുറികൾ നമ്മുടെ പുറംകാഴ്ചകളും ഉൾക്കാഴ്ചകളും ഇല്ലാതാക്കുന്നുണ്ട് അല്ലെ? മട്ടുപ്പാവിൽ ഉറങ്ങുന്നതാണ് എനിക്ക് കൂടുതൽ ഇഷ്ടം, കടലിന്റെ ഇരമ്പവും ആത്മാവിന്റെ ഇരമ്പവും നമുക്ക് സമന്വയിപ്പിക്കുവാൻ എളുപ്പമാണ്. നമ്മുടെ ഹൃദയത്തിൽനിന്ന് കടലിലേക്ക് നീട്ടിക്കെട്ടിയ ഒരു ഞാൻ ഉണ്ട്. ആ ഞാണിൽ തലോടി തന്ത്രികൾ ഉണർത്തുന്നത് കടൽക്കാറ്റാണ്. ചിലപ്പോൾ അതിന് അമ്മയുടെ താരാട്ടുപാട്ടുമായി സാമ്യമുള്ളത് പോലെ തോന്നും. ഘനീഭവിച്ച ദുഃഖത്തിൽ നിന്നും ഊർന്നിറങ്ങിവരുന്ന ഒരു നീറ്റൽ തന്ത്രികളിൽ നിന്നും കാതുകളിലേക്കു ഉതിർന്നു വീഴും. അപ്പോൾ കണ്ണുകൾ തുറക്കില്ല, വേദനയും, സഹനവും, വിരഹവും ഒത്തു ചേർന്നു വലിഞ്ഞുമുറുകുന്ന ആ സംഗീതം ഒരു മിന്നൽപ്പിണർപോലെ തലയോട്ടി തുളച്ച് ആകാശത്തിലേക്ക് കുതിക്കും. ആ ശബ്ദം എന്നിൽ നിന്ന് വേർപ്പെടുമ്പോൾ ഞാൻ കണ്ണുകൾ തുറക്കും. അപ്പോൾ ആകാശത്ത് ചിരിക്കുന്ന നക്ഷത്രങ്ങൾക്കെല്ലാം അമ്മയുടെ മുഖമായിരിക്കും".

അയാൾ അവരെ ചേർത്തുപിടിച്ചു.

"ഈ ചേർത്തുപിടിക്കൽ ഉണ്ടല്ലോ, അതൊരു അനുഗ്രഹമാണ്, അതിന്റെ ആഴം ഈ കടലിന്റെ അടിത്തട്ടിനെക്കാൾ ദൂരമുണ്ട്. എന്നെ മാത്രമല്ല, എന്റെ ജീവിതത്തെയും കൂടിയാണ് നിങ്ങൾ ചേർത്തുപിടിക്കുന്നത്".

"ആനന്ദങ്ങളും ആഹ്ളാദങ്ങളും മനുഷ്യൻ സൃഷ്ടിച്ചെടുക്കുന്ന

താണ്. ജീവിതത്തിലെ ഓരോ നിമിഷവും നമ്മളെ പ്രോജ്ജ്വലിപ്പിക്കുന്നതാകണം. വേദനകളും വിഷമങ്ങളും ഉണ്ടാകില്ല എന്നല്ല, അതിൽ നിന്നെല്ലാം കുതറിമാറി, നമുക്കെന്താണോ വേണ്ടത്, ജീവിതം അതിലേക്ക് നയിക്കപ്പെടണം.

ഭൂതകാലങ്ങളുടെ ചങ്ങലകളിൽ കെട്ടിയിട്ട് ജീവിതം തടങ്കലിൽ വെച്ചിട്ട് ഒന്നും നേടാനില്ല.

കഴിഞ്ഞുപോയ കാലങ്ങളെ ഞാൻ കടലിലേക്ക് അഴിച്ചുവിട്ടു സർവ്വസ്വതന്ത്രയായി.

വേണ്ടപ്പെട്ടവർ ഉപേക്ഷിച്ചു പോയപ്പോൾ കുറച്ചുകാലം വിരഹമൊക്കെ തോന്നിയിരുന്നു.

ഇരച്ചുകയറി എന്നിൽ ആഞ്ഞടിച്ച തിരകളാണ് എന്നെ പഠിപ്പിച്ചത്, അവനവന്റെ ജീവിതം അവനവൻതന്നെ കണ്ടെത്തണമെന്ന്.

കഠിനമായ ആഗ്രഹങ്ങൾ, അണുവിടാതെ അതിനായുള്ള പ്രാർത്ഥനകൾ, നിരന്തര ധ്യാനങ്ങൾ, ലോകത്തിന്റെ ഏതു കോണിലായാലും അത് നിങ്ങളിലേക്ക് എത്തിച്ചേരും, അല്ലെങ്കിൽ നിങ്ങൾ അങ്ങോട്ട് നയിക്കപ്പെടും.

കാലം വല്ലാത്തൊരു പ്രവാഹമാണ്. എന്തിനെയും കടപുഴക്കി കൊണ്ടുപോകുന്ന പ്രവാഹം.

പ്രണയം, സത്യസന്ധമാണെങ്കിൽ അതെപ്പോഴും പുനർജ്ജീവിക്കുക തന്നെ ചെയ്യും, അതിന്റെ ദൈർഘ്യങ്ങൾ കുറവാണെങ്കിൽ കൂടി, അതിന്റെ ഗുണമേന്മ മനസ്സിൽ എന്നും നിറഞ്ഞു നിൽക്കും.

ബന്ധങ്ങൾ ബന്ധനങ്ങൾ ആകാതെ ഇറങ്ങിപ്പോകാൻ കഴിയുമ്പോൾ തന്നെ, അതെപ്പോഴും പൊതിഞ്ഞുപിടിക്കുന്ന സ്വർണ്ണനൂലിഴകളെ തഴുകാനും ആസ്വദിക്കാനും നമുക്ക് കഴിയണം.

പ്രതിബദ്ധത അവനവനോട് ആണ് കൂടുതൽ വേണ്ടത്.

എന്റെ സംഭാഷണങ്ങൾ നിങ്ങളെ ബോറടിപ്പിക്കുന്നുണ്ടോ?" അവർ ഒന്ന് നിർത്തി.

"ആമുഖം മാത്രമേ ആയിട്ടുള്ളൂ എന്നാണ് എന്റെ തോന്നൽ. ജീവിതം കടൽപോലെ ഇനിയും ഒരിക്കലും തീരാതെ ബാക്കി കിടക്കുകയാണ്.

ഞാനിപ്പോഴും "ആഹ്ളാദം" എന്ന രുചിയുടെ മാസ്മരികതയിലാണ്. ആഹ്ളാദം, ആനന്ദം, ആമോദം, എല്ലാം ഒരേ വികാരങ്ങൾ. ഒരാളുടെ കരവലയത്തിലേക്ക് സ്വയം സമർപ്പിക്കുമ്പോൾ, ആദ്യ സ്പർശത്തിൽ തന്നെ ആ വ്യക്തി അലിഞ്ഞില്ലാതെയായി മറ്റൊരാളിലേക്ക് സന്നിവേശിക്കുകയാണ്. പരസ്പരപൂരകങ്ങളായ ആ നിമിഷങ്ങൾ

കഴിയുമ്പോൾ, തിരിച്ചു രണ്ട് വ്യക്തികൾ ആകുമ്പോഴും അവരിൽ ചൂഴ്ന്നിറങ്ങി നിൽക്കുന്ന മറ്റൊരാൾ ഉണ്ട്. ആ വ്യക്തി തൊട്ടടുത്ത് ഇല്ലെങ്കിൽ പോലും, ഒരാൾക്ക് മറ്റൊരാളെ സ്പർശിക്കാനാകും, കേൾക്കുവാൻ കഴിയും, അനുഭവിക്കുവാൻ കഴിയും". അയാൾ പറഞ്ഞു.

"വിരഹം എന്നെ ഏറെ തളർത്തി, പിന്നീടാണ് അത് വിരഹമല്ല വേർപിരിയൽ ആണെന്ന് തിരിച്ചറിഞ്ഞത്. ഒരുപക്ഷെ ഒരു കൂരക്ക് താഴെ ഒന്നും സംസാരിക്കാത്ത രണ്ട് ഉപഗ്രഹങ്ങൾ ആയി ജീവിക്കുന്നതിനേക്കാൾ നല്ലത്, അവനവന് ആഭിമുഖ്യമുള്ള മറ്റൊരു ജീവിതം കണ്ടെത്തുന്നതാണ്.

ഒരു സമർപ്പണവും ബന്ധനമാകരുത്. ചിലരുണ്ട്, അവർക്ക് ബന്ധങ്ങൾ അതിമനോഹരമായി ഒരേ ചാരുതയോടെ മുന്നോട്ട് കൊണ്ടുപോകാൻ കഴിയും. വിശാല ഹൃദയത്തിന്നപ്പുറം, ജീവിതത്തിന്റെ ഉൾകാഴ്ചയാകും അവരിൽ കുടികൊള്ളുന്ന വികാരം. പ്രണയംകൊണ്ടു വീർപ്പുമുട്ടിക്കുന്ന, ചിലന്തിവലപോലെ അവർ നെയ്യുന്ന സ്പർശനങ്ങളിൽ അവരുടെ ചുംബനങ്ങൾ വിഷമാണെന്നറിഞ്ഞും നാം സ്വീകരിക്കുന്ന ചിലർ. അവർ നമ്മുടെ ഹൃദയവും പറിച്ചാണ് പോവുക.

നിങ്ങളോടെനിക്ക് ഭയം തോന്നുന്നു. ഒരുപക്ഷെ നിങ്ങളെ എനിക്ക് വളരെ നേരത്തെ അറിയാം, അതല്ലെങ്കിൽ പ്രണയത്തിന്റെ ചിലന്തിവലകൾ തീർത്ത്, അതിന്റെ പശപശപ്പിൽ എന്നെ തളച്ച്, സ്നേഹത്താൽ എന്നെ വീർപ്പുമുട്ടിച്ചു കൊല്ലാൻ വന്ന ഒരാളാണോ നിങ്ങൾ?"

# വിധേയം

പ്രണയത്തിന് ഒരു കുഴപ്പമുണ്ട്, അന്ധമാണത്. ഒറ്റനോട്ടത്തിൽ തന്നെ ഞാൻ നിങ്ങളെ തിരിച്ചറിഞ്ഞു. നിങ്ങളുടെ ഊരോ പേരോ ചോദിച്ചില്ല, നിങ്ങൾക്ക് എത്ര പ്രായം കാണും എന്നത് എന്റെ ഊഹാപോഹങ്ങൾ മാത്രമാണ്. എന്നിട്ടും ഞാൻ നിങ്ങളിലേക്ക് ഇഴുകിച്ചേർന്നു.

ഈ അന്ധമായ പ്രണയം എന്നെ നീയാകുന്ന പുഴയിൽ ഒഴുക്കിയും, ചിലപ്പോൾ ആ പുഴയിൽ മുക്കിയും, മറ്റു ചിലപ്പോൾ മുക്കിത്താഴ്ത്തി ശ്വാസം മുട്ടിച്ചും, അതിന്റെ തീവ്രത പുറത്തെടുക്കുന്നു. കുറെ നേരം ശ്വാസം പിടിച്ചു പുഴത്തട്ടിൽ പരമാവധി സമയം പിടിച്ചുനിന്നു, മുകളിലേക്ക് കുതിച്ചു പൊന്തി ശ്വാസം എടുക്കില്ലേ, അതേപോലെയാണ് എനിക്ക് നഷ്ടമായ പ്രണയം നിന്നിലൂടെ തിരിച്ചുപിടിക്കുമ്പോൾ ഞാൻ അനുഭവിക്കുന്നത്.

നിനക്ക് തരുന്ന നീണ്ട ചുംബനങ്ങൾ ശ്വാസകോശങ്ങളിലേക്ക് ഞാൻ നിന്നിൽ നിന്ന് വലിച്ചെടുക്കുന്ന പ്രണയവായുവിന്റെ കമ്പനങ്ങൾ ആണ്. ചിലപ്പോൾ നിങ്ങൾക്കത് അരോചകമായി തോന്നുന്ന ഒരു പ്രണയലീലയാകാം. എനിക്കത് ഞാൻ തിരിച്ചുപിടിക്കുന്ന ജീവന്റെ മത്താണ്.

എനിക്കും നിങ്ങൾക്കും ഇടയിൽ ഒരു ദൂരവും പാടില്ല, ഒന്ന് മറ്റൊന്നിനോട് ഒട്ടിയും ചേർന്നും തന്നെയിരിക്കണം.

എന്റെ ഉള്ളിലെ അശാന്തി നിങ്ങളോട് തുറന്നു പങ്കുവെക്കുന്നു എന്ന് മാത്രം. നിങ്ങളെ ഭയപ്പെടുത്തുകയോ, കെണിയിൽ വീഴ്ത്തുകയോ അല്ല. പ്രണയിക്കുമ്പോൾ തുറന്നു പ്രണയിക്കുക, വെറുക്കുമ്പോൾ പരിപൂർണ്ണമായി വെറുക്കുക. പകുതി സ്നേഹം, പകുതി വെറുപ്പ് എന്നൊന്നില്ല. നഷ്ടപ്പെട്ടുകഴിയുമ്പോഴാണ് നഷ്ടപ്പെടുത്തിയ പ്രണയത്തിന്റെ ആഴവും പരപ്പും നാം തിരിച്ചറിയുക. പിന്നെ ചുറ്റും ശൂന്യമായ ഭൂമിയാണ്. ചുറ്റും പൂത്തുലഞ്ഞു നിന്ന വസന്തം നിറഞ്ഞ ഒരു ജീവിതം, ഒറ്റപ്പെട്ട മരുഭൂമിയിലേക്ക് എടുത്തെറിയപെട്ടപോലെ.

എന്നുവെച്ച് നാം ജീവിക്കില്ല എന്നല്ല. മനുഷ്യർ ജീവിച്ചുകൊണ്ടേയിരിക്കും, ജീവച്ഛവങ്ങളായി. കാലത്ത് എഴുന്നേൽക്കും, കുളിച്ചു തയ്യാറായി, വസ്ത്രം ധരിച്ചു, ജോലിക്കു പോകും, ഭക്ഷണം കഴിച്ചു,

പിന്നെയും ജോലി തുടരും, വൈകുന്നേരം തിരിച്ചു വരും, ഉറങ്ങും. പക്ഷെ നിറഞ്ഞുള്ള ഒരു ജീവിതം നിങ്ങളിൽ നിന്ന് നഷ്ടപ്പെട്ടിരിക്കും. ഒരു യന്ത്രം എന്നേ പറയാനാകൂ. ചുറ്റും നടക്കുന്ന ശബ്ദങ്ങളോ കോലാഹലങ്ങളോ നിങ്ങൾ ശ്രദ്ധിക്കില്ല. നിങ്ങളുടെ ചിന്തയിൽ പുകയുന്ന അഗ്നിപർവ്വതം, നിങ്ങൾ നഷ്ടപ്പെടുത്തിയ ജീവിതപ്രണയമായിരിക്കും.

എനിക്ക് ഭ്രാന്താണെന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടാകും. ഉണ്ടാകണം, അങ്ങനെയാണെങ്കിൽ നമ്മൾ രണ്ടുപേരും ഒരേലോകത്താണ്.

ഒറ്റവായനയിൽ തീരുന്ന ജീവിതമല്ല നമ്മൾ രണ്ടുപേരുടെയും.

ഒരാൾ വിധേയപ്പെടുകയല്ല, സ്വയം സമർപ്പിക്കുന്നതാണ് പ്രണയം. ഒരുപക്ഷെ ഒരാൾ വിട്ടുപോയാലും, ആ പ്രണയം അതേ തീവ്രതയോടെ അയാളിൽ കാണും, സമർപ്പിതമായ മറ്റൊരാളെ കണ്ടെത്തുമ്പോൾ അത് ജ്വലിക്കുകയും ചെയ്യും.

കെട്ടുപാടുകളില്ലാത്ത ഒരാളെ കണ്ടെത്തുക എന്നതാണ് വെല്ലുവിളി.

വലിച്ചടുപ്പിക്കുന്നതല്ല, വന്നു ചേരുന്നതാണ് പ്രണയം.

ഈ ലോകം മുഴുവൻ പ്രണയം നിറഞ്ഞു നിൽക്കുന്നുണ്ട്. അതിൽ നമുക്ക് വേണ്ടത് എവിടെയാണെന്ന് നമുക്ക് തിരിച്ചറിവില്ല. നീണ്ട അലച്ചിലിൽ നാമത് കണ്ടെത്തും. അല്ല, നമ്മളിലേക്ക് അത് എത്തിച്ചേരും.

അത് കണ്ടെത്തുന്നത് ഓരോ മനുഷ്യന്റെയും തിരിച്ചറിവാണ്. കാലം ഓരോരുത്തരിലും വളർത്തിയെടുക്കുന്ന തിരിച്ചറിവ്. വളരുംതോറും മനുഷ്യർ കൂടുതൽക്കൂടുതൽ പക്വത വളർത്തിയെടുക്കും, അല്ലെങ്കിൽ അറിയാതെ വന്നു ചേരും. അതിന്റെ വികാസങ്ങൾ അവന്റെ ജീവിതത്തിൽ പ്രകാശിച്ചു നിൽക്കും.

പ്രണയം പങ്കുവെക്കാനുള്ള ഒരു മാധ്യമം മാത്രമാണോ ശരീരം? മാംസരുചികളുടെ തിരിച്ചറിവ് മാത്രമാണോ അത് നമുക്ക് തരുന്നത്? ഈ ശരീരത്തിൽ നാം കാണാത്ത നമ്മുടെ അന്തഃസത്ത നിറഞ്ഞ ഒരു ആത്മാവും, മനസ്സും, ചിന്തകളും നമ്മിൽ എവിടെയൊക്കെയോ ഉണ്ട്.

ഒരു സ്പർശനം നമ്മിലെ ഒരു ലോകത്തെ തന്നെ ഉണർത്തുന്നു. ചർമ്മം തുടിച്ചു, രോമങ്ങൾ എഴുന്നേറ്റ് പ്രസരിച്ചു, ചർമ്മങ്ങൾക്കടിയിലെ രക്തയോട്ടത്തിന് വേഗത കൂട്ടുന്നു. ഹൃദയമിടിപ്പ് കൂടുമ്പോൾ ഞാൻ അറിയുന്നു, എന്റെ പ്രണയം എന്നെ സ്പർശിക്കുന്നു.

നിങ്ങൾ ഇത്രയും കാലം എന്നിൽ നിന്നും ഒളിച്ചിരുന്ന ജീവിതം ഞാൻ അന്വേഷിക്കില്ല, നിങ്ങൾ എനിക്ക് തരുന്ന അതുല്യ നിമിഷങ്ങൾ ആണ് എനിക്ക് പ്രധാനം. ഓരോ നിമിഷവും ധന്യമാക്കുക എന്നതാകണം, ഓരോ നോട്ടവും, ഭാവവും, സ്പർശവും, തലോടലും, ആലിംഗനങ്ങളും, ചുംബനങ്ങളും എന്റെ ചർമ്മങ്ങളിൽ എഴുതി ചേർക്കണം. കാഴ്ച

നഷ്ടപ്പെട്ടാലും എന്റെ വിരലുകൾകൊണ്ട് തഴുകി ജീവിതകാലം മുഴുവൻ നിങ്ങളുടെ പ്രണയം എനിക്ക് വായിക്കാനാകണം.

മദപ്പാട് നിറഞ്ഞ ഒരു ഹസ്തിയായിരുന്നു ഞാനെന്ന് എനിക്കൊരിക്കലും തോന്നിയിരുന്നില്ല. തോട്ടിയും കോലുമായി വന്നു ഒരാൾ എന്നെ നിയന്ത്രിക്കുമ്പോൾ എന്റെ ഉള്ളിൽ പ്രണയത്തിന്റെ ചിന്നംവിളികൾ തുടരുകയാണ്.

# വിശ്വാസം

**“നി**ങ്ങളിൽ എനിക്കൊരു വിശ്വാസം ഉണ്ട്” അയാൾ പറഞ്ഞു.

“പുൽനാമ്പുകളിൽ ഉറഞ്ഞുകൂടുന്ന മഞ്ഞിൻകണം, ധൈര്യമായി നാം കണ്ണുകളിൽ ഇറ്റു വീഴ്ത്തില്ലേ, അതേ വിശ്വാസം.

അന്തരീക്ഷത്തിൽ നിറഞ്ഞു നിൽക്കുന്ന എല്ലാ വികാരങ്ങളും പലപല ബാഷ്പങ്ങളായി പുൽനാമ്പുകളിൽ പ്രകൃതിയാൽ ആവാഹിക്കപ്പെടുമ്പോൾ ഉറഞ്ഞുകൂടുന്ന ഓരോ ജലകണത്തിലും ഒരായിരം ജന്മങ്ങളുടെ വികാരവിചാരങ്ങളും സന്തോഷങ്ങളും സന്താപങ്ങളും ആഗ്രഹങ്ങളും അത്യാഗ്രഹങ്ങളും എല്ലാം ഉറഞ്ഞുകൂടിയിരിക്കും.

കണ്ണുകളിലേക്ക് ആ ജലകണങ്ങൾ ഇറ്റുവീഴ്ത്തുമ്പോൾ ഒരായിരം ജന്മങ്ങളെ, അവരുടെ വൈവിധ്യമാർന്ന കാമനകളെ, ഒരു കുളിരോടെ, രോമാഞ്ചത്തോടെ, നാം സ്വീകരിക്കുകയാണ്.

അവർ നമ്മുടെ ശരീരത്തിലേക്ക് ഇഴുകിച്ചേരുന്ന വികാരം നമുക്ക് തിരിച്ചറിയാം. ജീവന്റെ കണം അലിഞ്ഞു ചേരുന്നതുപോലെയാണത്.

അതിൽ രവിയുടെയും മൈമുനയുടെയും അതുപോലെയുള്ള അനേകം ധ്യാനവായനകളും അടങ്ങിയിരിക്കും.

ഓരോ മനുഷ്യനും അവനവനെ തിരിച്ചറിയാൻ ഒരായുസ്സ് വേണ്ടി വരുന്നു.

ചെറുപ്പകാലങ്ങളിൽ, ശരീരത്തിൽ യുവത്വത്തിന്റെ രക്തം തുടിക്കുന്ന കാലങ്ങളിൽ, ഈ ലോകവും, കാലവും നമ്മുടെ കൈപ്പിടിയിൽ ആണെന്ന് തോന്നും. പോകെപ്പോകെ നാം തിരിച്ചറിയും ഒന്നും നമ്മുടെ നിയന്ത്രണത്തിലല്ലെന്ന്.

നമ്മുടെ മരണം പോലും എപ്പോഴെന്ന് നമുക്ക് അറിവില്ല.

പിന്നെ ജീവിതത്തെ എന്തിന് നാം ഭയപ്പെടണം? കാലം കൊണ്ടുപോകുന്ന വഴിയിലൂടെ ജീവിതത്തോണി തുഴയുന്നവൻ ആണ് നമ്മൾ.

ഓരോ വ്യക്തിയെയും അവരുടെ വാക്കുകളെയും ആദ്യം നാം അവിശ്വസിക്കുകയാണ് ചെയ്യുക. പിന്നെ മനോമുകുരങ്ങളിൽ നടക്കുന്ന

ഒരു വിശകലനത്തിൽ ആണ് ഗുണങ്ങളെയും നന്മകളെയും നാം തിരിച്ചറിയുക.

ഓരോ മനുഷ്യരിലും നന്മകളും തിന്മകളും ഒരേ പാരമ്യത്തിൽ തന്നെയുണ്ട്. അതികഠിനമായ പ്രണയം നിറഞ്ഞു നിൽക്കുന്ന ഒരാളിൽ അതേ കഠിനമായ വെറുപ്പും അന്തർലീനമായിരിക്കും. ആ മൃഗം ഒരുപക്ഷെ ഉറങ്ങികിടക്കുകയാകും, എന്നാൽ ശ്രേഷ്ഠമായ തന്റെ പ്രണയം ചതിക്കപ്പെടുമ്പോൾ അയാളിലെ ആ മൃഗം ഉണരും.

ഇതേ കണ്ണുകൾ തന്നെയാണ് പുതിയ ഒരു വ്യക്തിയെ കാണുമ്പോൾ അയാൾ അവരെ അളക്കുന്ന രീതി. തന്നിൽ തണുത്തു കിടക്കുന്ന മൃഗത്തെയാകും, അയാൾ മറ്റൊരാളിൽ ആദ്യം തിരിച്ചറിയുക. അതിന് ശേഷം മാത്രമായിരിക്കും, നന്മയുടെ അളവുകോലുകൾ മുന്നോട്ട് വരിക.

ജീവിതം നന്മകൾ മാത്രം നിറഞ്ഞതല്ലല്ലോ. തിന്മകൾ എന്തുകൊണ്ടാണ് മനുഷ്യർ ചെയ്യുന്നത്? തന്റെ ആഗ്രഹങ്ങൾ അത്യാഗ്രഹങ്ങൾ ആകുമ്പോൾ അവന്റെ ഉള്ളിൽ ജീവിതം തകിടം മറിക്കുന്ന മറ്റൊരാൾ ഉയർന്ന് വരും.

അത്യാഗ്രഹങ്ങൾ തീരുമ്പോഴാകും, അവൻ തെറ്റുകൾ തിരിച്ചറിയുക, മറ്റൊരു മനുഷ്യ ജീവിയെ ആക്രമിച്ചു കീഴടക്കിയ കുറ്റബോധം പിന്നീടാണ് വരിക. അപ്പോഴേക്കും അയാളുടെ ഇരയുടെ ജീവിതം തകർന്ന് തരിപ്പണമായിരിക്കും. തിരിച്ചുകൊടുക്കാൻ കഴിയാത്ത അവരുടെ ജീവിതം നമ്മിൽ ഒരു തീരാദു:ഖമാകും.

ജീവിതത്തിൽ ഒരേ സമയം നാം ഇരകളും വേട്ടക്കാരനുമാണ്. യുദ്ധമുഖങ്ങളിൽ നാം പരാജയപ്പെടുന്നിടത്ത് ഇരയും, ജയിക്കുന്നിടത്ത് വേട്ടക്കാരനും.

ശരികളുടെയും തെറ്റുകളുടെയും അനേകം ചിന്തകളുടെ രൂപപ്രാപ്തിയും കൂടിക്കുഴഞ്ഞ ജീവിതം.

സോപ്പുകുമിളകളിൽ തട്ടുന്ന പ്രകാശരശ്മികളിൽ ഉണ്ടാകുന്ന സുവർണ്ണനിറധ്വനികൾ ജീവിതത്തിൽ എന്തുകൊണ്ട് എപ്പോഴും നമുക്ക് സൗഭാഗ്യമാകുന്നില്ല എന്ന് നാം കുണ്ഠിതപ്പെടുന്നു.

ആഗ്രഹങ്ങളുടെയും അത്യാഗ്രഹങ്ങളുടെയും നൂലേണികളിൽ മാറി മാറി ഊഞ്ഞാലാടാനാണ് നമുക്ക് കൗതുകം.

വീണുടയുന്ന ജീവിതം നമ്മുടേത് തന്നെയെന്ന് തിരിച്ചറിഞ്ഞാലും, അത് അംഗീകരിക്കാൻ നമ്മുടെ മനസ്സ് തയ്യാറാകില്ല.

എനിക്ക് ഒന്നും സംഭവിക്കില്ല. ഈ ലോകത്തിന് എന്തുതന്നെ സംഭവിച്ചാലും, ഞാൻ ഈ ഭൂമിയിൽ സർവ്വകാലവും നിലനിൽക്കും. അനശ്വരനായ ഞാൻ.

ഞാൻ, ഞാൻ അതുമാത്രമാണ് നമ്മുടെ ചിന്ത.

ആ ഞാൻ ഞാൻ എന്ന ചിന്തയിലേക്ക് ചിലപ്പോൾ മറ്റൊരാളെ കൂട്ടാൻ നമ്മുടെ മനസ്സ് പാകമാകുന്നു. ആ നിമിഷങ്ങളിൽ ജീവിതത്തിന്റെ ആമോദനിമിഷങ്ങൾ പലപല പുഴകളായി നമ്മിൽ ഒഴുകാൻ തുടങ്ങുന്നു. ബാല്യകാലങ്ങളിൽ മദിച്ചുനടന്ന് ആസ്വദിച്ച പെരുമഴയും, കനത്ത കാറ്റിൽ വീശിയടിച്ച മഴത്തുള്ളികളും, മനസ്സിന്റെയും,ആത്മാവിന്റെയും ഉൾത്തളങ്ങളിൽ അത് തീർത്ത കുളിരും സന്തോഷവും ആ നിമിഷങ്ങളിൽ നമ്മളിലേക്ക് തിരിച്ചുവരുന്നു.

ഓരോ സ്ത്രീയിലും ഒരു പുരുഷൻ തന്റെ അമ്മയെയും, പെങ്ങളെയും, കാമുകിയെയും കാണുന്നുണ്ട്. അമ്മയുടെ കരുതൽ, പെങ്ങളുടെ ലാളന, കാമുകിയുടെ പ്രണയം. അതെല്ലാം ഉരുക്കിയൊഴിച്ചു അയാൾ തന്റെ പ്രേയസിയെ കണ്ടെത്തുന്നു.

നിങ്ങളെ ഞാൻ അങ്ങനെയാണ് കണ്ടെത്തിയത്.

നമ്മുടെ ഇന്നലെകൾ ചരിത്രങ്ങൾ മാത്രമാണ്. തെറ്റുകളിലൂടെയും, ശരികളിലൂടെയും നാം നടത്തിയ ജീവിതത്തിലെ യുദ്ധമുഖങ്ങൾ.

ഇന്നൊരു പുതിയ ജീവിതം ആരംഭിക്കുന്നു. സ്വയം തിരിച്ചറിഞ്ഞു മുന്നേറുന്ന രണ്ട് മനുഷ്യജീവികൾ മാത്രമാണ് നാം.

അതിൽ ഭയത്തിന് സ്ഥാനമില്ല. നഷ്ടബോധങ്ങളിൽ നിന്ന്, കിട്ടില്ല എന്ന തോന്നലിൽ നിന്ന്, അല്ലെങ്കിൽ ഞാൻ അർഹിക്കുന്നതിൽ കൂടുതൽ ആണ് എനിക്ക് കിട്ടിയത്, അത് കൈവിട്ടുപോയേക്കാം എന്ന തോന്നലിൽ നിന്നാണ് ഭയങ്ങൾ ഉടലെടുക്കുന്നത്.

ഒന്നുമില്ലായ്മയിൽ,എന്തെങ്കിലും കിട്ടുന്നത് തന്നെ ഒരു അനുഗ്രഹമല്ലേ? അത് നിങ്ങൾക്കും എനിക്കും ഒരുപോലെ ബോധ്യമാകുമ്പോൾ, ജീവിതത്തിൽ പ്രണയത്തിന്റെ പുതിയ പോർമുഖങ്ങൾ നമുക്ക് തുറക്കാം".

# വിധി

**“വി**ധി ഓരോരുത്തരെയും എങ്ങോട്ടാണ് വലിച്ചുക്കൊണ്ട് പോകുന്നത് എന്ന് അത്ഭുതപ്പെടാറുണ്ട്” – അവർ പറഞ്ഞു.

“ആദ്യം സ്വന്തം കാലിൽ നിൽക്കാൻ പഠിക്കണം, സാമ്പത്തിക സ്വാതന്ത്ര്യം നേടണം. ആരുടെ മുമ്പിലും കൈനീട്ടാൻ ഇടവരരുത്, എന്നാൽ ആകുംപോലെ എല്ലാവരെയും സഹായിക്കണം”. സ്വന്തം അനുഭവത്തിൽ നിന്നാണ് പറയുന്നത് എന്നാണ് അമ്മ എപ്പോഴും ഓർമ്മിപ്പിച്ചിരുന്നത്.

സാമ്പത്തിക സ്വാതന്ത്ര്യം തന്നെയാണ് ജീവിതത്തിലെ ഏറ്റവും വലിയ സ്വാതന്ത്ര്യം.

നാമെല്ലാം ബുദ്ധിമുട്ടി പഠിച്ചും പരീക്ഷ എഴുതിയും മുഖാമുഖത്തിലും വിജയിച്ചു ജോലിയെന്ന ലക്ഷ്യത്തിലേക്കാണല്ലോ മനസ്സിനെ വേരുറപ്പിച്ചു നിർത്തിയത്.

അദ്ധ്യാപിക ആകാനായിരുന്നു ഇഷ്ടം. ഇഷ്ടങ്ങളിലൂടെ മാത്രം ജീവിക്കാനാകില്ലെന്ന് ആദ്യ ശ്രമത്തിൽ തന്നെ പഠിച്ചു. കിട്ടുന്ന ജോലി ആദ്യം നേടിയെടുക്കുക, പിന്നെ ഇഷ്ടങ്ങളിലേക്ക് വഴി തുറക്കുക.

ഗുമസ്ത എന്ന പണിയിൽ നിന്ന് ഇന്ന് സീനിയർ സോഫ്റ്റ്‌വെയർ ആർക്കിടെക്ട് എന്ന വളരെ വലിയ ഉത്തരവാദിത്വത്തിലേക്ക് എത്തിച്ചേരാൻ ഒരുപാട് സമയമെടുത്തു.

ഗുമസ്ത ആയിരുന്നപ്പോൾ വാടകക്ക് താമസിച്ചിരുന്നതാണ് ഈ വീട്. ഇന്നിപ്പോൾ എന്റെ സ്വന്തം. ഈ നഗരത്തിൽ എന്റെ എന്ന് ഞാൻ ഉറക്കെ ഉൽഘോഷിക്കുന്ന എന്റെയിടം. നഗരത്തിലേക്ക് എത്തിച്ചേരാൻ അരമണിക്കൂർ വേണ്ട. തിരക്കൊഴിവാക്കാൻ ഇരുചക്രവാഹനത്തിൽ ഇടവഴികളിലൂടെ ഞാൻ പോകും.

അതിനിടയിൽ യുവത്വത്തിന്റെ ജീവിതകൗതുകങ്ങൾ എല്ലാം മാറ്റിവെച്ചു. ഞാൻ എനിക്കായി ഒരു ലോകം എന്റെ ചുറ്റും സൃഷ്ടിച്ചിരുന്നു. മറ്റുള്ളവർ അതിക്രമിച്ചു കടക്കാത്ത ഒരു ലോകം.

എന്നിലേക്ക് മാത്രം ഒതുങ്ങുന്നതായിരുന്നു എന്റെ ജീവിതം. വീട്, ജോലി, സാധങ്ങൾ വാങ്ങുന്ന കടകൾ, അതിലൊതുങ്ങുമായിരുന്നു എന്റെ ലോകം. കടൽത്തീരത്ത് എന്നും നടക്കാൻ പോകും. എന്നെ

ഞാൻ അഴിച്ചു വിടുന്ന എന്റെ കടൽ. ചുറ്റും പലരും നടക്കുന്നുണ്ട്. അവരെയൊന്നും ഞാൻ കാണാറില്ല. ഞാനും കടലുമായാണ് സംഭാഷണങ്ങൾ. ഇടക്ക് തിരകളിലേക്ക് ഇറങ്ങി നടക്കും. തിരകളുടെ പാദചുംബനങ്ങൾ എനിക്കിഷ്ടമാണ്. ചിലപ്പോൾ വലിയ തിരകളെ ഞാൻ കാത്ത് നിൽക്കും, നെഞ്ചിലേക്ക് ഉയർന്നു അടിച്ചു തകരാൻ. അപ്പോൾ അമ്മയെ ഓർമ്മ വരും. ഓടിച്ചെന്ന് അമ്മയുടെ കൈകളിലേക്ക് ചാടി, ആ നെഞ്ചിൽ ചേരുന്ന നിമിഷം. ഒരുപക്ഷെ കടലമ്മയുടെ രൂപത്തിൽ അമ്മ തന്നെയാകാം എന്നിലേക്ക് ഉയർന്നുപൊങ്ങി വരുന്ന ആ തിരകൾ.

കടൽക്കരയിൽ നിന്ന് വന്നു, കുളിച്ചു മട്ടുപ്പാവിൽ ഞാൻ വീണ്ടും കടലിനെ നോക്കി നിൽക്കും. എന്നും അസ്തമയം കാണും. അപ്പോഴാണ് നിങ്ങളെ കണ്ടത്.

വീടിന് മുമ്പിൽ ഒരു പുൽത്തകിടിയുണ്ട്. അതിരാവിലെ ചെരിപ്പൊന്നുമില്ലാതെ നഗ്നപാദയായി അതിലൂടെ നടക്കും. മഞ്ഞിന്റെ കണങ്ങൾ നിറഞ്ഞ ആ പതുപതുപ്പിൽ നടക്കുമ്പോൾ ഞാനും പ്രകൃതിയും സംഭാഷണത്തിലാകും. സത്യത്തിൽ അതെല്ലാം എന്റെ ധ്യാനനിമിഷങ്ങൾ ആണ്. ഞാൻ എന്ന വ്യക്തിയുടെ ചൂടും, ചിലമ്പൊലിയും കാലിലൂടെ ഭൂമിയിലേക്ക് ഒഴുകും.

ഞാൻ എന്നെ ചേർത്തുപിടിക്കുന്ന നിമിഷങ്ങൾ. രണ്ടുനേരത്തെ ഈ പ്രവൃത്തികൾ എനിക്ക് തരുന്ന ഊർജ്ജം വളരെ വലുതാണ്.

ജീവിതത്തിൽ തനിയെ പോരാടുന്നവർക്ക് അവരവർ കണ്ടെത്തി വളർത്തിയെടുക്കേണ്ട ചില ചിട്ടകളുണ്ട്.

ജീവിതം നമുക്ക് ചുറ്റും നമ്മൾ അറിയാതെ കറക്കാനായി പമ്പരം പോലെ ചുറ്റികെട്ടുന്ന ഒരുപാട് കാണാചരടുകൾ ഉണ്ട്, ആ ചരടുകളിൽ നിന്ന് സ്വാതന്ത്ര്യം നേടി സ്വതന്ത്രമായി കറങ്ങുന്ന പമ്പരമായി മാറാൻ നമ്മൾ പഠിക്കുക തന്നെ വേണം.

ജീവിതമാണല്ലോ ഏറ്റവും വലിയ വിദ്യാലയം.

ഇത്ര ചിട്ടവട്ടത്തിൽ ഞാൻ എന്നെ നിയന്ത്രിച്ചിട്ടും ജീവിതത്തിൽ ഒരിക്കൽ ഞാൻ എന്നെ ഒരു തോൽവിയിലേക്ക് എടുത്തെറിഞ്ഞു.

ചിലരുടെ ബുദ്ധിസാമർത്ഥ്യം നമ്മളെ കീഴടക്കിക്കളയും. അല്ലെങ്കിൽ ആ മുംബൈക്കാരന്റെ ജീവിതത്തിലേക്ക് ഞാൻ കടന്നു ചെല്ലുകയില്ലായിരുന്നു. സ്വയം സംരക്ഷിച്ചു സംരക്ഷിച്ചു നാം വലിയ സുരക്ഷാവലയത്തിൽ ആണെന്ന് അഹങ്കരിക്കും. എന്നെപ്പോലെ ബുദ്ധിയുള്ള മറ്റൊരാൾ ഇല്ലെന്ന് സ്വയം കണ്ടെത്തും. സാമ്പത്തിക സ്വയംപര്യാപ്തി എന്തിലേക്കും എടുത്തുചാടാൻ നമ്മളെ പ്രാപ്തരാക്കും, അല്ലെങ്കിൽ സ്വയം കണ്ടെത്തിയതാണ് ഏറ്റവും വലുതെന്ന് അഹങ്കരിച്ച് ആനന്ദിക്കും.

ചീഫ് സോഫ്റ്റ്‌വെയർ ആർക്കിടെക്റ്റും സീനിയർ സോഫ്റ്റ്‌വെയർ ആർക്കിടെക്റ്റും എപ്പോഴും ഒന്നിച്ചാണ് ജോലി ചെയ്തിരുന്നതും, ചർച്ചകൾ സംഘടിപ്പിച്ചിരുന്നതും, വീതിച്ചുകൊടുക്കുന്ന ജോലികൾ ഏകോപിച്ചിരുന്നതും. അതാകാം അയാളുമായി അടുക്കാനുള്ള ഒരു കാരണം. (എന്റെ തെറ്റുകളെ കുറച്ചു കാണാനുള്ള എന്റെ ഒടിയൻ വിദ്യകളിൽ ഒന്ന് മാത്രമാണത്).

ബുദ്ധിപരമായി അയാൾ ഏറ്റവും ഉയരത്തിൽ തന്നെയായിരുന്നു. അത് തന്നെയാണ് തന്നെ അയാളിലേക്ക് നടന്നുകയറുവാൻ പ്രേരിപ്പിച്ചതും. ബുദ്ധി എല്ലാത്തിനും പരിഹാരമാണെന്ന് എന്തുകൊണ്ടോ അന്ന് താൻ ആഴത്തിൽ വിശ്വസിച്ചിരുന്നു.

നീ തെറ്റിലേക്കാണ് നടക്കുന്നതെന്ന് എന്റെ അന്ത:രംഗം പലപ്പോഴും മുന്നറിയിപ്പുകൾ തന്നിരുന്നു. എന്നാൽ പ്രണയം ഒരു മയക്കുമരുന്നാണ്, ഒരിക്കൽ ചാടിയാൽ ആ കടലിന്റെ ആഴങ്ങളിൽ അഭിരമിക്കാൻ മാത്രമാണ് നമുക്കിഷ്ടം. അതിന് എതിര് നിൽക്കുന്നവരെ എല്ലാം നാം വെറുക്കും, സ്വന്തം മനസ്സാണെങ്കിൽകൂടി അത് തരുന്ന സൂചനകൾ നാം അവഗണിക്കും.

മുഴുത്തു പഴുത്ത മാങ്ങയിൽ നിന്ന് ഞെക്കി പിഴിഞ്ഞൊഴുകുന്ന തേൻതുള്ളിപോലെയുള്ള പ്രണയമധുരം ഓരോ നിമിഷവും നുകരാനാകും ഓരോ കമിതാവും ശ്രമിക്കുക. ഞാനും വ്യത്യസ്തമായിരുന്നില്ല. അയാളുടെ കൂടെയുള്ള ഓരോ നിമിഷവും എന്റെ ഉള്ളിലെ കമിതാവ് തുള്ളിക്കളിച്ചുകൊണ്ടിരുന്നു.

എന്റെ ആത്മഗതം അറിഞ്ഞപ്പോൾ അയാളും കണ്ണുകളാലും, പുഞ്ചിരികളാലും എന്നിൽ ആവേശം നിറച്ചു.

വളരെ വർഷങ്ങളായി കെട്ടിവെച്ചിരിക്കുന്ന ബഹുവർണ്ണങ്ങളിലുള്ള ഒരു വലിയ പട്ടം, പെട്ടെന്ന് ആകാശത്തിലേക്ക് കെട്ടഴിച്ചു വിട്ടു പറത്താൻ തുടങ്ങുമ്പോൾ, ആ പട്ടം പറക്കുന്നിടം മുഴുവൻ മഴവില്ലുകൾ നിറഞ്ഞിരിക്കുന്നതായി ആ പട്ടം പറത്തുന്ന വ്യക്തിക്ക് തോന്നും. കാരണം ആ പ്രണയമഴവില്ലുകൾക്കിടയിൽ ഒളിക്കാനാകും അവരും കൊതിക്കുക.

മനുഷ്യന്റെ മനസ്സിന് അതിരുകളില്ലല്ലോ!

# വെറുപ്പ്

**ച**തിക്കപ്പെടുന്നു എന്ന് വ്യക്തമാകുമ്പോഴാണ് വെറുപ്പ് സംജാതമാവുക.

ചെറിയ തെറ്റുകളെ സാധാരണ അവഗണിക്കുകയാണ് പതിവ്. നിസ്സാര കാര്യങ്ങളിൽ ജീവിതം ചുറ്റിക്കെട്ടി ഇടാൻ ആകില്ലല്ലോ.

ശക്തമായ ഒരു വികാരം നമ്മിൽ രൂഢമൂലമാകുമ്പോൾ, ജീവിതവും ചിന്തകളും അതിലേക്ക് ചുരുങ്ങുന്നു. പ്രഭാവലയമായി നിറഞ്ഞുനിൽക്കേണ്ട ജീവിതം, മറ്റൊരാളുടെ ജടില ചിന്തകളിലേക്കും, അവരിലേക്കും മാത്രം നമ്മുടെ ജീവിതം ക്രമീകരിക്കപ്പെടുന്നു.

വെറുപ്പും അകൽച്ചയും മനസ്സിൽ വളർത്തിയെടുക്കുന്ന ഒരാൾ, എന്നിട്ടും എന്തുകൊണ്ട് അയാൾ എന്നെക്കുറിച്ച് ഇങ്ങനെയൊക്കെ ചിന്തിക്കുന്നു എന്ന ഒറ്റ വിഷയത്തിൽ നമ്മുടെ ജീവിതം ഞെരുങ്ങുന്നു.

ആകെ ചെയ്ത തെറ്റ് അയാളെ അകമഴിഞ്ഞ് പ്രണയിച്ചു എന്നത് മാത്രമാണ്, വളരെയേറെ കാലത്തെ കാത്തിരിപ്പിന് ശേഷം കണ്ടെത്തിയ ഒരാൾ. സമയം വൈകിയാലും നമ്മുടെ തിരഞ്ഞെടുപ്പുകൾ ശരിയാകണമെന്നില്ല. നമ്മൾ കരുതും വയസ്സ് കൂടുംതോറും പക്വത കൈവരുമെന്ന്. എല്ലാ കാര്യങ്ങളിലും അത് ശരിയായ തോതിൽ വരണമെന്നില്ല.

അയാളൊരു സ്ത്രീലമ്പടൻ ആയിരുന്നു. ഞങ്ങളുടെ സ്ഥാപനത്തിന്റെ ലോകത്തിലുള്ള എല്ലാ ശാഖകളിലും അയാൾ ഓരോ ഇരയെ കണ്ടെത്തി സ്വന്തമാക്കിയിരുന്നു. “നീയാണെന്റെ ബുദ്ധിവൈഭവം” എന്ന ഒറ്റവാക്കിൽ അയാൾ എന്റെ ബുദ്ധിയെ കവച്ചുവെച്ചു. നമ്മളിൽ കൂടുതൽ ഉണ്ട് എന്ന് നാം കരുതുന്ന സിദ്ധി/വികാരമായിരിക്കും നമ്മളെ കീഴ്പ്പെടുത്തണമെന്ന് നിശ്ചയിച്ചുറപ്പിച്ചു വരുന്ന ഒരാൾ വിദഗ്ധമായി ഉപയോഗിക്കുക.

സത്യത്തിൽ, ഒരു കൂട്ടം സ്ത്രീകളുടെ ജോലിയിലുള്ള കൂർമ്മ ബുദ്ധി അയാൾ സ്വന്തം സ്ഥാനം ഉയർത്താനും നിലനിർത്താനും അതിവിദഗ്ധമായി ഉപയോഗിച്ചു എന്ന് പറയുന്നതാകും ശരി. അതിലൂടെ അയാളെ കവച്ചുവെക്കുന്ന മറ്റൊരാൾ കടന്നു വരില്ലെന്ന് ഉറപ്പാക്കി.

അയാളുപയോഗിച്ച തന്ത്രത്തോട് തനിക്കെതിർപ്പൊന്നുമില്ല, ഓരോ മനുഷ്യനും അവനവന്റെ നിലനിൽപ്പാണ് ആദ്യം ഉറപ്പാക്കുക. എന്നാൽ അതിലേക്കുള്ള പാലമായി പ്രണയം തിരഞ്ഞെടുത്തു എന്നതാണ് ചതി.

മനുഷ്യരുടെ നൈർമല്യ വികാരങ്ങളെ ചൂഷണം ചെയ്തു മറ്റൊരാളുടെ വളർച്ചക്കായി ഉപയോഗിക്കരുത്.

സത്യം തിരിച്ചറിഞ്ഞതും ഒരു നിമിഷം പിന്നെ ഞാൻ ആ സ്ഥാപനത്തിൽ തുടർന്നില്ല.

അച്ഛന്റെ മരണശേഷം കടത്തിൽ മുങ്ങിയ ഒരു സ്ഥാപനം ജീവിതത്തിലെ എല്ലാ പരീക്ഷണങ്ങളും നേരിട്ട് വളർത്തിയെടുത്ത് ഉന്നതിയിൽ എത്തിച്ച "ഉരുക്കുവനിത" എന്നറിയപ്പെടുന്ന വ്യക്തിയുടെ സ്ഥാപനത്തിലേക്കാണ് പിന്നീട് ഞാൻ പോയത്.

മുഖാമുഖത്തിൽ അവർ ചോദിച്ച ഒരു ചോദ്യം, "എന്താണ് നിങ്ങൾ എന്റെ സ്ഥാപനം തിരഞ്ഞെടുക്കാനുള്ള കാരണം, എന്താണ് നിങ്ങളെ എന്റെ സ്ഥാപനത്തെക്കാൾ വലിയ സ്ഥാപനത്തിൽ നിന്ന് ഇങ്ങോട്ട് വരാൻ പ്രേരിപ്പിച്ചത്" എന്നായിരുന്നു.

തകർച്ചയിൽ നിന്ന് വെല്ലുവിളികളെ നേരിട്ട് ഈ സ്ഥാപനം വീണ്ടും കെട്ടിപ്പടുത്ത നിങ്ങൾ സ്ത്രീകൾക്ക് തന്നെ ഒരു മാർഗ്ഗദീപമാണ്. ചതിയിലൂടെ എന്റെ ബുദ്ധി മറ്റൊരാളുടെ വളർച്ചക്കായി ഉപയോഗിച്ചതാണ്, ആ സ്ഥാപനം വിടാനുള്ള കാരണം. എന്ന് പറഞ്ഞപ്പോൾ അവർ പെട്ടെന്നെഴുന്നേറ്റ് കൈ തന്നു.

"നിങ്ങളാണ് ഇനി എന്റെ സ്ഥാപനത്തിലെ ഒരു വിഭാഗത്തിന്റെ മേധാവി". അവർ പറഞ്ഞു.

അവർ തുടർന്നു, "വൈരാഗ്യം, വെറുപ്പ് ഇതിനായി ഒരുപാട് ഊർജ്ജം നാം ചിലവഴിക്കുന്നുണ്ട്. നിങ്ങളെപ്പോലെത്തന്നെ ചതിക്കപ്പെട്ടവളാണ് ഞാനും. അതിനുപയോഗിച്ച മാധ്യമവും പ്രണയമായിരുന്നു. മറ്റൊരു ബിസിനസ് ഗ്രൂപ്പ് ഞങ്ങളുടെ ബിസിനസ്സ് സാമ്രാജ്യം തട്ടിയെടുക്കാൻ അവിടത്തെ പ്രധാനിയുടെ മകൻ എന്നെ ഉപയോഗിക്കുകയായിരുന്നു. അച്ഛനത് മുമ്പേ തിരിച്ചറിഞ്ഞിരുന്നു. എന്നാൽ പ്രായം എന്റെ കണ്ണ് തുറന്നില്ല. വലിയ വലിയ ബിസിനസ് ഗ്രൂപ്പുകൾ തമ്മിൽ വിവാഹങ്ങളിലൂടെ വലിയ ബന്ധങ്ങൾ സ്ഥാപിക്കുന്നുണ്ടല്ലോ, അതുപോലെ ആയിക്കൂടെ എന്നായി ഞാൻ. എന്നാൽ ഞാനറിയാതെ അവർ പല കരുക്കളും നീക്കി, എന്റെ ആഗ്രഹങ്ങൾ തകരാതിരിക്കാൻ അച്ഛൻ അവർ പറഞ്ഞതിന് അടിമപ്പെട്ടു. ആ തകർച്ചയിൽ അച്ഛൻ മരണപ്പെടുകയും ചെയ്തു.

വിവാഹത്തിന് തൊട്ട് മുമ്പ് ഞാൻ സത്യങ്ങൾ തിരിച്ചറിഞ്ഞു. വലിച്ചെറിഞ്ഞു, ആ ബന്ധം ഞാനവിടെ.

എന്റെ ഊർജ്ജം ഞാൻ ചിലവഴിച്ചത്, ഞാൻ മുഖേന എന്റെ അച്ഛന് നഷ്ടപ്പെട്ടതെല്ലാം തിരിച്ചു പിടിക്കാനാണ്. വെറുപ്പും, വൈരാഗ്യവും എന്റെയുള്ളിൽ തിളച്ചുമറിയുന്നുണ്ടായിരുന്നു. ഓരോ ബിസിനസ്

മീറ്റുകളിലും അവർ എന്നെ പരിഹാസ കഥാപാത്രമാക്കി. ഞാൻ ചിരിച്ചുകൊണ്ട് മറുപടികൾ പറഞ്ഞു.

ഇപ്പോൾ ഞാൻ അവർക്ക് മുകളിലാണ്, എന്ന് വെച്ച് ഞാൻ അവരെ തകർത്തു കളയില്ല. എല്ലാവർക്കും അവരുടെ നിലയിൽ നിന്ന് പൊരുതാം.

ശത്രുക്കൾ ഇല്ലാതായാൽ നാം വളരില്ല. അതിനാൽ ശത്രുക്കളെ നാം നിലനിർത്തുക തന്നെ വേണം.

ഞാൻ നിങ്ങൾക്ക് ആറുമാസം സമയം തരുന്നു. അയാൾ ഉപയോഗിച്ച് വലിച്ചെറിയുന്ന എല്ലാവരെയും നമുക്ക് സ്വീകരിക്കാം, അവരോട് പറയണം, നിങ്ങളുടെ വൈരാഗ്യവും വെറുപ്പും നിങ്ങളുടെ ജോലിക്ഷമതയിലെ ഊർജ്ജമാക്കണം, നമ്മൾ ആരെയും നേരിട്ടാക്രമിക്കില്ല. അടുത്ത വർഷമാകുമ്പോഴേക്ക് നിങ്ങൾ നയിക്കുന്ന വിഭാഗം ലോകത്തിൽത്തന്നെ ഒന്നാമതാകണം.

ചതികളിൽ നിന്ന് ഉയിർത്തെഴുന്നേറ്റ ഫീനിക്സ് പക്ഷികളുടെ ഒരു കൂട്ടമാകണം നിങ്ങൾ".

ഇതിൽക്കൂടുതൽ എന്താണ് എനിക്ക് പ്രതീക്ഷിക്കാനാവുക. മേധാവിയായെങ്കിലും, എന്റെ ഔദ്യോഗിക നാമം പഴയതായിത്തന്നെ തുടർന്നു, അത് മാഡത്തിന്റെ ഒരടവായിരുന്നു, പുറമെ നിന്നുള്ളവർക്ക് പെട്ടെന്ന് തിരിച്ചറിയാതിരിക്കാനുള്ള ഒരു മാർഗം. എന്നാൽ എല്ലാ പ്രധാനയോഗങ്ങളിലും സ്ഥാപനത്തെ പ്രതിനിധീകരിച്ചു പങ്കെടുത്തുകൊണ്ടിരുന്നത് ഞാനായിരുന്നു. മാഡം എനിക്ക് എല്ലാ സ്വാതന്ത്ര്യവും തന്നു, ഒപ്പം ഞാൻ പ്രതീക്ഷിച്ചിരുന്നതിനേക്കാൾ വലിയ ശമ്പളവും.

ചതി തിരിച്ചറിഞ്ഞവർ അതിവേഗം ഞങ്ങളുടെ സ്ഥാപനത്തിലേക്ക് ചേർന്നു, ഞങ്ങളുടെ സ്ഥാപനവും ഇപ്പോൾ ലോകത്തിന്റെ എല്ലാ പ്രധാന പട്ടണങ്ങളിലും ഉണ്ട്. പുരുഷന്മാരോട് വൈരാഗ്യമൊന്നുമില്ല, എന്നാൽ എല്ലായിടത്തും, സ്ത്രീകളെത്തന്നെയാണ് ഏറ്റവും ഉയർന്ന തസ്തികകളിൽ മാഡം നിയമിച്ചത്.

അവരുടെ ഓരോ വാക്കും ഞാൻ ശ്രദ്ധിക്കാറുണ്ട്, "നമ്മൾ ആർക്കും എതിരല്ല, നാം നമ്മളെത്തതന്നെയാണ് വെല്ലുവിളിക്കുന്നത്".

# വിഭൂതി

മുന്നിലെ ഈ കടൽ എന്റെയാണ്, അതിൽ നിന്ന് ഞാൻ അളന്നെടുക്കുന്നതാണ് എന്റെ ജീവിതം.

കടൽ ഒരിക്കലും ശാന്തമല്ല, ഞാനും.

മനസ്സിന്റെ ആഴങ്ങളിലേക്ക് എത്ര തള്ളിയാലും അതിശക്തമായി മറക്കാൻ ആഗ്രഹിക്കുന്ന സംഭവങ്ങൾ തന്നെ വീണ്ടും വീണ്ടും മുഴുനീള ചിത്രങ്ങളായി മനസ്സിന്റെ തിരശീലകളിൽ ഓടിക്കൊണ്ടേയിരിക്കും. അതിനായിമാത്രം അനേകം മൾട്ടിപ്ളെക്സ് സിനിമാശാലകൾ മനസ്സിനകത്ത് സജ്ജമാണ്.

മനസ്സും കടലും ഒന്നുതന്നെയാണ്. മനസ്സ് നിയന്ത്രിക്കാൻ അറിയാത്തവർ വിഡ്ഢി എന്ന് വിളിക്കപ്പെടുന്നു. അവർക്ക് സ്വന്തം ജീവിതം ഒരിക്കലും നിയന്ത്രിക്കാനാവില്ലത്രേ.

കടലിനെ നമുക്ക് നിയന്ത്രിക്കാനാവുമോ? നമ്മുടെയെല്ലാം ഉള്ളിലെ കടലല്ലേ മനസ്സ്?

നിങ്ങൾക്ക് എന്നെ ബോറടിച്ചു തുടങ്ങിയോ? വർത്തമാനത്തിന് ഒരു ലയം കിട്ടാൻ ഡ്രിങ്ക്സ് എടുക്കട്ടെ. “മന്ദാകിനി”യുണ്ട്. കൊച്ചി എയർപോർട്ടിലെ ഡ്യൂട്ടിഫ്രീ ഷോപ്പിൽ മാത്രമേ കിട്ടൂവെന്ന് ആരോ പറഞ്ഞു. ഒരു മലയാളിയുടെ വിദേശസംരഭമല്ലേ, നമ്മളും സഹകരിക്കണമല്ലോ.

ബെവ്കോ നിലനിർത്താൻ കേരളത്തിലെ കോടാനുകോടി മനുഷ്യർ അക്ഷീണം പ്രവർത്തിച്ചുകൊണ്ടിരിക്കുകയല്ലേ? അതിനൊരു മറുവശമുള്ളത് എല്ലാ ഗ്രാമങ്ങളിലും പൊട്ടിമുളക്കുന്ന മൾട്ടിസ്പെഷ്യലിറ്റി ഫൈവ് സ്റ്റാർ ഹോസ്പിറ്റലുകൾ ആണ്. ഫൈവ് സ്റ്റാർ ഹോട്ടലുകളെക്കാൾ കൂടുതൽ ഫൈവ്സ്റ്റാർ ഹോസ്പിറ്റലുകൾ നമുക്കുണ്ട്.

ആശയറ്റ മനുഷ്യരുടെ പെരുംകൂട്ടങ്ങൾ, ആശ്രയംതേടി അവർ അലയുന്ന രണ്ടുതരം ആലയങ്ങൾ.

ഒന്ന് ചിന്തിച്ചാൽ രസകരമാണ് കേരളത്തിലെ ജീവിതം. ഉള്ള ആരോഗ്യം കുടിച്ചു നശിപ്പിക്കുക, പിന്നെ അത് വീണ്ടെടുക്കാൻ ആശുപത്രികളെ അഭയം പ്രാപിക്കുക. പണമില്ലാത്തവൻ എവിടെയെങ്കിലും കുഴഞ്ഞുവീണ് മരിക്കുക.

മന്ദാകിനി മോജിറ്റോ കോക്ടെയ്ൽ എടുക്കാം. രണ്ടു ഔൺസ് മന്ദാകിനി, അര ഔൺസ് ചെറുനാരങ്ങ നീര്, ഒരു സ്പൂൺ പഞ്ചസാര, സോഡാ, അഞ്ച് പുതിന ഇല. പറയുമ്പോൾ ഇതിന്റെ വിദഗ്ധയാണെന്ന് കരുതണ്ട. അവരുടെ വെബ്സൈറ്റ് നോക്കി പഠിച്ചതാണ്.

അടുത്തകാലത്ത് പത്രത്തിൽ വായിച്ചതാണ്, കൊച്ചിയിലെ ബാറുകളും മാറിവരുന്നെന്ന്. സിംഗപ്പൂരിൽ നിന്ന് വിദഗ്ധരെ കൊണ്ടുവന്ന് വിവിധതരം കോക്ടെയ്ൽ ഉണ്ടാക്കാൻ ബാർറ്റെൻഡർമാരെ പഠിപ്പിക്കുകയാണെന്ന്. പുതിയ തലമുറയ്ക്ക് പുതുരുചികളാണ് വേണ്ടത്. അവർക്ക് വേണ്ടതിന്റെ പേരുകൾ അവർക്ക് മനഃപാഠമാണ്, നമുക്ക് വേണ്ടതിന്റെ പേരുകൾ ഉച്ചരിക്കാൻ പോലും നമ്മുടെ ചെറുപ്പത്തിൽ ഭയമായിരുന്നു.

ഇന്നിപ്പോൾ കോക്ടെയ്ൽ ആണോ, മോക്ക്ടൈൽ ആണോ കുടിക്കുന്നതെന്ന്, അത് കുടിക്കുന്നവന് മാത്രമേ അറിയൂ.

ഭയം, ഏകാന്തത, വിരസത, ലക്ഷ്യമില്ലായ്മ ഇതൊക്കെ പിടികൂടുമ്പോൾ നാം ഇവരെ തേടുന്നു.

നമ്മുടെ സംഭാഷണം വിരസമാണെന്ന് ഒരിക്കലും തോന്നുന്നില്ല. എങ്കിലും ഈ സായാഹ്നത്തിൽ നിന്ന് രാത്രിയിലേക്ക് കാലം സഞ്ചരിക്കുമ്പോൾ, നമ്മുടെ ചിന്തകൾക്ക് ഒരു ലയം കിട്ടാൻ മോജിറ്റോ നല്ലതാണ്.

വിഭൂതി എന്ന പദത്തിന് ധാരാളം അർത്ഥങ്ങൾ ഉണ്ട്. ശക്തി, സൃഷ്ടി, ഐശ്വര്യം, ധനം, വലുപ്പം, ഭസ്മം. അവസാനം പറഞ്ഞത് മാത്രമേ നാം അധികവും കേട്ടിട്ടുള്ളൂ.

എനിക്കിഷ്ടമായത് അതിനു മുമ്പുള്ള അർത്ഥങ്ങൾ ആണ്. സത്യത്തിൽ നമ്മുടെ ജീവിതമെല്ലാം ആഴത്തിൽ പതിഞ്ഞുകിടക്കുന്നത് ആ അർത്ഥങ്ങളിൽ ആണ്. എന്നാൽ ആ അർത്ഥങ്ങളുടെ സമ്മേളനങ്ങൾ ആണ്, വാരിപ്പൂശുന്ന ഭസ്മം, കത്തിത്തീർന്ന എന്തിനും, അതിന്റെ ആത്മസത്തയുണ്ടോ, അത് നെറ്റിയിൽ അണിയുമ്പോൾ, അതിന്റെ ആത്മസത്ത നമ്മിലേക്ക് ചേരുന്നുണ്ടോ?

എന്താണ് നമ്മിലേക്ക് പ്രവഹിക്കുന്ന ഊർജ്ജങ്ങൾ എന്ന് ഞാൻ പലപ്പോഴും വിശകലനം ചെയ്യാറുണ്ട്. ചിലതിന് ഉത്തരങ്ങൾ കിട്ടും, ചിലതിന് കിട്ടില്ല. ചിലത് അനുഭവിക്കാനേ കഴിയൂ, നിർവചിക്കുവാൻ കഴിയില്ല.

നിങ്ങളുടെ വിരൽ എന്റെ വിരലിനോട് ചേർത്ത് വെക്കുമ്പോൾ ഒരു ഊർജ്ജപ്രവാഹമുണ്ട്. എന്തൊക്കെയാണ് നമ്മിൽ പരസ്പരം ഒഴുകി പൂരിതമാകുന്നത്. എന്താണ് ഞാൻ നിങ്ങൾക്ക് തന്നത്, എന്താണ് നിങ്ങൾ എനിക്ക് തന്നത്. നമുക്കറിയില്ല. എന്നാൽ

നമുക്കിടയിൽ ഒരു ഊർജ്ജപ്രവാഹം ഉണ്ടായിരുന്നു. ഒരു തരിപ്പിലൂടെയും, രോമാഞ്ചത്തിലൂടെയും നമുക്കത് അനുഭവവേദ്യമായി. എന്നാൽ അതെഴുതൂ എന്ന് പറഞ്ഞാൽ നമുക്കാവില്ല.

മനുഷ്യ ജീവിതത്തിന്റെ നിർവ്വചിക്കാനാവാത്ത നിമിഷങ്ങൾ ധാരാളമാണ്.

എല്ലാ ഉത്തരങ്ങളും കണ്ടെത്തിയില്ലെങ്കിലും ജീവിതം മുന്നോട്ട് പോയിക്കൊണ്ടേയിരിക്കും. നാം പ്രതീക്ഷിക്കുന്നത് കിട്ടിയാലും, കിട്ടിയില്ലെങ്കിലും സൂര്യൻ ഉദിക്കുകയും അസ്തമയിക്കുകയും ചെയ്യും.

ഇന്നെന്തൊക്കെ നേടി, ഇന്നെന്തൊക്കെ നഷ്ടപ്പെടുത്തി, ഇന്നെന്തൊക്കെ കിട്ടിയില്ല, ജീവിതത്തിന്റെ ലാഭനഷ്ട കണക്കുകൾ ഒരിക്കലും ഒത്തുപോകില്ല.

ഇന്ന് കിട്ടാത്തതൊക്കെ നാളെ കിട്ടുമായിരിക്കും.

പ്രതീക്ഷകളാണ് നമ്മൾ ഉള്ളിൽ കത്തിജ്വലിപ്പിക്കേണ്ടത്. ഒരു അഗ്നിപർവ്വതംപോലെ പ്രതീക്ഷകൾ നമ്മുടെ ഉള്ളിൽ ജ്വലിച്ചുകൊണ്ടേയിരിക്കണം.

ഇന്ന് കിട്ടുന്ന നിമിഷങ്ങൾ അതെന്തായാലും നാം ആസ്വദിക്കുക തന്നെ വേണം. വേദനയാണോ, അത് അതിന്റെ പാരമ്യത്തിൽ ആസ്വദിക്കുക. അത് മനുഷ്യരിൽ ഉള്ള വികാരം തന്നെയാണ്. കരയുമ്പോൾ, ഉറക്കെ വാവിട്ട് കരയുക, കണ്ണുകളിലൂടെ വേദനകളുടെ ഒരു പുഴ ഒഴുകിപോകട്ടെ. നമ്മൾ ആരുമറിയാതെ മനസിന്റെ മൂലയിൽ സ്വരുക്കൂട്ടിവെച്ചിരിക്കുന്ന വേദനകളുടെ വെള്ളാരംകല്ലുകൾ നാമറിയാതെ കണ്ണുനീരിൽ അലിഞ്ഞു പുറത്തുപോകും. ആ മഴ പെയ്തുകഴിയുമ്പോൾ നിങ്ങൾ ഒരു സ്വതന്ത്രജീവിയായിരിക്കും.

# വിപണി

**ലോ**കക്കമ്പോളത്തിൽ വിൽക്കാൻ വെച്ചിരിക്കുന്ന ഉൽപന്നങ്ങളിൽ ഒന്ന് മാത്രാമാണ് നാം.

ഏത് ജോലിയായാലും ഒരു നിശ്ചിത ശമ്പളത്തിന് നമ്മളെ തന്നെ നാം വിൽക്കുന്ന ഒരു കരാർ. കാൽ ലക്ഷത്തിന്റെ അടിമ, അരലക്ഷത്തിന്റെ അടിമ, ഒരു ലക്ഷത്തിന്റെ അടിമ, അങ്ങനെപോകുന്നു നിരക്കുകൾ. സ്വീകാര്യമായത് തിരഞ്ഞെടുക്കാം. ആത്യന്തികമായി അടിമതന്നെയാണ്, പിന്നെ വളരെ ഓമനത്തമുള്ള ജോലിനാമങ്ങൾ ചേർത്ത്, നമ്മളെ സുഖിപ്പിക്കും എന്നുമാത്രം.

ഒരു സർക്കാർ ജോലി കിട്ടിയാൽ സുഖമായി, പിരിയുന്നതുവരെ ശമ്പളം, മരണംവരെ പെൻഷൻ. എന്തുകൊണ്ട് സർക്കാർ ജോലി പത്തുവർഷമായി ചുരുക്കുന്നില്ല? എല്ലാവർക്കും ഒരവസരം കൊടുക്കണ്ടേ? എല്ലാവരും പൊതുമേഖലയിലും സ്വകാര്യമേഖലയിലും ജോലിയെടുക്കട്ടെ. ഒരുകൂട്ടർ മാത്രം ജീവിതം സുഖിച്ചാൽ പോരല്ലോ!

നിങ്ങൾ ഒരു തീവ്രവാദിയാണോ – അവർ ചോദിച്ചു.

ഒരിക്കലുമല്ല, ആവുകയുമില്ല – അയാൾ പറഞ്ഞു.

ജീവിതം തീവ്രമായി അനുഭവിക്കുന്ന ഒരു വ്യക്തിയാണ് ഞാൻ. ഇപ്പോൾ ഈ മട്ടുപ്പാവിൽ നിങ്ങളുടെ മടിയിൽ കിടന്നു സംസാരിക്കുമ്പോൾ, പ്രണയത്തിന്റെ തീവ്രത ഞാൻ മുഴുവനായി അനുഭവിക്കുന്നു. വിരൽകൊണ്ട് നിങ്ങൾ എന്റെ കഴുത്തിൽ തഴുകുമ്പോൾ, ചിലപ്പോൾ ലഭിക്കുന്ന നഖത്തിന്റെ കോറൽ, ഹൃദയം കീറുകയും പിന്നെ നീറുകയും ചെയ്യുന്ന ഒരു അവസ്ഥ സൃഷ്ടിക്കുന്നുണ്ട്. ഒരു അസ്ത്രത്തിന്റെ മൂർച്ചയേറിയ അറ്റം, പ്രണയത്തോടെ കുത്തിയിറക്കുന്ന സുഖം. വേദനയിലൂടെ തരിപ്പ് നിറഞ്ഞ പ്രണയപർവ്വത്തിലേക്ക് ആഹ്ളാദപൂർവ്വം കയറുന്ന നിമിഷങ്ങൾ.

എന്നാൽ ഇത് ജീവിതകാലം മുഴുവൻ തുടരുന്നതാണോ? ഒരിക്കലുമല്ല. ജീവിക്കുന്ന ഈ നിമിഷം, അതിന്റെ പൂർണ്ണതയോടെ ആഘോഷിക്കുക, അനുഭവിക്കുക, ആഹ്ളാദിക്കുക.

കുറച്ചു സമയംകൊണ്ട് വളരെയധികം ജീവിക്കുക. വെറുതെ കളയുന്ന നിമിഷങ്ങൾ, ദിവസങ്ങൾ നാം തന്നെ നമ്മുടെ ജീവിതത്തിൽ നിന്ന് അടർത്തിക്കളയുന്നതാണ്.

ഞാനൊരു കർമ്മനിരതനായ, ജോലിയോട് അമിത ആസക്തിയുള്ള മനുഷ്യനാണ്. ദിവസവും പന്ത്രണ്ട് മണിക്കൂറിൽ കൂടുതൽ ജോലിയെടുക്കാറുണ്ട്. ഉള്ള ജോലിയെ പന്ത്രണ്ടുമണിക്കൂറിലേക്ക് വലിച്ചു നീട്ടുകയല്ല. മുമ്പിലുള്ള ജോലി വളരെ വേഗം തീർത്ത്, അടുത്ത ജോലിയിലേക്ക് നീങ്ങും. എന്നെ ഞാൻ തന്നെ കൂടുതൽ ഉപയോഗപ്പെടുത്തുക, നമ്മിലെ കർമ്മശേഷിയെ മുഴുവൻ ലോകത്തിന് കൊടുക്കുക എന്ന സ്വകാര്യ സ്വാർത്ഥതയും അതിലുണ്ട് എന്ന് സമ്മതിക്കുന്നു.

സമയത്തിന്റെ വില, നമ്മുടെ സ്വന്തം വിഭവശേഷി, അതെല്ലാം എനിക്കും ലോകത്തിനും ഉപകാരപ്പെടുത്തണം, അല്ലെങ്കിൽ മനുഷ്യനായി ജനിക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല.

പത്തുവർഷത്തിനകം ഞാൻ ഇരുപതുവർഷക്കാലത്തെ ജോലിയെടുത്തുകഴിഞ്ഞു. ഇനി അഞ്ചുവർഷം യാത്ര, വായന, കൂടുതൽ ജീവിതാനുഭവങ്ങൾ.

ജീവിതത്തിന്റെ തീക്ഷ്ണത പൂർണ്ണതയോടെ എന്നിലേക്കെത്തണം എന്ന് ഞാൻ അതിയായി ആഗ്രഹിക്കുന്നു. ഞാൻ നടത്തുന്ന പരിശ്രമങ്ങളും കഠിനപ്രയത്നങ്ങളും എനിക്കവ നേടിത്തരും എന്ന് ഉറച്ചു വിശ്വസിക്കുന്നു. ഇന്നല്ലെങ്കിൽ നാളെ അവ ഒരു ഉറവപോലെ എന്റെ മുന്നിൽ ഉയർന്നുവരും, അതിൽ നിന്ന് വരുന്ന സ്ഫടികജലത്തിന് അളവിൽക്കവിഞ്ഞ കുളിരും മധുരവും അനുഭവപ്പെടും.

ജീവിതത്തിൽ ഒരുപാട് പരാജയങ്ങൾ ഉണ്ടായിട്ടുണ്ട്. അതിന്റെ ചവർപ്പും, കയ്പ്പും, വെറുപ്പും എല്ലാം അനുഭവിച്ചിട്ടുണ്ട്. നിസ്സഹായർ ആകുമ്പോഴാണ്, നമുക്ക് നമ്മളെത്തന്നെ പരിഹസിക്കാൻ തോന്നുക. എന്നാൽ അത്തരം അഭ്യാസങ്ങൾ തോൽവികളെ ചിരിച്ചുതള്ളാൻ നമ്മളെ പഠിപ്പിക്കുകയും ചെയ്യും.

ഉഷ്ണങ്ങൾ നിറഞ്ഞ ജീവിത പരിത്യാഗങ്ങൾ, ഉഴുതുമറിച്ച നെൽപ്പാടങ്ങളെപ്പോലെയാക്കും നമ്മളെ.

എന്റെ എന്ന് കരുതി പരിപാലിച്ച ഒരുപാട് ബന്ധങ്ങളും ബന്ധനങ്ങളും സൗഹൃദങ്ങളും പലപ്പോഴും തോൽപ്പിച്ചിട്ടുണ്ട്. തോറ്റുതോറ്റ് അതൊരു ശീലമാകുമ്പോൾ പിന്നെ അതൊരു തമാശയായി മാറും.

ഈ ലോകം മുഴുവൻ നമ്മളെ തോൽപ്പിക്കാൻ കാത്തിരിക്കുകയാണ്. ഏത് ജീവിതഘട്ടത്തെയും, ഈ നിമിഷവും കടന്നുപോകും, എന്ന് കരുതി നമുക്ക് നേരിടാനാകണം.

നാളത്തെ സ്നേഹവും, നാളത്തെ ജീവിതവും നാളെയാണ്. ഇന്ന് ഈ നിമിഷത്തിൽ നിങ്ങൾ പകർന്നു തരുന്ന ജീവിതം ഞാൻ കൂടുതൽ

വിലമതിക്കുന്നു. നാളെ ഒരുപക്ഷെ നമ്മൾ മാറാം, കാരണം നമ്മളെല്ലാം മനുഷ്യരാണ്, ആ യാഥാർത്ഥ്യം നാം അംഗീകരിക്കുകയും വേണം.

ജീവിതത്തിനെക്കുറിച്ചുള്ള കുറെ അവബോധങ്ങൾ ഉണ്ടെങ്കിലും, മണ്ടനായി ജീവിക്കുന്നതാണ് എളുപ്പം, സദാ മന്ദഹസിക്കാൻ പഠിച്ചാൽ മറ്റുള്ള കപടമുഖങ്ങളെ തിരിച്ചറിയാൻ നാം പഠിക്കും.

പക്ഷെ ജീവിതം ആഴത്തിൽ പഠിക്കാൻ സ്വയം കുഴിച്ചിറങ്ങുന്നവൻ, ആ കുഴിയിൽ തന്നെ അകപ്പെടാതിരിക്കാൻ ശ്രദ്ധിക്കണം.

അയാൾ പറഞ്ഞവസാനിപ്പിച്ചോ, അതോ ഒരു ഇടവേളയെടുക്കുകയാണോ എന്നവർക്ക് തോന്നി.

നിങ്ങളെ പുതയ്ക്കാൻ എന്റെ പ്രണയത്തിന്റെ പുതപ്പുകൾ പോരാതെ വരുമോ എന്ന് ഞാൻ സംശയിക്കുന്നു. വീശിയടിക്കുന്ന ഈ കടൽക്കാറ്റ് നമ്മളെ ചിലപ്പോൾ ആകാശത്തിലേക്ക് ഉയർത്തികൊണ്ടുപോയേക്കാം. നിങ്ങൾ നിശബ്ദമായിരിക്കുമ്പോഴാണ് നിങ്ങളുടെ വാക്കുകൾ എന്നിൽ കൂടുതൽ വാചാലമാകുന്നത് എന്നെനിക്ക് തോന്നുന്നു.

ജീവിതം പുതിയ വിപണി പിടിക്കാൻ പായുകയാണ്, നമ്മൾ നിരത്തിവെച്ചിരിക്കുന്ന ചിന്തകൾ വാങ്ങാൻ മറ്റുള്ളവർ നമ്മളെപ്പോലെ വിഡ്ഢികൾ ആകണമെന്നില്ല.

# വിചാരണ

മനുഷ്യൻ സ്വയം വിചാരണക്ക് വിധേയപ്പെടുമ്പോൾ അവൻ സ്വയം നവീകരിക്കുകയാണ്.

തെറ്റുകൾ പറ്റാത്ത മനുഷ്യരുണ്ടാകില്ലല്ലോ. വളരെ അടുത്ത ബന്ധം പുലർത്തുന്ന രണ്ടുപേർ, ഒന്നിച്ചു ജീവിക്കുന്നവർ, ഇവരാണ് മാതൃക ദമ്പതികൾ എന്ന് നാം കരുതുന്നവർ. അവർ വിട്ടുവീഴ്ചകളുടെ ലോകത്ത് മാത്രമാകാം ജീവിക്കുന്നത്. ഞാനത്രയും ഇഷ്ടപ്പെട്ട് കണ്ടെത്തിപ്പിടിച്ച ജീവിതം, അല്ലെങ്കിൽ എന്റെ അച്ഛനമ്മമാർ അന്വേഷിച്ചു കണ്ടുപിടിച്ചു നൽകിയ ജീവിതം, ഒഴിഞ്ഞുപോകാൻ എനിക്ക് സങ്കൽപ്പിക്കാൻ കഴിയില്ല എന്ന് വിശ്വസിച്ചു, ഓരോ നിമിഷവും ജീവിതമെന്ന പളുങ്കുപാത്രം തുടച്ചു മിനുക്കി, അതിൽ തന്റെ ചിരിക്കുന്ന മുഖം ഉറപ്പുവരുത്തുകയും, അത് സമൂഹത്തിൽ പ്രകടിപ്പിക്കുകയും ചെയ്യുന്ന അവർ, സഹനങ്ങളുടെ അമൂർത്തഭാവങ്ങൾ ആണ്.

രണ്ട് മനുഷ്യർ ആകുമ്പോൾ രണ്ട് അഭിപ്രായങ്ങൾ ഉണ്ടാകും, അത് മനുഷ്യസഹജമാണ്. മറ്റൊരാളുടെ സ്നേഹം, കരുതൽ നഷ്ടപ്പെടാതിരിക്കാൻ മാത്രം വേണ്ടി, സഹനശക്തിയുടെ ഉത്തുംഗഗോപുരങ്ങളിലേക്ക് സ്വയം നടന്നു കയറുന്നവർ.

പണ്ട് വയലിൽ കന്നുപൂട്ടുമ്പോൾ, ഇരുമ്പിന്റെ കരികൊണ്ട് മേൽമണ്ണ് ഇളക്കിമാറ്റുന്ന പോലെ, മനസ്സിൽ അടക്കി വെക്കുന്ന വേദനകൾ, വിദ്വേഷങ്ങൾ, കലഹങ്ങൾ, തർക്കങ്ങൾ, പിണക്കങ്ങൾ, വിരോധങ്ങൾ വല്ലപ്പോഴുമൊക്കെ അടർത്തിക്കളയാൻ നമുക്കാകണം.

ഞാൻ എന്നെ ഒരുപാട് വിചാരണ ചെയ്യാറുണ്ട്. അയാൾ അവരോട് പറഞ്ഞു.

മറ്റൊരാൾക്ക് എന്ത് തോന്നും എന്ന് ചിന്തിക്കാതെ ചിലർ സംസാരിക്കും. അതിന് പ്രധാനകാരണം, അവർ കുന്നുകൂട്ടി അടച്ചുവെച്ചിരിക്കുന്ന അവരുടെ പ്രതിഷേധങ്ങൾ ആണ്. ചിലർക്ക് അത് ആരിലേക്കെങ്കിലും ഒഴുക്കി വിടണം, എങ്കിലേ അയാൾ സ്വതന്ത്രനാകൂ. എന്നാൽ അത് കേൾക്കുന്ന വ്യക്തിക്ക് എന്ത് സംഭവിക്കും എന്നവർ ചിന്തിക്കാറില്ല.

ഒറ്റവാക്കുകൊണ്ട് ജീവിതം തകർത്തുകളയുന്ന മനുഷ്യരെ കണ്ടിട്ടില്ലേ നാം. അത് കഴിഞ്ഞു, ആ ജീവിതം അവർക്ക് ഒരിക്കലും

തിരിച്ചെടുക്കാനാവില്ല. ആ വാക്കുകൾ കേട്ട വ്യക്തി, മാനസികവും, ശാരീരികവുമായി ആ നിമിഷത്തിൽ തന്നെ തകർന്നടിഞ്ഞിരിക്കും.

ഇനി ഒരു തിരിച്ചുപോക്കില്ല എന്നുവരെ പറയാൻ പ്രേരിപ്പിച്ചത് നമ്മൾ തന്നെയല്ലേ?

പലപ്പോഴും നമ്മുടെ തെറ്റുകളെ, തെറ്റുകളായി കാണാതെ, ഞാൻ മാത്രമാണ് ശരി എന്ന് സ്വീകരിക്കാനാണ് ഭൂരിപക്ഷം പേർക്കും എളുപ്പം.

നമ്മളിൽ നിന്ന് ഇറങ്ങിപ്പോകുന്ന ഓരോ മനുഷ്യർക്കും, അവരവരുടേതായ കാരണങ്ങൾ ഉണ്ട്.

സഹനം എന്ന വികാരം മനുഷ്യരിൽ ഉണ്ടായിരുന്നില്ലെങ്കിൽ നമ്മുടെ വീടുകളും കുടുംബങ്ങളും സമൂഹങ്ങളും എന്നേ തകർന്നു തരിപ്പണമായേനെ.

ഒരു മനുഷ്യനോട് അടുക്കുമ്പോൾ നാം അവന്റെ നന്മകൾ മാത്രമാണ് കാണുക, അവന്റെ തിന്മകൾ നാം തിരിച്ചറിഞ്ഞാലും, അതിനെ അവഗണിക്കുകയോ, അതല്ലെങ്കിൽ അതിന് മേലെയാണ് എന്റെ പ്രണയം എന്ന് സമർത്ഥിച്ചു മുന്നോട്ട് പോകും. ചിലർക്ക് ചിലരുടെ ബുദ്ധി, രൂപം, സൗന്ദര്യം, അംഗലാവണ്യങ്ങൾ, ശാരീരികവടിവുകൾ ഒക്കെയാകും അനുരക്തരാവാനുള്ള കാരണങ്ങൾ. എന്ത് പേരിട്ട് വിളിച്ചാലും, സ്വന്തമായിക്കഴിയുമ്പോൾ, മനുഷ്യന് അതിൽ ആകാംക്ഷയും, പ്രിയവും കുറഞ്ഞുവരുന്നു. പിന്നെ ജീവിതം യാന്ത്രികമാണ്. ചിലർ ആ യാന്ത്രികതയിൽ ശരിയായി എണ്ണയിട്ട് ബുദ്ധിമുട്ടുകളും പ്രശ്നങ്ങളുമില്ലാത്ത രീതിയിൽ മുന്നോട്ട് കൊണ്ടുപോകും. ചിലർ അത് കൽക്കരിയുടെ ശേഖരങ്ങളായി ചേർത്ത് വെച്ച് പഴയ നീരാവി എൻജിനിൽ കോരിയിട്ടു കത്തിക്കുന്നപോലെ ഒന്നിച്ചുകോരിയിട്ട് കത്തിച്ചു, മറ്റൊരാളെ ജീവിതമെന്ന പ്ലാറ്റുഫോമിൽ തനിച്ചാക്കി എങ്ങോട്ടെന്നറിയാതെ ഓടിച്ചുപോകും.

ഒന്നെനിക്കറിയാം, എന്നിൽ നിന്ന് ഇറങ്ങിപ്പോയവരെല്ലാം, എന്റെ തെറ്റുകൾകൊണ്ട് എന്നെ വെറുത്തവരാണ്. എന്റെ പിടിവാശികൾ, മറ്റുള്ളവരുടെ വാക്കുകളെ ഉൾക്കൊള്ളാനാവാത്ത മനസ്സ്, അവരുടെ ബുദ്ധിമുട്ടുകൾ തിരിച്ചറിയാത്ത വിവേകബുദ്ധി. ക്ഷിപ്രകോപങ്ങൾ, എപ്പോഴും ജീവിതം അയഥാർത്ഥമാണെന്ന തോന്നൽ. എന്റെ പ്രണയം നഷ്ടപ്പെടുമെന്ന ഭീതി, ഞാൻ അറിയുന്ന എന്റെ കുറവുകൾ, ഞാൻ അറിയാത്ത എന്റെ കുറവുകൾ. ഓടിയകന്ന ഓരോരുത്തരും എന്നിൽ എന്ത് തേടിവന്നവരാണെന്ന് തിരിച്ചറിയാത്ത ഒരാൾ. എനിക്ക് എന്റെ ഇഷ്ടങ്ങൾ മാത്രം നടന്നാൽ മതിയായിരുന്നു. ഞാൻ അവരോട് അവരുടെ ഇഷ്ടങ്ങൾ എന്താണ് എന്ന് പോലും ചോദിച്ചിരുന്നില്ല, ചോദിക്കാതെ സ്വയം തിരിച്ചറിഞ്ഞിരുന്നുമില്ല.

അവർ കുറച്ചുനാൾ എന്നെ സഹിച്ചു, അസഹനീയമായപ്പോൾ വന്ന വാതിലിലൂടെ അവർ തിരിച്ചിറങ്ങിപ്പോയി. ഓരോരുത്തർ ഇറങ്ങിപ്പോയപ്പോഴും ആദ്യം ഞാൻ കോപിച്ചു, അലറി, പിന്നെ മാറിയിരുന്നു പൊട്ടിക്കരഞ്ഞു.

കരച്ചിൽ വലിയൊരു ആശ്വാസമാണ്. കുറെ കരഞ്ഞുകഴിയുമ്പോൾ മനസ്സിന്റെ ഭാരമൊക്കെ ഒഴിഞ്ഞെന്ന് തോന്നും, എന്നാൽ അത് മനസ്സിൽ കൂടുതൽ ഭാരങ്ങൾ കയറ്റിവെക്കാനുള്ള ഇടം ഉണ്ടാക്കുകയും ചെയ്യും.

നിങ്ങൾക്ക് ഇപ്പോൾ എന്നോട് ഭയം തോന്നുന്നുണ്ടോ? തെറ്റായ ഒരു തിരഞ്ഞെടുപ്പാണെന്ന് മനസ്സ് പറയുന്നുണ്ടോ?

അവർ ഉറക്കെ ചിരിച്ചു. പിന്നെ എഴുന്നേറ്റ് മന്ദാകിനിയുടെ ഒരു മോജിറ്റോകൂടി രണ്ടുപേർക്കുമായി ഒരുക്കി. അതിൽ നിന്ന് ഒരു തുടം വിഴുങ്ങിക്കൊണ്ട് അവർ പറഞ്ഞു.

മുഴുഭ്രാന്തുള്ള രണ്ടുപേർക്ക് സ്വയം തിരിച്ചറിയാൻ വളരെ എളുപ്പമാണ്.

ഞാൻ മട്ടുപ്പാവിൽ നോക്കി നിന്നിരുന്നത്, നിങ്ങൾ കടലിൽ ചാടുമോ എന്നറിയാനാണ്. കടലിൽ ചാടി ആത്മഹത്യ ചെയ്തിരുന്നെങ്കിൽ എനിക്ക് ഒന്നും തോന്നുമായിരുന്നില്ല. ജീവിക്കാൻ കരളുറപ്പില്ലാത്ത ഒരുവൻ ഭൂമിയിൽ നിന്ന് സ്വയം നിഷ്കാസനം ചെയ്യുന്നു. എന്നാൽ നിങ്ങൾ കടലിൽ പല തവണ മുങ്ങി നിവർന്നപ്പോൾ ഞാൻ തിരിച്ചറിഞ്ഞു, ഞാൻ കാത്തിരുന്നത് നിങ്ങളെയാണെന്ന്.

അയാൾക്ക് ഒരു ചുടുചുംബനം കൊടുത്തുകൊണ്ട് അവർ പറഞ്ഞു, ഈ ചുംബനം നിങ്ങൾക്കുള്ളതല്ല, കടലിൽ താഴ്ന്നുപോയ എന്റെ സൂര്യനുള്ളതാണ്, നിങ്ങളെ കാണിച്ചു തന്നതിന്!

# വൈരാഗ്യം

**വൈ**രാഗ്യം എന്ന വികാരം സത്യത്തിൽ ഒരു ചാലകശക്തിയാണ്. സ്വയം സൃഷ്ടിച്ച അലസതയുടെ പുതപ്പിനുള്ളിൽ സസുഖം ഉറങ്ങുന്ന ഒരുവനെ ഒന്ന് പ്രകോപിപ്പിച്ചാൽ അവൻ ചാടിയുണർന്ന് അതിനെ പ്രതിരോധിക്കാൻ ശ്രമിക്കുന്നു. അതൊരു വൈരാഗ്യം ആണ്, തന്റെ സുഖനിദ്രയെ തടസ്സപ്പെടുത്തിയതിനുള്ള വൈരാഗ്യം. എന്നാൽ അതിൽ അവനെ അവന്റെ മടിപിടിച്ച ജീവിതത്തിൽ നിന്ന് ഉണർത്തുന്ന ഒരു സദ്പ്രവർത്തിയുണ്ട്.

വൈരാഗ്യങ്ങൾ എന്നും നമ്മളെ സുഖസുഷുപ്തിയിൽ നിന്ന് കുതറിമാറി ആരോടെന്നില്ലാതെ പൊരുതാൻ പ്രേരിപ്പിക്കും. ആ വൈരാഗ്യം നാം എങ്ങനെ നമ്മുടെ ജീവിതത്തെ കൂടുതൽ ഫലപ്രദമാക്കുന്നു എന്നതാണ് പ്രധാനം.

പല വലിയ മനുഷ്യരും, സമൂഹത്തിൽ നിന്നേറ്റ പരിഹാസങ്ങളെ കണ്ട്, ആ വൈരാഗ്യങ്ങളിൽ നിന്നുയർന്ന ഊർജ്ജം തന്റെ വളർച്ചക്കായി പ്രയോജനപ്പെടുത്തുകയും, അതിലൂടെ സ്വയം വളർന്നു വലുതാകുകയുമായിരുന്നു.

മനുഷ്യരിൽ അമർന്നിരിക്കുന്ന പല അധമ വികാരങ്ങളും അവന്റെ വളർച്ചക്ക് സഹായിച്ചവയാണ്.

“നീ ജീവിതത്തിൽ ഒന്നുമാകില്ല” എന്നായിരുന്നു എന്റെ ആദ്യ പ്രണയിനി എന്നോട് പറഞ്ഞത്. എന്നെ നിരസിക്കാൻ അവർ കണ്ടെത്തിയ ഒരു ഉത്തരം മാത്രമായിരുന്നു അതെന്ന് ഇപ്പോൾ എനിക്കറിയാം. അവരുടെ സാഹചര്യങ്ങൾ അങ്ങനെയായിരുന്നു, വലിയ വീട്ടിലെ കുട്ടി, ഒരുപാട് വലിയ കുടുംബം, തല്ലാനും കൊല്ലാനും ആൾബലമുള്ളവർ. സത്യത്തിൽ അവർ അന്ന് എന്നെ രക്ഷിച്ചെടുക്കുകയായിരുന്നു.

എന്നാൽ അവർ പറഞ്ഞ ആ വാക്ക് എന്റെ ഹൃദയത്തിൽ ഒരു മുള്ളായി നിന്നു. എന്നും ഉണരുമ്പോൾ അതെന്നെ ഓർമ്മിപ്പിക്കും “നീ ജീവിതത്തിൽ ഒന്നുമാകില്ല”, അത് മാത്രം മതി അന്നത്തെ ജീവിതപ്രയാണത്തിന്. വാശിയോടെ പഠിച്ചു, ബാംഗ്ലൂർ, ഹൈദരാബാദ്, ദൽഹി എന്നിവിടങ്ങളിൽ വലിയ കമ്പനികളിൽ ജോലി ചെയ്തു. എന്നിട്ടും ആ അശരീരി എന്നിൽ നിന്ന് വിട്ടുപോയില്ല. കമ്പനി തന്നെ ഗൾഫ് മേഖലയിലെ

പ്രധാനിയായി നിയമിച്ചു. സൗഭാഗ്യങ്ങൾ ഒഴുകി വന്നു.

ഒരിക്കൽ നാട്ടിൽ വന്നപ്പോൾ അമ്മയോടൊപ്പം ആശുപത്രിയിൽ പോയനേരം നഴ്സായ അവരെ കണ്ടു. നിറചിരിയോടെ അവർ സ്വീകരിച്ചു, എന്റെ ജോലിയെക്കുറിച്ചൊക്കെ തിരക്കി. അമ്മ പറഞ്ഞു, കാണുമ്പോഴെല്ലാം എന്നെക്കുറിച്ചു അന്വേഷിക്കാറുണ്ടായിരുന്നു. വലിയ വീടൊക്കെ ഭാഗം വെച്ചു, തമ്മിലടിയായി, ഇപ്പോൾ സാമ്പത്തിക ബുദ്ധിമുട്ടിലാണ്. ഒരു മകളുണ്ട്, പഠിക്കാൻ പണത്തിന്റെ ബുദ്ധിമുട്ടിലാണ്.

പിറ്റേന്ന് തന്നെ നഗരത്തിൽ പരിചയമുള്ള ചാരിറ്റി സംഘടനയിൽ പോയി സുഹൃത്തിനെ കണ്ടു, അവരുടെ മകൾക്ക് പഠിക്കാനുള്ള മുഴുവൻ തുകയും താൻ നൽകും, എന്നാൽ അത് തന്റെതാണെന്ന് മറ്റാരും അറിയരുത്. നാട്ടിൽ നിന്ന് തിരിച്ചുപോരുന്നതിന്റെ തലേന്നായിരുന്നു, അമ്മയുടെ പരിശോധനകൾ. അവർ അമ്മയോട് പറഞ്ഞു, “ദൈവം പോലെ ഒരാൾ മകളുടെ പഠനത്തിന് വേണ്ട സഹായങ്ങൾ എല്ലാം ചെയ്തു”, മുറിയിൽ നിന്ന് കടക്കുന്ന വാതിലിൽ നിന്നിരുന്ന എന്നെ നോക്കി ചിരിച്ചു, ആ കണ്ണുകൾ നിറഞ്ഞു, ഞാൻ കേൾക്കേ മാത്രം അവർ പറഞ്ഞു, “ആ ദൈവം നീയാണെന്ന് എനിക്കറിയാം”.

മനുഷ്യനല്ലേ, എന്റെയും കണ്ണുകൾ നിറഞ്ഞു. ഇപ്പോൾ “നീ ജീവിതത്തിൽ ഒന്നുമാകില്ല” എന്ന ശബ്ദം എന്നിൽ മുഴങ്ങാറില്ല, പകരം “ആ ദൈവം നീയാണെന്ന് എനിക്കറിയാം” എന്ന വാചകങ്ങൾ എപ്പോഴും കണ്ണീരും നിറസംതൃപ്തിയും തരുന്നു. അവരുടെ ജീവിതത്തിൽ എന്റെ പേര് പാടില്ല എന്നത് എനിക്ക് നിർബന്ധമായിരുന്നു, അതൊക്കെ മതി, ഇന്നത്തെകാലത്ത് അവരുടെ ജീവിതമൊക്കെ തകർന്നുപോകാൻ.

“തന്നോട് എനിക്ക് അസൂയ തോന്നുന്നു” അയാളുടെ കണ്ണുനീർ തുടച്ചുകൊണ്ട് അവർ പറഞ്ഞു. അവർ മനസ്സിൽ തീർത്ത വൈരാഗ്യം ഇന്ന് നിങ്ങളെ എന്റെ മുന്നിൽ എത്തിച്ചു. ആദ്യം ഞാൻ ചിന്തിച്ചത്, എനിക്ക് എന്തുകൊണ്ട് അവരുടെ ജന്മം കിട്ടിയില്ല എന്നാണ്. ഉള്ളിൽ അത്യധികം ഒരാളെ സ്നേഹിച്ചുകൊണ്ട് ഇന്നും ജീവിക്കുക, എന്നാൽ ലോകത്തിൽ മറ്റൊരാളും അത് അറിയാതിരിക്കുക. അതിമനോഹരമായ ഒരു വികാരമാണത്. പൂവിട്ട് പൂജിക്കേണ്ട പ്രണയം.

എന്നാൽ അത് പ്രണയം മാത്രമാണോ, താൻ അറിഞ്ഞുകൊണ്ട് എറിഞ്ഞ വൈരാഗ്യം നിറക്കുന്ന ഒരു വെല്ലുവിളി സ്വീകരിച്ചു, ജീവിതവിജയം വെട്ടിപ്പിടിച്ച ഒരാൾ. അത് വെറും പ്രണയം മാത്രമല്ല, ബഹുമാനവും, ജീവിതസംതൃപ്തിയും, അവർകൂടി നേടിയ ഒരു ജീവിതവിജയം കൂടിയാണ്. മാത്രമല്ല, അവരുടെ വാക്കിലൂടെ നിങ്ങൾ നേടിയെടുത്ത ജീവിത വിജയത്തിന്റെ നന്ദി, ആരെയും അറിയിക്കാതെ, അവരുടെ മകളുടെ

പഠനസഹായത്തിനായി കൊടുത്തപ്പോൾ, അത് നിങ്ങൾ അറിയാതെ അണിഞ്ഞ പൊൻകിരീടം കൂടിയായി.

നിങ്ങളെ കണ്ടെത്താതിരിക്കാൻ എനിക്കാവുമോ.

നിങ്ങൾ പോകാൻ വിധിക്കപ്പെട്ടിടത്തേക്ക് വിധി നിങ്ങളെ കൊണ്ടുപോകുന്നു.

വരൂ, ഈ രാത്രിയിൽ നിങ്ങളിൽ ഉറഞ്ഞുകൂടിയിരിക്കുന്ന പ്രണയം മറ്റൊരാൾക്കും കൊടുക്കാതെ എനിക്ക് നിങ്ങളിൽ നിന്ന് ഊറ്റിയെടുക്കണം.

നമുക്ക് ജാക്കിന്റെയും റോസിന്റെയും ടൈറ്റാനിക്ക് നിമിഷങ്ങൾ പുനർനിർമ്മിച്ചാലോ, അവരെക്കാൾ പ്രണയം നമ്മളിലുണ്ടെന്ന് നമുക്ക് അറിയാം, അവർ അനുഭവിച്ച ആ നിമിഷങ്ങൾ നമുക്കും അനുഭവിക്കണം, കപ്പലില്ലെങ്കിലും കുഴപ്പമില്ല. മട്ടുപ്പാവിന്റെ ആ മൂലയിൽ നിന്നാൽ കടൽ കാണാം, അവിടെ നിന്ന് നമുക്ക് കടലിലേക്ക് പറക്കാം.

അവർ മട്ടുപ്പാവിന്റെ പടിഞ്ഞാറേ മൂലയിലേക്ക് നടന്നു. കടൽക്കാറ്റിൽ അവരുടെ സാരിയുടെ അറ്റം ഒരു പട്ടംപോലെ അയാളിലേക്ക് പറന്നു. അവർ മട്ടുപ്പാവിന്റെ അരമതിലിനോട് ചേർന്ന് നിന്ന് കൈകൾ ഉയർത്തി നിന്നു, അയാളോട് പിറകിൽ വന്നു ചേർന്ന് നിന്ന് കൈകൾ ഉയർത്താൻ പറഞ്ഞു. അയാൾ പറന്നു വിടർന്ന അവരുടെ സാരിത്തലപ്പിൽ തന്നെത്തന്നെ ചുറ്റിച്ചേർത്തു അവരെ ഒട്ടിനിന്നു കൈകൾ ഉയർത്തി.

കൈകൾ വിടർത്തി കടലിലേക്ക്, ആകാശത്തിലേക്ക് നോക്കി നിൽക്കുമ്പോൾ അവർ ഒന്നിച്ചു പറഞ്ഞു, “ഇത് ടൈറ്റാനിക് നിമിഷങ്ങളേക്കാൾ മനോഹരമാണ്”.

# വിരക്തി

**കെ**ട്ടഴിച്ചുവിട്ട രണ്ട് പട്ടങ്ങൾ, ഒന്ന് മറ്റൊന്നിനു മുകളിലായി ഈ കടലിന് മുകളിലൂടെ പറന്നു നടക്കും, ചിലപ്പോൾ ഒരാൾ മുകളിൽ, ചിലപ്പോൾ താഴെയുള്ളയാൾ മുകളിൽ, അവർ മത്സരിച്ചു താഴേക്കും മുകളിലേക്കും മാറിമാറി പറന്നുകൊണ്ടിരിക്കും.

അറ്റമില്ലാത്ത കടൽ, അറ്റമില്ലാത്ത പ്രണയം.

ഈ രാത്രിയും അറ്റമില്ലാതിരിക്കട്ടെ എന്ന് നമുക്ക് കൊതിക്കാം. അല്ലെങ്കിൽ പുലരുവോളം ഈ കടലിന് മുകളിൽ പറന്നു നടക്കാം. മോഹങ്ങൾക്കോ ആഗ്രഹങ്ങൾക്കോ അതിരുകൾ ഇല്ലല്ലോ.

ഈ മട്ടുപ്പാവ് ഇപ്പോൾ നമ്മുടെ കപ്പലാണ്, ഒരു തീരവും തൊടാതെ ജീവിതം മുഴുവൻ പ്രണയക്കടലിൽ ഒഴുകിനടക്കുന്ന കപ്പൽ.

എന്നിലെ എഴുത്തുകാരൻ എന്റെ ചുണ്ടുകൾകൊണ്ട് നിങ്ങളുടെ ചുമലിലും പുറത്തും കവിതകൾ എഴുതി നിറയ്ക്കും. ചുണ്ടിൽ നിന്ന് പകർത്തുന്ന അക്ഷരങ്ങൾ നിങ്ങളെ പൊള്ളിക്കും. അതിൽ നിന്ന് പടരുന്ന അഗ്നി നിങ്ങളുടെ സിരകളെ ത്രസിപ്പിക്കും, വാക്കുകൾ ലാവയായി നിങ്ങളുടെ രക്തത്തിലൂടെ കുതിക്കും, ഹൃദയം അത് സ്വീകരിച്ചു, പൊട്ടിത്തെറിക്കാൻ വെമ്പുന്ന ഒരു അഗ്നിപർവ്വതമാകും. നാം പരസ്പരം പൊട്ടിത്തെറിച്ചു ഒന്നിച്ചൊഴുകാൻ കൊതിക്കുന്ന അഗ്നിപർവ്വതങ്ങൾ ആണ്.

മനുഷ്യാ, എവിടെയായിരുന്നു നിങ്ങൾ ഇത്രയും നാൾ? വിരക്തിയുടെ മരുഭൂമിയിൽ, ആശ്ലേഷിച്ച മനുഷ്യരെല്ലാം കള്ളിമുൾച്ചെടികൾ ആയിരുന്നു, അവരുടെ മുള്ളുകൾ തീർത്ത മുറിവുകളുടെ പാടുകൾ ഇന്നും എന്റെ ഹൃദയത്തിൽ അവശേഷിക്കുന്നു.

മരുഭൂമിയിൽ ഉഴറുമ്പോൾ ദൂരെ മരുപ്പച്ചകൾ ഉണ്ടെന്ന് തോന്നും. അതൊരിക്കലും കണ്ടെത്തില്ല. നടന്നുനടന്നു കണ്ടെത്തുന്ന ഒരു പനമരത്തിന്റെ താഴെ ചാരി ഇരിക്കുമ്പോഴേക്ക് തളർന്നു വീണുപോകും, അപ്പോഴായിരിക്കും ആ പനമരം ഓലകൾ വിടർത്തി, മയിൽപോലെ വിടർന്നാടി, താലോലിച്ചുറക്കാൻ ശ്രമിക്കുക. നല്ല ഉറക്കത്തിൽ ആകുമ്പോൾ ആരുമറിയാതെ ആ പനമരം നമ്മളെ വിഴുങ്ങാൻ ശ്രമിക്കും.

നമുക്ക് തോന്നും ചിരിച്ചു വരുന്നവരെല്ലാം നമ്മളെ രക്ഷിക്കാൻ വരുന്നവരാണെന്ന്. ഇര തേടി നടക്കുന്നവരാണ് അവരെല്ലാം. നമ്മുടെ മാംസം അറുത്തെടുത്തു രുചിക്കാൻ വരുന്നവർ മാത്രം. ജീവിച്ചിരിക്കുന്നവരെ

കൊത്തിത്തിന്നുന്ന ശവംതീനി കഴുകന്മാർ ആണവർ. നിങ്ങൾ മരിച്ചുകൊണ്ടിരിക്കുകയാണെന്നൊന്നും അവർക്കറിയണ്ട. അവർക്ക് മാംസം മാത്രം മതി.

ജീവിതത്തോടുള്ള വിരക്തി എന്നത്, മറ്റുള്ളവർ നമ്മളിൽ സൃഷ്ടിക്കുന്നതാണോ? അതോ വിരക്തിയിലേക്ക് നാം സ്വയം വഴുതി വീഴുന്നതാണോ? രണ്ടായാലും അത് മനുഷ്യന്റെ ജീവിതത്തെ സാരമായി ബാധിക്കുന്നുണ്ട്.

നമുക്കെന്ത് സംഭവിക്കുമ്പോഴും നാം എപ്പോഴും മറ്റുള്ളവരിലേക്കാണ് നോക്കുക, അവരാണ് എന്റെ ജീവിതം തകർക്കുന്നത് എന്ന തോന്നൽ, അവർ എന്നെ സഹായിച്ചില്ല, അവർ എന്നെ തോൽപ്പിച്ചു, അവർ എനിക്ക് അവസരം തന്നില്ല, അവർ എന്നെ പ്രശ്നത്തിലാക്കി. അവർ എന്ന ഒരു ഉപാധി കുറ്റപ്പെടുത്താൻ ഉണ്ടാകും. ഇതൊന്നും നടക്കില്ല എന്നല്ല, വളരെ വ്യക്തമായ പദ്ധതികളോടെ നമ്മളെ തകർക്കുന്നവരുമുണ്ട്. എന്നാൽ പലപ്പോഴും നമ്മുടെ പോരായ്മകൾ തന്നെയല്ലേ നമ്മളെ വിരക്തിയിലേക്ക് നയിക്കുന്നത്?

പരാജയപ്പെടുന്നവന്റെ ജീവിതത്തിൽ ഏറ്റവും എളുപ്പത്തിൽ കണ്ടെത്താവുന്ന കാരണമാണോ വിരക്തി?

അവർ പെട്ടെന്ന് ചിന്തകളുടെ ചിലന്തിവലകളിൽ കുടുങ്ങിയതുപോലെ അയാൾക്ക് തോന്നി.

നമ്മളെ തോൽപ്പിച്ചുപോയവരുടെ പിന്നാലെ പോയിട്ട് എന്തുകാര്യം. അവർ ജയിക്കുകയോ തോൽക്കുകയോ ചെയ്യട്ടെ. നമുക്ക് തോറ്റിടത്ത് തന്നെ നിൽക്കണമെന്നില്ലല്ലോ. കുറച്ചു നേരം ഓടാൻ പോയാൽ,കുറച്ചു വേഗത്തിൽ വ്യായാമം ചെയ്താൽ, നമ്മിൽ നിറഞ്ഞു നിൽക്കുന്ന ചിന്തകൾ ഒക്കെ മാറി കിട്ടും. നമ്മളെ ഉൽസുകരാക്കുന്ന ഒരു പുസ്തകം വായിക്കാം. ഒരു നല്ല സിനിമ കാണാം, ഇത്രയുമൊക്കെ മതി നമ്മളെ തമസ്കരിക്കുന്ന ചിന്തകളിൽ നിന്ന് മോചനം നേടാൻ.

ഇതാ മോജിറ്റോ ഒരു കവിൾകൂടി കുടിക്കൂ, വായിൽ ചുഴറ്റി നാവിൽ അതിന്റെ രുചിയും ചവർപ്പും ആസ്വദിക്കൂ, അതിറങ്ങിപോകുന്ന കുഴൽനാളങ്ങളിലെ സ്പന്ദനങ്ങൾ തിരിച്ചറിയൂ. എന്ത് ചെയ്യുമ്പോഴും അതിന്റെ പൂർണ്ണതയിൽ ആസ്വദിക്കൂ, അങ്ങനെയാകുമ്പോൾ മറ്റൊരു ചിന്തയും നിങ്ങളിലേക്ക് കടന്നുവരില്ല.

നമുക്ക് ഒരു കുഴപ്പമുണ്ട്, നമ്മൾ എപ്പോഴും വലിയ തിരക്കിൽ ആണ്. കുളിക്കുമ്പോൾ, ഷവറിന്നടിയിൽ നിന്ന് വിശദമായി സമയമെടുത്ത് ഓരോ ജലധാരയും ശിരസ്സിൽ ശരീരത്തിൽ തൊലിയിൽ കൈകളിൽ, വിവിധ ശരീരഭാഗങ്ങളിൽ പതിക്കുന്നത് ആസ്വദിച്ചറിയാൻ നാം നിൽക്കാറില്ല, രണ്ട് മിനിറ്റുകൊണ്ട് കുളി കഴിയണം, രണ്ട് മിനിറ്റുകൊണ്ട് ഭക്ഷണം കഴിയണം.

എന്തായിരുന്നു അതിന്റെ രുചി? ആ ആർക്കറിയാം?

എന്നാൽ ഒരു വിരക്തിയിൽ നാം എത്ര സമയം വേണമെങ്കിലും അഭിരമിക്കും.

മനസ്സിന്റെ മടുപ്പ് മനുഷ്യരെ ആഴത്തിൽ തളർത്തുന്ന ഒരു പ്രക്രിയ ആണ്. അതിൽ നിന്ന് കുതിച്ചു മാറി, കുതറി മാറി നാം നമ്മുടെ ജീവിത ചൈതന്യം അതിവേഗം തിരിച്ചുപിടിക്കണം.

നിങ്ങൾ നന്നായി നൃത്തം ചെയ്യുന്നവരല്ലേ? നിങ്ങൾക്കിഷ്ടമുള്ള ഒരു ഗാനം വെക്കൂ, അതിനോടൊപ്പം ചുവടുകൾ വെക്കൂ, സാധിക്കുമെങ്കിൽ ഞാനും ചേരാം. ഇവിടെയിപ്പോൾ നമ്മൾ രണ്ടുപേരും, കാഴ്ചക്കാരായി നക്ഷത്രങ്ങളും നിലാവും മാത്രമല്ലേ ഉള്ളൂ.

അവർക്കിഷ്ടപ്പെട്ട ഒരു ഗാനത്തിന്റെ ചടുലതാളങ്ങളിലേക്ക് അവർ അതിവേഗം സമന്വയിച്ചു. ഇടയ്ക്കിടെ അവരുടെ ഒപ്പം ചില ചുവടുകൾ വെച്ച് അവരെ പ്രോത്സാഹിപ്പിക്കാൻ അയാൾ ശ്രമിച്ചുകൊണ്ടിരുന്നു. അവർ അതിവിദഗ്ധയായ ഒരു ഡാൻസർ ആണെന്ന് അയാൾക്ക് ബോധ്യപ്പെട്ടു. ഗാനങ്ങൾ തുടർന്നുകൊണ്ടേയിരുന്നു. അവർ നൃത്തത്തിൽ ലയിച്ചു കഴിഞ്ഞെന്ന് അയാൾക്ക് മനസ്സിലായി. വിയർത്തുകുളിച്ചു തളർന്നപ്പോൾ അവർ നൃത്തം നിർത്തി.

അയാളുടെ മടിയിൽ തളർന്നു കിടന്നു അവർ പറഞ്ഞു. വളരെ ചെറുപ്പത്തിലേ നൃത്തം പഠിച്ച വ്യക്തിയാണ് ഞാൻ. സ്കൂളിൽ മത്സരങ്ങൾക്ക് പങ്കെടുത്തിട്ടുണ്ട്. എല്ലാ വിശേഷ ദിവസങ്ങളിലും എന്റെ നൃത്തം അച്ഛന് നിർബന്ധമായിരുന്നു. അച്ഛനാണ് എപ്പോഴും നൃത്തത്തിന് മുമ്പ് ചിലങ്കകൾ കെട്ടിത്തരിക. ചിലപ്പോൾ എന്നോടൊപ്പം കൂടും, എന്നെ പ്രോത്സാഹിപ്പിക്കാൻ ഒന്നുരണ്ട് ചുവടുകൾ ഒപ്പം വെക്കും.

നാട്ടിൽ നിന്ന് വിട്ടതിൽപ്പിന്നെ ഇന്നുവരെ ഒരാളും എന്നോട് നൃത്തം ചെയ്യാൻ ആവശ്യപ്പെട്ടിട്ടില്ല. എന്നിൽ അങ്ങനെയൊരാൾ ഉറങ്ങുന്നുണ്ടെന്ന് നിങ്ങൾ തിരിച്ചറിഞ്ഞു. എന്നെ പ്രോത്സാഹിപ്പിക്കാൻ എന്നോടൊപ്പം ഒന്നോ രണ്ടോ ചുവടുകൾ വെച്ചപ്പോൾ പെട്ടെന്ന് അച്ഛനെ ഓർത്തുപോയി. ഒരുപക്ഷെ നക്ഷത്രങ്ങൾക്കിടയിൽ നിന്ന് അച്ഛൻ എന്നെ കാണുന്നുണ്ടാകും.

ഞാനൊന്ന് കണ്ണടച്ചോട്ടെ, പറ്റുമെങ്കിൽ ആ ചിലങ്കളുടെ നാദം കുട്ടിക്കാലത്തുനിന്ന് എന്റെ കാതുകൾക്ക് വീണ്ടെടുക്കാനായെങ്കിലോ, അല്ലെങ്കിൽ അച്ഛൻ വന്ന് നെറ്റിയിൽ ഒരു ചുംബനം തന്നെങ്കിലോ?

അവർ കണ്ണുകൾ അടച്ചു, അയാൾ കുനിഞ്ഞു അവരുടെ നെറ്റിയിൽ ചുംബിച്ചു.

ആകാശത്ത് ഒരു നക്ഷത്രം കൂടുതൽ തിളങ്ങുന്നതായി അയാൾക്ക് തോന്നി.

# വിയർപ്പ്

**ആ** ചിലങ്കനാദങ്ങൾ ഞാൻ കേട്ടു, മുറിയിൽ പോയി ഞാൻ അത് എടുത്തുകൊണ്ട് വരട്ടെ. ജീവിതത്തിൽ അപൂർവ്വം സംഭവിക്കുന്ന നിമിഷങ്ങൾ ഉണ്ടല്ലോ. അതിൽ ലയിച്ചിരിക്കാൻ സുഖമാണ്. അതിൽനിന്ന് പുറത്തേക്ക് വരാൻ നമ്മൾ ശ്രമിക്കാറില്ല.

ഓർമ്മകളുടെ ഓളപ്പരപ്പിലൂടെ ഒരു കുഞ്ഞുതോണി ഒഴുകി നടക്കുന്നത് കണ്ടിട്ടില്ലേ, അതെന്റെ മനസ്സാണെന്ന് തോന്നാറുണ്ട്.

അവർ അകത്തുപോയി ചിലങ്കകൾ എടുത്തുകൊണ്ട് വന്നു. അയാൾ ആ ചിലങ്കകളെ നമസ്കരിച്ചു കൈകളിൽ സ്വീകരിച്ചു, അവരുടെ കാലുകളിൽ കെട്ടിക്കൊടുത്തു. അവർ അയാളുടെ കാലുകൾ തൊട്ടു വന്ദിച്ചു.

നിങ്ങൾ ഇനിയും നൃത്തം തുടരുകയാണോ?

തീർച്ചയായും. കല കാപട്യമല്ല, അതിനെ സ്നേഹിക്കുന്ന രണ്ടുപേർ ഒന്നിക്കുമ്പോൾ പ്രകടിപ്പിക്കുന്നത് നൃത്തമല്ല, അവരുടെ മാനസിക വ്യാപാരങ്ങൾ ആണ്. ചിലപ്പോൾ മനസ്സ് വാക്കുകളിലൂടെയല്ല കലകളിലൂടെയാണ് നാം പ്രകടമാക്കുക.

എന്നെ സംബന്ധിച്ചിടത്തോളം ബാല്യകാലത്തിലേക്കുള്ള ഒരു തിരിച്ചുപോക്ക് കൂടിയാണിത്.

“തകിടതകിമി തകിടതകിമി തന്താന” എന്ന ഗാനത്തിനൊത്ത് അവരുടെ കാലുകളും കൈകളും ശരീരവും ചടുലമായി ചലിച്ചു.

അയാൾക്ക് താനൊരു ഓഡിറ്റോറിയത്തിൽ ഇരിക്കുകയാണെന്നും തന്റെ മുന്നിൽ അവർ ആടിത്തിമിർക്കുകയാണെന്നും അനുഭവപ്പെട്ടു. ചില നിമിഷങ്ങളിൽ എങ്കിലും ആ നൃത്തത്തിൽ അയാൾക്ക് അവരോടൊപ്പം കൂടാൻ തോന്നി. എന്നാൽ അവർ അനുഭവിക്കുന്ന ആ നൃത്തലാസ്യത്തിന്റെ സന്തോഷവും കുളിർമ്മയും തരിപ്പും രോമാഞ്ചങ്ങളും അവർതന്നെ അനുഭവിക്കട്ടെ എന്ന് തോന്നി.

ആ പാട്ട് കഴിഞ്ഞതും അവർ വന്നു അയാളുടെ മുന്നിൽ കുമ്പിട്ടു.

ഇനി നിങ്ങൾക്ക് ഇഷ്ടമുള്ള ഗാനം വെക്കൂ, ഞാൻ ആടാം.

പെട്ടെന്നൊരു പാട്ടും അയാളുടെ ഉള്ളിലേക്ക് വന്നില്ല. എന്തുകൊണ്ടോ

സോമയാജലുവും മഞ്ജുഭാർഗവിയും അവരുടെ നൃത്തവും ഓർമ്മ വന്നു. “രാഗം, താനം, പല്ലവി” എന്ന ഗാനം അയാൾ തുടങ്ങിവെച്ചു, അത് കേട്ടതും അവരുടെ മുഖം തുടുത്തു പ്രകാശം നിറഞ്ഞു.

സത്യത്തിൽ ആ ഗാനം തുടർച്ചയായി നൃത്തം ചെയ്യാൻ ബുദ്ധിമുട്ടാണ്, എന്നിട്ടും അവർ അത് സ്വയം അർപ്പിച്ച ഒരർച്ചനയായി താൻ പൂജിക്കുന്ന ഏതോ ദേവനുവേണ്ടി സമർപ്പിക്കുന്നപോലെ അതിമനോഹരമായി ആ നൃത്തം തുടർന്നു. അവർ വിയർക്കുന്നത് അയാൾക്ക് കാണാമായിരുന്നു. നൃത്തം തീരുമ്പോൾ വിയർപ്പുച്ചാലുകൾ അവരിൽ ഒഴുകികൊണ്ടിരിക്കുകയായിരുന്നു.

അവർ അയാളുടെ മുമ്പിൽ സ്രാഷ്ടാംഗം നമസ്കരിച്ചു.

പിന്നെ അയാളുടെ മടിയിൽ വന്നിരുന്നു അയാളുടെ ചുമലിലേക്ക് വിയർപ്പ് ചാലുകൾ നിറഞ്ഞ ആ മുഖം ചേർത്ത് വെച്ചു, അയാളെ കെട്ടിപ്പിടിച്ചു.

ജീവിതത്തിലെ ഒരു വലിയ നിമിഷം തിരിച്ചു തന്നതിന് നന്ദി, നിറഞ്ഞ കണ്ണുകളുമായി അവർ പറഞ്ഞു.

ഇതെന്റെ അച്ഛന് ഏറ്റവും ഇഷ്ടമുള്ള ഗാനമായിരുന്നു. ആഴ്ചയിൽ ഒരിക്കലെങ്കിലും ഞാനത് അച്ഛനുമുന്നിൽ അവതരിപ്പിക്കുമായിരുന്നു. ജീവിതത്തിൽ എന്ത് പ്രശ്നമുണ്ടായാലും അച്ഛൻ ഈ ഗാനം വെക്കും, ഞാൻ അതിനോടൊപ്പം നൃത്തം ചെയ്യും, പിന്നെ നടക്കുന്നത് ഒരു മായാലോകമാണ്. നൃത്തം കഴിയുമ്പോഴേക്ക് വിയർത്തുകുളിച്ചു ഞാൻ തളരും, നൃത്തം കഴിയുമ്പോൾ ഓടിവന്ന് അച്ഛനെ സാഷ്ടാംഗം നമസ്കരിക്കും, പിന്നെ ആ മടിയിലേക്ക് കയറിയിരുന്നു, വിയർക്കുന്ന മുഖം ആ ചുമലിലേക്ക് ചേർത്ത് കെട്ടിപ്പിടിക്കും.

അച്ഛന് കൊടുക്കുന്ന ഒരു ഉമ്മയുണ്ട്, അത് ദാ ഇതുപോലെ നിങ്ങളുടെ കവിളിൽ തരും.

അവരുടെ വിയർപ്പ് അയാളിലേക്ക് ഉതിർന്നു വീണുകൊണ്ടിരുന്നു. അവരുടെ നിശ്വാസങ്ങൾ അയാളിൽ നിറഞ്ഞു.

മനുഷ്യൻ ഒരത്ഭുതജീവിയാണ്. ഒന്നുമില്ലായ്മയിൽ നിന്നും, ചില പ്രവർത്തികളിലൂടെ ജീവിതത്തിന്റെ അമൂർത്ത നിമിഷങ്ങൾ സൃഷ്ടിച്ചെടുക്കുന്നവൻ.

അവരുടെ വിയർപ്പുകണം വിരലുകളിൽ എടുത്ത് അയാൾ ചുണ്ടിൽ ചേർത്തു. അതിന്റെ ഗന്ധം അയാൾ മൂക്കിലേക്ക് വലിച്ചുകയറ്റി, അതിന്റെ രുചി അയാൾ നാവുകളിൽ ചേർത്തു.

ഞാൻ അകത്തുപോയി വിയർപ്പ് തുടച്ചു വരാം, അവർ പറഞ്ഞു.

അയാൾ അവരെ ഒന്നുകൂടി ചേർത്ത് കെട്ടിപ്പിടിച്ചു.

ഈ വിയർപ്പ് തുടച്ചുകളയാനുള്ളതല്ല, ഈ വിയർപ്പ് എന്നിൽ അലിഞ്ഞുചേരാനുള്ളതാണ്, നിങ്ങൾ എന്നോട് ചേർന്നിരിക്കുമ്പോൾ നിങ്ങളുടെ ഹൃദയത്തിന്റെ നാദങ്ങൾ എന്റെ ഹൃദയത്തോട് ചേരുകയാണ്. ആ നാദങ്ങൾക്ക് ഒരു താളമുണ്ട്, ആ താളം നിങ്ങളുടെ പാദസ്പർശങ്ങളുടെ ചലനമായി എന്റെ ഹൃദയത്തിൽ താഡനങ്ങൾ ഏൽപ്പിക്കുന്നുണ്ട്.

നിങ്ങളിൽ നിന്നൊഴുകുന്ന ഈ വിയർപ്പിന് ഒരു ജീവിതോപാസനയുടെ, അർപ്പണത്തിന്റെ, ജീവിതത്തിൽ അവനവൻ തേടിയലയുന്ന കാമ്പ് നിറഞ്ഞ മധുരമുണ്ട്.

അവർ അവരുടെ മുഖം അയാളുടെ മുഖത്തിന് നേരെ കൊണ്ടു വന്നു. അയാളുടെ ചുണ്ടുകളിൽ അവരുടെ ചുണ്ടുകൾ ചേർത്തു, മേഘശകലങ്ങൾ നിലാവിനെ മറച്ചു.

# വിചിത്രം

**നി**ഗൂഢതകളുടെ കൊടുംകാടാണ് നമ്മുടെ ജീവിതങ്ങൾ. നൃത്തത്തിന്റെ ക്ഷീണത്തിൽ മയങ്ങിപ്പോയ അവർ ഉണർന്ന് വീണ്ടും അയാളോട് സംസാരിക്കാൻ തുടങ്ങി.

എനിക്ക് വളരെ അടുത്ത ഒരു കൂട്ടുകാരിയുണ്ടായിരുന്നു, എന്തും പറയുകയും, എന്തും കേൾക്കുകയും, കേട്ടുകഴിഞ്ഞ് എന്നെ സമാശ്വസിപ്പിക്കുകയും ചെയ്തിരുന്ന ഒരാൾ. അവർ ചിലപ്പോൾ എന്റെ രക്ഷാധികാരിപോലെയായിരുന്നു. ചിലപ്പോൾ ആ അധികാരം അവൾ എന്നിൽ പ്രയോഗിക്കുകയും ചെയ്തിരുന്നു. എന്റെ വികലചിന്തകളെ പൊളിച്ചുകീറി അവൾ ചിലപ്പോൾ എന്നെ വാക്കുകൾകൊണ്ട് തീർത്തും നഗ്നയാക്കുന്നത് പോലെ തോന്നും. അവളുടെ ബുദ്ധിസാമർത്ഥ്യ ത്തോട് എനിക്ക് ബഹുമാനമായിരുന്നു.

പുരുഷന്മാരോട് അവൾക്ക് ഒരു താത്പര്യവുമില്ലായിരുന്നു. എന്നാൽ വേഷവിധാനങ്ങൾ പുരുഷന്മാരെപ്പോലെയായിരുന്നു. ആയിരത്തിത്തൊള്ളായിരത്തി എൺപത്തഞ്ചിലെ ഒരു റോയൽ എൻഫീൽഡ് ബൈക്കിൽ ആയിരുന്നു യാത്രകൾ മുഴുവൻ. ജീൻസും ടീഷർട്ടും ഹെൽമെറ്റും വെച്ചാൽ സ്ത്രീയാണെന്ന് തോന്നുകയേ ഇല്ല. ആ ബൈക്കിൽ നിന്ന് വലിയ ശബ്ദമാണ് വരിക, ചിലർ വരുമ്പോൾ മറ്റുള്ളവർ അറിയണമെന്ന് പറഞ്ഞ് അവൾ ഉറക്കെ ചിരിക്കും. അവളുടെ ബൈക്കും അവളെയും യാത്ര ചെയ്യുമ്പോൾ ആളുകൾ ശരിക്കും ശ്രദ്ധിക്കും.

പലപ്പോഴും വാരാന്ത്യങ്ങളിൽ ഞങ്ങൾ ഒരുമിച്ചു ദീർഘയാത്രകൾ പോകാറുണ്ട്. അവളുടെ ബൈക്കിന്റെ പുറകിലിരുന്നു അങ്ങനെ പറന്നുപോകാൻ എനിക്കിഷ്ടമാണ്. എനിക്കും ആ ബൈക്ക് പറപ്പിക്കണമെന്നുണ്ട്, എന്നാൽ അവൾ തരില്ല.

പുരുഷസഹജമായ ഒരു അധികാരം അവൾ എന്നിൽ നിലനിർത്തിയിരുന്നു.

അന്നത്തെ ഞങ്ങളുടെ യാത്ര തമിഴ്നാട് അതിർത്തിയിലെ ഒരു വെള്ളച്ചാട്ടം കാണുവാനും അനുഭവിക്കാനും കൂടിയുള്ളതായിരുന്നു.

മലകളുടെയും കാടുകളുടെയും നെറുകയിലേക്ക് വണ്ടി പാഞ്ഞു പോയി. വളഞ്ഞുപുളഞ്ഞുപോകുന്ന പാത, അടുത്തും അകലെയും

എന്നപോലെ മലനിരകൾ കാഴ്ചയിൽ മാറിമാറി വന്നു.

കൈകൾ വിടർത്തി കാട്ടിൽ നിന്നിറങ്ങി വരുന്ന കാറ്റിനെ ഞാൻ എന്നിലേക്ക് ആഗിരണം ചെയ്യാൻ ശ്രമിച്ചുകൊണ്ടിരുന്നു.

ടാർ റോഡ് മാറി മണ്ണും കല്ലും നിറഞ്ഞ വഴിയായി. വഴിയിൽ ചിലയിടങ്ങളിൽ കക്കിരി വിൽക്കാൻ കുട്ടികൾ നിൽപ്പുണ്ട്. വണ്ടി നിർത്തി ഞങ്ങൾ അവരിൽ നിന്ന് കക്കിരി വാങ്ങി അവർക്കൊപ്പം കഴിച്ചു.

ഒരു മുത്തശ്ശിയും മുത്തച്ഛനും നടത്തുന്ന ചായക്കടയിൽ നിന്ന് ചൂട് വടകളും, സൂപ്പർ ചായയും കിട്ടി. അവരുടെ ഒപ്പം ചിത്രങ്ങൾ എടുത്തപ്പോൾ മൺമറഞ്ഞുപോയ എന്റെ മുത്തശ്ശിയേയും മുത്തച്ഛനേയും ഓർമ്മ വന്നു.

മുത്തശ്ശിയാണ് പറഞ്ഞുതന്നത്, വെള്ളച്ചാട്ടത്തിന് അരികിലുള്ള പാറക്കിടയിലൂടെ മുകളിലേക്ക് കയറാൻ ഒരു വഴിയുണ്ട്, അതിലൂടെ നൂഴ്ന്നു കടന്നാൽ, മറ്റൊരു ചെറിയ വെള്ളച്ചാട്ടത്തിലും,അതിനു തൊട്ടുതാഴെ തടാകം പോലെ ഒരിടവുമുണ്ട്. അങ്ങോട്ട് മറ്റാരും വരില്ല, വലിയ ശക്തമല്ലാത്ത ആ വെള്ളച്ചാട്ടത്തിന് താഴെ ഇരിക്കാൻ സുഖമാണ്. പാറയിൽ ഇരുന്നു, തടാകത്തിലേക്ക് കാലുകൾ താഴ്ത്തിയിടുമ്പോൾ, പാദങ്ങളിൽ മീനുകൾ വന്നു കൊത്താൻ തുടങ്ങും. ആദ്യമൊക്കെ ഭയം തോന്നും, പിന്നെപ്പിന്നെ നാം ആ സുഖം നന്നായി അനുഭവിക്കാൻ തുടങ്ങും. പത്തോ അമ്പതോ മീനുകളാണ് ഒന്നിച്ചു കാലിന്നടിയിലെ അടർന്നുപോകാറായ തൊലി കൊത്തിത്തിന്നുവാൻ ശ്രമിക്കുക. കാശുകൊടുക്കാതെ പ്രകൃതിയൊരുക്കിയിരിക്കുന്ന ഒരു ഫിഷ് സ്പാ.

കുറച്ചു ബുദ്ധിമുട്ടിയാണെങ്കിലും ഞങ്ങൾ ആയിടം കണ്ടെത്തി. മുത്തശ്ശി പറഞ്ഞത് ശരിയായിരുന്നു. അവിടെ മറ്റാരും ഉണ്ടായിരുന്നില്ല. അതിനാൽത്തന്നെ ഞങ്ങൾ രണ്ടുപേരും ആ വെള്ളച്ചാട്ടത്തിന് താഴെനിന്ന് തുള്ളിച്ചാടി കുളിച്ചു. കുറെ കഴിഞ്ഞു അവൾ തടാകത്തിൽ നീന്താൻ തുടങ്ങി.

ഞാൻ തണലിൽ ഒരു പാറയിൽ ചാരിയിരുന്നു കാലുകൾ വെള്ളത്തിലേക്ക് ഇറക്കിവെച്ചു. എവിടെ നിന്നാണെന്നറിയില്ല, അനേകം മീനുകൾ എന്റെ പാദങ്ങളെ പൊതിഞ്ഞു. ഞാൻ ഭയത്തോടെ കാലുകൾ മുകളിലേക്ക് വലിച്ചു. കൂട്ടുകാരി അതുകണ്ട് പൊട്ടിച്ചിരിച്ചു.

ഞാൻ കാലുകൾ വീണ്ടും പതുക്കെ ഇറക്കി വെച്ചു. അത് കണ്ടതും മീനുകൾ പാഞ്ഞു വന്നു. നല്ല ഇക്കിളി തോന്നി, എങ്കിലും ഞാൻ പിടിച്ചു നിന്നു. കുറച്ചുകഴിഞ്ഞപ്പോൾ അതിലെ ആനന്ദം ഞാൻ അനുഭവിക്കാൻ തുടങ്ങി.

കണ്ണുകൾ അടച്ചു ഞാൻ മീനുകളുടെ ചെറിയചെറിയ കടിക്കുന്ന പോലെയുള്ള ആ ലാളന നന്നായി ആസ്വദിക്കാൻ തുടങ്ങി. രണ്ടു

കാലുകളിലെയും വിരലുകൾ ഞാൻ വിടർത്തിവെച്ചു, മീനുകൾ വിരലുകൾക്കിടയിലൂടെ അവരുടെ ഭക്ഷണം കാർന്നുതിന്നുകയാണ്.

ഞാൻ മയക്കത്തിലേക്ക് വഴുതിവീഴുകയാണോ എന്ന് തോന്നി. ചെറിയ കാറ്റും, മീനുകളുടെ ലാളനയും പ്രകൃതിയുടെ തണുപ്പും, ഒരു സ്വർഗ്ഗീയാനുഭൂതിയിലേക്ക് അങ്ങനെ നീങ്ങുന്നു.

പെട്ടെന്ന് ഒരു വലിയ മീൻ എന്റെ കാലിലെ തള്ളവിരൽ വായിലാക്കിയപോലെ തോന്നി. ഞാൻ മയക്കത്തിൽ നിന്ന് അയ്യോ എന്ന വിളിയോടെ ഞെട്ടിയുണർന്നു. നോക്കിയപ്പോൾ എന്റെ വലത് കാലിന്റെ തള്ളവിരൽ കൂട്ടുകാരിയുടെ വായിലാണ്. വായിലെ കടിവിട്ടു, അവൾ പൊട്ടിച്ചിരിച്ചു, എന്നാൽ എനിക്കത് ഒരു തമാശയായി തോന്നിയില്ല.

എന്റെ സിരകളിലൂടെ ഒരുഭയം എന്തിനെന്നറിയാതെ പടർന്നു കയറി. പെട്ടെന്നാണ്, അവിടെ ഞങ്ങൾ രണ്ടുപേരും മാത്രമേയുള്ളൂ എന്ന ബോധം എന്നിലേക്ക് കടന്നു വന്നത്.

എന്തിനാണ് ഞാൻ അവരെ ഭയപ്പെടുന്നത്? എന്നും ഒന്നിച്ചു കഴിയുന്ന രണ്ടുപേർ. ചില അധികാരങ്ങൾ കാണിക്കും എന്നല്ലാതെ അവൾ ഇന്നുവരെ മോശമായൊന്നും തന്നോട് പെരുമാറിയിട്ടില്ല. എന്നിട്ടും എന്തിന് താൻ ഭയപ്പെടുന്നു.

ഞാൻ കാലുകൾ വേഗം മുകളിലേക്ക് വലിച്ചു പാറയുടെ മുകളിലേക്ക് കയറി.

അവൾ പറഞ്ഞു, "നീ അങ്ങനെ സുഖത്തിൽ ഉറങ്ങുന്നത് കണ്ടപ്പോൾ അസൂയ തോന്നി, നിന്നെ ഉണർത്താൻ ഒരു തമാശ കാണിച്ചതാണ്, താൻ കാലുകൾ വെള്ളത്തിൽ ഇട്ടിരുന്നോളൂ, ഞാൻ അങ്ങോട്ട് വരില്ല".

എനിക്കെന്തോ ഒന്നും അത്ര സുഖമായി തോന്നിയില്ല, ഞാൻ പറഞ്ഞു, "നമുക്ക് പോകാം".

"ഞാൻ കുറച്ചുകൂടി നീന്തട്ടെ" അവൾ പറഞ്ഞു.

പെട്ടെന്ന് എന്റെ നിയന്ത്രണം നഷ്ടമായി "നമുക്ക് പോകാം" എന്ന് ഞാൻ ഉറക്കെ അലറി. ആ ശബ്ദം വളരെ വലുതായിരുന്നു.

ശബ്ദം കേട്ട് കാട്ടിൽ റോന്തുചുറ്റുകയായിരുന്ന ഒരു വനപാലകൻ അങ്ങോട്ട് ഓടി എത്തി. "എന്തെങ്കിലും അപകടം പറ്റിയോ, ആരാണ് ഇങ്ങോട്ട് കയറാൻ പറഞ്ഞത്, വേഗം പോ".

"പോകാം" കൂട്ടുകാരിയാണ് മറുപടി പറഞ്ഞത്, അവളുടെ മുഖം ദേഷ്യംകൊണ്ട് ചുവന്നു തുടുത്തിരുന്നു.

# വിഷീതം

**ചി**ല ഉൾവിളികൾ ഉണ്ടാവുമല്ലോ, എത്ര ശ്രമിച്ചാലും അത് നമ്മിൽ നിന്ന് ഇറങ്ങിപ്പോകില്ല.

ദേഷ്യം നിറഞ്ഞുനിന്ന രണ്ടുപേർ ഒരേ ബൈക്കിൽ കയറി, തിരിച്ചുള്ള യാത്രതുടങ്ങി. വീണ്ടും മുത്തശ്ശിയുടെയും മുത്തച്ഛന്റെയും ചായക്കടയിൽ വണ്ടി നിർത്തി ചായകുടിച്ചു. ചൂട് ചായകുടിച്ചു കഴിഞ്ഞപ്പോൾ ഞങ്ങളുടെ തലയിലെ ചൂട് കുറഞ്ഞു എന്ന് തോന്നി. ഞങ്ങൾ പരസ്പരം നോക്കി, പിന്നെ പൊട്ടിച്ചിരിച്ചു.

കൊള്ളാം, തന്റെ പ്രതികാരം നന്നായി, ഒച്ചവെച്ചു ഗാർഡ് വന്നു പിഴ ഇല്ലാതെ വിട്ടത് നന്നായി.

ക്ഷമിക്കെടോ, അങ്ങനെ പറ്റിപ്പോയി. എന്തോ ഒരു വല്ലായ്മ തോന്നി. മനുഷ്യനല്ലേ.

രണ്ടാമത്തെ ചായ കൊണ്ടുതരുമ്പോൾ മുത്തശ്ശി പറഞ്ഞു, കുറച്ചിറങ്ങുമ്പോൾ വലത്തോട്ട് ഒരു ഇടവഴികാണും, വണ്ടികൾ പോകുന്ന വഴിയാണ്, മുകളിലേക്ക് കുന്ന് ചുറ്റിയുള്ള കയറ്റമാണ്, കുന്നിന് മുകളിൽ കറുപ്പയ്യസ്വാമിയുടെ ക്ഷേത്രമുണ്ട്. ക്ഷേത്രം എന്ന് പറയാൻതക്ക ഒന്നുമില്ല. വേരുകളിൽനിന്ന് വേരുകളിലേക്കു പടർന്നു പടർന്നുപന്തലിച്ച ആൽമരങ്ങൾ, അവ എത്രയുണ്ടാകും എന്ന് കണക്കെടുക്കാൻ ആകില്ല. ഒരു ആൽമരത്തിന്റെ തൂങ്ങിക്കിടക്കുന്ന വേരുകളിൽ നിന്ന് മറ്റൊരു ആൽമരം വളർന്നു വന്നപോലെ തോന്നും. ചുറ്റും തൂങ്ങിക്കിടക്കുന്ന വേരുകൾ, ഇടയ്ക്ക് ആൽമരങ്ങളുടെ തടി, മുകളിലേക്ക് നോക്കിയാൽ ആകാശം കാണില്ല, തണൽ മാത്രമല്ല, ഇരുട്ടുമൂടിയിരിക്കും എപ്പോഴും അവിടെ.

വലിയ ശക്തിയുള്ള ആരാധനാമൂർത്തിയാണ് എന്നാണ് വിശ്വാസം. തമിഴ്നാട്ടുകാർ വന്നു അവിടെ ബലി അർപ്പിക്കാറുണ്ട്, ആടിനെയും കോഴിയേയുമെല്ലാം. മിക്ക ദിവസവും കാണും. ആടിനെ അറുത്ത് ബലികർമ്മങ്ങൾക്കും പ്രാർത്ഥനകൾക്കും ശേഷം, തൊലിയുരിഞ്ഞു, അവിടെത്തന്നെ പാചകം ചെയ്തു പ്രസാദമായി അവർ കഴിക്കും.

പേടിക്കാൻ ഒന്നുമില്ല, അതവരുടെ ആചാരങ്ങൾ മാത്രമാണ്.

പാറയിലൂടെ നൂഴ്ന്നുകയറി തടാകത്തിൽ കുളിച്ചവർ അപൂർവ്വമാണ്,

നിങ്ങൾക്ക് ആ ധൈര്യമുണ്ട്. അതിനാൽ ആണ് കറുപ്പയ്യസ്വാമിയുടെ ക്ഷേത്രത്തെക്കുറിച്ചു നിങ്ങളോട് പറഞ്ഞത്.

യാത്ര വെല്ലുവിളികൾ നിറഞ്ഞതാണ്, എന്നാൽ അതൊരു അനുഭവമായിരിക്കും.

മുത്തശ്ശിയുടെ വാക്കുകൾ കേട്ടപ്പോൾ കൂട്ടുകാരിക്ക് ഊർജ്ജം കയറി, ഇതുവരെ വന്നിട്ട് അത് കാണാതെപോകുന്നത് ഒരു നഷ്ടമായിരിക്കും എന്ന് തനിക്കും തോന്നി.

ഒരുകാര്യം കൂടി, നാല് മണിക്ക് മുമ്പ് അവിടെ നിന്നിറങ്ങണം. അവിടെ വൈദ്യുതിയൊന്നുമില്ല, കറുപ്പയ്യ സ്വാമിയുടെ മുന്നിലെ കത്തിനിൽക്കുന്ന തിരിയണഞ്ഞാൽ പിന്നെ ഇരുട്ട് മാത്രമേയുള്ളൂ. മുന്നിൽ നിൽക്കുന്ന ആളെപ്പോലും കാണാൻ കഴിയില്ല.

മുത്തശ്ശി പറഞ്ഞപോലെയല്ല, ഹെയർപിൻ വളവുകൾ നിറഞ്ഞതായിരുന്നു റോഡ്, പക്ഷെ ഞങ്ങളുടെ റോയൽ എൻഫീൽഡിന് അതൊന്നും ഒരു വെല്ലുവിളിയായി തോന്നിയില്ല. കുന്നിറങ്ങിവരുന്ന ഒരു വണ്ടി, ഞങ്ങളെ തൊട്ടു തൊട്ടില്ല എന്ന മട്ടിൽ കടന്നുപോയി. കൂട്ടുകാരി അവരെ മുട്ടൻ തെറി വിളിച്ചു.

മുകളിൽ എത്തിയപ്പോഴത്തെ കാഴ്ച, അതിമനോഹരവും, അതേസമയം കുറച്ചു ഭീകരതയും നിറഞ്ഞതായിരുന്നു. ആൽമരങ്ങളുടെ ഒരു കാട്, തൂങ്ങിക്കിടക്കുന്ന വേരുകൾക്കിടയിലൂടെ നടവഴികൾ. പ്രധാന വലിയ ആൽമരത്തിന് താഴെ കറുപ്പയ്യസ്വാമിയുടെ വിഗ്രഹം, അതിന് മുന്നിൽ നിന്ന് കത്തുന്ന വലിയ തിരി.

ഞങ്ങൾ എത്തുമ്പോൾത്തന്നെ സമയം മൂന്നായിരുന്നു. മൂന്നോനാലോ ആളുകളെ മാത്രമേ അവിടെ കണ്ടുള്ളൂ, തമിഴ്നാട്ടുകാർ. അവരുടെ ഒപ്പം ഒരു ആടുമുണ്ട്, തീർച്ചയായും അതിനെ ബലികൊടുക്കാൻ കൊണ്ടുവന്നതാകും.

കണ്ണുകൾ അടച്ചുനിന്നപ്പോൾ ഒരു വലിയ ഭീകരരൂപം തന്നെ ആവാഹിക്കുന്നതായി തോന്നി. ഞാൻ വേഗം തന്നെ കണ്ണുകൾ തുറന്നു, നോക്കിയപ്പോൾ കൂട്ടുകാരിയെ കാണാനില്ല.

ഞാൻ അവളെ പേരെടുത്ത് വിളിച്ചു. ഒരു ആൽമരത്തിന്റെ പിറകിൽ നിന്ന് അവൾ പ്രത്യക്ഷപ്പെട്ടു. അവൾ പറഞ്ഞു, വരൂ, ഒരു വഴി കാണുന്നു, ചിലപ്പോൾ അവിടെ കുളമോ മറ്റോ കാണും, നമുക്ക് നടന്നു നോക്കാം.

ഞാൻ പറഞ്ഞു, സമയം വൈകി, നമുക്ക് തിരിച്ചുപോകാം, ഇരുട്ടായാൽ പിന്നെ ബുദ്ധിമുട്ടാകും.

അവൾ നിർബന്ധിച്ചു. ഞങ്ങൾ മുന്നോട്ട് നടന്നു, മുമ്പിൽ വലിയൊരു കുളം. അവൾ പറഞ്ഞു, ഞാൻ പറഞ്ഞില്ലേ, എന്തെങ്കിലും കാണുമെന്ന്,

കുന്നിന് മുകളിൽ ഒരു കുളം, ആരെങ്കിലും വിശ്വസിക്കുമോ?

പെട്ടെന്ന് ആടിന്റെ കരച്ചിൽ കേട്ടു. ഞാൻ കണ്ണുകൾ അടച്ചു. തീർച്ചയായും ബലി നടക്കുകയാണ്.

കൂട്ടുകാരി കുളത്തിലേക്ക് ഇറങ്ങാനുള്ള തയ്യാറെടുപ്പിലാണ്. ഞാൻ വിലക്കി. ഇവിടെ ആരും തന്നെയില്ല, എന്തെങ്കിലും സംഭവിച്ചാൽ നമ്മൾ എന്ത് ചെയ്യും.

പേടിക്കാതെടോ, നമുക്ക് രണ്ടുപേർക്കും നന്നായി നീന്താൻ അറിയാം, പിന്നെ എന്തിന് പേടിക്കണം. അവൾ ഇറങ്ങി പെട്ടെന്ന് നീന്താൻ തുടങ്ങി, ഒരുവട്ടം നീന്തി വന്നു അവൾ പറഞ്ഞു, "വെള്ളത്തിന് ഇളം ചൂടുണ്ട്, ഇറങ്ങിനോക്കെടോ". ഞാനും ഒപ്പം നീന്തി. കുളത്തിന് നടുവിൽ എത്തിയതും, ആരോ തന്നെ താഴേക്ക് പിടിച്ചു വലിക്കുന്നതായി തോന്നി, ഞാൻ താഴ്ന്നു പോവുകയാണ്. ഏതോ നിമിഷത്തിൽ പിടി വിട്ടു എന്ന് തോന്നിയപ്പോൾ ഞാൻ മുകളിലേക്ക് കുതിച്ചു, തീരത്തേക്ക് നീന്തി, വേഗം മുകളിലേക്ക് കയറി.

കൂട്ടുകാരി ചോദിച്ചു, എന്ത് പറ്റി?

"ആരോ എന്നെ പിടിച്ചു താഴ്ത്തുന്നതുപോലെ തോന്നി".

"ഞാനല്ല കേട്ടോ", എന്ന് പറഞ്ഞു അവൾ പൊട്ടിച്ചിരിച്ചു.

കുളിച്ചു കഴിയുമ്പോഴേക്ക് നേരം ഇരുട്ടിയിരുന്നു.

വേഗം നടക്കൂ, നമുക്ക് എത്രയും വേഗം ഇവിടെ നിന്ന് പുറത്തു കടക്കണം. ഞങ്ങൾ നടന്നു കറുപ്പയ്യസ്വാമിയുടെ മുമ്പിലെത്തി. ആ പ്രദേശമാകെ ഇരുട്ടിൽ ആഴ്ന്നുകഴിഞ്ഞിരുന്നു. അവിടെ വെളിച്ചം പകർന്നിരുന്നത്, സ്വാമിയുടെ മുമ്പിലെ വലിയ തിരിയിൽ നിന്ന് മാത്രം.

അപ്പോഴേക്കും തമിഴ്നാട്ടുകാർ പോയിക്കഴിഞ്ഞിരുന്നു.

സ്വാമിയുടെ മുമ്പിൽ ഒരു ചെറിയ പാത്രത്തിൽ ആടിനെ കറിവെച്ചതിന്റെ പ്രസാദം വെച്ചിരുന്നു.

അപ്പോൾ കൂട്ടുകാരിക്ക്, ആ പ്രസാദം വേണം. ഞാൻ പറഞ്ഞു, "എന്തിന്? അതവിടെ ഇരുന്നോട്ടെ, ഓരോരോ വിശ്വാസങ്ങൾ ആണ്, നാമതിനെ തെറ്റിക്കണോ?".

അവൾക്കപ്പോൾ ആ കറിയുടെ രുചിയറിയണം, അവൾ അതെടുക്കാൻ മുമ്പോട്ടു നീങ്ങി, അപ്പോൾ തിരി ഒന്ന് ആളിക്കത്തി, സ്വാമിയുടെ മുഖം ചുവന്നപോലെ തോന്നി. ആ പാത്രമെടുക്കാൻ അവൾ കുനിഞ്ഞതും, ആരോ ഊതിക്കെടുത്തിയപോലെ ആ തിരി അണഞ്ഞു.

ചുറ്റും ഇരുട്ട് മാത്രം. ഞാൻ കൂട്ടുകാരിയെ വിളിച്ചു, അവളുടെ കൈ എന്ന് കരുതി ഞാൻ പിടിച്ചത്, തൂങ്ങിക്കിടക്കുന്ന ആൽമരത്തിന്റെ

വേരുകൾ ആയിരുന്നു. ആ വേരുകൾ എന്നെ ചുറ്റിപ്പിണയുന്നതായി എനിക്ക് തോന്നി. എനിക്ക് ഉറക്കെ കരയണമെന്നുണ്ട് എന്നാൽ ശബ്ദം പുറത്ത് വരുന്നില്ല.

പെട്ടെന്ന് മൊബൈൽ ഫോണിന്റെ വെളിച്ചം തെളിഞ്ഞു, കൂട്ടുകാരിയാണ്.

ഞങ്ങൾ വേഗം ബൈക്കിന് അടുത്തെത്തി, വണ്ടി സ്റ്റാർട്ട് ചെയ്തു.

നീ എന്തിനാണ് വിറയ്ക്കുന്നത്, അവൾ എന്നെ ശാസിച്ചു.

ഞാൻ രണ്ടു കൈകളുംകൊണ്ട് അവളെ ചേർത്ത് പിടിച്ചു.

കണ്ണുകൾ അടച്ചിരുന്നോളൂ, ഞാൻ വണ്ടി വേഗം വിടും.

ഞാൻ കണ്ണുകൾ അടച്ചു, വണ്ടിയുടെ ശബ്ദത്തെ മറികടന്ന് കാട്ടിലെ ചീവീടുകളുടെ ശബ്ദം എന്റെ ചെവിയിൽ നിറഞ്ഞു.

ആ രാത്രിയിൽ ഒരു ഭ്രാന്തിയെപ്പോലെ വളരെ വേഗത്തിൽ അവൾ വണ്ടിയോടിച്ചു.

എനിക്ക് തോന്നി, അവൾ എവിടെയോ ബലിക്കായി എന്നെ ശരവേഗത്തിൽ കൊണ്ടുപോവുകയാണെന്ന്.

# വേതാളം

**ഞ**ങ്ങൾ ബുക്ക് ചെയ്തിരുന്ന ലോഡ്ജിനടുത്ത് കൂട്ടുകാരി ബൈക്ക് നിർത്തി. ഞാൻ ഏതാണ്ട് ബോധമറ്റപോലെയായിരുന്നു അവളുടെ പിറകിൽ ചാരികിടന്നിരുന്നത്. അതവൾക്ക് മനസ്സിലായി എന്ന് തോന്നി.

എന്നെ താങ്ങിപ്പിടിച്ചുകൊണ്ട് തന്നെ അവൾ വണ്ടിയിൽ നിന്നിറങ്ങി. വിക്രമാദിത്യൻ വേതാളത്തെ തോളിലേറ്റി നടക്കുന്നപോലെ അവൾ എന്നെ തോളിലെടുത്തു. ലോഡ്ജിന്റെ സ്വീകരണമുറിയിൽ ഉണ്ടായിരുന്നവർ ഭയപ്പെട്ടു, എന്തെങ്കിലും പറ്റിയോ എന്ന അന്വേഷണം, കുഴപ്പമൊന്നുമില്ല, നീണ്ട യാത്രയായിരുന്നു, അതിന്റെ ക്ഷീണം, അവൾ എല്ലാവരോടുമായി പറഞ്ഞു.

അവരുടെ ആകാംക്ഷ തീരുന്നില്ല എന്ന് മനസ്സിലായപ്പോൾ അവൾ പറഞ്ഞു, ഡോക്ടറെയോ മറ്റോ ആവശ്യമുണ്ടെങ്കിൽ ഞാൻ വിളിക്കാം.

ബോധത്തിന്റെയും അബോധത്തിന്റെയും ഇടയിൽ കറുപ്പയ്യ സ്വാമിയുടെ ആൽമരത്തിലെ വേരുകളിൽ ഒന്നിൽ ആരോ തന്നെ കെട്ടിത്തൂക്കിയിട്ട് താൻ അതിൽ ആടുകയാണെന്ന് എനിക്ക് തോന്നി.

മുറി തുറന്നു, അവൾ എന്നെ കട്ടിലിൽ കിടത്തി. കൈകളും, കാലുകളും നിവർത്തി വെച്ചു. പിന്നെ എന്റെ മുഖത്ത് ആഞ്ഞൊരു അടി തന്നു. ഞാൻ വേദനകൊണ്ടു പുളഞ്ഞു.

ചാടി എഴുന്നേറ്റ് ഞാൻ ചോദിച്ചു, "എപ്പോഴാ എന്റെ ബലി?".

കൂട്ടുകാരി പറഞ്ഞു, "ഞാൻ നിന്നെ പണ്ടേ ബലികഴിക്കേണ്ടതായിരുന്നു. എന്തിന് വേണ്ടിയാണ് നീ ഇത്രയും ഭയം കൂടെക്കൊണ്ടുനടക്കുന്നത് എന്ന് എനിക്കറിയില്ല, ഒന്നുകൂടി പറയാം, ഞാൻ കൂടെയുള്ളപ്പോൾ നീ ഭയക്കേണ്ടതില്ല".

കുറച്ചു ചൂടുവെള്ളം കുടിച്ചപ്പോൾ ശരീരത്തിന് ബലം വന്നപോലെ തോന്നി. കൂട്ടുകാരി എന്നെ ലോഡ്ജിന്റെ സ്വീകരണമുറിയിലേക്കും, പിന്നെ പുറത്തേക്കും കൊണ്ടുപോയി, എനിക്ക് കുഴപ്പമൊന്നുമില്ലെന്ന് എല്ലാവരെയും ബോധ്യപ്പെടുത്തണമെന്ന് അവൾക്ക് തോന്നിയിരിക്കണം.

മുറിയിലെ ജനാല തുറന്നപ്പോൾ ഞാൻ വീണ്ടും ഭയപ്പെട്ടു. പുറത്തും ഒരു ആൽമരം. താഴ്ന്നുകിടക്കുന്ന ചില്ലകൾ. വേരുകൾ

പടർന്നുകിടക്കുന്നതായി തോന്നുന്നില്ല. എന്നാൽ ജനാലയോട് ചേർന്നുകിടക്കുന്ന ചില്ലയുടെ, പടർന്ന ഇലകൾക്ക് പിറകിൽ ആരോ ഇരിക്കുന്നുണ്ട്. അയാളുടെ നോട്ടം എന്നിലേക്ക് തന്നെയാണ്, അതൊരു വേതാളമാണോ, അതോ എന്നെ തോളിലേറ്റാൻ കാത്തിരിക്കുന്ന വിക്ര മാദിത്യനോ?

കൂട്ടുകാരി പെട്ടെന്ന് ജനാലകൾ അടച്ചു.

ഇന്നിത്രയും മതി. ബാക്കി നമുക്ക് നാളേക്ക് കുറച്ചു കരുതി വെക്കാം. കാരണം, നാളെ നമ്മൾ പോകുന്നത്, ആമക്കിണർ കാണാൻ ആണ്.

നിനക്കവിടെ അമ്പിളി അമ്മാവനിൽ വായിച്ച ഒരുപാട് ആളുകളെ ഒപ്പം കൂട്ടാൻ കഴിയും. അവിടെ ഒരു മുയൽ വളർത്തൽ കേന്ദ്രംകൂടി ഉണ്ടാകണേ എന്നാണ് എന്റെ പ്രാർത്ഥന, അങ്ങനെയാണെങ്കിൽ ആമ മുയൽ ഓട്ടമത്സരം കൂടി ആകാം.

ദുഃസ്വപ്നങ്ങൾ ഒന്നും ഇല്ലാതിരിക്കാൻ കണ്ണുകൾ അടച്ചു പ്രാർത്ഥിച്ചു. പെട്ടെന്ന് ഉറങ്ങിപ്പോയി.

കൂട്ടുകാരി വിളിച്ചപ്പോൾ ആണ് ഉണർന്നത്.

“മോശമായിപ്പോയെടോ, ഉറക്കത്തിൽ സ്വപ്നങ്ങൾ കണ്ട് വലിയൊരു നിലവിളി ഞാൻ പ്രതീക്ഷിച്ചിരുന്നു. അതുണ്ടായില്ല”.

കൂട്ടുകാരി ജനാലകൾ തുറന്നിട്ടിരുന്നു. പുറത്തുണ്ടായിരുന്നത് വലിയൊരു ബൊഗൈൻവില്ല ചെടിയായിരുന്നു. പൂക്കൾ നിറഞ്ഞ അതിന്റെ ചില്ലകൾ കാറ്റിൽ ആടിക്കൊണ്ടിരുന്നു. അതിൽ ആര് ഒളിഞ്ഞിരിക്കാൻ. ഞാൻ ചിരിച്ചുകൊണ്ട് തിരിഞ്ഞു, എന്നാൽ വീണ്ടും തിരിഞ്ഞു ആ ചില്ലകളിലേക്ക് നോക്കി, “ആരെങ്കിലും അവിടെ ഉണ്ടോ?”. മനുഷ്യന്റെ ഓരോരോ തോന്നലുകൾ.

ആമക്കിണറിലേക്ക് അധികദൂരം ഉണ്ടായിരുന്നില്ല.

കൂട്ടുകാരിയുടെ കരുതൽ എത്രയധികമാണെന്ന് എനിക്ക് മനസ്സിലായി, ഞാൻ ബൈക്കിന് പിറകിൽ അവളെ പറ്റിച്ചേർന്ന് ഇരുന്നു.

തമിഴ്നാട്ടുകാരൻ ഏതോ കൗണ്ടറുടെ കൃഷിയിടമാണ് അത്. കൃഷിക്കായി ഉപയോഗിച്ചിരുന്ന കിണർ. ഒരു വലിയ വയലിന് നടുക്ക് ഒരു കിണർ. വലിയ വട്ടത്തിൽ, കുളമായിരുന്നോ, കിണർ ആയിരുന്നോ? അവർ കിണർ എന്നാണ് വിളിക്കുന്നത്.

വിശാലമായ വയൽ. പകുതി വളർച്ചയെത്തിയ നെൽച്ചെടികളുടെ നീണ്ട പച്ചപ്പരവതാനി, കണ്ണുകൾക്ക് ഇത്ര കുളിർമ്മ തരുന്ന മറ്റൊരു കാഴ്ചയില്ല.

വയലിലേക്ക് കടക്കുന്ന ഭാഗത്ത് ഒരു പടിപ്പുര. പഴയ ഏതോ വലിയ

വീട് പൊളിച്ചപ്പോൾ അതിന്റെ ഓർമ്മക്കായി കൊണ്ട് വെച്ചതാണെന്ന് പറഞ്ഞു. തനിക്ക് ഏറ്റവും ഇഷ്ടമായത്, ഞങ്ങൾ ചെല്ലുമ്പോൾ ആ വാതിൽ അടഞ്ഞു കിടക്കുകയായിരുന്നു, വാതിൽ തുറന്നപ്പോൾ അത് ഒരു സ്വർഗ്ഗത്തിലേക്കാണ് തുറന്നതെന്ന് തോന്നി. കണ്ണെത്താദൂരം വരെ പച്ചപ്പ് നിറഞ്ഞ പാടശേഖരം. വാതിൽ കടക്കുമ്പോൾ തന്നെ, പഴയ കുറെ കാളവണ്ടികൾ, വെറും കാളവണ്ടികൾ അല്ല, ചക്രങ്ങളിലും, ആളുകൾ ഇരിക്കുന്ന ഭാഗത്ത് മുകൾഭാഗം മറക്കുന്ന ഭാഗം പോലും ചിത്രകലകളാൽ ധന്യം. ഒരു ചെറിയ ഏറുമാടം, അതിനു മുകളിൽ കയറിയപ്പോൾ പാടശേഖരം മുഴുവനായി കാണാം എന്ന് തോന്നി.

താൻ അവിടെ നിന്ന് വലിയ ശബ്ദത്തിൽ ഓരിയിട്ടു, അതുകേട്ടപ്പോൾ കൂട്ടുകാരിയും അതേ ശബ്ദമുണ്ടാക്കി. ദൂരെ പാടത്ത് പണിയെടുത്തിരുന്ന ജോലിക്കാർ നടുവ് നിവർത്തി ശബ്ദം വന്ന ഭാഗത്തേക്ക് നോക്കി, ഞങ്ങൾക്ക് മറുപടിയായി, അവരും ഓരിയിട്ടു. ഞങ്ങൾ പൊട്ടിച്ചിരിച്ചു.

ആമക്കിണറിന് എത്രകാലം പഴക്കമുണ്ടെന്ന് ആർക്കും അറിയില്ല. അവിടെയുള്ളവർക്കെല്ലാം ഓർമ്മയുള്ളപ്പോൾ മുതൽ അവിടെയുണ്ട്. അതിന്റെ പ്രത്യേകത അതൊരിക്കലും വറ്റില്ല എന്നതാണ്. എത്രകോരിയാലും വെള്ളം ഉറഞ്ഞു വന്നുകൊണ്ടിരിക്കും.

കിണറിന് വക്കിലൂടെ താഴേക്ക് ഇറങ്ങാവുന്ന പടികൾ കെട്ടിയിട്ടുണ്ട്. വളഞ്ഞുപോകുന്ന ആ പടികൾ "ഒരു മരണക്കിണറിലേക്കുള്ള വഴികളാണെന്ന്" എനിക്ക് തോന്നി.

മുകളിൽ നിന്ന് നോക്കിയാൽ നമ്മുടെ പ്രതിബിംബം കിണറിൽ കാണാം. ഞാൻ നോക്കിയപ്പോൾ കിണറിൽ എനിക്ക് പിറകിൽ ഒരുപാട് പേരെ കണ്ടു, അവരെല്ലാം "വാ വാ" എന്ന് എന്നെ കൈകാട്ടി വിളിക്കുന്നു.

"താഴേക്കിറങ്ങാമോ" ഞാൻ കൗതുകത്തോടെ ഞങ്ങൾക്ക് ഒപ്പമുണ്ടായിരുന്ന ആളോട് ചോദിച്ചു.

"ഇറങ്ങാം, സൂക്ഷിക്കണം" അയാൾ പറഞ്ഞു.

കൂട്ടുകാരി എന്നെ സംശയത്തോടെ നോക്കി. അവൾ പറഞ്ഞു, "മുന്നിൽ ഞാൻ നടക്കാം, നീ പിറകിൽ വന്നാൽ മതി".

പടികൾ തീർന്നപ്പോൾ അവസാനപടിയിൽ നിന്ന്, വെള്ളത്തിലേക്കുള്ള പടിയിലേക്കിറങ്ങി, മഞ്ഞുപോലെ തണുത്ത വെള്ളം. കനത്ത തണുപ്പ് പാദങ്ങളിലൂടെ നെറുകയിലേക്ക് ഇരച്ചു കയറി. ശരീരം മുഴുവൻ രോമാഞ്ചം കൊണ്ട് നിറഞ്ഞു. ആ നിമിഷം ഞാൻ കണ്ടു, കിണറിന്നടിയിൽ നിന്ന് ആരോ വിളിക്കുന്നു, "വാ, കൂടുതൽ താഴേക്ക് വാ".

എനിക്ക് ചാടണമെന്നുണ്ടായിരുന്നു. എന്നാൽ കൂട്ടുകാരി എന്നെ ബലമായി പിടിച്ചു.

“വാ, കൂടുതൽ താഴേക്ക് വാ” എന്ന അശരീരി എന്റെ കാതുകളിൽ നിറഞ്ഞു. എന്റെ കണ്ണുകൾ അടഞ്ഞു, ഞാൻ അവളെ പിടിച്ചു, ഞങ്ങൾ രണ്ടുപേരും ഒന്നിച്ചു കിണറിലേക്ക് വീണു.

അവൾ വീണ്ടും വിക്രമാദിത്യനായി. ഞാൻ എന്ന വേതാളത്തെ ചുമലിലേറ്റി മുകളിലേക്ക് കയറി.

രണ്ടു ദിവസം കഴിഞ്ഞു. അന്ന് ജോലി കഴിഞ്ഞു വരുമ്പോൾ അവളുടെ മുഖം വിവർണ്ണമായിരുന്നു.

ഒരു കത്ത് എന്റെ നേരെ നീട്ടികൊണ്ടു അവൾ പറഞ്ഞു, “ എനിക്ക് എന്റെ വേതാളത്തെ ഉപേക്ഷിക്കാൻ സമയമായിരിക്കുന്നു, ജോലി മാറ്റമാണ്, മറ്റൊരു നഗരത്തിലേക്ക്”.

അത് കേട്ടപ്പോൾ ഒരു വിഷമം തോന്നി.

അവൾ പോയിക്കഴിഞ്ഞപ്പോൾ ആദ്യം വളരെ ശൂന്യത തോന്നി. പിന്നെ പതുക്കെപ്പതുക്കെ ആ യാഥാർത്ഥ്യം ഞാൻ മനസ്സിലാക്കി. ഞാൻ ഇപ്പോൾ വിക്രമാദിത്യന്റെ തോളിൽ കിടക്കുന്ന വേതാളമല്ല. ഞാൻ തന്നെയാണ് വിക്രമാദിത്യൻ.

മറ്റൊരാൾ ഉള്ളപ്പോൾ ആണ് നാം നമ്മുടെ ബലഹീനതകളിലൂടെ കടന്നുപോവുക.

ഒറ്റക്കാവുമ്പോൾ, നാം നമ്മുടെ ശക്തി തിരിച്ചറിയാൻ ശ്രമിക്കുന്നു. ആരുമില്ലെങ്കിലും ഈ ഭൂമിയിൽ പിടിച്ചു നിൽക്കണം. അപ്പോൾ പത്തുകൈകളുള്ള പലപല ആയുധങ്ങളേന്തിയ ദുർഗ്ഗയെ നാം നമ്മുടെ ഉള്ളിൽ വളർത്തിയെടുക്കുന്നു.

എങ്കിലും ഈ നിമിഷത്തിൽ, നിങ്ങൾ അരികിൽ ഉള്ളപ്പോൾ എന്തോ എനിക്ക് വേതാളമാകാൻ കൊതി തോന്നുന്നു. നിങ്ങളുടെ ചുമലിൽ ഞാൻ തൂങ്ങി കിടക്കും, കുറച്ചു നേരം എന്നെ ചുമന്നു നടക്കാമോ?

# വിലാപം

**അ**വരെ അങ്ങനെ തോളിലേറ്റി നടന്നപ്പോൾ അയാൾക്ക് ഓർമ്മ വന്നത് ഇതുപോലെ താൻ മറ്റൊരാളെ ചുമന്ന് നടന്നതാണ്.

നഗരത്തിലെ തിരക്കുകളിൽ നിന്നും ഒരു മോചനം തേടി അയാൾ സായാഹ്നമാകുന്നതിന് മുമ്പ് കടൽക്കരയിലേക്ക് പോകുമായിരുന്നു. തിരക്കൊഴിഞ്ഞ ഒരു മൂലയിലിരുന്നു തനിക്കിഷ്ടപ്പെട്ട ഒരു പുസ്തകത്തിലെ കുറച്ചു പേജുകൾ വായിക്കും. അതിലെ കഥാപാത്രങ്ങൾ അയാൾക്ക് അരികിലായി കടൽത്തീരത്തിലൂടെ നടക്കും. അയാൾ അവരോട് സംസാരിക്കും. എഴുത്തുകാരൻ എഴുതിയ വാചകങ്ങൾ അവർ അയാളോട് നേരിട്ട് പറയുന്നപോലെ തോന്നും. അവർ മറ്റുള്ളവരെപ്പോലെ കടൽത്തീരത്ത് നടക്കുകയാകും.

താൻ കണ്ടെത്തുന്ന വ്യത്യസ്തമായ ആനന്ദങ്ങൾ അതിഗാഢമായി ആസ്വദിക്കുന്ന ഒരാളാണ് അയാൾ.

അയാളുടെ മാത്രം ആ കടൽത്തീരം എന്ന് ആ നിമിഷത്തിൽ അയാൾ വിശ്വസിക്കുന്നു.

സാധാരണ ഒരു കടൽത്തീരത്തിന്റെ എല്ലാ ലഹളകളും അവിടെ യുമുണ്ട്. ചെറിയ ചെറിയ കച്ചവടക്കാർ, ബലൂണും ഐസ്ക്രീമും വിൽക്കുന്നവർ. വൈകീട്ട് സ്വകാര്യ നിമിഷങ്ങൾ പങ്കുവെക്കുന്ന കമിതാക്കൾ, കുട്ടികൾ അടങ്ങിയ കുടുംബങ്ങൾ, തന്റെ ഏകാന്തത അസ്തമിക്കുന്ന സൂര്യനിൽ നിക്ഷേപിക്കാൻ വരുന്ന ഇനിയും താനാരാണെന്ന് തിരിച്ചറിയാത്ത ഹതഭാഗ്യർ.

എന്നാൽ അതൊന്നും അയാൾ കേൾക്കുകയോ കാണുകയോ ചെയ്യില്ല, ഒരു പുസ്തകത്തിന്റെ പേജിലേക്ക് ഒരു പുഴുപോലെ അയാളുടെ കണ്ണുകൾ ആഴ്ന്നിറങ്ങും. പച്ചില തിന്നു തീർക്കുന്ന പുഴുക്കളുടെ ലാഘവത്തോടെ അയാൾ അതിലെ അക്ഷരങ്ങൾ തിന്ന് തീർക്കും.

ഇടയ്ക്കിടെ മുഖമുയർത്തി കടലിനെ നോക്കും, പിന്നെ ചോദിക്കും, എന്റെ ആനന്ദത്തിൽ ഒപ്പം കൂടുന്നോ?

കൂടുന്നു - പക്ഷെ ആ ശബ്ദം കടലിൽ നിന്നല്ല വന്നത്. അയാൾ ഇരിക്കുന്ന ബെഞ്ചിന്റെ പിറകിൽ നിന്നാണ്.

പെട്ടെന്ന് അയാൾ യഥാർത്ഥ ജീവിതത്തിലേക്ക് തിരിച്ചു വന്നു.

പിറകിൽ ഒരു സ്ത്രീ. അവരും ജോലികഴിഞ്ഞു വരികയാണെന്ന് തോന്നുന്നു, തോളിൽ തൂങ്ങിക്കിടക്കുന്ന ബാഗിൽ ഇന്നിന്റെ ഭാരം മുഴുവൻ അവർ ചുമന്നു നടക്കുന്നതായി തോന്നി.

ഞാൻ നിങ്ങളോടല്ല സംസാരിച്ചത്.

അറിയാം, നിങ്ങളെ ഞാൻ കുറച്ചു ദിവസങ്ങളായി ശ്രദ്ധിക്കുന്നു. എന്നുമുള്ള വൈകുന്നേര നടത്തങ്ങളിൽ ഞാൻ നിങ്ങളെ പതിവായി കാണാറുണ്ട്. എന്നാൽ നിങ്ങൾ ഈ ലോകത്തിലല്ല ജീവിക്കുന്നതെന്ന് എനിക്ക് മനസ്സിലായിരുന്നു.

അസ്തമയസൂര്യന്റെ വെളിച്ചത്തിൽ അക്ഷരങ്ങൾ കാണാൻ കഴിയുന്നത് വരെ നിങ്ങൾ വായിക്കും, അത് കഴിഞ്ഞു, അടുത്തുള്ള ആ കടയിൽ നിന്ന്, രണ്ടു ചപ്പാത്തി, പച്ചക്കറി കുറുമ, ഒരു ചായ. പിന്നെ നിങ്ങൾ അപ്രത്യക്ഷമാകും.

ഈ കടൽത്തീരത്ത് കാണുന്ന ഒരു മനുഷ്യനോടും നിങ്ങൾ സംസാരിക്കാറോ, പുഞ്ചിരിക്കാറോ ഇല്ല, കാരണം, നിങ്ങളുടെ മനസ്സ് ഇവിടെയില്ല.

നിങ്ങളെ അലോസരപ്പെടുത്താനല്ല ഞാൻ വന്നത്. ഇങ്ങനെയുള്ള വിശിഷ്ട ജന്മങ്ങളെ ഒന്ന് പരിചയപ്പെടണമെന്ന് തോന്നി. അത്രമാത്രം.

രണ്ടാൾക്ക് ഇരിക്കാവുന്ന ആ ബെഞ്ചിൽ ആരും ഇരിക്കരുതെന്ന് അയാൾക്ക് നിർബന്ധമുണ്ടായിരുന്നു. അതിനാൽ ആദ്യം തന്നെ ബാക്കിയിടം അയാൾ തന്റെ ബാഗ് വെച്ച് കൈവശപ്പെടുത്തും.

അയാൾ തന്റെ ബാഗ് താഴേക്ക് വെച്ച്, അവർക്ക് ഇരിക്കാൻ ഇടം കൊടുത്തു.

ഞാൻ മലമുകളിലുള്ള മനുഷ്യരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്നു. അവരെ സാധാരണ ആളുകൾ വിളിക്കുന്ന പേര് വിളിക്കാൻ എനിക്ക് ഇഷ്ടമല്ല. അവരെയും മനുഷ്യരായി കാണാനും, ആ നാമത്തിൽ വിളിക്കാനും എന്റെ മനസ്സ് നിരന്തരമായി പ്രേരിപ്പിക്കുന്നതിനാൽ, കാട്ടിലെ മനുഷ്യർ എന്ന് വിശേഷിപ്പിക്കുന്നു.

മനുഷ്യരെയും പ്രകൃതിയെയും കുറിച്ചുള്ള പുസ്തകങ്ങൾ ആണ് നിങ്ങൾ വായിക്കുന്നതെന്ന് ഞാൻ ശ്രദ്ധിച്ചിരുന്നു. ഇത് രണ്ടിനെയും കുറിച്ചുള്ള ആകുലതകൾ ആണല്ലോ നമ്മളെ അത് തന്നെ വായിക്കാൻ പ്രേരിപ്പിക്കുന്നത്.

അപ്പോൾ നിങ്ങൾ തീർച്ചയായും ഒരു മനുഷ്യസ്നേഹിയായിരിക്കും എന്ന് ഞാൻ കരുതുന്നു.

കാട്ടിലെ മനുഷ്യരുടെ വിഭവങ്ങളുടെ കൊള്ളയടിയാണ് അവിടെ നടക്കുന്നത്. അവർക്ക് കഴിക്കാൻ ഭക്ഷണമില്ലെന്നും, അവിടെ പട്ടിണിയുണ്ടെന്നും തുറന്നുപറയാൻ പ്രബുദ്ധരായ നമുക്ക് നാണക്കേടാണ്. ആവിയായിപോകുന്ന അവർക്കുവേണ്ടിയുള്ള വിഭവങ്ങൾ മറ്റാരുടെയോ സംഭരണശാലകളിൽ പ്രശസ്തമായ ബ്രാൻഡുകളുടെ നാമധേയത്തിൽ നിറം ചേർത്തും രൂപം മാറിയും പൊതുവിപണിയിലേക്ക് തിരിച്ചെത്തുന്നു.

ഇന്നെങ്കിലും എന്റെ മക്കൾക്ക് കഞ്ഞി കുടിക്കാം എന്ന് ആകാംക്ഷ നിറഞ്ഞ മുഖവുമായി സൗജന്യ ഭക്ഷണസാധനങ്ങൾ വാങ്ങാൻ വരുന്ന മനുഷ്യരെ എതിരേൽക്കുന്നത് “വിഭവങ്ങൾ എത്തിയില്ല” എന്ന പരസ്യമായിരിക്കും.

അതേ സമയം വിലകൊടുത്തു വാങ്ങാവുന്ന എല്ലാ ഭക്ഷണ സാധനങ്ങളും ആ കടയുടെ തൊട്ടപ്പുറത്ത് മറ്റൊരാളെ ഇരുത്തി അയാൾ വിൽക്കുന്നുമുണ്ടാകും.

വിശപ്പാണ് ഈ ലോകത്തിലെ ഏറ്റവും വലിയ പ്രശ്നം.

പട്ടിണി അറിഞ്ഞവന് മാത്രമേ, എന്താണ് വിശപ്പെന്ന് അറിയൂ. അതറിയാവുന്നവർ ഇപ്പോൾ നമ്മുടെ നാട്ടിൽ ഒരു ശതമാനം കാണുമോ എന്ന് സംശയമാണ്.

മൃഷ്ടാന്നം തിന്നുകുടിച്ചു കൊഴുത്തു തടിച്ചതല്ലാത്ത ഏതെങ്കിലും രാഷ്ട്രീയക്കാരെ ഇന്നത്തെക്കാലത്ത് കാണാൻ കഴിയുമോ. അവരുടെ എല്ലാവരുടെയും വസ്ത്രങ്ങൾക്ക് ഇപ്പോൾ ഒരേ നിറമാണ്. വെളുത്ത നിറം. കറുത്ത ഹൃദയങ്ങൾ പുറത്ത് കാണാതിരിക്കാൻ വെളുത്ത വസ്ത്രങ്ങളിൽ പുഞ്ചിരിച്ചു എത്തുന്നവർ. അവരുടെ അകം മുഴുവൻ ഹിംസയുടെയും, സ്വന്തം ജീവിത പരമ്പരകൾക്കായി സ്വത്ത് സമ്പാദിക്കുന്നതിന്റെയും ചിന്തകൾ മാത്രമാണ്.

നിങ്ങൾ എനിക്കൊപ്പം വരണം. ഞാൻ ഇന്ന് രാത്രി അങ്ങോട്ട് പുറപ്പെടുകയാണ് രാത്രി വണ്ടിയിൽ കയറിയാൽ അതിരാവിലെ അവിടെയിറങ്ങാം.

അയാൾക്കെന്തോ ഒന്നും മറിച്ചു പറയുവാൻ തോന്നിയില്ല. തികച്ചും അപരിചിതയായ അവർ തന്റെ ജീവിതം താൻ അറിയാതെ മറ്റെവിടേക്കോ നയിക്കുന്നതായി അയാൾക്ക് തോന്നി.

ബസ്സിൽ കയറുന്നതിന് മുമ്പ് അവർ കുറെ മിഠായി വാങ്ങി, അവിടത്തെ കുട്ടികൾക്ക് കൊടുക്കാനാണെന്ന് പറഞ്ഞു.

ഇതിന്റെ രുചിയും വല്ലപ്പോഴുമെങ്കിലും ആ മക്കളും അറിയട്ടെ.

അവരുടെ തോളിൽ ചാരി അയാൾ എപ്പോഴോ ഉറങ്ങിപ്പോയിരുന്നു.

കാടിന്റെ ഉൾപ്രദേശത്ത് ബസ്സ് നിന്നപ്പോൾ അവർ അയാളെ വിളിച്ചുണർത്തുകയായിരുന്നു.

അവർ ഇറങ്ങിയതും, അവരെ കാത്തുനിന്നപോലെ ഒരുപാടു കുട്ടികൾ ആർത്തുവന്നു. അവർ അവർക്കെല്ലാം മിഠായികൾ കൊടുത്തു.

അവരുടെ ആ സന്തോഷം അയാൾ നോക്കി നിന്നു.

ഇവിടെ വലിയ ഖനനം തുടങ്ങാൻ പോവുകയാണ്. ഈ മനുഷ്യരെല്ലാം ഇവിടെ നിന്ന് കുടിയിറക്കപ്പെടും.

പ്രകൃതിയുടെ വിഭവങ്ങൾ കാട്ടിലെ മനുഷ്യർക്കല്ല, നാട്ടിലെ മനുഷ്യർക്ക് ഉള്ളതാണ്.

കോടതിയിൽ ഞങ്ങൾ പോരാട്ടം നടത്തുന്നുണ്ട്, അത് വിജയിക്കും എന്നാണ് വിശ്വാസം.

ഇത് ഒരു പരിസ്ഥിതിലോല പ്രദേശമാണ്, കനത്ത മഴയുണ്ടായാൽ എന്തും സംഭവിക്കാം. ഉരുൾപൊട്ടലുകൾ ഇവിടെ സർവസാധാരണമാണ്.

പ്രകൃതി നമുക്ക് തരുന്ന ഓരോ മുന്നറിയിപ്പുകളും അവഗണിക്കുന്നതാണല്ലോ നമ്മുടെ രീതി. ഒരു ചെറിയ കുലുക്കം മതി, നാം കെട്ടിയുയർത്തിയിരിക്കുന്ന ആകാശഗോപുരങ്ങൾ തകർന്നു വീഴാൻ.

ഞങ്ങളുടെ ജീവന് ഒരുപാട് ഭീഷണികൾ ഉണ്ട്. ഒരു ജന്മമല്ലേ ഉള്ളൂ, എപ്പോഴായാലും പോകണം.

ഞങ്ങളും അവരും തമ്മിൽ ഒരുപാട് സംഘർഷങ്ങൾ തുടരുന്നുണ്ട്. ഈ കാട്ടിലെ മനുഷ്യരാണ് ഞങ്ങളുടെ രക്ഷകർ.

കാട്ടിലെ കാരണവന്മാർ എന്നോട് പറഞ്ഞു, ഭൂമിയിൽ എന്തൊക്കെയോ മുഴക്കങ്ങൾ കേൾക്കുന്നുണ്ട്, അതെല്ലാം ഭയപ്പെടുത്തുന്നതാണ്. തോരാത്ത മഴയിൽ കുതിർന്ന മല എപ്പോൾ വേണമെങ്കിലും ഒരു ഉരുൾപൊട്ടലായി നമ്മളെ തുടച്ചു നീക്കിയേക്കാം.

മറ്റൊരു സുരക്ഷിതമേഖലയിലേക്ക് മാറി നിൽക്കാൻ പറഞ്ഞാൽ അവർക്ക് ഭയമാണ്, അവരുടെ കിടപ്പാടം കയ്യടക്കാനുള്ള ഒരു രഹസ്യ പദ്ധതിയാണോ എന്നവർ സംശയിക്കുന്നു.

ദാ, ആ വീട്ടിലാണ് ഞാൻ വരുമ്പോൾ താമസിക്കാറ്. നിങ്ങൾക്കവിടെ വിശ്രമിക്കാം.

പെട്ടെന്ന് കനത്ത മഴ തുടങ്ങി. വളരെ നേരം കാത്തിരുന്നിട്ടും മഴ ശമിച്ചില്ല.

ഒരാൾ മഴയിൽ ഓടി വന്നു ഒരു ജീപ്പ് വന്നിട്ടുണ്ടെന്ന് അവരോട് പറഞ്ഞു. നിങ്ങൾ ഇവിടെ നിൽക്കൂ എന്ന് പറഞ്ഞു അവർ വന്ന ആളോടൊപ്പം മഴയിലൂടെ നടന്നു.

കുറെ കഴിഞ്ഞു അവർ വന്നു. അവരുടെ മുഖം വിവർണ്ണമായിരുന്നു.

കമ്പനിക്കാരാണ് വന്നത്, ആളുകളോട് ഇവിടെ നിന്ന് മാറണമെന്ന് പറയാൻ. കനത്തമഴയിൽ ഇവരെ കുടിയിറക്കിയാൽ ആരും അറിയില്ലല്ലോ.

അവർ ഇനിയും വരും, കനത്ത സന്നാഹങ്ങളുമായി. നിങ്ങൾ പുറത്തു വരരുത്, നിങ്ങളെ ആർക്കും അറിയില്ല, നിങ്ങൾ അവരുടെ നോട്ടപ്പുള്ളി ആകേണ്ട.

അന്ന് മുഴുവൻ കനത്ത മഴ തുടർന്നു.

ഭൂമി മുരളുന്നുണ്ട്, എന്തും സംഭവിക്കാം. കാരണവന്മാരിൽ ഒരാൾ പറഞ്ഞു.

നാല് മണിയായപ്പോൾ കമ്പനിക്കാർ ധാരാളം ആളുകളും ലോറികളുമായി വന്നു. കാട്ടിലെ മക്കൾ അവരെ ചെറുത്തു.

ഒരു കാരണവശാലും പുറത്തിറങ്ങരുത് എന്ന് അയാളോട് പറഞ്ഞു അവർ അങ്ങോട്ട് ഓടി.

കനത്ത മഴയിൽ വലിയ സംഘർഷം നടക്കുകയാണ്. അയാൾക്ക് അവിടെ നിന്നാൽ എല്ലാം കാണാം. ഇത് കാണാനാണോ താൻ ഇങ്ങോട്ട് വന്നത്.

പെട്ടെന്ന്, ഭൂകമ്പംപോലെ ഒരു കിലുക്കം, ഭൂമി തകരുന്ന ശബ്ദം, അയാൾ മലമുകളിലേക്ക് നോക്കി. മല പൊട്ടിത്തകർന്നു താഴേക്ക് അപ്പാടെ ഒലിച്ചുവരുന്നു. നിമിഷങ്ങൾക്കകം സംഘർഷങ്ങളിൽ നിറഞ്ഞു നിന്നിരുന്നവരെയും ആ ഗ്രാമത്തെയും തുടച്ചുനീക്കികൊണ്ട് ഭൂമി താഴേക്ക് കുതിച്ചു. വലിയ പാറകൾ ആ പ്രദേശമാകെ തുടച്ചുനീക്കി. മരങ്ങളോ വീടുകളോ ഒന്നുംതന്നെ അവശേഷിച്ചില്ല.

അയാൾ നിന്ന വീടിനെ പൊളിച്ചുകൊണ്ട് ഭൂമിയിൽ ഒരു വിടവ് വന്നു. പേടിച്ചു വിറച്ച് അയാൾ പുറത്തേക്കോടി.

അഞ്ച് നിമിഷംകൊണ്ട് എല്ലാം തീർന്നു.

തരിച്ചുനിന്ന അയാൾക്ക് എന്താണ് ചെയ്യേണ്ടത് എന്നറിയില്ലായിരുന്നു. ഒരു നിലവിളി പോലും കേൾക്കാനില്ല.

എല്ലാവരും ഒലിച്ചുപോയിക്കഴിഞ്ഞോ. അയാൾ ഹലോ എന്ന് ഉച്ചത്തിൽ വിളിച്ചു. ഒരു മറുപടിയും കിട്ടിയില്ല.

കുറച്ചു കഴിഞ്ഞു, വളരെ താഴെനിന്ന് ചില നിലവിളികളും ഞരക്കങ്ങളും കേട്ടു, അയാൾ അങ്ങോട്ട് ഓടി. ഒരാളുടെ പകുതി ശരീരം മരത്തിന്നടിയിൽപ്പെട്ടു കിടക്കുന്നു. ആയുധങ്ങൾ ഒന്നുമില്ലാതെ അയാൾ പകച്ചു നിന്നു.

സന്ധ്യയും രാത്രിയും ഒന്നിച്ചു വന്നു. വെളിച്ചമില്ല, അകലെ താഴ്‌വാരത്ത്

നിലവിളികൾ കേൾക്കുന്നുണ്ട്. എന്ത് ചെയ്യണമെന്നറിയാതെ അയാൾ വിറങ്ങലിച്ചു നിന്നു.

വെളിച്ചം വീണതും അയാൾ അവിടെയാകെ ഓടിനടന്നു അവരെ തിരഞ്ഞു. മുകളിൽ മണ്ണുമാത്രം, അതിനടിയിൽ എവിടെയാണ് മനുഷ്യർ എന്നറിയില്ല. മരത്തിന്നടിയിൽ കുടുങ്ങിയ മനുഷ്യൻ മരിച്ചു കിടക്കുന്നു. അയാൾ കണ്ണുകൾ അടച്ചു.

രാവിലെയായപ്പോൾ രക്ഷാപ്രവർത്തകർ വന്നു തുടങ്ങി. അതോടൊപ്പം മണ്ണ് മാറ്റി ആളുകളുടെ ശരീരങ്ങൾ തിരയാൻ മണ്ണുമാന്തികളും എത്തി.

അയാൾ അവിടെയെല്ലാം അവരെ തിരഞ്ഞുകൊണ്ട് നടന്നു. കണ്ടെത്തിയില്ല.

രക്ഷാപ്രവർത്തകർ കണ്ടെത്തിയ ശരീരങ്ങൾ ഒരു ഭാഗത്തേക്ക് നീക്കി.

അയാൾ താഴ്‌വാരത്തിലേക്ക് നടന്നു. കലങ്ങിയൊഴുകുന്ന പുഴ. അയാൾ പുഴയിലേക്കിറങ്ങി. ശരീരമാകെ മണ്ണാണ്. കണ്ണുകൾ അടച്ചു അയാൾ ഒന്ന് മുങ്ങി. എന്തോ വന്നു ശരീരത്തിൽ തടഞ്ഞു. അയാൾ അത് കൈകളിൽ താങ്ങി മുകളിലേക്ക് പൊന്തി. ഒരു ശരീരം. വിറച്ചുകൊണ്ട് അയാൾ ആ മുഖത്തേക്ക് ഒന്ന് നോക്കി. അത് അവർ ആയിരുന്നു.

അയാൾ ആ ശരീരം പുഴക്കരയിൽ കിടത്തി. നെഞ്ചിൽ കുത്തേറ്റ പാടുകൾ.

അയാൾ അവരുടെ ശരീരം തോളിലേറ്റി നടന്നു. ശരീരങ്ങൾ സൂക്ഷിക്കുന്ന ഇടം കുറച്ചു ദൂരെയാണ്.

മറ്റുള്ള രക്ഷാപ്രവർത്തകൾ അവരുടെ ശരീരം ഏറ്റുവാങ്ങാൻ വന്നു. അയാൾ വിലക്കി. അവരെ കുറച്ചു നേരമെങ്കിലും തനിയെ ചുമക്കണമെന്ന് അയാൾക്ക് തോന്നി. അവർ അതർഹിക്കുന്നുണ്ട്.

ശരീരങ്ങൾ കിടത്തുന്നിടത്ത് അയാൾ അവരെ കിടത്തി. മാറി നിന്ന് നമസ്കരിച്ചു.

മരിച്ചുപോയവരുടെ കണക്കെടുക്കുന്ന ഒരാൾ വന്നു ചോദിച്ചു.

എന്താണ് അവരുടെ പേര്?

അയാൾ പറഞ്ഞു – അറിയില്ല.

# വിഷാദം

ശൂന്യതയാണ് മനുഷ്യന് ജീവിതത്തിൽ മറികടക്കാനാവാത്ത ഏറ്റവും വലിയ ദൂരം.

ആകസ്മികമായി ഒരാൾ ജീവിതത്തിലേക്ക് കടന്നുവരികയും, നിമിഷങ്ങൾക്കുള്ളിൽ ദീർഘകാലമായി നമ്മൾത്തമ്മിൽ സംവദിക്കുന്നുണ്ടായിരുന്നു എന്ന ഒരു തലം സൃഷ്ടിക്കുകയും, നമ്മുടെ ജീവിതം തന്നെ അവർ അപഹരിച്ചപോലെ തോന്നുകയും ചെയ്തിരുന്നു.

അവർക്കതിന് അവരുടേതായ കാരണങ്ങൾ ഉണ്ടായിരിക്കാം, അതല്ലെങ്കിൽ എന്തിനാണ് അവർ ഇന്നലെ സന്ധ്യക്ക് അയാളെ കണ്ടെത്തിയത്? ഒരുപക്ഷെ വളരെ നാളുകളായി അവർ അയാളെ നിരീക്ഷിക്കുന്നുണ്ടായിരിക്കാം, തീർച്ചയായും അയാളറിയാത്ത ഒരു സംഘടനയുമായി ചേർന്ന് അവർ പ്രവർത്തിച്ചിരുന്നു. അയാളെ ആ സംഘടനയിലേക്ക് ആകർഷിക്കാനാണോ അവർ കൊണ്ടുപോയത്?

എന്തായിരുന്നു അവർ അയാളെ ഒപ്പം കൂട്ടാനുണ്ടായ പ്രേരണ? എങ്ങനെയാണ് അവരുടെ തിരഞ്ഞെടുപ്പ് രീതികൾ? ഒറ്റപ്പെട്ട ഭ്രാന്തമായ ചിന്തകളുമായി തന്റെ വായനയിലെ കഥാപാത്രങ്ങളുമായി എപ്പോഴും ജീവിക്കാൻ ശ്രമിക്കുന്ന ഒരാളിൽ എന്ത് പ്രത്യേകതയാണ് അവർ കണ്ടെത്തിയത്?

എന്തായിരുന്നു അയാളുടെ ദൗത്യം?

തീർച്ചയായും അവരുടെ ദാരുണമരണത്തിനും, അങ്ങനെപറയാമോ, ഒരിക്കലുമാകില്ല. ഉരുൾപൊട്ടുന്നതിനു തൊട്ടുമുമ്പുതന്നെ അവർ കൊല്ലപ്പെട്ടിരുന്നു. അവരുടെ നെഞ്ചിലെ കത്തികൊണ്ടേറ്റ കുത്തിന്റെ പാടുകൾ വ്യക്തമാണ്, ആര് എന്ന് അന്വേഷിക്കേണ്ടതില്ല. തീർച്ചയായും അപ്പോൾ വന്നിറങ്ങിയ ഖനന കമ്പനിയുടെ വാടകക്കൊലയാളികൾ തന്നെ. കൊലയാളികളുടെ ലക്ഷ്യം അവർ തന്നെയായിരുന്നു. അവരെ ഒഴിവാക്കിയാൽ, കാട്ടിലെ മക്കൾക്ക് നിയമങ്ങളുടെ വഴിയിലേക്കുള്ള പാതകൾ അടയുമെന്ന് അവർക്ക് അറിയാമായിരുന്നു.

എല്ലാത്തിനും ദൃക്സാക്ഷിയാകാനാണോ അവർ തന്നെ ഇങ്ങോട്ട് കൊണ്ടുവന്നത്? അല്ലെങ്കിൽ അവർക്കറിയാമായിരുന്നു, ഇതവസാനത്തെ യാത്രയാണെന്ന്, അയാളിലൂടെ തന്റെ പിൻഗാമിയെ സൃഷ്ടിക്കാൻ

ശ്രമിക്കുകയായിരുന്നുവോ അവർ. ഒരുപക്ഷെ ആയിരിക്കാം, തന്റെ ജീവിതത്തിന്റെ തുടർച്ച മറ്റൊരാളിലൂടെ എല്ലാവരും ആഗ്രഹിക്കുന്നുണ്ട്.

അവർക്കാണെങ്കിൽ ജീവിതത്തിൽ സ്വന്തം സുഖവും, സ്വത്തും, പദവിയും, കുടുംബവുമല്ലാതെ ജീവിക്കാൻ മറ്റൊരു കാരണമുണ്ടായിരുന്നു.

അവർ കൊല്ലപ്പെട്ടതാണെന്ന് പുറംലോകം അറിയുകയേ ഇല്ല. ഇത്രയധികംപേർ ഒന്നിച്ചു മരിച്ചതിനാൽ, അതും ഉരുൾപൊട്ടൽമൂലം, ശാസ്ത്രീയമായ കൂടുതൽ പരിശോധനകൾ ഉണ്ടാകുമോ എന്ന് സംശയമാണ്. അഥവാ ശരിയായ പരിശോധനകൾ നടന്നാൽ തന്നെ, ഖനന കമ്പനിക്കാർ അതെല്ലാം പുറംലോകം അറിയാതിരിക്കാനുള്ള നടപടികൾ ഇപ്പോഴേ സ്വീകരിച്ചിരിക്കും.

അവർ ആക്രമിക്കപ്പെട്ടുവെന്ന് തീർച്ചയായും അവർ അറിഞ്ഞിരിക്കും, കാരണം അവരായിരുന്നു അവരുടെ ലക്ഷ്യം. ലഹളക്കിടയിൽ അവരെ തിരഞ്ഞുപിടിച്ചു തീർത്തത് തന്നെയാണ്.

എന്നാൽ ഉരുൾപൊട്ടൽ എല്ലാം മറച്ചുവെക്കും. ഉരുൾപൊട്ടുന്നതിന് മുമ്പ് ഒരു ലഹള നടന്നിരുന്നു എന്നതിന് തെളിവുകൾ ഒന്നുമില്ല. വന്ന വാടകക്കൊലയാളികളും മണ്ണിനടിയിൽപ്പെട്ടു ജീവിതത്തിൽ നിന്ന് ഒലിച്ചുപോയിരിക്കുന്നു.

അയാളുടെ ജീവിതം അപായപ്പെടാതിരിക്കാൻ അവർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അതാണല്ലോ, അയാളോട് പുറത്തേക്ക് ഇറങ്ങരുത് എന്ന് നിർബന്ധിച്ചത്.

അവർക്കൊരു പിൻഗാമിയെ വേണമെന്ന് അവർ നിശ്ചയിച്ചിരുന്നോ? അതായിരുന്നോ അയാളെ ഒപ്പം കൂട്ടാനുണ്ടായ കാരണം. തന്റെ സംഘർഷങ്ങളും ആശയങ്ങളും താനില്ലെങ്കിലും മുന്നോട്ട് കൊണ്ടുപോകാൻ മറ്റൊരാൾ.

കാടും മലയും അവിടത്തെ മനുഷ്യരെയും കാണുക എന്നതിൽ കവിഞ്ഞ മറ്റൊരു ചിന്ത അയാളിൽ ഉണ്ടായിരുന്നോ? ബസ്സിൽ ഒരേ സീറ്റിൽ ആണ് ഇരുന്നിരുന്നത് എങ്കിൽ പോലും, അതിനോടൊപ്പം ജൈവികമായ മറ്റൊരു ചിന്ത ഉണ്ടായിരുന്നില്ല. ഉറക്കം വന്നപ്പോൾ അവരുടെ ചുമലിൽ ചാരി ഉറങ്ങിയപ്പോൾ അവർ അതിനെ നിസ്സാരമായേ കണ്ടുള്ളൂ.

എന്നാൽ ഇന്നലെ സന്ധ്യയിൽ അയാളറിയാതെതന്നെ അവർ അയാളിൽ ജീവിക്കാൻ തുടങ്ങിയിരുന്നു.

അവർ, അയാൾ ഒരു പുസ്തകത്തിലും വായിക്കാത്ത ഒരു കഥാപാത്രമായിരുന്നു.

ജീവിതം അങ്ങനെയാണ്, നമ്മൾ സങ്കല്പിക്കാത്ത കഥാപാത്രങ്ങളാണ്

നമ്മുടെ ജീവിതപുസ്തകത്തിലേക്ക് കയറി വരിക. ചിലർ നമ്മളെ, അവർ വന്നുചേരുന്ന നിമിഷം മുതൽ രൂഢമൂലമായി സ്വാധീനിക്കും. ഒരു വാക്കുമതി. നമുക്ക് തോന്നും, അവർ വർഷങ്ങളായി നമ്മോടൊപ്പം ജീവിക്കുകയാണെന്ന്.

അവർ നമ്മളറിയാതെ നമ്മുടെ ജീവിതത്തെ പൊതിഞ്ഞുപിടിക്കും. സത്യത്തിൽ നമ്മൾ ഓരോരുത്തരും വളരെ സ്വതന്ത്രമായ, കെട്ടുപാടുകൾ ഇല്ലാത്ത ഒരു ജീവിതമാണ് എപ്പോഴും ആഗ്രഹിക്കുന്നത്. മറ്റുള്ളവരുടെ പരാധീനതകൾ തനിക്ക് ഏറ്റെടുക്കാൻ വയ്യ എന്നൊരു തോന്നലും അതിന് കാരണമാകുന്നുണ്ട്.

എന്നിട്ടുപോലും അയാളറിയാതെ അവർ അയാളെ അവരുടെ ജീവിതത്തിലേക്ക് വാക്കുകൾകൊണ്ട് പൊതിഞ്ഞെടുത്തു. ചില സമയത്ത് നാം നിശ്ശബ്ദരായ അനുയായികൾ ആയിപ്പോകും. ഒരു ഇന്ദ്രജാലക്കാരനെപ്പോലെ ചിലർ നമ്മുടെ മുന്നിലേക്ക് വരും, വാക്കുകളിലൂടെ, ചില ആംഗ്യങ്ങളിലൂടെ നിമിഷങ്ങൾക്കകം അവർ നമ്മിൽ ആധിപത്യം സ്ഥാപിക്കും. വേണ്ട എന്ന് മനസ്സ് പറഞ്ഞാൽപ്പോലും, നമ്മൾ അവരുടെ അനുയായിയായി മാറിപ്പോകും.

അങ്ങനെ അവരുടെ വാക്കുകളിലേക്ക് അടിമപ്പെടാൻ എന്താണ് അവരിൽ ഉണ്ടായിരുന്നത്. വശീകരിക്കുന്ന സൗന്ദര്യമൊന്നും അവർക്കില്ലായിരുന്നു. എന്നാൽ അവരുടെ വാക്കുകൾ വളരെ ശക്തമായിരുന്നു, അവരുടെ കാരണങ്ങൾ അയാളുടെ ഉള്ളിൽ തട്ടുന്നതായിരുന്നു.

എല്ലാത്തിനുമുപരി മനുഷ്യത്വം എന്നൊന്നുണ്ടല്ലോ, സഹായമില്ലാത്ത മനുഷ്യരുടെ ജീവിതത്തെക്കുറിച്ചു സഹാനുഭൂതിയോടെ ചിന്തിക്കുമ്പോൾ ആണല്ലോ നാം ആകുലതകളിൽ നിറയുന്നത്. അവരും മനുഷ്യരല്ലേ, അവർക്കും ഇവിടെ ജീവിക്കേണ്ടെ. വനവിഭവങ്ങൾ അവരുടേത് മാത്രമാണ്, എന്നിട്ടും പരിഷ്കൃതർ എന്ന സ്വയം പ്രഖ്യാപിത നവലോകം സൃഷ്ടിച്ച നമ്മൾ, അവരുടെ വിഭവങ്ങളുടെ ചൂഷണങ്ങൾ നിർബാധം തുടരുകയാണ്.

അവരുടെ മലകളിൽ നിന്നൊലിച്ചു വരുന്ന ജലകണങ്ങളിൽ ആണ് നാം നമ്മുടെ ദാഹം തീർക്കുന്നത്.

അവർ അവരുടെ പുഴ കാട്ടിൽ അണകെട്ടി നമുക്ക് ജലം തരാതിരിക്കുന്നില്ല.

ഒരു നൂറ്റാണ്ടിന് ശേഷം ഈ ഭൂമിയിൽ പർവ്വതങ്ങളോ, മലനിരകളോ, വ്യത്യസ്തങ്ങളായ സമതലങ്ങളോ കാണുമോ? സംശയമാണ്.

ഈ ഭൂമി മുഴുവൻ നിരപ്പാക്കിയെടുത്ത് വലിയ ഒരു നഗരമാക്കി

യിരിക്കും.

പുരോഗമനം അതിന്റെ ഉത്തുംഗശൃംഗത്തിൽ എത്തുമ്പോൾ ഒരുപക്ഷെ ഭൂമി ഒന്ന് അതിശക്തമായി കുലുങ്ങും.

അങ്ങനെ വീണ്ടും പർവ്വതങ്ങളും, വ്യത്യസ്ത തലങ്ങളിൽ ഉള്ള സമതലപ്രദേശങ്ങളും ഉണ്ടായേക്കാം.

ഈ ഭൂമി നിലനിൽക്കണം എന്ന അതിയായ ആഗ്രഹമുള്ളതുകൊണ്ടാണോ അയാൾ അവരെ അനുഗമിച്ചത്?

നഗരത്തിലാണ് ജീവിക്കുന്നതെങ്കിലും, കാടും, മലയും, പുഴയും, കടലും അയാൾക്ക് ജീവവായുപോലെയാണ്.

അവർ അവരുടെ മുന്നിലെ കാഴ്ചകൾ കുറഞ്ഞ വാക്കുകളിൽ അവതരിപ്പിച്ചപ്പോൾ, താൻ വായിക്കുന്ന പുസ്തകങ്ങളിലോ, അതിലെ കഥാപാത്രങ്ങളിലോ അല്ല യഥാർത്ഥ ജീവിതമെന്ന് ഒരു നിമിഷംകൊണ്ട് അയാൾ തിരിച്ചറിഞ്ഞു.

വളരെക്കാലമായി ഒരു യഥാർത്ഥ അദ്ധ്യാപകനെ കാത്തുനിന്ന വിദ്യാർത്ഥിയെപ്പോലെ, താൻ വായിച്ച പുസ്തകങ്ങളിലെ അറിവിനേക്കാൾ പ്രകൃതി തരുന്ന യഥാർത്ഥ അറിവുതേടി അയാൾ അവർക്കൊപ്പം തിരിക്കുകയായിരിക്കണം.

തീർച്ചയായും അയാളുടെ ഉള്ളിൽ ഒരു സമരാഗ്നി ജ്വലിക്കുന്നുണ്ട്. അതെല്ലാവരിലും കാണും.

അഴിമതിയോട് സമരസപ്പെടാത്ത ഓരോ മനുഷ്യരിലും ഒരു നെരിപ്പോട് എപ്പോഴും കത്തിക്കൊണ്ടിരിക്കുന്നുണ്ട്.

യുദ്ധങ്ങൾ ചെയ്തു തളർന്നവർ ആ നെരിപ്പോട് നിരാശകളുടെ തണുത്ത ജലമൊഴിച്ചു കെടുത്തും.

മറ്റുചിലർ അപ്പപ്പോൾ ഉണ്ടാകുന്ന വികാരങ്ങളിൽ ചിലപ്പോൾ നെരിപ്പോടുകൾ കത്തിച്ചു നോക്കും, പിന്നെ തന്റെയുള്ളിലെ വിറകുകൾ നനഞ്ഞുപോയെന്ന് തിരിച്ചറിയും.

ഇന്നത്തെ വ്യവസ്ഥിതിയെക്കുറിച്ചു പരിതപിച്ചു, രണ്ടു പെഗ്ഗടിച്ചു കിടന്നുറങ്ങും.

ഞാൻ വിചാരിച്ചാലൊന്നും ഈ ഭൂമി നന്നാകില്ല – ഇതാണോ ഓരോ വീടിന്റെ മുന്നിലും കൊത്തിവെക്കേണ്ട ആപ്തവാക്യം?

ഒരു ദിവസം മുഴുവൻ എന്ന് പറയാനില്ല, ഇന്നലെ സായാഹ്നത്തിൽ അവർ അയാളുടെ ജീവിതത്തിലേക്ക് കയറിവന്നു. വരൂ എന്ന് പറയാതെ തന്നെ അയാൾ അവരെ പിന്തുടർന്നു. ബസ്സിൽ അവരുടെ ചുമലിൽ തലചാരി ഉറങ്ങി. കാട്ടിലെ മക്കളുടെ ജീവിതത്തിലേക്ക് അവർ

ഇഴുകിച്ചേരുന്നത് കണ്ട് അത്ഭുതപ്പെട്ടു.

സമരങ്ങളിൽ പിന്നിൽ നിൽക്കാതെ, മുന്നിൽ നിന്ന് നയിച്ചിരിക്കണം, അതാണല്ലോ അവരുടെ നെഞ്ചിലെ കത്തിക്കുത്തുകൾ സൂചിപ്പിക്കുന്നത്.

ഒരുപക്ഷെ അവർ അവരുടെ സമരങ്ങളിൽ പരാജയപ്പെടുമെന്ന് പ്രകൃതിക്ക് മുമ്പേ അറിയാമായിരുന്നോ? നിയമങ്ങളും അധികാരികളും ഭരണകൂടങ്ങളും അവരുടെ സഹായത്തിന് എത്തില്ല എന്ന് മലനിരകൾ തിരിച്ചറിഞ്ഞോ? ഈ ഉരുൾപൊട്ടൽ പ്രകൃതിയുടെ കൂടി ആത്മാഹുതി ആയിരുന്നോ? അതോ പ്രകൃതിയുടെ പ്രതികാരമോ? എന്റെ മക്കൾ കായികമായി ജയിക്കില്ല എന്ന് തിരിച്ചറിഞ്ഞ, അവരുടെ നേതാവായ അവർക്ക് കത്തിക്കുത്തേറ്റ് താഴെ വീണപ്പോൾ, കാടിന്റെ മക്കൾ പൂർണ്ണമായി തോൽക്കാതിരിക്കാൻ ഭൂമിയിളകി വന്നു എല്ലാവരെയും മണ്ണിന്നടിയിൽ കുഴിച്ചുമൂടിയതാണോ?

ഈ ഉരുൾപൊട്ടൽകൊണ്ട് വീണ്ടും ഖനനത്തിനായി ഇങ്ങോട്ടു വരരുതെന്ന മുന്നറിയിപ്പാണോ?

അതോ ഇത് ഒരു പരിസ്ഥിതിലോല മേഖലയാണെന്ന് നിയമത്തിന്റെ കണ്ണിന് പ്രകൃതി തന്നെ തെളിവുകൾ കാണിച്ചുകൊടുത്ത് അവതരിപ്പിച്ചതാണോ?

മനുഷ്യർക്ക് ഇടിച്ചുനിരത്താൻ ഇനിയും മലകൾ ബാക്കിയുണ്ട്.

പശ്ചിമഘട്ടപർവ്വതനിരകൾ തന്നെ അപ്രത്യക്ഷമാകുന്ന കാലം വിദൂരമല്ല!

# വിളി

**പേ**രറിയാത്ത, നാടറിയാത്ത ഒരു വ്യക്തി അവരുടെ ജീവിത സമരങ്ങളിലേക്ക് നിങ്ങളെ വലിച്ചുകൊണ്ടുപോവുകയായിരുന്നു അല്ലെ?

അയാളോട് ചേർന്ന് കിടന്നുകൊണ്ട് അവർ ചോദിച്ചു.

ജീവിതം ചില ഉൾവിളികളുടെ തുടർച്ചയാണ്. നമ്മുടെ ഉള്ളിൽ ഇരുന്നു നമ്മളെ നയിക്കുന്ന ഒരു ശക്തിയുണ്ട്. എന്റെ വിരൽത്തുമ്പുകൾ കൊണ്ട് നിങ്ങളെ തഴുകുമ്പോൾ, ഞാൻ എന്റെ ഉൾവിളികൾകൂടി നിങ്ങളിലേക്ക് പകർന്നു തരുന്നുണ്ട്.

പരസ്പരം സംസാരിക്കാതെപോലും മനുഷ്യർക്ക് ആ ഉൾവിളികൾ മറ്റുള്ളവർക്കും പകർന്നു നല്കാൻ കഴിയുന്നു.

ധ്യാനങ്ങളുടെ പൂർണ്ണതയിൽ അതിർത്തികൾ കടന്നുവരുന്ന അശരീരികൾ നമ്മുടെ ഏകാഗ്രത പിടിച്ചെടുക്കുന്നു.

കണ്ണുകൾ അടച്ചിരിക്കുമ്പോഴാണ് നമുക്ക് കൂടുതൽ കാണാൻ കഴിയുക.

ആ കാഴ്ചകൾക്ക്, തുറന്നിരിക്കുന്ന കണ്ണുകളുടെ പരിധികൾ ഇല്ല.

പരിധികളില്ലാത്ത, എങ്ങോട്ട് വേണമെങ്കിലും, നമ്മളെ ഏഴ് കുതിരകൾ പൂട്ടിയ രഥത്തിൽ എന്നപോലെ, അതിവേഗത്തിൽ യാത്രകളിലേക്ക് നയിക്കുന്ന ചിന്തകൾ.

പഠനകാലത്ത് ഓരോ പുസ്തകങ്ങൾ വായിച്ചുകഴിയുമ്പോഴും, ഞാനതിലൂടെ സഞ്ചരിക്കുമായിരുന്നു. ചിലപ്പോൾ വായിച്ചുകഴിഞ്ഞ ആ പുസ്തകത്തെക്കുറിച്ച് കുറിപ്പുകൾ തയ്യാറാക്കും. അതിലെ ആശയങ്ങൾ എന്നിൽ ഉറപ്പിച്ചുനിർത്താൻ അതെന്നെ ഏറെ സഹായിച്ചിരുന്നു.

നിരന്തരമായ ആ വായനകൾ, നൂറ്റി ഇരുപത്തെട്ട് വിശ്വവിഖ്യാത കഥകളുടെ നൂറുപേജുകളിൽ ഒതുക്കിയ സംഗ്രഹങ്ങൾ, ഒരു ഭ്രാന്തായി തന്നെ ഞാൻ തുടർന്നു. കോളേജിലെ വിശാലമായ ലൈബ്രറിയിൽ വശങ്ങളിൽ ഇരുന്നു വായിക്കാൻ വലിയ മേശകൾ ആണ് ഉണ്ടായിരുന്നത്. നടുക്ക് തട്ടുകളിൽ അടക്കിവെച്ചിരിക്കുന്ന അനേകായിരം പുസ്തകങ്ങൾ.

ചില പുസ്തകങ്ങൾ ക്ളാസ്സിൽ കയറാതെ ഒറ്റയിരിപ്പിന് മൂലയിലുള്ള ആ മേശയിൽ ഇരുന്നു വായിച്ചു തീർത്തിട്ടുണ്ട്. പുസ്തകങ്ങൾ മാറ്റിക്കിട്ടാൻ

അടുത്ത ദിവസം വരെ കാത്തുനിൽക്കണം. പല സുഹൃത്തുക്കളും അവരുടെ ലൈബ്രറി കാർഡുകൾ എന്റെ വായനക്കായി തരും.

എന്റെ മലയാളം പ്രൊഫസർക്ക് എന്നോട് അതിരുകവിഞ്ഞ സ്നേഹമായിരുന്നു. എന്നാൽ പരിധിവിടും എന്ന് എനിക്ക് മനസിലായപ്പോൾ പിന്നെ എന്റെ കൂട്ടുകാരനെ കൂട്ടിമാത്രമേ അദ്ദേഹത്തെ കാണാൻ പോകുമായിരുന്നുള്ളൂ.

ചിലപ്പോൾ അദ്ദേഹത്തിനുണ്ടായിരുന്ന പ്രണയം എന്നോടായിരിക്കില്ല, എന്റെ വാക്കുകളോടായിരിക്കാം.

പക്ഷെ ആ വാക്കുകളുടെ ആത്മാവിനെ മാത്രമാണോ മറ്റൊരാൾ പ്രണയിക്കുന്നത്? ആ പ്രണയം അയാൾ സാക്ഷാൽക്കരിക്കുന്നതിന് ഒരു രൂപം വേണം. അപ്പോൾ അവരുടെ ഉള്ളിൽ നിറയുക, നിങ്ങൾ എഴുതിയ അക്ഷരങ്ങൾ അല്ല, നിങ്ങളുടെ ശരീരങ്ങളുടെ ലാളനയായിരിക്കും. ആ ശരീരം സ്വന്തമാക്കുന്നതിലൂടെ, നിങ്ങൾ എഴുതിയ അക്ഷരങ്ങൾ അവരുടെതായെന്ന ഒരു ചാരിതാർത്ഥ്യം അവർ മനസ്സിൽ തീർക്കുന്നു ണ്ടോ, അതോ ആ എഴുത്തിന്റെ ഉടമയുടെ ബൗദ്ധികതലത്തിന്റെ ഒരംശം അവർ കട്ടെടുത്തെന്ന തോന്നലോ?

എന്താണ് ഒരു എഴുത്തുകാരനെ, എഴുത്തുകാരിയെ അവരുടെ അക്ഷരങ്ങൾ വായിച്ച ഒരാൾക്ക് തേടിപ്പോകാൻ ഉള്ളിൽ തോന്നിപ്പിക്കുന്ന ഉൾവിളി, അല്ലെങ്കിൽ ആ വികാരം.

അക്ഷരങ്ങളിലൂടെ നൽകിയ അനുഭൂതിയോ, അനിർവചനീയങ്ങളായ അറിവിന്റെ പ്രകാശഗോപുരങ്ങളോ, അതോ പുറംചട്ടയിലെ ആകർഷിക്കുന്ന അവരുടെ ചിത്രമോ?

വിചിത്രങ്ങളായ മാനസികവ്യാപാരങ്ങൾ ഉള്ള ഒരത്ഭുതജീവിയാണ് മനുഷ്യൻ.

എങ്ങോട്ടു പോകണമെന്നോ, എവിടെവരെ പോകണമെന്നോ ആരും പറയാതെ പറക്കുന്ന മനസ്സ്.

ഇന്നലെരാത്രി കണ്ട അതിമനോഹരങ്ങളായ ജീവിതസ്വപ്നങ്ങൾ ഓർത്തെടുക്കാൻ ശ്രമിച്ചു പരാജയപ്പെടുന്ന മനുഷ്യൻ. എന്നാൽത്തന്നെ ആരോ പിറകിൽ നിന്ന് തലയ്ക്കടിക്കുന്ന സ്വപ്നം എന്നും ഓർത്തെടുക്കുന്ന മനസ്സ്, ആരാണ് അത്, ആരായിരിക്കും അത്, എന്തിനായിരിക്കണം അയാൾ/അവൾ എന്നെ അടിച്ചത്, എന്ത് തെറ്റാണ് ഞാൻ അവരോട് ചെയ്തത് – അങ്ങനെ നൂറായിരം ചോദ്യങ്ങൾ ആ സ്വപ്നത്തെ ചുറ്റിപ്പറ്റി അയാളെ എന്നും വലിച്ചു മുറുക്കിക്കൊണ്ടിരിക്കും. മറക്കണമെന്ന് സ്വയം വിചാരിച്ചാൽ പോലും, മരത്തിൽ തൂങ്ങിക്കിടക്കുന്ന വവ്വാലുകളെപ്പോലെ ആ ചിന്തകൾ നിങ്ങളെ അലോസരപ്പെടുത്തിക്കൊണ്ടിരിക്കും, എപ്പോൾ

വേണമെങ്കിലും നിങ്ങളുടെ ഉള്ളിൽ ചിറകടിച്ചുപറക്കാൻ അവർ എന്നും നിങ്ങളുടെ തലച്ചോറിൽ തൂങ്ങിക്കിടക്കും.

ഭ്രാന്തമായിരുന്നു ആ കാലം. പാഠപുസ്തകങ്ങളെക്കാൾ ഞാൻ സ്നേഹിച്ചത് കഥാപുസ്തകങ്ങളെയാണ്. ആ കാലഘട്ടത്തിലെല്ലാം, വായിച്ച എല്ലാ പുസ്തകങ്ങളും എനിക്ക് നല്ല ഓർമ്മയുണ്ടായിരുന്നു. പിന്നെ സോഫ്റ്റ്‌വെയർ പ്രോഗ്രാമിൽ ഞാൻ എന്റെ തലപൂഴ്ത്തിയതോടെ കഥകളെല്ലാം എന്നിൽ നിന്നും പറന്നകന്നു.

ആ കാലഘട്ടമെല്ലാം വല്ലപ്പോഴും വിരുന്നുവരുന്ന ഓർമ്മകളായി.

ജീവിതത്തിൽ ഒരിക്കലും തിരിച്ചുപോകാനാവാത്ത ആ കാലഘട്ടം, നമ്മിൽ നിറഞ്ഞു നിൽക്കാൻ നമ്മൾ ഓരോരുത്തരും ആത്മാർത്ഥമായി കൊതിക്കുന്നു.

പഠനകാലഘട്ടംപോലെ ജീവിതത്തിൽ മറ്റൊരു സുവർണ്ണകാലഘട്ടമില്ല.

അത് മാത്രമാണോ സത്യം. ജീവിതത്തിലെ ഓരോ ദിവസവും സുവർണ്ണലിപികളിൽ എഴുതിവെക്കേണ്ടതല്ലേ? വേദനകളും, വിഷമങ്ങളും, വിദ്വേഷങ്ങളും, കലങ്ങിയ കണ്ണുകളും, നെഞ്ചിൽ ആക്രോശിക്കുന്ന വാക്കുകളും, നമ്മുടെ തന്നെ ജീവിതങ്ങൾ അല്ലെ? സമാധാനത്തിന്റെയും സന്തോഷത്തിന്റെയും ദിവസങ്ങൾ മാത്രം കോർത്തിണക്കി ജീവിതം സുരഭിലമാക്കാൻ കഴിയുമോ? ഒരിക്കലുമില്ല.

ഉള്ളിൽ തോന്നുന്ന ഉൾവിളികൾ നന്നായി ആസ്വദിക്കുക.

ചെറുപ്പകാലത്ത് നാം അച്ഛന്റെയും അമ്മയുടെയും കൈകൾപിടിച്ച് ബന്ധുക്കളുടെ വീട്ടിലേക്ക് ഒരുപാട് യാത്രകൾ പോയിട്ടുണ്ട്. അധികവും, അമ്മായിമാരുടെ വീടുകളിലേക്ക്, തിരിച്ചു പോരുമ്പോൾ ആരുമറിയാതെ ഒരു തുക അമ്മായിമാർ നമ്മുടെ കുഞ്ഞുകൈകളിൽ തിരുകിത്തരുമായിരുന്നു. എനിക്ക് പിറക്കാതെപോയ എന്റെ മകൻ, അല്ലെങ്കിൽ മകൾ, അവർക്കൊരു സന്തോഷം. അന്ന് ദാരിദ്ര്യത്തിന്റെ കാലമായിരുന്നു. അത് കുഞ്ഞുങ്ങൾക്ക് കിട്ടുന്ന ലോട്ടറി ആയിരുന്നു. ഉത്സവപ്പറമ്പിൽ നിന്ന് ഒരു കളിപ്പാട്ടം വാങ്ങാൻ, ഇഷ്ടപ്പെട്ട ഒരു മിട്ടായി വാങ്ങാൻ.

ഇന്നത്തെ കുഞ്ഞുങ്ങൾക്ക് അതിനൊന്നും ഭാഗ്യമില്ല. കാരണം അവർ ബന്ധുക്കളെ ആരെയും കാണാറുമില്ല, അവർക്ക് പോക്കറ്റ് മണിയുള്ളതിനാൽ അമ്മായിമാരുടെ കൈനീട്ടം ആവശ്യവുമില്ല.

സമ്പത്താണ് മനുഷ്യനെ സ്വാതന്ത്രനാക്കുന്നത്. ജീവിതത്തിന്റെ മധ്യമേഖല കടക്കുമ്പോൾ, ചിലരെങ്കിലും, അതുവരെ നടത്തിയ ജീവിതയുദ്ധങ്ങളിൽ നിന്ന്, ചെറിയ സാമ്പത്തിക സ്വാതന്ത്ര്യമെങ്കിലും കണ്ടെത്താൻ ശ്രമിക്കും. പക്ഷെ അപ്പോഴാകും, കഴിഞ്ഞുപോയ യുവത്വം

താൻ ആസ്വാദിച്ചിരുന്നില്ല എന്ന് തിരിച്ചറിയുക.

ജീവിതത്തിൽ ഓരോ കാലഘട്ടത്തിനും, അതിന്റെതായ കർത്തവ്യങ്ങളും, കർമ്മങ്ങളുമുണ്ട്.

പെയ്യുന്ന ഓരോ ഘോരമഴയും, കൊടുങ്കാറ്റും, കത്തുന്ന വെയിലും, ഇളംകാറ്റും ഓരോ മരവും അനുഭവിക്കുന്നുണ്ട്. നമ്മൾ മനുഷ്യർ, വീടിനുള്ളിൽ അഭയം തേടി, അതെല്ലാം അനുഭവിക്കാതെ, ആസ്വദിക്കാതെ കടന്നുപോകുന്നു.

നമുക്ക് പ്രകൃതിയോട് ഭയമാണോ? അതോ ഒരു മഴച്ചാറലിന്റെ മാസ്മരികത അനുഭവിക്കാതിരിക്കാൻ, കുടനിവർത്തി നാം പ്രകൃതിയെ പ്രതിരോധിക്കുകയാണോ?

ആകാശത്തിൽ നിന്ന് പൊഴിയുന്ന ജലകണങ്ങൾ ഭൂമിയിൽ പതിക്കുന്നുണ്ട്. ഭൂമിയിൽ നടക്കുന്ന മനുഷ്യൻ കുടകൾ നിവർത്തി മഴയിൽ നിന്നൊഴിഞ്ഞു നടക്കുന്നു. അപ്പോൾ ആകാശത്തിനും ഭൂമിക്കും ഇടയിൽ ജലകണങ്ങളിലൂടെയുള്ള ഒരു സംവേദനത്തിൽ നിന്ന് നാം സ്വയം അപ്രസക്തർ ആകുന്നു. ആകാശത്തിനും ഭൂമിക്കും ഇടയിൽ നടക്കുന്ന ആ സംഭാഷണങ്ങൾ നമ്മുടെ നെറുകയിൽ പതിച്ചു, കർണ്ണപുടങ്ങളിലൂടെ ഒലിച്ചിറങ്ങി, കണ്ണുകളെ തടവി, കവിളുകളെ തഴുകി, കഴുത്തിൽ ഉമ്മവെച്ചു, നെഞ്ചിലൂടെ ഉഴിഞ്ഞു, നിമ്നോന്നതങ്ങളിൽ നനഞ്ഞും, കാലുകളിലൂടെ പാദങ്ങളിലൂടെ ഭൂമിയിലേക്ക് ഒലിച്ചിറങ്ങിപ്പോകേണ്ടതല്ലേ.

ജീവിതത്തിൽ നാമനുഭവിക്കാത്ത മഴകളാണ് നമുക്കുചുറ്റും പെയ്തുതോർന്നിട്ടുള്ളത്.

എനിക്ക് പരിപൂർണ്ണ ഭ്രാന്തായെന്ന് നിങ്ങൾ ഉറപ്പിച്ചോ?

അവരെ തന്റെ നെഞ്ചിലേക്ക് വലിച്ചുകയറ്റി അയാൾ പറഞ്ഞു, നിങ്ങളാണ് എന്നിൽ ഇപ്പോൾ പെരുമഴയായി പെയ്തുകൊണ്ടിരിക്കുന്നത്.

# വിരാടം

"**ലോ**കം ഒരു തകർച്ച നേരിടുമ്പോൾ, നമ്മളും ആ തകർച്ചയുടെ ഭാഗമാണ്, അപ്പോൾ നമുക്ക് മാത്രമായി ഒരു വിജയകവചം ഒരുക്കാനാകില്ല, എല്ലാ തകർച്ചകളിൽ നിന്നും ലോകം തിരിച്ചു വന്നിട്ടുണ്ട്, നമ്മളും അതിനോടൊപ്പം തിരിച്ചുവരും"

ഈ മഹാനഗരത്തിൽ ധിഷണശാലികളായ ഒരുകൂട്ടം വനിതകളുടെ കൂട്ടായ്മയുണ്ട്. പഠിപ്പും പത്രാസും ഉള്ളവർ എന്ന് മറ്റുള്ളവർ പറയും. നല്ല പഠിപ്പും, നല്ല ജോലിയും, അതിനോടൊപ്പം അവരവരുടേതായ ബിസിനസും, ശാരീരിക കഴിവുകളും, സാമ്പത്തിക വളർച്ചയും നേടിയവർ അവർക്കിഷ്ടമുള്ള പത്രാസ് കാണിച്ചാൽ നിങ്ങളെന്തിന് അസൂയപ്പെടണം.

നിങ്ങൾ സ്വന്തം കഴിവുകൾ തിരിച്ചറിഞ്ഞു, വളർത്തിയെടുക്കാതെ, വെല്ലുവിളികൾ നേരിടാതെ, മറ്റുള്ളവരുടെ വളർച്ചകണ്ട് കലിപൂണ്ടിരുന്നാൽ നിങ്ങൾക്ക് ആഘോഷിക്കാനാവുന്ന ഒരേഒരു വികാരം അസൂയ മാത്രമാണ്, വേണമെങ്കിൽ നിരാശയും ഒഴിച്ചു കുടിക്കാം.

അവരുടെ കൂട്ടായ്മയിലേക്ക് എന്നെ കൂട്ടിച്ചേർക്കുകയായിരുന്നു. എന്തുകൊണ്ട് എന്നെ അവരിലേക്ക് ചേർത്തു എന്ന് അവിടെ ചെന്നപ്പോൾ എനിക്ക് മനസ്സിലായി.

അവരെല്ലാവരും കർമ്മശേഷികൊണ്ട് ഒരു പുതിയലോകം അവർക്ക് ചുറ്റും സൃഷ്ടിച്ചവർ ആയിരുന്നു. അവരുടെ രീതികൾ ആണ് എന്നെ അതിലേക്ക് പെട്ടെന്ന് ആകർഷിച്ചത്.

തുടങ്ങുമ്പോൾ അത് അഞ്ചുപേരുടെ മാത്രം കൂട്ടായ്മയായിരുന്നു.

വനിതകളുടെ കഴിവുകൾ തിരിച്ചറിഞ്ഞു, അതിനെ വളർത്തിയെടുത്തു, അവരുടെ ജീവിതം ഉയരങ്ങളിലേക്ക് വളർത്തിയെടുക്കുകയായിരുന്നു ആ സംഘടനയുടെ ലക്ഷ്യം.

നഗരത്തിൽ ഏറ്റവും വലിയ വസ്ത്രവ്യാപാരകേന്ദ്രം നടത്തുന്നവർ തന്നെയാണ് ആ സംഘടനയുടെ ചുക്കാൻ പിടിച്ചിരുന്നത്. ആപത്ഘട്ടത്തിൽ തളരുന്നവരല്ല, വളരുന്നവരാണ് സ്ത്രീകൾ എന്നാണ് അവർ ആമുഖ സംഭാഷണത്തിൽ പറഞ്ഞത്. അവർ തന്നെയായിരുന്നു ഏറ്റവും വലിയ ഉദാഹരണം.

സ്ത്രീകളുടെ ചെറിയചെറിയ സമൂഹം കെട്ടിപ്പടുത്ത് അവരിൽ സാമ്പത്തിക സ്വാതന്ത്ര്യം സൃഷ്ടിക്കുക എന്നതായിരുന്നു അവരുടെ ലക്ഷ്യം. നിങ്ങൾക്ക് വേണ്ടത് നേടിക്കഴിഞ്ഞാൽ, സമൂഹത്തിൽ ആവശ്യമുള്ളവരെ സഹായിക്കാൻ മടിക്കരുത്, അവിടെയെല്ലാം നിങ്ങളുടെ പേര് കൊത്തിവെക്കണം എന്ന് ശഠിക്കുകയുമരുത്.

പെട്ടെന്നുള്ള വളർച്ചയും, അതോടൊപ്പം സ്ഥിരോത്സാഹിയായ ഒരു മേഖല എന്ന നിലയ്ക്കാണ്, അവർ ഓഹരി വിപണിയെക്കുറിച്ച് ആ സംഘത്തെ കൂടുതൽ പഠിപ്പിക്കാൻ തുടങ്ങിയത്. ദിവസേനയുള്ള വിൽക്കൽ വാങ്ങലുകൾ അല്ല. സാധാരണക്കാർക്ക് അത് അപടകമാണ്. വളരെ നല്ല കമ്പനികൾ തിരഞ്ഞെടുത്ത് അതിൽ ചെറുതായി നിക്ഷേപിക്കുക. നാളെ കോടിശ്വരിയാകും എന്നൊരിക്കലും ധരിക്കരുത്. പടിപടിയായി നിങ്ങളുടെ നിക്ഷേപങ്ങൾ പലപല മേഖലയിലെ ഏറ്റവും നല്ല കമ്പനികളിൽ നിക്ഷപിക്കുക. നാലഞ്ച് വർഷം കഴിയുമ്പോൾ നിങ്ങൾ അതിന്റെ വളർച്ചകണ്ട് അത്ഭുതപ്പെടും. വലിയ ലാഭം കാണുമ്പോൾ ഉടനെ വിറ്റ് കാശ് പിൻവലിക്കാനുള്ളതല്ല. മറിച്ചു നിങ്ങളുടെ വലിയ സ്വപ്നങ്ങൾക്കായി മാത്രം പണം പിൻവലിക്കുക.

കോവിഡ് തുടങ്ങിയ ഉടനെയായിരുന്നു, അവർ ആ സംരംഭം തുടങ്ങിയത്. അപ്പോൾ പലരും നഷ്ടത്തിലേക്ക് കൂപ്പുകുത്തി തകർന്നിരിക്കുകയായിരുന്നു. അപ്പോഴാണ് ദൈവവചനങ്ങൾ പോലെ അവർ പറഞ്ഞത്:

“ലോകം ഒരു തകർച്ച നേരിടുമ്പോൾ, നമ്മളും ആ തകർച്ചയുടെ ഭാഗമാണ്, അപ്പോൾ നമുക്ക് മാത്രമായി ഒരു വിജയകവചം ഒരുക്കാനാകില്ല, എല്ലാ തകർച്ചകളിൽ നിന്നും ലോകം തിരിച്ചു വന്നിട്ടുണ്ട്, നമ്മളും അതിനോടൊപ്പം തിരിച്ചുവരും”

പത്തുപേരുടെ ഒരു സംഘം, അവർ ഓഹരിവിപണിയെക്കുറിച്ചു പഠിച്ചു പൂർത്തിയാകുമ്പോൾ, അതിൽ ഓരോരുത്തരും അടുത്ത പത്തുപേരെ തിരഞ്ഞെടുത്തു പരിശീലിപ്പിക്കാൻ ബാധ്യസ്ഥരാണ്. ഒരു വർഷത്തിനകം പതിനായിരത്തിലധികം പേർ ഈ സംഘടനയിലൂടെ നിശബ്ദമായി ഒരു സമ്പാദ്യശീലത്തിലേക്ക് ചുവടുവെച്ചു.

ആരുമറിയാതെ അവരുടെ സമ്പാദ്യങ്ങൾ വളർന്നു. അവരുടെ ജീവിതരീതികൾ മാറി. ജീവിക്കാൻ ഇനി കൈനീട്ടേണ്ട എന്നവർ തിരിച്ചറിഞ്ഞു. അവരിലെ വ്യക്തികൾ സ്വയം വളർന്നു ശക്തിപ്പെട്ടു. ഉടുക്കാൻ നല്ല വസ്ത്രങ്ങൾ, ഓടിക്കാൻ ഇഷ്ടമുള്ള വണ്ടികൾ, ജീവിതം ഏത് രീതിയിൽ ആസ്വദിക്കണമോ, അതിനെല്ലാം സ്വാതന്ത്ര്യം, എല്ലാത്തിലുമുപരി, വീട്ടിലും നാട്ടിലും അവർ നേടിയെടുത്ത അഭിമാനം, ഗർവ്വ്, അസൂയ, ആദരവ്.

ഞാനും ഏകദേശം പത്ത് സംഘങ്ങളെ വളർത്തിയെടുക്കുന്നതിന്റെ ഭാഗമായിരുന്നു. അതിൽ ഇപ്പോഴും അഭിമാനം തോന്നുന്ന കാര്യം, ഞങ്ങൾ ഓരോ സംഘവും, അടുത്തുള്ള കോളനികളിലെ അർഹതയുള്ള ഒരു പെൺകുട്ടിയെ കണ്ടുപിടിച്ചു അവർക്ക് ഓരോ ഓട്ടോ വാങ്ങിക്കൊടുത്തതാണ്, വെറുതെയല്ല, സ്വന്തം ജാമ്യത്തിൽ തിരിച്ചടവോടെ മാത്രം.

ഒന്നും സൗജന്യമല്ല, ഈ ജീവിതം പോലും.

തലമുറകളിലേക്ക് പടർന്നിറങ്ങുന്ന സ്ത്രീശാക്തീകരണത്തിന്റെ ഏറ്റവും വലിയ ഉദാഹരണമായിരുന്നു അത്.

അടിമകളല്ലാതെ, സ്വന്തം ബുദ്ധിയും ആലോചനകളും കൊണ്ട് പുതിയ ലോകം സൃഷ്ടിക്കുന്നവർ.

ഒന്നും വലുതായി തുടങ്ങേണ്ട. ചെറുതായി, ചെറുതായി അറിയാതെ വളരുന്ന ഇന്ദ്രജാലം.

പലതുള്ളി പെരുവെള്ളം.

ലോകത്ത് നടക്കുന്ന എന്ത് കാര്യവും ഓഹരി വിപണിയെ ബാധിക്കും, അതിനാൽതന്നെ ഉയർച്ചതാഴ്ചകൾ ഉണ്ടാകും. എന്നാൽ നിങ്ങൾ ഓഹരി വിപണിയിൽ പ്രവേശിക്കുന്നതോടെ സാമ്പത്തിക കാര്യങ്ങൾ പഠിക്കാൻ നിർബന്ധിതരാകും. എന്തുകൊണ്ട് ഓഹരിവിപണി ഇടിയുന്നു, ലോകത്തിന്റെ ഏതു ഭാഗത്താണ് യുദ്ധം തുടങ്ങിയത്, എന്താണ് പ്രശ്നങ്ങൾ. എവിടെയൊക്കെയാണ് വളർച്ചകൾ. ഇന്ത്യയിലെ പുതിയ അടിസ്ഥാന സൗകര്യവികസനങ്ങൾ ഏതൊക്കെ കമ്പനികൾക്കാണ് ഗുണപ്രദമാകുന്നത്, പുതിയ വികസന മേഖലകൾ എന്തൊക്കെയാണ്.

നിങ്ങൾ കൂടുതൽക്കൂടുതൽ പഠിക്കാൻ തുടങ്ങുന്നു. നിങ്ങളുടെ തലച്ചോറ് കൂടുതൽക്കൂടുതൽ അറിവുകൾ ഗ്രഹിക്കാൻ തുടങ്ങുന്നു. നിങ്ങൾ കൂടുതൽ ഊർജ്ജസ്വലരായ മനുഷ്യരായി മാറുന്നു.

എന്തുകൊണ്ട് നമ്മുടെ സാമ്പത്തിക വാണിജ്യകാര്യ ശാസ്ത്രങ്ങൾ പഠിക്കുന്ന കുട്ടികളെ അവർ പഠിക്കുന്ന കാലം തൊട്ടേ ഓഹരിവിപണിയിൽ ചെറിയ തോതിൽ കൈകാര്യം ചെയ്യാൻ പഠിപ്പിക്കുന്നില്ല. മൂന്നോ നാലോ കൊല്ലം കഴിയുമ്പോൾ ഒരു ബിരുദത്തോടൊപ്പം, അവർ ജീവിക്കാനുള്ള ഒരു തൊഴിലും, അതും പഠിച്ചമേഖലയിൽതന്നെ സ്വായത്തമാക്കിയിരിക്കും. പിന്നെ ജോലിക്കായുള്ള കോച്ചിങ്ങിന് നടക്കാതെ സ്വന്തം കാലിൽ നിന്നുകൊണ്ട് ജീവിതം പടുത്തുയർത്താൻ അവർക്ക് വലിയ വിശ്വാസമായിരിക്കും.

തോൽവികൾ ഉണ്ടാകില്ല എന്നല്ല. തോൽവികൾ എല്ലാ മേഖലയിലും ഇല്ലേ?

മറ്റുള്ളവരുമായി മത്സരിക്കരുത്, മത്സരിക്കേണ്ടത് അവനവനോടാണ്. കൂടുതൽക്കൂടുതൽ വിജയങ്ങൾ നിങ്ങൾ നേടിയെടുക്കുമ്പോൾ, അതിന്റെ ചെറിയൊരു ഭാഗമെങ്കിലും, ഇല്ലാത്തവർക്ക് കൊടുക്കാൻ നീക്കി വെക്കണം.

നിങ്ങൾ അറിയാത്ത മനുഷ്യരുടെ, നിങ്ങൾക്കായുള്ള പ്രാർത്ഥനകൾ എന്നും നിങ്ങൾക്ക് നന്മകൾ മാത്രമേ തരൂ. ആരുമറിയാത്ത ഒരു അനുഗ്രഹം ആനന്ദം സമാധാനം എപ്പോഴും നിങ്ങളെ പൊതിഞ്ഞു നിൽക്കും.

അഭംഗുരം തുടരുന്ന നന്മകളുടെ ഗുണിതങ്ങൾ ഈ ലോകത്തിനെ കൂടുതൽ നന്മകളിലേക്ക് നയിക്കും എന്ന പ്രത്യാശയിലാണ് ഞങ്ങൾ ഓരോരുത്തരും.

പെൺകുട്ടികൾ വളർന്നുവരുമ്പോൾത്തന്നെ അവരെ സാമ്പത്തിക സ്വാതന്ത്ര്യത്തിലേക്ക് നയിച്ചാൽ പുരോഗതിയിലേക്ക് നാം വളരെ വേഗത്തിൽ നടന്നു കയറും.

ഇതുവരെ ഞാൻ പറഞ്ഞതിനെക്കുറിച്ചു നിങ്ങൾക്ക് എന്ത് തോന്നുന്നു.

അവരുടെ കൈകൾ എടുത്തു നെഞ്ചിൽ ചേർത്ത് അയാൾ പറഞ്ഞു.

നിങ്ങളെക്കുറിച്ചു വലിയ അഭിമാനം തോന്നുന്നു. ഈ തിരക്കുപിടിച്ച നഗരത്തിനുള്ളിൽ ആരുമറിയാതെ സ്ത്രീശാക്തീകരണത്തിനായി പ്രവർത്തിക്കുന്ന നിങ്ങൾ ഓരോരുത്തരും സാമ്പത്തിക വളർച്ചയുടെയും, സ്ത്രീകളുടെ സ്വാഭിമാനം ഉയർത്തുന്ന പ്രവർത്തനങ്ങളുടെയും ജീവിത അംബാസഡർമാരാണ്.

സമ്പത്ത് മനുഷ്യരുടെ എല്ലാവിധ വിശപ്പുകളും തുടച്ചു മാറ്റുന്നു.

സ്വയംപര്യാപ്തതയാണ് എല്ലാ പ്രശ്നങ്ങളിൽ നിന്നുമുള്ള മോചന മാർഗ്ഗം.

ഒന്ന് ചോദിക്കട്ടെ, നിങ്ങൾ ഏറ്റവും കൂടുതൽ നിക്ഷേപിച്ചിട്ടുള്ള രണ്ട് ഓഹരികൾ ഏതൊക്കെയാണ്?

അവർ പേരുകൾ പറഞ്ഞു.

മികച്ച തീരുമാനം, അയാൾ അവർക്ക് കൈകൊടുത്തു.

അയാളുടെ കൈകൾ മുറുകെ പിടിച്ചു കുലുക്കുമ്പോൾ അവർ അയാളുടെ കണ്ണുകളിൽ നോക്കി ചോദിച്ചു.

നിങ്ങളുടെ പ്രധാന ഓഹരി നിക്ഷേപങ്ങളും അതിൽത്തന്നെയല്ലേ?

അവർ പരസ്പരം നോക്കി, അവരറിയാതെ ഒരു പുഞ്ചിരി വിടർന്നു, പിന്നെ അതൊരു പൊട്ടിച്ചിരിയായി.

# വാട്ടം

**ജീ**വിതകാലം മുഴുവൻ ഓടിക്കൊണ്ടിരിക്കാൻ ഒരു കുതിരയ്ക്കും ആകില്ല. വേണ്ടതും വേണ്ടാത്തതുമായ ചിന്തകൾക്കൊണ്ട് മനുഷ്യൻ അവനവനെത്തന്നെയാണ് വലിച്ചു മുറുക്കുന്നത്. ആ വലിച്ചുമുറുക്കലുകളിൽ ഒരാശ്വാസമോ ഒരാനന്ദമോ കണ്ടെത്തുന്ന ചിലരുമുണ്ട്. തന്റെ അരോചകമായ അവസ്ഥ തന്നിൽത്തന്നെ വളർത്തിയെടുക്കുകയും, അതിനെ രുദ്രമായി വളരാൻ അനുവദിക്കുകയും, അതിന്റെ പാരമ്യതയിൽ ഭ്രാന്തിനെ സ്വീകരിക്കുകയും ചെയ്യും.

സ്വയം ഭ്രാന്തനാവാനല്ല അവർ ശ്രമിക്കുന്നത്. എല്ലാ ഭ്രാന്തരിലും കാണുന്ന സ്വതസിദ്ധമായ ചിരിയും, മറ്റെല്ലാ അസ്വസ്ഥതകളും മറക്കാം എന്ന ചിന്ത മാത്രമാണ്, ചിലപ്പോഴെങ്കിലും ഭ്രാന്താവാൻ ചിലർ ആഗ്രഹിക്കുന്നത്.

ജീവിതത്തിൽ നിന്നുള്ള ചെറിയ ഒളിച്ചോട്ടങ്ങൾ. എല്ലാകാലവും ഭ്രാന്താവണമെന്ന് ആരെങ്കിലും കരുതുന്നു എന്ന് തോന്നുന്നില്ല. തനിക്ക് ജീവിതത്തെ നേരിടാനാവാത്ത ഒരു നിമിഷത്തിൽ നിന്ന് ഒരു മോചനം. അത് കഴിഞ്ഞു ജീവിതത്തിലേക്ക് തിരിച്ചുവന്നു ജീവിതം അതിന്റെ എല്ലാ സമാധാനത്തോടെയും, സന്തോഷത്തോടെയും ജീവിക്കണമെന്നും അവർക്കാഗ്രഹമുണ്ട്.

മനുഷ്യരുടെ സ്വന്തമായുള്ള ചിന്തകൾ മറ്റൊരാൾക്കും സങ്കല്പിക്കാനോ നിരൂപിക്കാനോ കഴിയില്ല. സന്തോഷപ്രദമായ കാര്യങ്ങൾ ചിന്തിക്കുന്ന അതേ മനസ്സ് തന്നെ, അതിനേക്കാൾ വലുതായ അധമചിന്തകളുടെ വിഹാരകേന്ദ്രങ്ങൾ ആണ്.

നന്മകളുടെ വിളനിലമായ ഒരാൾ, അതിനേക്കാൾ വലിയ തിന്മകളുടെ ചിന്തകൾ അധിവസിക്കുന്ന ഒരാൾരൂപമാണ്.

ചില മനുഷ്യരെ കണ്ടിട്ടില്ലേ, അവർ ഭൂമിയോളം ക്ഷമിക്കും, അവരുടെ ക്ഷമ അവർ വളർത്തിയെടുക്കുന്ന സന്തോഷകരമായ നിമിഷങ്ങളുടെ, ജീവിതത്തിന്റെ അതിമനോഹരമായ ഒരു മേഖലയാണ്. മറ്റുചിലർ അപ്പോൾ അയാളുടെ ക്ഷമയെ പരീക്ഷിക്കാൻ ഇറങ്ങും, ഇദ്ദേഹത്തോട് എന്ത് പറഞ്ഞാലും കുഴപ്പമില്ല, അയാൾ എന്തും സഹിച്ചോളും, എന്ന മട്ടിൽ. സത്യത്തിൽ ഭാര്യാഭർത്താക്കന്മാർക്കിടയിൽ ആണ് ഇത് ഏറ്റവും

കൂടുതൽ നടക്കുക. ഒരാൾ ഭൂമിയോളം ക്ഷമിക്കുന്ന ആളാകും, മറ്റെയാൾ അയാളെ പരീക്ഷിക്കാനുള്ള വ്യക്തിയും.

പുഴയിൽ മുങ്ങിപ്പോകുമ്പോഴും അയാൾ ക്ഷമിക്കും, പക്ഷെ മനുഷ്യനല്ലേ, പുഴയ്ക്കടിയിലെ ചെളിയിലേക്ക് കൂടി ചവിട്ടിത്താഴ്ത്താൻ ഒരുങ്ങുമ്പോൾ അയാൾ പൊട്ടിത്തെറിക്കും.

ആ പൊട്ടിത്തെറിക്ക് ഒരേയൊരു കുഴപ്പമേ ഉള്ളൂ, അപ്പോഴേക്കും അയാൾ ഒരു അഗ്നിപർവ്വതമായിരിക്കും, അയാളെ അത്രയും കാലം പ്രകോപിപ്പിച്ച ആ വ്യക്തിയിലേക്ക് അയാൾക്കൊരിക്കലും മുമ്പുണ്ടായിരുന്ന മാനസികനിലയോടെ പിന്നെയൊരിക്കലും തിരിച്ചുപോകാനാകില്ല.

പിന്നീട് പശ്ചാത്തപിക്കുമെങ്കിലും അയാൾക്ക് അപ്പോൾ നടന്നതിനെക്കുറിച്ച് നിരാശയൊന്നും ഉണ്ടാകില്ല.

ഒരു തീവ്രവാദി എപ്പോഴും എല്ലാവരിലും ജീവിക്കുന്നുണ്ട്.

ആ തീവ്രവാദിയെ മിതവാദിയാക്കി, തുടർച്ചയായി ജീവിതത്തിന്റെ നന്മകൾ ആസ്വദിച്ചു മുന്നോട്ട് നയിക്കാൻ കഴിയുന്നവർ ജീവിതം മുഴുവൻ ആസ്വദിക്കുന്നു. മറ്റുചിലർ സ്വന്തം മനസ്സിലെ തീവ്രവാദിയെ വളർത്തിയെടുത്തു, എല്ലാവരോടും എല്ലാ കാര്യത്തിനും, കലഹിച്ചും, വിജയിച്ചും, തോറ്റും, പരാജയത്തിൽ ക്രൗര്യം മൂർച്ഛിച്ചും, ചിലപ്പോഴെല്ലാം തനിക്ക് വിജയിക്കാനേ ആകുന്നില്ല എന്ന് പരിതപിച്ച് ആത്മഹത്യയെക്കുറിച്ച് ചിന്തിക്കുന്നു.

നിങ്ങൾ ഒഴിഞ്ഞുപോയാൽ ഈ ലോകത്തിന് ഒന്നുംതന്നെ സംഭവിക്കില്ലെന്ന് ആത്മഹത്യ ചെയ്യുന്ന ഒരാളും ചിന്തിക്കാറില്ല. നഷ്ടം നിങ്ങൾക്ക് മാത്രമാണ്, നിങ്ങളുടെ കുടുംബത്തിന് മാത്രമാണ്, നിങ്ങളെ സ്നേഹിക്കുന്നവർക്ക് മാത്രമാണ്.

എല്ലാവരും ഒരു ദിവസം ഈ ലോകം വിട്ടുപോകാനുള്ളതാണ്. അവരവരുടെ ജീവിതകാലം കഴിയുമ്പോൾ നാം നിശ്ചയമായും പോവുകതന്നെ ചെയ്യും.

വരുന്നതെല്ലാം നേരിടാൻ നമ്മുടെ മനസ്സിനെ പഠിപ്പിക്കുക എന്നതാണ് പ്രധാനം.

ജീവിതത്തിന്റെ ഒരു നിമിഷം, ആ നിമിഷത്തിൽ എടുക്കുന്ന തീരുമാനങ്ങൾ ആണ് നമ്മുടെ പാതകൾ തിരഞ്ഞെടുക്കുന്നത്. ആ നിമിഷം കഴിഞ്ഞാൽ ജീവിതത്തിലെ ആ സാഹചര്യം മാറിക്കഴിഞ്ഞു. പിന്നെയുള്ളത് മറ്റൊരു സാഹചര്യമാണ്, അതിനെ മറ്റൊരു രീതിയിൽ നമുക്ക് നേരിടാനാകും.

“ഈ സമയവും കടന്നുപോകും” എന്ന പ്രാർത്ഥന ചൊല്ലാൻ

മനസ്സിനെ സന്നിദ്ധഘട്ടങ്ങളിൽ പ്രേരിപ്പിക്കുന്നവർ ജീവിതത്തിലെ എന്ത് പ്രശ്നങ്ങളെയും തരണം ചെയ്യും.

തോൽവിയുടെ, കയ്പ്പുനീർ തുടർച്ചായി കുടിച്ചാസ്വദിച്ചവർ മാത്രമാണ്, വിജയങ്ങളുടെ കരിമ്പിൻനീർ കുടിച്ചു ജീവിതം ആസ്വദിച്ചിട്ടുള്ളത്.

ഒരു ചെടിയും മരവും ഒന്ന് വാടാതെ തളരാതെ വളർന്നു വലുതായിട്ടില്ല, മനുഷ്യ ജീവിതവും അങ്ങനെത്തന്നെയാണ്.

മനുഷ്യന് മറികടക്കാനാവാത്ത ഒരു സാഹചര്യവും ജീവിതത്തിൽ ഇല്ല. വളർത്തിയെടുക്കേണ്ടത് മന:ശക്തി മാത്രമാണ്. എന്തിനെയും നേരിടുമെന്നും, ജീവിതത്തിന് എന്നെ തോൽപ്പിക്കാനാവില്ല എന്ന ചിന്താഗതിയും.

സമചിന്തകളിലുള്ള മനുഷ്യർ ലോകത്തിന്റെ ഏത് കോണിലിരുന്നാലും, അവർ തമ്മിൽ ഒരു ആശയവിനിമയം നടക്കുന്നുണ്ട്.

കുറച്ചുകാലം മുമ്പ് വരെ നിങ്ങളെ എനിക്ക് അറിഞ്ഞുകൂടായിരുന്നു. നമ്മുടെ സമചിന്തകളുടെ ഏതോ നിമിഷത്തിൽ ഇങ്ങനെ ഒരാൾ എന്നെ കാത്തിരിക്കുന്നു എന്നൊരു തോന്നൽ എന്നിൽ വളർന്നു വന്നു.

അങ്ങനെയൊരാൾ ഉണ്ടാകുമോ? ഇതെല്ലാം എന്റെ വെറും തോന്നലല്ലേ, ലോകത്തിൽ എത്രയോ മനുഷ്യർ ഒരേ രീതിയിൽ ചിന്തിക്കുന്നവരുണ്ടാകാം, എന്നാൽ അവർ തമ്മിൽ കണ്ടുമുട്ടണമെന്നില്ലല്ലോ.

എന്നിട്ടും നിങ്ങളെ ഒരിക്കൽ ഞാൻ കണ്ടുമുട്ടും എന്ന ശക്തമായ തോന്നൽ എന്റെയുള്ളിൽ വളർന്നുവന്നുകൊണ്ടേയിരുന്നു. ആദ്യമൊക്കെ അവ്യക്തമായിരുന്ന നിങ്ങളുടെ രൂപം പതുക്കെപ്പതുക്കെ എന്റെ മനസ്സിൽ വളർന്നുവരാൻ തുടങ്ങിയിരുന്നു.

മനുഷ്യൻ ചിന്തകൾക്കും സ്വപ്നങ്ങൾക്കും പരിമിതികൾ ഇല്ലാത്ത ഒരു ജീവിയാണ്.

അവന്റെ തലച്ചോറിൽ വിരിയുന്ന പുഷ്പങ്ങൾ അതിന്റെ സൗരഭ്യം, അതിന്റെ സൗന്ദര്യം അവന് മാത്രം ആസ്വദിക്കാൻ കഴിയുന്ന ഒരു പ്രവാഹമാണ്.

ചിലർ അത് വാക്കുകളിലൂടെ ഒരു നീർച്ചാലാക്കി ഒഴുക്കുന്നു, പിന്നെ അതൊരു അരുവിയാകുന്നു, പിന്നെ അതൊരു പുഴയാകുന്നു. ചിലർ ആ പുനർജ്ജനിയിൽ മുങ്ങി തന്റെ ദുഷിച്ച ചിന്തകളെ ഒഴുക്കിക്കളഞ്ഞു മുക്തി നേടുന്നു.

പരമമായ മുക്തി, ഞാനത് നിങ്ങളുടെ പ്രണയത്തിൽ കണ്ടെത്തുന്നു. രണ്ടു ശരീരങ്ങളുടെ താണ്ഡവങ്ങളിൽ അവരിലെ കലുഷചിന്തകൾ അവരിൽനിന്നു കൊഴിഞ്ഞുവീണു വിയർപ്പായി ഒഴുകിപ്പോവുകയാണ്.

താണ്ഡവങ്ങളുടെ അവസാനം തളർന്നു തരിപ്പണമാക്കുന്നത് അവരുടെ ചിന്തകളിലെ വൈരങ്ങളെയാണ്.

ഒന്നുചേരുന്ന ഓരോ അവസരത്തിലും, മനുഷ്യർ അവരിൽ നിന്നുള്ള വൈരങ്ങളെ ഒഴുക്കിക്കളയുകയാണ്. അതൊരു ദ്വന്ദയുദ്ധമല്ല. മറിച്ചു രണ്ടുപേരും വിജയിക്കുന്ന ഒരു തിരിച്ചറിവാണ്.

അവരെ അയാളിലേക്ക് ഒന്നുകൂടി വലിച്ചടുപ്പിച്ച് അയാൾ പറഞ്ഞു.

അവനവനെ തിരിച്ചറിഞ്ഞു കണ്ടെത്തുന്നതാണ് ജീവിതത്തിലെ ഏറ്റവും വലിയ അറിവ്.

# വിയോജനം

**ഓ**രോരുത്തർക്കും അവരവരുടെ ജീവിതം മാത്രമേ ജീവിക്കാനാകൂ. മറ്റൊരാളെ തൃപ്തിപ്പെടുത്തികൊണ്ടുമാത്രം ജീവിതം വളരെക്കാലം മുന്നോട്ട് കൊണ്ടുപോകാൻ കഴിയുമോ എന്ന് സംശയമാണ്.

ചിലർക്ക് കഴിയുമായിരിക്കും, ഒരുപക്ഷെ ആ വ്യക്തിയെ അത്രയധികം സ്നേഹിക്കുന്നതുകൊണ്ട് ആകാം, അല്ലെങ്കിൽ മറ്റെന്തെങ്കിലും കാരണങ്ങൾ ആകാം, സമ്പത്ത് കൈവശപ്പെടുത്താൻ, അല്ലെങ്കിൽ തനിക്ക് അപ്രാപ്യമായ ഒരു ജീവിതം അവരിലൂടെ ലഭിക്കുന്നതിനാൽ അവരുടെ അടിമയായി, ചിലപ്പോൾ സത്യസന്ധമല്ലെങ്കിൽ കൂടി, അവരെ തൃപ്തിപ്പെടുത്താൻ അവരവരുടെ ജീവിതം അടിയറവെക്കാം.

ജീവിതതാളങ്ങൾ ക്രമപ്പെടുത്താൻ വളരെയധികം ഇന്ദ്രജാലങ്ങൾ ഓരോ വ്യക്തിയും പഠിക്കേണ്ടിയിരിക്കുന്നു.

ജീവിതത്തിൽ സന്തോഷം നിലനിർത്തുക എന്നത് പലപ്പോഴും ഒരു വ്യക്തിയുടെ കടമയായി വ്യാഖ്യാനിക്കപ്പെടുന്നു.

താൻ കാരണം മറ്റുള്ളവർക്ക് വേദനകൾ ഉണ്ടാവേണ്ട എന്ന് കരുതി അവരവരിലേക്ക് ഒതുങ്ങാൻ ചിലർ സന്നദ്ധരാകുന്നു. ആ സന്നദ്ധതയെ മറ്റുള്ളവർ ഒരു പ്രലോഭനമായി കാണുന്നു.

മാതാപിതാക്കൾ പറയും കുടുംബത്തിന്റെ സന്തോഷം നിന്റെ കൈകളിൽ ആണ്, ഭാര്യയും മക്കളും പറയും കുടുംബത്തിന്റെ സന്തോഷം നിങ്ങളുടെ കൈകളിൽ ആണ്.

അയാൾ അയാളോട് മാത്രം ചോദിക്കുന്ന ചോദ്യമാണ് - എന്റെ സന്തോഷം ആരുടെ കൈകളിൽ ആണ്?

ഒരുപക്ഷെ കുടുംബത്തോടുള്ള ഉത്തരവാദിത്വങ്ങൾക്കൊണ്ട് ഇത്തരം ചിന്തകളെ അയാൾക്ക് മറികടക്കാൻ കഴിഞ്ഞേക്കും.

എന്നാൽ അയാളും ഒരു മനുഷ്യനല്ലേ, നുകം കഴുത്തിലേന്തിയ കാളകൾക്ക് നിലം ഉഴുതുമറിച്ചുകഴിഞ്ഞാൽ, കഴുത്തിൽ നിന്ന് നുകം അഴിച്ചുമാറ്റി ഒരു വിശ്രമം ലഭിക്കും. അയാളുടെ നുകം അഴിച്ചുവെക്കുന്നത് പലപ്പോഴും ജീവിതം അഴിച്ചുവെക്കുമ്പോൾ ആകും.

എന്തൊക്കെ ചെയ്താലും, അയാളിൽ പരിഹാസം

കണ്ടെത്തുന്നവരുമുണ്ട്. മാതാപിതാക്കളെയും, ഭാര്യയും, മക്കളെയും ഇന്നത്തെ സാഹചര്യങ്ങളിൽ ഒന്നിച്ചൊരു കൂരക്ക് താഴെ ഒരുമിച്ചു കൊണ്ടുപോവുക സാഹസമാണ്.

തന്നെ വളർത്തി വലുതാക്കിയ മാതാപിതാക്കളെ വൃദ്ധസദനങ്ങളിലേക്ക് വലിച്ചെറിയാൻ ചില മക്കളെങ്കിലും തയ്യാറാകില്ല. തനിക്ക് ആ ഗതിയുണ്ടാകുമോ എന്ന പേടികൊണ്ടല്ല. തന്നെ അവർ വളർത്തിവലുതാക്കി ജീവിതനേട്ടങ്ങൾ നൽകിയ അഭിമാനം കൊണ്ടാണ്.

എന്നാൽ അച്ഛൻ അമ്മ ഭാര്യ മക്കൾ ഈ മൂന്നു തലമുറകളുടെ ഇടയിലെ തലമുറ വിടവുകളുടെ സംഘർഷങ്ങൾ നേരിടുന്നത് ഒരു മനുഷ്യൻ മാത്രമാണ്. നിനക്ക് നിന്റെ ഭാര്യയെ ഭയമാണ്, നിങ്ങൾക്ക് നിങ്ങളുടെ മാതാപിതാക്കളുടെ വാക്കുകൾ വേദവാക്യമാണ്. അച്ഛന് സ്വന്തമായി അഭിപ്രായമില്ലെന്ന് മക്കൾ.

എല്ലാ പരിഹാസങ്ങളും, എല്ലാ പരിഭവങ്ങളും, എല്ലാ പരിദേവനങ്ങളും അയാൾക്ക് മുന്നിലാണ് സമർപ്പിക്കപ്പെടുന്നത്. വീട്ടിൽ മറ്റുള്ളവർക്ക് തമാശയെന്ന് തോന്നുന്ന ചെറിയ പരിഹാസങ്ങളിൽ, ചിലപ്പോൾ ചില മനുഷ്യരെങ്കിലും പൊള്ളിപ്പോകുന്ന നിമിഷങ്ങൾ ധാരാളമാണ്. അവരുടെ ആ പൊള്ളലിന്റെ നീറ്റം തിരിച്ചറിയുന്നവർ ആ വീടുകളിൽ അപൂർവ്വമായിരിക്കും.

ഒരാളോടും അയാൾക്ക് വിയോജിക്കാൻ കഴിയില്ല. ഒരാളോട് താൻ വിയോജിച്ചാൽ താൻ ഒരുപക്ഷക്കാരനായി വ്യാഖ്യാനിക്കപ്പെടും. നിനക്ക് നിന്റെ ഭാര്യ മതി, നിങ്ങൾക്ക് നിങ്ങളുടെ അച്ഛനമ്മമാർ മതി.

അനാവശ്യമായി സൃഷ്ടിക്കപ്പെടുന്ന സംഘർഷങ്ങളിൽ വെന്തുനീറി ജീവിതം ഇല്ലാതാകുന്നവരുടെ, ഇല്ലാതാക്കുന്നവരുടെ ലോകമാണിത്.

ഇതേകാര്യങ്ങൾ അച്ഛനും, അമ്മയ്ക്കും, ഭാര്യക്കും, ചിലപ്പോൾ മക്കൾക്കും ഓരോ വീടുകളിലും ബാധകമായിരിക്കും. പക്ഷെ അവിടെ ഒരു ഉത്തരവാദിത്വവും ഇല്ലാത്ത ഒരു കുടുംബനാഥൻ ഉണ്ടായിരിക്കുകയും ചെയ്യും.

മനുഷ്യജീവിതം സാഹസികയാത്രകളുടെ ഒരു തുടർച്ചയാണ്.

എവറസ്റ്റ് കീഴടക്കാൻ സാധിക്കുമായിരിക്കും, ഒരു കുടുംബം സമാധാനമായി മുന്നോട്ട് നയിക്കുന്നതാണ് അതിനേക്കാൾ കഠിനം.

ഒരു ഉത്തരവാദിത്വവുമില്ലാതെ ചിലർ വലിച്ചെറിയുന്ന നിരന്തര വാക്കുകളിൽ അപമാനിക്കപ്പെടുന്നവർ ജീവിതത്തിൽ നിശ്ശബ്ദരാക്കപ്പെടുന്നു. ആദ്യം ചെറിയ വിയോജനങ്ങൾ അറിയിക്കുമെങ്കിലും, അതിന് ഒരു മാറ്റവും ജീവിതത്തിൽ ഉണ്ടാക്കാൻ കഴിയുന്നില്ല എന്ന് തിരിച്ചറിയുമ്പോൾ അവർ നിശ്ശബ്ദരാകുന്നു.

തന്റെ ശബ്ദമെങ്കിലും ഈ ലോകത്തിൽ, മറ്റുള്ളവരുടെ ജീവിതത്തിൽ കോലാഹലങ്ങൾ സൃഷ്ടിക്കപ്പെടാതിരിക്കട്ടെ എന്നയാൾ നിശ്ചയിക്കുന്നു.

അയാൾ മറ്റാർക്കും അടിമപ്പെടുകയല്ല. അയാൾ അയാൾക്ക് അടിമപ്പെടുകയാണ്, അയാളുടെ ജീവിതത്തിന് അടിമപ്പെടുകയാണ്.

നിങ്ങൾക്ക് വായിൽ നാക്കില്ലേ - എന്ന ചോദ്യം ആണ് അടുത്തതായി ഉയരുക. അതിലും താൻ അപമാനിക്കപ്പെടുകയാണെന്ന് തിരിച്ചറിഞ്ഞുതന്നെ അയാൾ മുന്നോട്ട് പോകാൻ ശ്രമിക്കും.

കാരണം, തന്റെ ഉത്തരങ്ങൾ അവർ പ്രതീക്ഷിക്കുന്ന തരത്തിൽ ആകണമെന്നില്ല. തന്നിലെ മനുഷ്യൻ അവരുടെ ചിന്തകളെ ഉൾക്കൊള്ളണമെന്നില്ല. തന്റെ ഉത്തരങ്ങൾക്കൊണ്ട് മറ്റുള്ളവരെ വേദനിപ്പിക്കാനും, പൊട്ടിത്തെറിക്കാനും അയാൾ ആഗ്രഹിക്കുന്നുമില്ല.

അതയാളുടെ പരാജയമാണോ, ജീവിതത്തോടുള്ള നിസ്സംഗഭാവമാണോ? നിങ്ങൾക്ക് തീരുമാനിക്കാം.

ഇത്തരം മനുഷ്യരെ പിന്തുടരണമെന്ന് എനിക്ക് പലപ്പോഴും തോന്നിയിട്ടുണ്ട്.

പിന്നീട് ഞാൻ തിരിച്ചറിഞ്ഞു. ഞാൻ എന്നെ പിന്തുടരേണ്ട കാര്യമില്ല!

അവർ അയാളുടെ കവിളിൽ ഒരു ഉമ്മ കൊടുത്തുകൊണ്ട് പറഞ്ഞു.

ജീവിതം വിയോജനങ്ങളുടെ സംഘർഷഭൂമിയാണ്.

# വിനാശം

മുറിപ്പെടാൻ തന്റെ ശരീരത്തിൽ ഇനി ബാക്കി ഒരുഭാഗവുമില്ല. ചതഞ്ഞരയാൻ തന്റെ ചിന്തകളിൽ മറ്റൊന്നും അവശേഷിക്കുന്നില്ല, മനസ്സ് വ്യാകുലമാണ്.

സ്വന്തം ചിന്തകളിൽ നിന്നുപോലും ഇറങ്ങി നടക്കാനാവുന്നില്ല.

ഞാൻ ആരെത്തേടിയാണ് അലയേണ്ടത്? എന്നെത്തേടിയൊ?

എന്നിലില്ലാത്ത എന്നെ?

എന്തുകൊണ്ടാണ് ജീവിതം ചോദ്യങ്ങളുടെ യുദ്ധഭൂമിയാകുന്നത്?

ചോദ്യങ്ങൾ നാംതന്നെ ഉന്നയിക്കുകയും, ഉത്തരങ്ങൾ തേടി നാം ജീവിതം മുഴുവൻ അലയുകയും ചെയ്യുന്നു. എല്ലാ ഉത്തരങ്ങളും കണ്ടെത്തുമ്പോഴേക്ക് ജീവിതം എവിടെയോ നഷ്ടമായിട്ടുണ്ടാകും.

ഞാൻ നിങ്ങളിലേക്ക് നടന്നുവരേണ്ട ഒരു ഉത്തരമായിരുന്നില്ല അല്ലെ?

മറുവശത്തേക്ക് തിരിഞ്ഞു കിടന്നിരുന്ന അവർ തിരിഞ്ഞു, അയാൾക്ക് മുഖാമുഖമായി കിടന്നു.

ശരിയായ ഉത്തരങ്ങൾ തേടിയാണ് നാം ഒരാളെ കണ്ടെത്തുന്നത്. ഒരുപക്ഷെ നമ്മൾ രണ്ടുപേരും ശരിയായ ഉത്തരങ്ങൾ ആകണമെന്നില്ല. എങ്കിലും എവിടെയൊക്കെയോ നമ്മൾ ശരികൾ കണ്ടെത്തുന്നുണ്ട്.

പരിപൂർണ്ണത ജീവിതത്തിൽ യാഥാർത്ഥ്യമാകണമെന്നില്ല.

കിട്ടുന്ന സന്തോഷനിമിഷങ്ങൾ അധികനേരത്തേക്ക് നിലനിർത്താൻ നമ്മൾ ആത്മാർത്ഥമായി ശ്രമിക്കുകതന്നെ വേണം.

തിരിച്ചറിവിന്റെ വിവേകബുദ്ധി പലപ്പോഴും തെറ്റായാണ് നാം ഉപയോഗിക്കുന്നത്.

ജീവിതത്തിൽ എല്ലാം സംശയദൃഷ്ടിയോടെ കാണുമ്പോൾ, ഞാൻ തന്നെ സത്യമാണോ എന്ന് സ്വയം സംശയിക്കുന്നു.

വഴിയേ നടന്നുപോകുന്ന ചിന്തകളെയെല്ലാം ചാടിപ്പിടിച്ചു സ്വന്തം തോളിൽ കയറ്റിവെക്കരുത്. അല്ലാതെത്തന്നെ നമുക്ക് താങ്ങാവുന്നതിലും ധാരാളം ചിന്തകൾ നമ്മുടെ തലച്ചോറിനെ അധികസമയം ജോലിയെടുപ്പിക്കുന്നുണ്ട്.

പൊട്ടിത്തൂളുന്ന നക്ഷത്രങ്ങൾ അല്ല നമ്മുടെ കണ്ണുകൾക്ക് കാഴ്ചകൾ

ആകേണ്ടത്, ആകാശത്തിലേക്ക് നമ്മിൽനിന്ന് ഉയർന്നു പറക്കുന്ന അനേകായിരം വർണ്ണനൂലുകളാൽ അലങ്കരിച്ച മഴവില്ലിന്റെ നിറമുള്ള പട്ടങ്ങൾ ആണ്.

കാഴ്ചകൾ കൂടുമ്പോൾ മനസ്സ് വികസിക്കുന്നു.

കണ്ണുകൾക്കപ്പുറത്തേക്ക് നീണ്ടുനിൽക്കുന്ന പച്ചനിറഞ്ഞ വയലുകൾക്ക് നടുവിലൂടെ നടക്കണം. ചെരുപ്പുകൾ ഇടാതെ ചെളിയിലേക്ക്, ഭൂമിയുടെ നനവിലേക്ക് പാദങ്ങൾ താഴ്ന്നിറങ്ങണം. കണ്ണുകൾ അടച്ചാൽ ആ കൃഷിഭൂമി കിളച്ചുമറിച്ചു അവരുടെ വിയർപ്പുകൾ ചാലിട്ടിറങ്ങി കൃഷിയിലേക്ക് ചേർന്ന് വിളകൾ കൊയ്തെടുത്ത പൂർവ്വതലമുറകളുടെ ശബ്ദങ്ങൾ കേൾക്കാം.

അത് കേൾക്കാൻ കഴിയുന്നത് ഒരു അനുഗ്രഹമാണ്.

ചക്രവാളങ്ങൾക്ക് അപ്പുറത്തുനിന്ന് അവർ നമ്മളെ ചെറുപ്പകാലത്ത് വിളിച്ചിരുന്ന പേരുകൾ വിളിക്കുന്നത് ഒരു അശരീരിയായി കേൾക്കാം.

മുഖത്തെ വിയർപ്പുചാലുകൾ തുടച്ചു, പൂർണ്ണമായ സ്നേഹത്തോടെ, ലാളനയോടെ നമ്മോട് ചിരിക്കുന്ന അവരുടെ മുഖങ്ങൾ ആകാശനീലിമയിൽ കാണാം.

കണ്ണുകൾ തുറക്കുമ്പോഴാണ് നാം തിരിച്ചറിയുക, നാം ഇപ്പോൾ ജീവിക്കുന്നത് യഥാർത്ഥ ലോകത്തിലല്ല.

ആരൊക്കെയോ അടുക്കിവെച്ച പന്ഥാവുകളിൽ ജീവിതം നടന്നു തീർക്കുകയാണ് നമ്മൾ.

അണമുറിയാതെ ഒഴുകുന്ന ഭ്രാന്തുകളുടെ സമന്വയമാണ് നിങ്ങൾ. അയാളിലേക്ക് കൂടുതൽ ചേർന്നുകിടന്നുകൊണ്ട്, അയാളുടെ തലമുടികളിലൂടെ അവർ വിരലുകൾ ഓടിച്ചു.

ഉണർന്നു വരുന്ന ചിന്തകളുടെ ദീപ്തരാശി ഈ രാത്രിയെ കൂടുതൽ പ്രകാശശോഭനമാക്കട്ടെ.

കഴിഞ്ഞ തവണ നാട്ടിൽ പോയപ്പോൾ തൊട്ടടുത്ത വീട്ടിൽ കളംപാട്ട് കണ്ടു. വിവിധതരം പൊടികൾകൊണ്ട് തീർത്ത കളം, കളം വരച്ചെടുക്കുന്നത് ഒരു ഉപാസനപോലെ തോന്നി. ഉള്ളംകൈയിൽ വാരിയെടുക്കുന്ന നിറങ്ങൾ വളരെ ശ്രദ്ധയോടെ പലരൂപങ്ങളായി, വിരലുകളുടെ ഇടയിലൂടെ, പലപല രൂപാന്തരങ്ങൾ. കളം വരച്ചു തീർന്നപ്പോൾ അവരിൽ ഉണ്ടായ നിർവൃതി, കണ്ണുകളിൽ പ്രകടമായിരുന്നു.

കളംപാട്ടിനൊപ്പം അവരുടെ മുഖഭാവങ്ങളിൽ ഉണ്ടാകുന്ന ഭാവവ്യത്യാസങ്ങൾ, ശരീരത്തിലേക്ക് പ്രവേശിക്കുന്ന, അല്ലെങ്കിൽ പ്രവേശിക്കാൻ സജ്ജമാക്കുന്ന ശരീരത്തിന്റെ ലയതാളങ്ങൾ, അവരിലേക്ക്

അവർ ആവാഹിക്കുന്ന ആ ശക്തി എത്തിച്ചേർന്നു എന്ന് തോന്നുമ്പോൾ ഉണ്ടാകുന്ന പെട്ടെന്നുള്ള ഉലച്ചിൽ. ആടിത്തകർക്കുന്നത് അവരുടെ ജീവിതരൗദ്രങ്ങളാണോ, ഉറഞ്ഞുതുള്ളുമ്പോൾ ഉടഞ്ഞുവീഴുന്നത് അനാവശ്യഭയങ്ങളാണോ, ഭയം മാറ്റി അനുഗ്രഹങ്ങൾ തേടുന്ന മനുഷ്യർ.

ഒഴിഞ്ഞുപോകുന്ന ഭയം, നെറുകയിൽ കൈവെച്ചു നൽകുന്ന അനുഗ്രഹങ്ങൾ, മനുഷ്യർ തേടുന്നത്, വലിയ ആശ്വാസങ്ങൾ ആണ്.

രോഷങ്ങൾ മനസ്സിൽ നിന്നകറ്റി, സമാധാനത്തിന്റെ പുള്ളുവൻപാട്ടുകളും നന്തുണിയും തന്റെ ചുറ്റും മുഴങ്ങാൻ അവർ എപ്പോഴും കൊതിക്കുന്നു.

അയാളാകുന്ന വിവിധ വർണ്ണങ്ങളിൽ തീർത്ത കളത്തിലേക്ക് ഒരു സർപ്പമായി അവർ ഇഴഞ്ഞുകയറി.

# വികാരം

**ജീ**വിതം യുദ്ധങ്ങളുടെ തുടർച്ചയാണ്.

നാമോരോരുത്തരിലും ഒരു പടയാളിയുണ്ട്. പലതരം യുദ്ധങ്ങളിൽ ആണ് നാം ഏർപ്പെടുന്നത്. ചിലപ്പോൾ തനിയെയുള്ള യുദ്ധങ്ങൾ, ഇതാണ് ഏറ്റവും കൂടുതൽ.

ഇത്തരം യുദ്ധങ്ങളിൽ ആണ് നമ്മൾ കൂടുതൽ പരിക്ഷീണർ ആകുക. ഈ യുദ്ധങ്ങൾ എത്ര പൊരുതിയാലും തീരില്ല. അടിയറവുകൾ പറഞ്ഞു ആയുധം വെച്ച് കീഴടങ്ങിയാലും നമ്മളിലെ അഹം എന്ന വാൾ എപ്പോഴും പൊരുതാൻ നമ്മളെ പ്രേരിപ്പിച്ചുകൊണ്ടിരിക്കും.

സമാധാനം തേടുന്ന ഒരാളായിരിക്കും ഏറ്റവും കൂടുതൽ യുദ്ധങ്ങളിൽ ഏർപ്പെടുക. മറ്റുള്ളവരെ ആനന്ദിപ്പിക്കാൻ, സന്തോഷിപ്പിക്കുവാൻ തന്റെ സുഖസൗകര്യങ്ങൾ വെടിയുകയും, തനിക്ക് സുഖപ്രദമായ ജീവിത സൗകര്യങ്ങൾ മറ്റുള്ളവർക്കായി നൽകി, സ്വന്തം മന:സമാധാനം കെടുത്തുന്നവർ.

അവരിലെ യുദ്ധങ്ങളുടെ അലർച്ചകൾ അവർ മാത്രമാണ് കേൾക്കുക. പലതും ഉള്ളിൽ അടക്കിപ്പിടിച്ച വാൾപയറ്റുകൾ ആകും, ഏറ്റുമുട്ടലിന്റെ സീൽക്കാരങ്ങൾ അവരുടെ തലച്ചോറിൽ മുഴങ്ങിക്കൊണ്ടിരിക്കും.

എന്നാൽ താൻ സൃഷ്ടിച്ചെടുത്ത നന്മയുടെ ലോകം നിലനിർത്താൻ അയാൾ വിട്ടുവീഴ്ചകൾ ചെയ്തുകൊണ്ടേയിരിക്കും.

ശരീരവും മനസ്സും ക്ഷീണിക്കുമ്പോൾ അവർ തന്റെ തോൽവികൾ വിശകലനം ചെയ്യാൻ തുടങ്ങും. അപ്പോഴാണ് താൻ ചെയ്ത യുദ്ധങ്ങളുടെ അനാവശ്യകത അയാൾ തിരിച്ചറിയുക.

തന്റെ തോൽവികൾ താൻ തന്നെ സൃഷ്ടിച്ചതാണ്.

ജീവിതം വളരെ ലളിതമായിക്കണ്ട്, ആ ലാളിത്യത്തിന്റെ അനുഭൂതികൾ അനുഭവിച്ചറിഞ്ഞ് മുന്നോട്ട് പോകുന്നവർ ജീവിതം മനോഹരമായി ആസ്വദിക്കുന്നു.

തിരക്കുകൾ വേണ്ട എന്നല്ല, തീർച്ചയായും തിരക്ക് നിങ്ങളിലെ കഴിവുകളെ പുറത്തെടുക്കുന്നു. എന്നാൽ നാമിന്ന് തിരക്കുകളിൽ മാത്രമാണ്, അതിനിടയിൽ നാം പലപ്പോഴും ജീവിക്കാൻ മറന്നുപോകുന്നുണ്ട്.

തീരാത്ത ജോലികളുടെ പിരിമുറുക്കങ്ങൾ തലയിലേറ്റി, പല്ലുകൾ കടിച്ചുപിടിച്ചു വണ്ടികളുടെ വേഗം കൂട്ടാനുള്ള ഉപകരണങ്ങൾ ചവിട്ടിത്താഴ്ത്തിയും, കൈകൊണ്ട് തിരിക്കുന്നതാണെങ്കിൽ, പരമാവധി തിരിച്ചും, ഹോണുകൾ തുടർച്ചയായി മുഴക്കി, തന്റെ ഉള്ളിലെ അലോസരങ്ങളെ നമ്മൾ പ്രകടിപ്പിച്ചുകൊണ്ടേയിരിക്കും.

വീട്ടിലെത്തിയാൽ ഇതിനെല്ലാം കാരണക്കാരായ മറ്റുള്ളവരെ അതിന്റെ ബാക്കിപത്രം നാം വാക്കുകളിലൂടെ, അല്ലെങ്കിൽ ഓരോ പ്രവർത്തികളിലൂടെ പ്രകടമാക്കികൊണ്ടിരിക്കും. ജീവിതത്തെയും, മറ്റുള്ളവരെയും, തന്റെ സാഹചര്യങ്ങളെ ശക്തമായി വെറുക്കുമ്പോൾത്തന്നെ, ഭക്ഷണം തയ്യാറാക്കുകയും, അത് എല്ലാവർക്കുമായി വിളമ്പിക്കൊടുത്ത് കഴിച്ചെന്ന് വരുത്തും.

എന്താണ് ഇന്ന് നടന്നതെന്ന് ചികഞ്ഞെടുക്കാൻ മനസ്സ് ശ്രമിക്കുമ്പോഴേക്ക് ഉറക്കത്തിന്റെ താളമേളങ്ങൾ നാമറിയാതെ നമ്മിൽ നിന്ന് ഉയർന്നുവരും.

അതിരാവിലെ ഉണർന്നാൽ മാത്രം നാം സ്വയം ചോദിക്കും. ആരാണ് ഞാൻ? എന്താണ് ഇങ്ങനെയൊക്കെ? ദിവസവുമുള്ള ഈ ജീവിതത്തിൽ നിന്ന് ഒരു മാറ്റവുമില്ലേ? ചായ കുടിക്കുമ്പോഴും, ഭക്ഷണം ഉണ്ടാക്കുമ്പോഴും, അതുതന്നെ ആയിരിക്കും ചിന്ത. ചായയുടെ ചൂടോ, അതിന്റെ ഗന്ധമോ, അതിന്റെ മധുരമോ നാം തിരിച്ചറിയാറില്ല. പതിവുപോലെ ചായ കുടിച്ചു, അത്രതന്നെ.

അഥവാ നേരം വൈകിയാണ് ഉണർന്നതെങ്കിൽ, പിന്നെ ചിന്തകൾക്ക് സ്ഥാനമില്ല. മറ്റുള്ളവർ തന്നെ നേരത്തിന് ഉണർത്താത്തതിന് ആദ്യം അവരെ കുറ്റം പറയും. അത് കഴിഞ്ഞു നേരം വൈകിയതിനെക്കുറിച്ചു ആകുലപ്പെടും, നേരം വൈകി ഓഫീസിലേക്ക് പുറപ്പെടുമ്പോൾ ഇന്ന് കേൾക്കേണ്ട ശകാരങ്ങളാകും തലനിറയെ. ആരാണ് ഇതിന്റെയെല്ലാം കാരണക്കാരൻ?

ഇതിന്റെ ഉത്തരം ഞാൻതന്നെ എന്ന് കണ്ടെത്താൻ നമുക്കോരോരുത്തർക്കും ബുദ്ധിമുട്ടാണ്, അഥവാ കണ്ടെത്തിയാൽത്തന്നെ നാമത് അംഗീകരിക്കില്ല.

സ്വയം അംഗീകരിക്കാൻ കഴിയാത്തതും എന്നാൽ എന്നും ജീവിച്ചു പോകേണ്ടതുമായ ഒരു അവസ്ഥയിലൂടെ എന്നും നാം കടന്നുപോവുകയാണ്.

എന്തുകൊണ്ടാണ് എന്റെ ജീവിതം ഇങ്ങനെ? ഉത്തരങ്ങൾ ഉണ്ടാകാം, എന്നാൽ ആ ഉത്തരങ്ങൾ നമ്മളെ മാറ്റത്തിലേക്ക് നയിക്കുന്നുണ്ടോ? തൃപ്തിപ്പെടുത്തുന്നുണ്ടോ?

നീ തിരഞ്ഞെടുത്തതല്ലേ നിന്റെ ജീവിതം അതിന് മറ്റുള്ളവർ എന്തുചെയ്യാനാണെന്ന് കണ്ണാടിയിലെ മുഖം നമ്മളോടു പറഞ്ഞുകൊണ്ടിരിക്കും.

കൂടുതൽ സത്യങ്ങൾ എന്നോട് പറയണ്ട എന്ന് പറഞ്ഞു, നാം കണ്ണാടിക്ക് മുന്നിൽ നിന്ന് മാറും.

മനഃസാക്ഷി, അതൊരു വലിയ പ്രശ്നമാണ്. കൂട്ടിയും കുറച്ചും, ഗുണിച്ചും ഹരിച്ചും മിച്ചമാകുന്ന ജീവിതം, അതിൽ നീക്കിയിരിപ്പ് നാം കണ്ടെത്തുന്നതേയില്ല.

മൂല്യത്തകർച്ച മാത്രമാണോ ജീവിതം? സ്വയം വിലമതിക്കുവാൻ നാം മറന്നുപോകുന്നതാണോ?

തോൽവിയുടെ അളവുകളേ നാം ഓർത്തിരിക്കാറുള്ളൂ, വിജയങ്ങൾ നിമിഷങ്ങളിൽ ഒതുങ്ങിനിൽക്കുന്ന ആനന്ദങ്ങൾ, ആഹ്ളാദങ്ങൾ മാത്രമാകുന്നത് എന്തുകൊണ്ട്?

അടുത്ത് കിടക്കുമ്പോഴും, വികാരങ്ങളിൽ തിളച്ചുമറിയുമ്പോഴും, മനുഷ്യരിൽ അകലങ്ങൾ ഉണ്ടോ?

വികാരങ്ങൾ ആണോ നമ്മുടെ അടുപ്പവും അകൽച്ചയും തീരുമാനിക്കുന്നത്?

നിങ്ങളുടെ ഭ്രാന്തൻചിന്തകൾ കുറച്ചുനേരമെങ്കിലും അടച്ചു വെക്കൂ, നമുക്ക് നക്ഷത്രങ്ങളോടും വല്ലപ്പോഴുമൊക്കെ നമ്മുടെ മനസ്സുകളെക്കുറിച്ചും, സ്വപ്നങ്ങളെക്കുറിച്ചും സംസാരിക്കണ്ടേ?

അവർ അയാളുടെ മുഖം കൈകളിൽ ചേർത്തു, ഒരു ചുംബനത്തിനായി അവരുടെ ചുണ്ടുകൾ കൊതിച്ചു.

# വിപത്ത്

ഒഴിഞ്ഞുപോകുന്ന സന്തോഷങ്ങൾ ആണോ വിപത്തുക്കളായി തിരിച്ചു വരുന്നത്.

മേൽവിലാസങ്ങൾ ഇല്ലാതെ ജനിച്ചു മരിക്കുന്ന അനേകായിരം ചിന്തകൾ. ആ ചിന്തകളുടെ ചിലന്തിവലകൾക്കിടയിൽ ജീവിതം മുഴുവൻ മാറാലകൾ മാറ്റിമാറ്റി കൈകൾ തളർന്ന മനുഷ്യർ.

എല്ലാ കാഴ്ചകൾക്ക് മുമ്പിലും ഒരു മാറാലയുണ്ട്. കണ്ണടകൾ എത്ര തുടച്ചുമിനിക്കിയാലും, കാഴ്ചകൾ വ്യത്തിയാകണമെന്നില്ല, അത് കണ്ണടയുടെ കുഴപ്പമല്ല, നമ്മുടെ കണ്ണുകൾക്ക് മുമ്പിലുള്ള മാറാലകളാണ് കാരണം.

നമ്മൾ അതിനെ മുൻധാരണകൾ എന്ന ഓമനപ്പേരിട്ട് ജീവിതത്തിൽ താലോലിച്ചു വളർത്തിക്കൊണ്ടിരിക്കുന്നു.

ജീവിതത്തിൽ നമ്മുടെ ശക്തിയോടെയുള്ള വളർച്ചക്ക് പലപ്പോഴും വിഘാതമാകുന്നത് നമ്മുടെ മുൻധാരണകൾ തന്നെയാണ്. പലപ്പോഴും ഒരു വിഷയത്തെ ഒരു പുതിയ സംഭവമായി, ഒരു പുതിയ പ്രേരണയായി നമുക്ക് കണ്ടെത്താനാകുന്നില്ല. നാമതിനെ പൂർവ്വചിന്തകളിൽനിന്ന്, ഓർമ്മകളിൽ നിന്ന് കടമെടുത്ത്, വിശകലനം ചെയ്യും.

പരാജയങ്ങളുടെ ഒരു ഘോഷയാത്രയാണ് ആദ്യമേ വരിക. എന്തുകൊണ്ട് നമ്മളെക്കൊണ്ട് സാധിക്കും എന്നല്ല ആദ്യം ചിന്തിക്കുക, എന്തുകൊണ്ട് നമ്മളെക്കൊണ്ട് സാധിക്കില്ല എന്നതാകും മുൻഗണന.

ഇത്തരം മുൻഗണനകൾ നാം ജീവിതത്തിൽ തുടർന്നുകൊണ്ടേയിരിക്കുകയും ഒരു പുതിയ സംരംഭത്തിനും തുനിയാതിരിക്കുകയും ചെയ്യുന്നു.

ഒരുപക്ഷെ ഒന്നോ രണ്ടോ സംരംഭങ്ങളിൽ നാം തോറ്റുപോയിട്ടുണ്ടാകാം, എന്തുകൊണ്ടോ അത് ജീവിതത്തിന്റെ അളവുകോലായി നാം മാറ്റുന്നു.

ജയിക്കാനുള്ള ത്വര നഷ്ടപ്പെട്ട്, ജീവിതം നിസ്സംഗതയുടെ ഇടവഴികളിലൂടെ ആരും കാണാതെ നടന്നു തീർക്കാൻ നാം ശ്രമിക്കുന്നു.

നാം വളർത്തിയെടുക്കുന്നത് വിശപ്പുകളല്ല, വിമുഖതകളാണ്.

അയാളുടെ മുഖത്തോടു മുഖം ചേർത്ത് അവർ പറഞ്ഞു, നിങ്ങളുടെ നിശ്വാസങ്ങളിൽ നിന്ന്, ഹൃദയമിടിപ്പുകളിൽ നിന്ന് എനിക്ക് തുടർച്ചയായി ലഭിക്കുന്ന ചില സന്ദേശങ്ങൾ ഉണ്ട്.

നമ്മിലേക്ക് പരസ്പരം അലിഞ്ഞുചേരുന്ന ഊർജ്ജങ്ങളും, വിശ്വാസങ്ങളും, ചിന്തകളും മറ്റൊരാൾക്ക് തിരിച്ചറിയാവുന്നതോ, തിരിച്ചെടുക്കാവുന്നതോ അല്ല.

ചിലർ കാന്തംപോലെയാണ്, അവർ നടന്നുപോകുമ്പോൾ തന്നെ നമുക്ക് അവരിലേക്ക് ചേരാൻ തോന്നും. അവരിൽ കത്തിജ്വലിക്കുന്ന അറിവിന്റെ കണങ്ങൾ ജ്വലിക്കുന്നതുപോലെ നമുക്ക് അനുഭവപ്പെടും. അറിവ് അവരിൽ ശോഭിക്കുകയാകും, കൂടുതൽ അറിവുകളെ അവരിലേക്ക് ആകർഷിക്കുകയാകും.

വിപത്തുകൾ പാഠങ്ങൾ ആണ്, പ്രകൃതി നമ്മളെ ഓർമ്മിപ്പിക്കുന്ന നിമിഷങ്ങൾ. അഹങ്കാരത്തിന്റെ ആഭരണങ്ങളും ആവരണങ്ങളും തോരണങ്ങളും അഴിച്ചുമാറ്റി, പ്രകൃതിയോട് ചേർന്നുപോകാൻ നാം വീണ്ടും വീണ്ടും പഠിക്കേണ്ടിയിരിക്കുന്നു.

അയാളുടെ നെറ്റിയിൽ കൈകൾ പതിപ്പിച്ചു അവർ ചോദിച്ചു, നിങ്ങൾ ഉറങ്ങുമ്പോഴും ചിന്തിച്ചുകൊണ്ടിരിക്കുകയാണോ?

ഉത്തരങ്ങൾ കിട്ടാതെയാകുമ്പോൾ നമ്മൾ നീറിപ്പുകയുന്ന അഗ്നിപർവ്വതമാണ്. പുകഞ്ഞുകൊണ്ട് നടക്കുന്ന മനുഷ്യർ.

ചിലനേരത്ത് തോന്നും, നമുക്കറിയാവുന്ന ഒരു ലോകത്ത് തന്നെയാണോ നാം ജീവിക്കുന്നതെന്ന്. നമുക്കറിയാത്ത ഒരുപാട് കാര്യങ്ങൾ ചുറ്റും നടക്കുന്നതുപോലെ. ആരൊക്കെയോ ചേർന്നൊരുക്കുന്ന കെണികളിലേക്ക് നാം നടന്നു കയറുകയാണെന്ന്.

കെണികൾ എല്ലായിടത്തുമില്ലേ? എത്രതന്നെ ഇഴുകിച്ചേർന്നാലും, സംശയത്തിന്റെ ഒരു കണിക നാം സ്വരക്ഷക്കായി നീക്കി വെക്കും.

വിശ്വാസമില്ലായ്മ വളർന്നുവരുന്നത് നാം നമ്മളെത്തന്നെ സംശയിക്കുമ്പോഴാണ്.

നീറിപ്പടരുന്ന ഭയം ഒരു യാഥാർത്ഥ്യമാണ്.

ഒരു ശത്രു പിന്തുടരുന്നു എന്ന തോന്നൽ എപ്പോഴുമുണ്ട്. അടുത്തതായി എന്താണ് സംഭവിക്കുക എന്ന ഒരു ബോധം നമ്മുടെ ഉപബോധമനസ്സ് നമുക്ക് തന്നുകൊണ്ടേയിരിക്കും.

അത് നമ്മളെ ആകുലപ്പെടുത്താനുള്ളതല്ല, ആശങ്കപ്പെടുത്താനുള്ളതല്ല, മറിച്ച് മുൻകരുതൽ എടുക്കാനുള്ളതാണ്.

ജീവിതദൂരങ്ങൾ അളന്നളന്നു പോകുമ്പോൾ ചിലപ്പോൾ നമുക്ക്

തോന്നും, ഈ യാത്ര വളരെ സുഖകരമായിരുന്നല്ലോ എന്ന്. അപ്പോൾ നമ്മൾ ജാഗ്രതകളൊക്കെ കുറച്ചു ആയാസരഹിതമായ ഒരു നിലയിലേക്ക് മാറും.

പെട്ടെന്നായിരിക്കും ഒരു പതനം, പ്രതീക്ഷിക്കാത്ത സമയത്ത്, തകർന്നു തരിപ്പണമായി കിടക്കുമ്പോൾ നാം വീണ്ടും വീണ്ടും ചിന്തിക്കുക, കുറച്ചുകൂടി ജാഗ്രത ആകാമായിരുന്നു എന്നാണ്. അങ്ങനെ ജാഗ്രത പുലർത്തിയിരുന്നെങ്കിൽ ഇങ്ങനെ കിടക്കേണ്ടി വരില്ലായിരുന്നു.

ജീവിതത്തിൽ തെറ്റായി നടക്കുന്ന ഓരോ സംഭവങ്ങളെയും നാം വിശകലനം ചെയ്യുമ്പോൾ നമുക്ക് നമ്മുടെ തെറ്റുകളുടെ ആഴം മനസ്സിലാകും. എന്നാൽ കഴിഞ്ഞുപോയ ആ ഒരു നിമിഷത്തെ തിരുത്താൻ നമുക്കാകില്ല.

ഓരോ തെറ്റുകളും ഓരോ പാഠങ്ങൾ ആണ്, പല ആവർത്തി പഠിച്ചുറപ്പിക്കേണ്ട പാഠങ്ങൾ.

എന്നിട്ടും നാം വീണ്ടും ചതികളിൽപ്പെട്ടുപോകും, ജീവിതം അങ്ങനെയാണ്.

ചതികളുടെ പരമ്പരയാണ് ജീവിതം, ആ ചതികളിൽ നാം നമ്മളോടു ചെയ്യുന്ന ചതികളും കൂട്ടിച്ചേർക്കണമെന്ന് മാത്രം.

# വിജയം

**അ**യാളെ കെട്ടിപ്പിടിച്ചു കിടന്നിരുന്ന അവർ ഞെട്ടി ഉണർന്ന് അയാളോട് ചോദിച്ചു. സമയമെത്രയായി?

ഫോണിൽ നോക്കി അയാൾ പറഞ്ഞു. മൂന്നര.

ബ്രഹ്മമുഹൂർത്തം. ശുഭകാര്യങ്ങൾക്ക് പറ്റിയ സമയം.

ഇനിയും കാത്തുനിൽക്കണോ? നേരം വെളുക്കുന്നതിന് മുമ്പ് നിങ്ങൾക്ക് നിങ്ങളുടെ ദൗത്യം പൂർത്തിയാക്കണ്ടേ?

അതിന് അയാൾ മറുപടി പറഞ്ഞില്ല. അയാളിൽ ഒരു നിസ്സംഗഭാവ മായിരുന്നു.

ഹൃദയം തുറന്നുള്ള സംസാരങ്ങൾ ചർച്ചകൾ ജീവിതത്തിൽ നമ്മൾ രണ്ടുപേരും കടന്നുപോയ വിവിധങ്ങളായ സംഭവമുഹൂർത്തങ്ങളുടെ പങ്കുവെക്കൽ. ഒരു ജീവിതകാലം മുഴുവൻ കാത്തിരുന്ന തുറന്ന പ്രണയത്തിന്റെ ആഘോഷങ്ങൾ എല്ലാം തീരുകയാണ്.

നിങ്ങൾക്ക് എന്നോട് പറയാൻ ബുദ്ധിമുട്ടുണ്ടാകും, എന്നാൽ എനിക്കറിയാം നിങ്ങളുടെ ദൗത്യം എന്താണെന്ന്. നിങ്ങളെ ആ ദൗത്യം ഏൽപ്പിച്ചവർതന്നെ അതെന്നെയും അറിയിച്ചിട്ടുണ്ട്. അത് നിങ്ങൾക്കും അറിയാം എന്നുതന്നെയാണ് എന്റെ വിശ്വാസം.

ഇരയിലേക്ക് ഇഴുകിച്ചേരുക, അത് കഴിഞ്ഞു അവരെ വകവരുത്തുക, അതല്ലേ നിങ്ങളുടെ തൊഴിൽ.

നിങ്ങളെ ദൗത്യം ഏൽപ്പിച്ചവർ ആരാണെന്ന് പോലും നിങ്ങൾക്കറിയില്ല. എന്നാൽ അവർക്ക് രണ്ട് വ്യക്തികളെ ഈ ഭൂമുഖത്ത് നിന്ന് ഒഴിവാക്കണം.

വേട്ടക്കാരന് ഇരയെ കാണിച്ചുകൊടുക്കുക, ഇരയോട് മുമ്പേ അറിയിക്കുക, നിന്റെ വേട്ടക്കാരൻ വരുന്നുണ്ട് എന്ന്.

എല്ലാം അറിഞ്ഞുകൊണ്ട് തന്നെയാണ് ഞാൻ നിങ്ങളെ സ്വീകരിച്ചതും, എന്റെ പ്രണയക്കടൽ നിങ്ങളിലേക്ക് തുറന്നിട്ടതും. ഈ ഭൂമി വിട്ടുപോകുന്നതിന് മുമ്പ് എന്റെ സ്വത്വം എനിക്ക് പ്രകടമാക്കണമായിരുന്നു.

നിങ്ങൾ ഒരു ജോലിക്കാരൻ മാത്രമാണ്. ആ ദൗത്യം ചെയ്യുമ്പോൾ മാത്രമാണ് നിങ്ങൾ എനിക്ക് ശത്രുവാകുന്നത്. അതിന് മുമ്പ് നിങ്ങൾ മിത്രം മാത്രമാണ്.

ശരിതെറ്റുകളുടെ ഇടയിൽ യാഥാർത്ഥ്യങ്ങൾ തേടിനടക്കുന്ന രണ്ട് അന്വേഷകർ ആണ് നമ്മൾ.

എനിക്കറിയാം, അറിഞ്ഞുകൊണ്ടാണ് നിങ്ങളും എന്നിലേക്ക് അലിഞ്ഞു ചേർന്നതെന്ന്. നിങ്ങളോടൊപ്പം എനിക്കും എന്റെ ദൗത്യം ചെയ്തുതീർക്കാനുണ്ട്.

രണ്ടുപേർക്കും വിജയം ആവശ്യമായ ദൗത്യങ്ങൾ.

അതെങ്ങനെ സംഭവിക്കും എന്നതുമാത്രമാണ് നമ്മൾ അറിയേണ്ടത്. ഒരാൾ മാത്രം വിജയിക്കുമോ? ഒരാൾ മാത്രം ദൗത്യം പൂർത്തിയാക്കി ഇവിടെ നിന്ന് രക്ഷപ്പെടുമോ?

അഥവാ ദൗത്യം പൂർത്തിയാക്കിയാൽ തന്നെ, ഒരാൾ ആ ദൗത്യത്തിന് കിട്ടുന്ന പ്രതിഫലംകൊണ്ട് ജീവിതകാലം മുഴുവൻ ആനന്ദിക്കുമോ?

ദൗത്യം തീർത്തുവരുന്ന അയാളെ തീർക്കാൻ മറ്റൊരാളെ ഏർപ്പാടാക്കിയിട്ടില്ല എന്ന് വിശ്വസിക്കാമോ?

സൗഹൃദത്തിന്റെ അതിമനോഹര നിമിഷങ്ങൾ നൽകിയ ഒരാളെ ഇല്ലാതാക്കാൻ നിങ്ങൾക്ക് സാധിക്കുമോ? ഇല്ലാതാക്കിയില്ലെങ്കിൽ നിങ്ങൾക്ക് നിങ്ങളുടെ ജീവൻ നഷ്ടമാകുമല്ലേ?

എന്തുകൊണ്ട് ഇത്രയും കർശനമായ വ്യവസ്ഥയുള്ള ഒരു ദൗത്യം നിങ്ങൾ ഏറ്റെടുത്തു?

മരണത്തെ ഭയമില്ല എന്നാണോ നിങ്ങൾ എന്നോട് പറയാൻ പോകുന്നത്?

ഇരയാണെന്നറിഞ്ഞും എന്തുകൊണ്ട് വളരെക്കാലമായി കാത്തിരുന്ന ഒരു പ്രേയസിയെപ്പോലെ ഒരു രാത്രി മുഴുവൻ എന്നിലേക്ക് ഒഴുകിച്ചേരാൻ നിങ്ങൾക്ക് കഴിഞ്ഞു?

എന്തായാലും കൊല്ലപ്പെടുവാൻ പോവുകയല്ലേ, അപ്പോൾ ജൈവികമായ അനുഭൂതികൾക്കൂടി കവർന്നെടുക്കാം എന്ന് കരുതിയോ?

അങ്ങനെയാണെങ്കിൽക്കൂടി അതൊരു ആക്രമണത്തിലൂടെ ആകണമായിരുന്നല്ലോ? ആക്രമിച്ചു കീഴടക്കി പിച്ചിമാന്തി ഇരയുടെ വേദനകൾ മതിയാവോളം ആസ്വദിച്ചു മൃതപ്രായമാക്കി കൊന്നുകളയണമായിരുന്നു.

അതോ പ്രണയത്തിന്റെ ഏറ്റവും ഉന്നത തലത്തിൽ എന്നിലേക്ക് അലിഞ്ഞുചേർന്നു ഞാൻ നിങ്ങളിൽ മയങ്ങി ഉറങ്ങുമ്പോൾ പെട്ടെന്ന് കഴുത്തു ഞെരിച്ചുകൊല്ലാനായിരുന്നോ പദ്ധതി?

അതിനുപോലും, കഴിഞ്ഞുപോയ മണിക്കൂറുകളിൽ നിരവധി അവസരങ്ങൾ ഉണ്ടായിരുന്നല്ലോ. ഒരുപക്ഷെ, നിങ്ങൾക്ക് നൽകിയിട്ടുള്ള

സമയംവരെ എന്റെ ഉടലും ഹൃദയവും ആസ്വദിക്കുക എന്നതാണോ നിങ്ങളുടെ മനസ്സ് പറയുന്നത്.

പ്രണയത്തിന്റെ സോമരസങ്ങൾ ആസ്വദിക്കുമ്പോൾ തന്നെ, കുടിലചിന്തകളുടെ മറ്റൊരു കടൽ നിങ്ങളുടെ ഉള്ളിൽ തിളച്ചു മറിയുകയായിരുന്നു.

മനുഷ്യൻ എങ്ങനെയാണ് പ്രണയവും ചതിയും ഒരേ സമയം ആസ്വദിക്കുന്നത്?

പ്രണയവും പ്രതികാരവും എന്നാണ് പറയേണ്ടത്, പക്ഷെ ഇത് പ്രതികാരമല്ലല്ലോ. എങ്കിലും ഒരു മനുഷ്യൻ അവന്റെ പ്രണയലീലകളുടെ അത്യുന്നതങ്ങളിൽ വിരാജിക്കുമ്പോൾ എങ്ങനെയാണ് അവന് അതേ വ്യക്തിയെ കൊലചെയ്യുന്നതിനെക്കുറിച്ച് ചിന്തിക്കാൻ കഴിയുക?

ഒന്നിന്റെ, മനുഷ്യജീവിതത്തിന്റെ ഉൾപ്പെടെ, അസ്തിത്വത്തിന് അന്തർലീനമായ വ്യാഖ്യാനങ്ങൾ അന്വേഷിക്കുന്നത് അയുക്തമാണെന്ന് കണക്കാകുന്ന തത്ത്വശാസ്ത്ര മേഖലയാണല്ലോ അബ്സേർഡ് എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നത്.

നിങ്ങൾ ഒരു ബുദ്ധിശൂന്യനോ യുക്തിഹീനനോ ആയ വ്യക്തിയാണെന്ന് ഞാൻ കരുതുന്നില്ല.

നിങ്ങൾ നിങ്ങളുടേതായ ലക്ഷ്യങ്ങളിലേക്ക് സസൂക്ഷ്മം സഞ്ചരിക്കുന്ന വ്യക്തിയാണ്.

നിങ്ങൾ സ്വയം വിശ്വസിക്കുന്നത് നിങ്ങളുടെ ബുദ്ധിയെ മറ്റൊരാളും കവച്ചുവെക്കില്ല എന്നാണ്.

നിങ്ങൾ മാത്രമല്ല, ഓരോ വ്യക്തിയും കരുതുന്നത് അവനവനാണ് ഏറ്റവും കൂടുതൽ ബുദ്ധിയുള്ളത് എന്ന് തന്നെയാണ്. അങ്ങനെ ചിന്തിക്കുന്നത് തെറ്റൊന്നുമല്ല. ഓരോരുത്തർക്കും അവനവനിൽ തന്നെ ഒരു വിശ്വാസം വേണമല്ലോ.

ഇത്രയും ആയ നിലക്ക് നിങ്ങളുടെ ദൗത്യം ബ്രഹ്മമുഹൂർത്തത്തിൽ തന്നെ തീർത്തുകൂടെ?

നിങ്ങൾ പറഞ്ഞു കഴിഞ്ഞെങ്കിൽ എനിക്ക് പറയാനുള്ളത് കൂടി കേൾക്കണം. അയാൾ പറഞ്ഞു.

ശരിയാണ് ഞാൻ എന്റെ ദൗത്യത്തിനായി നിയോഗിക്കപ്പെട്ടവൻ തന്നെയാണ്. നിങ്ങളെ ഇല്ലാതാക്കുകയാണ് എന്റെ ദൗത്യമെന്നും നിങ്ങൾക്കറിയാമായിരുന്നു. എന്നിട്ടും നിങ്ങൾ എന്നെ സ്വീകരിച്ചു, നമ്മൾ തമ്മിൽ പങ്കുവെക്കാൻ മനസ്സോ, ശരീരമോ, ചിന്തകളോ, സ്വപ്നങ്ങളോ ഒന്നുംതന്നെ ബാക്കിയില്ല എന്നുതന്നെ പറയാം.

നിങ്ങൾ എന്നോട് ചോദിച്ച ചോദ്യങ്ങൾ എനിക്ക് നിങ്ങളോടും ചോദിക്കാം, നിങ്ങൾക്ക് ഞാനാണ് വരുന്നതെന്നറിയാം, നിങ്ങളെ അപായപ്പെടുത്തുമെന്നും അറിയാം, എന്നിട്ടും എന്തിന് നിങ്ങൾ എന്നെ പ്രണയിച്ചു. പ്രതിയോഗിയാണെന്നറിഞ്ഞു നിങ്ങൾക്ക് അപ്പോൾത്തന്നെ എന്നെ തീർക്കാമായിരുന്നു. എന്നെപ്പോലെ തന്നെ, രതിയുടെ ആലസ്യങ്ങളിൽ മയങ്ങിക്കിടക്കുമ്പോൾ നിങ്ങൾക്കും എന്നെ നിഷ്പ്രയാസം തീർക്കാമായിരുന്നു. എന്തുകൊണ്ട് നിങ്ങൾ അത് ചെയ്തില്ല.

നിങ്ങൾ, ഞാൻ നിങ്ങളെ ആക്രമിക്കുന്നത് കാത്തു നിൽക്കുകയാണോ, എന്നെ തിരിച്ചാക്രമിക്കാൻ?

നിങ്ങൾ വളരെ ബുദ്ധിമതിയായ ഒരു സ്ത്രീയാണ്. അതുകൊണ്ടാണല്ലോ നിങ്ങൾ സോഫ്റ്റ്‌വെയർ മേഖലയിലെ അതിവിദഗ്ധയായ ഒരാളായത്. അങ്ങനെയാണെങ്കിലും, നിങ്ങൾ നിങ്ങളിലേക്ക് ഒതുങ്ങി പ്രശസ്തിയൊന്നും ആഗ്രഹിക്കാതെ ജീവിക്കുന്ന ഒരാളാണ്.

എന്നാൽ നിങ്ങളുടെ പ്രവർത്തനമേഖല നിങ്ങളിലെ ഭ്രാന്തിനെ ചിലപ്പോഴെങ്കിലും പുറത്തെടുക്കുന്നുണ്ട്. ആഴത്തിലുള്ള സാങ്കേതിക പ്രശ്നങ്ങൾക്ക് ഉത്തരങ്ങൾ കണ്ടെത്തുമ്പോൾത്തന്നെ, ജീവിതത്തിലെ വളരെ ചെറിയ പ്രശ്നങ്ങൾക്ക് ചിലപ്പോൾ നമുക്ക് ഉത്തരങ്ങൾ കണ്ടെത്താൻ കഴിയാറില്ല.

ഒറ്റക്കുള്ള ജീവിതം നിങ്ങളെ നിങ്ങളറിയാതെ വിചിത്രസ്വഭാവമുള്ള ഒരു വ്യക്തിയാക്കി മാറ്റിയിരുന്നു. ചിലപ്പോൾ നമ്മൾ അതിനെ അരക്കിറുക്ക് എന്ന് പറയും.

ഞാൻ നിങ്ങളെ പരിഹസിക്കുകയാണ് എന്ന് കരുതരുത്. മനുഷ്യർ എല്ലാവരും ഇതുപോലെയുള്ള അവസ്ഥകളിലൂടെ കടന്നുപോകുന്നുണ്ട്, അവർ തിരിച്ചറിയാറില്ല എന്ന് മാത്രം.

“എനിക്ക് ഒരാളെ കൊല്ലാനുള്ള വിശപ്പുണ്ട്” എന്നായിരുന്നു എനിക്ക് എന്റെ ദൗത്യത്തിനായി ആദ്യം കിട്ടിയ സന്ദേശം. അതിന്റെ ഉറവിടം അജ്ഞാതമായിരുന്നു. പിന്നെയുള്ള എല്ലാ സന്ദേശങ്ങളും അജ്ഞാതം തന്നെയായിരുന്നു. കാരണം, നിങ്ങളെ ഇല്ലാതാക്കാൻ ശ്രമിക്കുന്ന വ്യക്തി ഒളിച്ചിരിക്കാൻ തീരുമാനിച്ചിരുന്നു. എനിക്കുള്ള പ്രതിഫലംപോലും കാശായി ഒരു ഷോപ്പിംഗ് മാളിലെ റെസ്റ്റോറന്റിൽ മേശയിൽ വെച്ച് കൈമാറിയത്, ആ ഒളിച്ചിരിക്കലിന്റെ പൂർണ്ണതയായിരുന്നു.

നിങ്ങൾ എന്നെ വന്നു സ്വീകരിച്ച നിമിഷത്തിൽ എന്റെ ദൗത്യം വിജയിച്ചു എന്ന് ഞാൻ തിരിച്ചറിഞ്ഞിരുന്നു.

കാരണം, നിങ്ങളെ ഇല്ലാതാക്കാനുള്ള ദൗത്യം എന്നെ ഏൽപ്പിച്ചത് നിങ്ങൾതന്നെയാണ്!

കൊല്ലാനുള്ള വിശപ്പല്ല, തിന്നാനുള്ള വിശപ്പാണ് നമ്മുടെ ഇടയിൽ ഉള്ളത്.

ജീവിതം നീന്തിക്കടക്കാൻ ഒരു കടൽ നമ്മുടെ മുന്നിലുണ്ട്. നമുക്ക് ഒന്നിച്ചു നീന്താം.

അയാൾ അവരെ ചേർത്തുപിടിച്ചു, പ്രണയം നിറഞ്ഞ അവരുടെ കണ്ണുകൾ നിറഞ്ഞിരുന്നു. അയാളുടെ ചുണ്ടുകൾ ആ പ്രണയകണങ്ങൾ അവരുടെ കണ്ണുകളിൽ നിന്ന് ഒപ്പിയെടുത്തു.

# വിശപ്പിന്റെ ആഴം

"ഉള്ളിൽ, ആഴത്തിൽ അമരുന്ന വികാരമായി വിശപ്പ് ആളുമ്പോൾ, ഒരുവന് കിട്ടുന്ന അന്നമാണ് അവന്റെ പ്രണയം" എന്ന് എവിടെയോ വായിച്ചിട്ടുണ്ട്.

ജൈവീകമായ, ശരീരത്തിന്റെ ഉദ്ദീപനചോദനയായ വിശപ്പിന്റെ വിളികളെ നാം ഏറെക്കുറെ മറികടക്കുന്ന വർത്തമാനകാലത്തിൽ, വൈകാരിക തലങ്ങളിലേയ്ക്ക് എല്ലാ അർത്ഥത്തിലും, വിശപ്പ് കൂടുമാറ്റം നടത്തിയിരിക്കുന്ന പ്രതിഭാസങ്ങൾ ഏറെ സുലഭം..!

അത്തരം പ്രമേയങ്ങൾ പല രചനാസങ്കേതങ്ങൾക്കും ഇന്ന് വിഷയമെങ്കിലും, ശ്രീ. കാവല്ലൂർ മുരളീധരന്റെ 'വിശപ്പ് 'എന്ന നോവലിലൂടെ കടന്നുപോകുമ്പോൾ, മനുഷ്യന്റെ ആന്തരികമണ്ഡലങ്ങളിൽ അനുഭവപ്പെടുന്ന സ്വാഭാവികവും, എന്നാൽ രുചിഭേദങ്ങളുമുള്ള വികാരങ്ങളുടെ, തീവ്രമായ വിശപ്പുകളിലൂടെ, വ്യത്യസ്തമായ ഒരു കാഴ്ചപ്പാടിൽ, ഒരു പ്രത്യേക താളലയത്തിൽ മന്ത്രമധുരമായി നമുക്കും ആത്മയാത്ര ചെയ്യാനാകും.

നഗരത്തിരക്കിന്റെ യാന്ത്രികത സമ്മാനിക്കുന്ന മടുപ്പിൽ നിന്നും പ്രകൃതിയുടെ തുരുത്തുകളിലേക്ക് നടന്നടുക്കാനും, പ്രകൃതിയും, അവയുടെ ഭാവങ്ങളും തന്റേതെന്ന് ഏകാന്തമായി അനുഭവിക്കാനും, ആസ്വദിക്കാനും ഇഷ്ടപ്പെടുന്ന 'അയാൾ'....!

യൗവ്വനത്തിന്റെ തീക്ഷ്ണമായ അനുഭൂതികൾ നുകരാതെ, പ്രയത്നബദ്ധവും ശ്രദ്ധാപൂർവ്വവുമായ ശ്രമങ്ങളാൽ വ്യക്തിപരമായ ഉയർച്ചയുടെ ഇടങ്ങളിലേക്ക്, തൊഴിൽ മേഖലയുടെ ഔന്നത്യമേറിയതും, ആകർഷണീയവുമായ ശൃംഖലയിലേയ്ക്ക് ആത്മവിശ്വാസത്തോടെ മുന്നേറുന്ന, പ്രകൃതിയെ ഏകാന്തമായി ഉപാസിക്കാൻ ഇഷ്ടപ്പെടുന്ന, സീനിയർ സോഫ്റ്റ് വെയർ ആർക്കിറ്റക്ട് ആയ 'അവർ'..!

പേരോ, പ്രത്യേക ദേശമോ, പ്രായമോ പ്രത്യേകം എവിടെയും അടയാളപ്പെടുത്താത്ത ഈ പാത്രസൃഷ്ടികൾ ഇരുവരും, നോവലിസ്റ്റിനും വായനക്കാർക്കും ഇടയിലെ ആശയവിനിമയത്തിൽ അനിവാര്യതയായി ഭവിക്കുന്ന, ഈ കാലഘട്ടത്തിന്റെ കേരളീയ പശ്ചാത്തലത്തിലുള്ള സ്ത്രീ, പുരുഷ പ്രതീകങ്ങളാകുന്നു.

സുന്ദരമായ ഒരു അസ്തമയവേളയിൽ ഒരു കടൽതീരത്ത് വെച്ച് തികച്ചും

സന്നിഗ്ധമായ ഒരു സന്ദർഭത്തിൽ, അതുവരെ പരിചയമില്ലാത്ത അവർ കണ്ടുതുടങ്ങുമ്പോൾ, പരസ്പരം അവരുടെ മനസ്സിലുടലെടുക്കുന്ന ധാരണകളുടെയും, ചിന്തകളിലും, കാഴ്ചപ്പാടുകളിലും തിരിച്ചറിയപ്പെടുന്ന യാദൃശ്ചികമായ സമാനതകളും, അതിനോടൊപ്പം അതു പ്രണയത്തിന്റെ, കിനിവുകൾ തീർക്കുന്ന കൊച്ചരുവിയായി ഒഴുകിയിഴുകുന്ന മനോഹാരിയായ മുഹൂർത്തങ്ങളും, എല്ലാം ചെറിയ സമയദൈർഘ്യത്തിന്റെ പരിധിയിൽ, ഒതുങ്ങിയ ഒരു പശ്ചാത്തലത്തിൽ നിന്നുകൊണ്ട് സന്നിവേശിപ്പിച്ച്, ആരംഭിക്കുന്നു നോവൽ..

ഹൃദയം ഹൃദയത്തോട് സംവദിക്കുന്ന ഏറെ നിസ്സർഗസുന്ദരമായ മാധുര്യമായി, ഇവരുടെ ചിന്തകളും ഗതകാലസ്മരണകളും, ജീവിതഗന്ധിയായ ഉൾക്കാഴ്ചകളും, വിലയിരുത്തലുകളുമെല്ലാം, അവരുടെ സ്വകാര്യസംഭാഷണങ്ങളിലൂടെ അനാവൃതമാകുന്നു.

ചെയ്ത തെറ്റുകളും, തോൽവികളും തന്ന പാഠങ്ങൾ വിജയത്തിലേയ്ക്കുള്ള പടവുകളാണെന്നുറപ്പിക്കുന്ന, പ്രതികൂലാവസ്ഥയിൽ ഉള്ളിലുടലെടുക്കുന്ന അധമവികാരങ്ങൾക്കും പലപ്പോഴും, നമുക്ക് കരുത്തു പകർന്ന്, മുന്നേറാനുള്ള ഇന്ധനമാകാനാവുമെന്ന് വിശ്വസിക്കുന്ന അയാൾക്ക് ഏകാന്തമായ തന്റെ ജീവിതത്തിൽ ഒരു വഴിത്തിരിവിന് സമയമായി എന്ന് ആരോ ഉള്ളിൽ നിന്നും ഓർമ്മപ്പെടുത്തുന്നതായി തോന്നിത്തുടങ്ങുന്നിടത്താണ് ഇവരുടെ കണ്ടുമുട്ടൽ.

കലയെയും സാഹിത്യത്തെയും സ്നേഹിക്കുന്ന, ഗൃഹാതുരതയുടെ നന്മകളിൽ അഭിരമിക്കുന്ന, പ്രകൃതിയിലേക്ക് സ്വന്തം ആത്മാവിന്റെ വാതായനങ്ങൾ തുറന്നിടുന്ന അയാൾ, 'കാഴ്ചകൾ' കൂടുമ്പോൾ മനസ്സ് വികസിക്കുന്നു എന്ന തിരിച്ചറിവിലേയ്ക്ക് എത്തിപ്പെടുമ്പോൾ, അതിനുള്ള വിവേകപൂർവ്വമായ യുക്തിയും ആശയങ്ങളും സമർത്ഥിക്കുമ്പോൾ വായനക്കാരും അതു സമ്മതിച്ചുകൊടുക്കും.

തൊഴിലിടത്തിൽ, സ്ത്രീകളുടെ കൂർമ്മബുദ്ധി ചൂഷക ബുദ്ധിയോടെയും പ്രലോഭനതന്ത്രമായും ഉപയോഗിക്കുന്ന, വർത്തമാന കാലത്തിന്റെ സാധാരണത്വത്തിൽ, സ്ത്രീലമ്പടത്വത്തിൽ ചുറ്റിത്തിരിയുന്ന പുരുഷമേധാവിത്വത്തിന് മുന്നിൽ, അസ്വതന്ത്രതയുടെ കെട്ടുപൊട്ടിച്ചെറിഞ്ഞു, പ്രസാദാത്മകമായി, ജീവിതത്തെ, തിരികെ പിടിക്കാൻ ഉൽക്കടമായി ആഗ്രഹിക്കുന്ന 'അവർ', ജീവിതത്തിൽ നിന്നും വിടപറഞ്ഞകന്ന അച്ഛനമ്മമാരുടെ അഭിലാഷങ്ങൾകൂടി തിരിച്ചുപിടിക്കാനാഗ്രഹിച്ചും, സ്ത്രീകൾ ഉന്നത പദവികൾ കൈകാര്യം ചെയ്യുന്ന ഒരു പ്രസിദ്ധ ബിസിനസ്സ് സ്ഥാപനത്തിന്റെ സുപ്രധാന പദവിയിൽ എത്തിനിൽക്കുന്നവളാണ്.

അവർ നടത്തുന്ന സംഭാഷണങ്ങളിലൂടെ അയാളെയും

അവരെയുംക്കുറിച്ച് തുടരദ്ധ്യായങ്ങളിൽ കൂടുതൽ അറിഞ്ഞു വരുമ്പോഴാണ്, ഹൃദയത്തിൽ, ആർക്കെന്നറിയാതെ, പ്രണയം സൂക്ഷിച്ചുവെച്ച രണ്ടുപേർ നിഗൂഢമായ ഏതോ ഒരു നിമിത്തം അവിടെ ഒന്നിക്കുന്നത്, കാലപ്രവാഹത്തിന്നിടയിൽ എവിടെയോ സംഭവ്യമാകേണ്ട ഒരു നിയോഗമാണെന്നു മനസ്സിലാക്കാനാവുക. നേരിട്ട് കണ്ടോ സംസാരിച്ചോ, ഭൗതികമായി തൊട്ടറിഞ്ഞുകൊണ്ടോ മാത്രമല്ല, അനുഭവങ്ങളുടെയും ചിന്താധാരകളുടെയും, ആത്മാർത്ഥ ആഗ്രഹങ്ങളുടെയും ഒരു ഐക്യപ്പെടലിന്റെ, അദൃശ്യമായ സംഗമ വേദിയിൽ, സ്വയം പ്രണയത്തിന്റെ ആഹ്ലാദവും, അനുഭൂതിയും പങ്കുവെയ്ക്കാൻ കഴിയുമെന്ന നിരീക്ഷണം, കാലികമായ സാഹചര്യത്തിലും, അഥവാ ഒരുപക്ഷേ, കാലത്തിനു മുമ്പെന്നപോലെ എഴുതപ്പെട്ട ഈ കൃതി വിനിമയം ചെയ്യുന്നുണ്ട്..!

സ്വന്തം ചിന്തകളിൽ നിന്നു പോലും ഇറങ്ങി നടക്കാനാവാത്ത ഒരാളുടെ ജീവിതം ചോദ്യങ്ങളുടെ സംഘർഷ ഭൂമിയാകുമ്പോൾ നാം ചില ഉത്തരങ്ങളുടെ മൂർത്തരൂപങ്ങളിലേക്ക് നടന്നടുക്കും എന്ന് കഥാകാരൻ, അയാളെക്കൊണ്ട് പറയിക്കുന്നത് ഈ സന്ദർഭത്തിൽ ഉചിതവും പ്രസക്തവുമാകുന്നു.

അവനവനോട്തന്നെ തികഞ്ഞ പ്രതിബദ്ധത പുലർത്തുന്ന, ആഹ്ലാദത്തിന്റെ മാസ്മരികതയിൽ രമിക്കുന്ന അവർ, അയാളുടെ മനസ്സിലും അതേ തരംഗദൈർഘ്യത്തിലുള്ള അനുരണനങ്ങൾ സ്പന്ദിച്ചു തുടങ്ങുന്നു എന്നത് തിരിച്ചറിയുമ്പോൾ, ഇരുവരും സ്വജീവിതത്തിലെ കുറച്ചു നിമിഷങ്ങളെ, അതിന്റെ സമഗ്രമായ എല്ലാ തലങ്ങളിലും പങ്കുവെക്കാൻ നിയോഗിക്കപ്പെടുന്നവരായി മാറുന്ന കാഴ്ചയാണ് ഇവിടെ പുതുമയുമാകുന്നത്.

വിശപ്പ് എന്ന അദ്ധ്യായത്തിൽ നിന്നും, ആരംഭം കുറിച്ച് വിരഹം, വിധേയം, വിശ്വാസം, വിധി, വെറുപ്പ്, വിഭൂതി, അങ്ങനെത്തുടങ്ങി വിജയം വരെ 'വ' കാരത്തിൽ ശീർഷകമുള്ള ഒരോ ചെറു അധ്യായങ്ങളിലൂടെയും സഞ്ചരിക്കുമ്പോൾ, അയാളുടെയും അവരുടെയും ഗതകാലസ്മരണകളിൽ വന്നെത്തുന്ന, ജീവിതവഴികളിൽ അവരെ ഏറെ നിർണ്ണായകമായി സ്വാധീനിച്ച പ്രസക്തബന്ധങ്ങളെ, അവയിൽ നിന്നും മുറ്റിത്തഴച്ച കർമ്മബന്ധനങ്ങളെ, അവസ്ഥാവിശേഷങ്ങളെ, ആശയസാമ്യതകളെ, ഒക്കെ നിർണ്ണായകവും, നിസ്തുലവുമായി അടയാളപ്പെടുത്തുന്നുണ്ട് നോവൽ.

നിരന്തരം ചൂഷണത്തിനു വിധേയമാകുന്ന കാടിനും, അവിടത്തെ മനുഷ്യർക്കും വേണ്ടി അഹോരാത്രം ആത്മാർത്ഥമായി പ്രവർത്തിക്കുന്ന, അനിവാര്യമായ ആകസ്മികതയിൽ തന്റെ സുഹൃത്തായി മാറുന്ന, പാരിസ്ഥിതിക പ്രവർത്തകയും സംഘടനാനേതാവും കൂടിയായ,

സ്ത്രീ കഥാപാത്രത്തെ, കരുത്തേറിയ, ആദർശത്തിന്റെ മാതൃക വിപ്ലവ പ്രതീകമായി അടയാളപ്പെടുത്തുന്നതും, പിന്നീട് സഹനത്തിന്റെ തീക്ഷ്ണമായ മുനമ്പിൽ പൊടുന്നനെ പ്രകൃതി ഭാവം മാറി സങ്കടപ്പെയ്ത്തായി മണ്ണും ജലവും പാറകളും കൊണ്ട് മായ്ച്ചു മറച്ച പ്രദേശത്തെയും അതിന്റെ ഭീതിദമായ പശ്ചാത്തലത്തിൽ അയാൾ കണ്ടെത്തുന്ന അനുഭവിക്കുന്ന അപ്രതീക്ഷിത നിമിത്തങ്ങളും നിസ്സംഗതകളുമെല്ലാം വരച്ചിടുന്നതിൽ കയ്യടക്കം വന്ന ഒരെഴുത്തുകാരനെ ഇവിടെ വെളിവാക്കുന്നുണ്ട്.

അവരെ രഹസ്യമായി ഇല്ലായ്മചെയ്ത അധികാരത്തിന്റെ ദുഷ്പ്രഭുത്വ ചെയ്തികൾ മറനീക്കി അയാൾക്ക് മുന്നിലെത്തുന്ന രംഗം ഹൃദയസ്പർശിയായി ചിത്രീകരിച്ചത് വായിച്ചനുഭവിക്കേണ്ട ഉദ്വേഗമുണർത്തുന്ന ഒരു സസ്പെൻസ് ആകുന്നതും ഈ വൈഭവംകൊണ്ടുതന്നെ.

സന്ദർഭങ്ങളും സംഭവങ്ങളും കഥാപാത്രങ്ങളും, അവർ അന്യോന്യം സംവദിക്കുന്ന ആശയങ്ങളും നിരീക്ഷണങ്ങളും അവയ്ക്കിടയിലുള്ള ചലനാത്മകതയും ഊർജ്ജവും പ്രതീക്ഷകളും മോഹവും സ്വപ്നങ്ങളും നിരാശയും വെളിപാടുകളും കണ്ടെത്തലുകളും ഒന്നൊന്നായി ഒരു അഭ്രപാളിയിലെന്നവണ്ണം ഏറെ തന്മയത്വത്തോടെ ദൃശ്യവൽക്കരിക്കപ്പെടുന്നു.

വിചിത്രം എന്ന അദ്ധ്യായത്തിൽ കാടും പ്രകൃതിയുടെ വൈവിധ്യമാർന്ന ഇടങ്ങളും യാത്രാ സന്ദർഭങ്ങളായിവരുന്ന ഭാഗത്ത് ഗതകാല അനുഭവത്തിന്റെ വൈചിത്ര്യങ്ങളാർന്ന അനുഭവപരിസരങ്ങളിലൂടെ, പൗരുഷത്തിന്റെ പ്രതിഛായകൂടി നിഴലിക്കുന്ന അവരുടെ സ്നേഹിതയോടൊപ്പമുള്ള പ്രകൃതിയിലേയ്ക്കുള്ള ബൈക്ക് യാത്രയിൽ അവരോടൊപ്പം യാത്രികരായി അനുവാചകരും ആ വിചിത്ര അനുഭൂതികൾ പങ്കിടുന്നു.

വിയർപ്പും വിരക്തിയും വിരാടവും വാട്ടവുമൊക്കെ, വിജയം എന്നതിലെത്തി നിൽക്കുമ്പോൾ ആ ശീർഷകങ്ങൾ ദ്യോതിപ്പിക്കുന്ന അക്ഷരാർത്ഥത്തിൽതന്നെ ഒരോ അദ്ധ്യായവും അത്തരം ആശയങ്ങളെയും അവസ്ഥകളെയും, മാനസിക വ്യാപാരങ്ങളുടെ തലത്തിൽ അപഗ്രഥിച്ചു തരുന്നതും, പരിചിന്തന വിധേയവുമാക്കുന്ന മനഃശാസ്ത്ര വിശകലനങ്ങളായി അനുവാചക ഹൃദയത്തിൽ ഘടിപ്പിക്കപ്പെടുന്നത് നാമറിയുന്നു. ഇതു സാധൂകരിക്കുന്ന സ്വന്തം ദർശനപരതയുടെ വെളിപ്പെടുത്തലുകൾ, സുഗമമായ, സമ്പന്നമായ വ്യാഖ്യാന ഉദ്ധരണികളായി കൃതിയിലുടനീളം പ്രകാശിക്കുന്നു.

പ്രണയത്താൽ, ഇങ്ങനെ പരസ്പരം പരിചരിക്കുന്ന, പരിലാളിക്കുന്ന, പരിചിന്തനവും നടത്തുന്ന, അവരുടെ ഒരോ സ്വകാര്യ സംഭാഷണ വേളകളും മനഃശാസ്ത്രപരമായ കാഴ്ചപ്പാടുകൾ കൂടി, മനോഹരമായി

തുറന്നു പങ്കുവെക്കുന്നുവെന്നതാവാം ഇതിലെ മറ്റൊരു സവിശേഷത.

'വൈബു'കളുടെ ക്ഷണികലോകത്ത് മാത്രം ശ്രദ്ധിച്ചുപോകുന്ന ഇന്നത്തെ ന്യൂജൻ കാലഘട്ടത്തിൽ ഗൃഹാതുരത്വമാർന്ന നന്മകളെ താരതമ്യം ചെയ്തുകൊണ്ടുതന്നെ ആനുകാലികമായ പ്രകൃതി വിഷയങ്ങൾ പാരിസ്ഥിതിക പ്രശ്നങ്ങൾ സാമ്പത്തിക വാണിജ്യരംഗങ്ങളുടെ നൂതന സാദ്ധ്യതകൾ ബിസിനസ് മേഖലയിലെ വർദ്ധിച്ചുവരുന്ന മത്സരങ്ങൾ നഷ്ടമാകുന്നതോ വിട്ടുപോകുന്നതോ ആയ കൂട്ടായ്മയുടെ തണലിടങ്ങൾ മറ്റുള്ളവയെ പിന്നിലാക്കി മുന്നേറാനുള്ള എവിടേയുമുള്ള പരസ്യമായ ഗൂഢതന്ത്രങ്ങൾ സാമൂഹ്യമായ അവയുടെ നിലനിൽപ്പുകൾ അവസ്ഥകൾ ഇവയൊക്കെ അവരിരുവരുടേയും നേരനുഭവങ്ങളിൽക്കൂടി വീക്ഷണവിഷയങ്ങളായി അവതരിപ്പിച്ചിരിക്കുന്നതിൽ പ്രതിഭാധനനായ ഒരു സാമൂഹ്യനിരീക്ഷകന്റെ ധിഷണാവൈഭവവും, പ്രതിബദ്ധതയുമാണ് രചയിതാവിൽ കാണാനാവുക. ഇതാകട്ടെ ഒട്ടും വിരസമല്ലാതെ അന്വേഷണബുദ്ധിയിലുരുവായ അറിവിന്റെ സാക്ഷ്യമെന്നപോലെ സംഭാഷണ വാങ്മയവർണ്ണചിത്രചാരുതയായി അനുവാചകനിൽ ഏറെ കൗതുകവും ജിജ്ഞാസയും പകരുന്നുണ്ടുതാനും. ആദ്യസമാഗമവേദിക്കു സാക്ഷിയാകുന്ന കടൽ അവരുടെ സ്വത്വദർശനങ്ങളുടെ പ്രതീകാത്മകമായ കാല്പനികബിംബമായി മറ്റൊരു കഥാപാത്രമായി വായനക്കാരന്റെ മനസ്സിൽ മനോഹരമായി കുടിയേറുന്നുമുണ്ട്. കാടും മരങ്ങളും മരുഭൂമിയും മരുപ്പച്ചയുമെല്ലാം എത്ര സമഞ്ജസമായാണ് ഈ ഗദ്യകാവ്യത്തിൽ കാല്പനിക ഭംഗിയോടെ ഇഴുകിചേരുന്നുവെന്നത് വായിച്ചനുഭവിക്കേണ്ടത് തന്നെ.

സമാധാനം തേടുന്ന ഒരാൾക്ക് കൂടുതൽ യുദ്ധമുറകളിലൂടെ സ്വയം കടന്നുപോകേണ്ടതുണ്ടെന്നും നാം നമ്മോടുതന്നെയുള്ള തീരാത്ത യുദ്ധങ്ങളിലാണ് കൂടുതൽ പരീക്ഷീണരാവുക എന്നും, തന്റെ പാത്ര സൃഷ്ടികളിലൂടെ എഴുത്തുകാരൻ സമർത്ഥിക്കുന്നുണ്ട്.

"ജീവിതത്തിൽ നാം അനുഭവിക്കാത്ത മഴകളാണ് നമുക്ക് ചുറ്റും പെയ്തുതോർന്നിട്ടുള്ളത്" എന്നത് പോലെയുള്ള നിരവധി കാവ്യാത്മക ഭാവനാ നിരീക്ഷണ ശകലങ്ങൾ ഉദാത്തവും, ശക്തവുമായ ആശയങ്ങളെ കൃതിയിലുടനീളം പ്രസരിപ്പിക്കുന്നുണ്ട്.

നഷ്ടങ്ങളും, പ്രതിസന്ധികളും, പ്രതികൂലാനുഭവങ്ങളുമൊക്കെ തുടർന്നുള്ള ജീവിതത്തിൽ, അവർക്ക് പാഠങ്ങളായും, ഇന്ധനവും, ഊർജ്ജവുമൊക്കെയായും പരിണമിക്കുന്നത്, മനഃശാസ്ത്രപരമായ അന്വേഷണത്തിന്റെ ഉൾക്കാഴ്ചകളുടെ, കണ്ടെത്തലുകളുടെ വിശകലന വിനിമയങ്ങളിലൂടെയാകുമ്പോൾ, അത് അനുവാചകനും സർവഥാ ആസ്വാദ്യകരമാകുന്ന രീതിയാവുകയാണ്.

ഇവിടെ, വായനക്കാർക്ക് കഥാപാത്രങ്ങളുടെ കണ്ണുകളിലൂടെ ലോകത്തെ കാണാനും അനുഭവിക്കാനും മാത്രമല്ല അവരുടെ മാനസിക നിലയുമായി സ്വന്തം മനസിന്റെ വിചാരവികാരങ്ങളെ തട്ടിച്ചു നോക്കാനും, സ്വന്തം ചിന്താമണ്ഡലത്തിൽ അവയെ അപഗ്രഥിക്കാനും, രസച്ചരട് മുറി യാതെത്തന്നെ ഈ രചന തീവ്രമായി ശ്രമിക്കുന്നു.

ഒടുവിലെ അദ്ധ്യായമായ വിരാടവും കടന്നു വിജയത്തിലെത്തുമ്പോൾ കഥാഗതിയിൽ പൊടുന്നനെയുണ്ടാകുന്ന, അപ്രതീക്ഷിത ട്വിസ്റ്റും, ആകാംക്ഷയുണർത്തുന്ന ക്ലൈമാക്സും എഴുത്തുകാരനിലെ, മനഃശാസ്ത്ര വിദഗ്ധനൊപ്പം, കൃത്യമായ ആസ്വാദകഗണിതം വശപ്പെടുത്തിയ ഒരു സംവിധായകപ്രതിഭയെയും കൂടിയാണ് എഴുത്തു ലോകത്തിനു സമ്മാ നിക്കുന്നത് എന്ന് ബോധ്യപ്പെടും.

തീവ്രമായ വികാരബന്ധങ്ങളുടെ സൗന്ദര്യവും സുഗന്ധവും നിറഞ്ഞ അനുഭൂതിയെ സർഗാത്മകമായ തലങ്ങളിലൂടെ, ആശയപ്രസക്തമായി നടത്തിക്കുന്ന എഴുത്തുകാരന്, തുടർന്നും എഴുത്ത് ലോകത്ത് എല്ലാവിധ അനുഗ്രഹങ്ങളും ഉണ്ടാവട്ടെ. ആശംസകളോടെ...

**രാധിക ശശിധരൻ**

# ആത്മദർപ്പണത്തിൽ തെളിയുന്ന കാഴ്ചകൾ

**ഭാ**ഷ, ദേശങ്ങൾക്കതീതമായി കലാസാഹിത്യമേഖലകളെ അടിമുടി നവീകരിച്ചുവെന്നതാണ് മഹായുദ്ധങ്ങൾകൊണ്ട് സാംസ്കാരിക ലോകത്തിനുണ്ടായ പരിമിതവും അപ്രിയമായതുമായ ഏകനേട്ടം.

ആധുനികത കടന്നുവന്നതോടെ സാഹിത്യത്തിൽ അതുവരെ നിലനിന്നിരുന്ന കാല്പനിക പ്രവണതകളെയും കണ്ടെത്തലുകളെയും ഏതാണ്ട് അപ്രസക്തമാക്കിക്കൊണ്ട് സ്വത്വബോധവും അസ്തിത്വദുഃഖവുമെല്ലാം പ്രമേയമായ രചനകൾ നിരന്തരമായി കടന്നുവന്നു. പാശ്ചാത്യലോകത്തുണ്ടായ ഈ മാറ്റം എഴുപതുകളിലാണ് മലയാള സാഹിത്യധാരയിലും കടന്നുവന്ന് കാര്യമായ സ്വാധീനം ചെലുത്താൻ തുടങ്ങിയത്. മുകുന്ദൻ, കാക്കനാടൻ, ഒ വി വിജയൻ, പട്ടത്തുവിള, പദ്മരാജൻ തുടങ്ങിയവർ ആധുനികതയെ മുറുകെപ്പിടിച്ചു. ആധുനികോത്തര സാഹിത്യത്തിന്റെ പ്രതിനിധികളായി പിന്നെയും എഴുത്തുകാരുടെ മുന്നേറ്റമുണ്ടായി. ആശയത്തിലും ആഖ്യാനത്തിലും ഒരുപോലെ പുതുമയും വൈഭവവും പ്രകടമാക്കുകയെന്ന ഇവരുടെ രീതി എത്രയും ശ്രദ്ധേയമായിരുന്നു എന്നത് വസ്തുതയാണ്. പഴയ തറവാട്ടുപരിസരങ്ങളിൽ പതുങ്ങിനിന്ന മലയാളി വായനക്കാരെ എഴുത്തിന്റെയും വായനയുടെയും വേറിട്ട ഇടങ്ങളിലേക്ക് സ്വതന്ത്രരാക്കാൻ കഴിഞ്ഞു എന്നതാണ് മലയാളത്തിലെ ആധുനിക എഴുത്തുകാരുടെ കൃതികളെ സവിശേഷവുംവ്യത്യസ്തവുമാക്കിയത്.

മലയാളികളെ സംബന്ധിച്ച് പ്രവാസം ഏറ്റവും പരിചിതവും പ്രിയവുമാണെങ്കിലും സാമാന്യം ദുഃഖകരവും നിരർത്ഥകവുമായ ഒരു ജീവിതാവസ്ഥയാണ്. ആത്മാവിന്റെ പരിസരങ്ങളെ മറന്നുകൊണ്ട് അകലങ്ങളിൽ, അന്യദേശങ്ങളിൽ സ്വന്തം സ്വത്വം കണ്ടെത്തുകയെന്ന, കരൾ പറിഞ്ഞുപോകുന്ന വേദന അനുഭവിക്കുമ്പോഴും സ്വന്തം അവസ്ഥകളേക്കാൾ പിറന്ന മണ്ണിലെ പ്രിയപ്പെട്ടവരുടെ ജീവിതം പകർത്താനായിരുന്നു അവർ ശ്രമിച്ചത്.

കൂടുതൽ സൗകര്യങ്ങളും സ്വതന്ത്ര സാഹചര്യങ്ങളുമുണ്ടായിരുന്ന ഉത്തരേന്ത്യൻ ജീവിതാനുഭവങ്ങൾ മുകുന്ദൻ, വിജയൻ, ആനന്ദ്, മാധവി

ക്കുട്ടി, എൻ.എസ്. മാധവൻ എന്നിവരുടെ എഴുത്തിന് ധൈഷണികമായ കരുത്തുപകർന്നെങ്കിലും വിദേശരാഷ്ട്രങ്ങളിലിരുന്ന്, വിശേഷിച്ച് ഗൾഫ് നാടുകളിലിരുന്ന് എഴുതിയവർക്ക് പ്രവാസജീവിതാനുഭവങ്ങളുടെ ധാരാളിത്തം ഉണ്ടായിട്ടും പ്രവാസസാഹിത്യമേഖലയിൽ കനപ്പെട്ട സംഭാവനകൾ നൽകാനായില്ലെന്നത് ശ്രദ്ധേയമാണ്. ബെന്യാമിന്റെ ആടുജീവിതം സാധാരണക്കാരായ മലയാളി വായനക്കാരെയും ഗൾഫ് പ്രവാസികളെയും ഒരുപോലെ വിസ്മയിപ്പിച്ചുവെന്നതിൽ തർക്കമില്ലെങ്കിലും ടി വി കൊച്ചുബാവയെപ്പോലെ വിരലിലെണ്ണാവുന്ന എഴുത്തുകാരൊഴികെ മിക്കവാറും ജനപ്രിയവഴിയിൽ സഞ്ചരിച്ചവരായിരുന്നു.

മലയാള സാഹിത്യം എന്നും വളർച്ചയുടെ വഴിയിലായിരുന്നെങ്കിലും ആകസ്മികമായി വലിയ പരിണാമത്തിന് വിധേയമായത് സമൂഹമാധ്യമങ്ങളുടെ വളർച്ചയിലൂടെ ആയിരുന്നു. 2016ലെ നോട്ടുനിരോധനത്തിലൂടെ ലക്ഷ്യമിട്ട ഡിജിറ്റൈസേഷൻ തുടങ്ങി 2018ലെ പ്രളയം, 2020ലെ കോവിഡ് മഹാമാരി അങ്ങനെ അനേക കാരണങ്ങൾകൊണ്ട് മലയാള സാഹിത്യം വ്യത്യസ്തമായ വളർച്ചയാണ് രേഖപ്പെടുത്തിയത്.

1852 ലാണ് കാതറിൻ ഹന്നാ മുല്ലൻസ് ബംഗാളി ഭാഷയിൽ രചിച്ച "ഫുൽമോനി എന്നും കോരുണ എന്നും പേരായ രണ്ടു സ്ത്രീകളുടെ കഥ"എന്ന നോവൽ ജോസഫ് പീറ്റ് എന്ന പാതിരി മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയത്. ബംഗാളി ക്രൈസ്തവ നാട്ടുഭാഷയുടെ മലയാളി ക്രൈസ്തവ നാട്ടുഭാഷയിലേക്കുള്ള പരിഭാഷ നാട്ടുഭാഷയുടെ ലാളിത്യവും മൊഴിവഴക്കങ്ങൾകൊണ്ടും അക്കാലത്ത് ശ്രദ്ധേയമായി മാറിയിരുന്നു. കോവിഡ് കാലത്ത് സമൂഹമാധ്യമത്തിൽ പ്രത്യക്ഷപ്പെട്ട് ശ്രദ്ധേയമായ "കല്യാണി എന്നും ദാക്ഷായണി എന്നും പേരായ രണ്ടു സ്ത്രീകളുടെ കത"എന്ന നോവലും വായനക്കാരും നിരൂപകരും ഏറ്റെടുത്തതും നാട്ടുമൊഴിച്ചന്തമുള്ള ആഖ്യാനചാരുതയിലൂടെ ആയിരുന്നു.

സാഹിത്യഭാഷയിൽ വിജയകരമായ പുതിയ പരീക്ഷണങ്ങളുണ്ടായി. പുതിയ എഴുത്തുകാരും മികച്ച കൃതികളും ധാരാളമായി പിറവിയെടുത്തു. പറഞ്ഞുവന്നത് യുദ്ധങ്ങൾ ലോകസാഹിത്യത്തെ പരിവർത്തനപ്പെടുത്തിയതുപോലെ കൊവിഡ് മലയാളസാഹിത്യത്തെ ഉത്തേജിപ്പിച്ച വസ്തുതയാണ്. ഇതേ കാലത്താണ് സമൂഹമാധ്യമങ്ങളിൽ പ്രവാസികളടക്കമുള്ള, എഴുത്തിന്റെ ലോകത്ത് പ്രത്യക്ഷപ്പെടാൻ സങ്കോചം പ്രകടിപ്പിച്ചുനിന്നിരുന്നവർ സജീവമായത്. തീക്ഷ്ണമായ ജീവിതാനുഭവങ്ങളുടെ വെളിച്ചത്തിൽ നിന്നുകൊണ്ട് ഏറ്റവും പരിചിതമായ വിഷയങ്ങളും വ്യക്തിവിശേഷങ്ങളും അനുഭവങ്ങളുമെല്ലാം സമൂഹമാധ്യമങ്ങളിലൂടെ കൃത്യമായും വ്യക്തമായും നീതിബോധത്തോടെയും ആത്മാർത്ഥതയോ

ടെയും ആവിഷ്കരിക്കപ്പെട്ടു. ആത്മകഥ ഒരു സാംസ്കാരികമായ സൃഷ്ടിയാണെന്നതിനാൽത്തന്നെ അത് എഴുത്തുകാരന്റെ കൃത്യമായ രാഷ്ട്രീയവും സത്യസന്ധതയും നിലപാടുകളും ദർശനവിധേയമാക്കി. സ്വന്തം അനുഭവങ്ങളായതിനാൽ ഭ്രമാത്മകമായ അന്വേഷണങ്ങൾ പരമാവധി ഒഴിവാക്കി യാഥാർഥ്യബോധത്തിന്റെ നിലപാടുതറകളിൽ ചുവടുറപ്പിച്ചുകൊണ്ടുതന്നെ വേറിട്ട എഴുത്തുകളുണ്ടായി. ആ എഴുത്തുധാരയിൽ പ്രവാസികളിൽനിന്നുള്ള പ്രധാനപ്പെട്ട എഴുത്തുകാരനായാണ് ഞാൻ കാവല്ലൂർ മുരളീധരനെ കാണുന്നത്. ആത്മദർശനങ്ങളിൽ നിന്നുമാത്രം സംജാതമാവുന്ന ജീവിതാവസ്ഥകളെയും അനുഭവങ്ങളെയും തത്ത്വചിന്താപരമായ കരുത്തോടെയും കരുതലോടെയും ആവിഷ്ക്കരിക്കാനുള്ള എഴുത്തുകാരന്റെ സത്യസന്ധമായ ഇടപെടലുകളാണ് കാവല്ലൂർ മുരളീധരന്റെ കൃതികളിൽ കാണുന്നത്.

കഥയുടെയും നോവലിന്റെയും ആത്മകഥയുടെയും ഓർമ്മക്കുറിപ്പുകളുടെയും കവിതയുടെയുമെല്ലാം ചാരുത പകരുന്ന ആഖ്യാനമികവ് എഴുത്തുകാരന്റെ ആത്മവിശ്വാസം പ്രകടമാക്കുന്നുണ്ട്. എല്ലാ മിഥ്യാധാരണകൾക്കുമപ്പുറത്ത് പ്രകാശം പരത്തുന്ന സത്യത്തിന്റെ കിരണങ്ങൾ വായനക്കാരെ വശീകരിക്കുന്നു.

കാവല്ലൂർ മുരളീധരൻ എന്ന പ്രവാസി എഴുത്തുകാരന്റെ രണ്ടാമത്തെ പുസ്തകമാണ് ഇരുപത്തഞ്ചോളം കഥകളുടെ സമാഹാരമായ "വിശപ്പ്". കഥകളുടെയെല്ലാം ടൈറ്റിൽ 'വ'കാരത്തിൽ ആരംഭിക്കുന്നു എന്ന യാദൃച്ഛികത കൂടി ഈ സമാഹാരത്തിനുണ്ട്. 'ജിവിതം തന്നെ വിശപ്പാണ്' എന്നാണ് പുസ്തകത്തിന്റെ തുടക്കം. ആദ്യവാചകത്തിലൂടെ വിശപ്പ് എന്ന അവസ്ഥയുടെ മാനുഷികതലങ്ങൾ കൃത്യമായി വായനക്കാരിലെത്തിക്കാൻ കഴിയുന്നുണ്ട്. മനുഷ്യന്റെ തലച്ചോറ് ഒരായിരം വിശപ്പുകളുടെ ആമാശയമായി മാറിയിരിക്കുന്നു എന്ന കണ്ടെത്തൽ തുടർവായനയിലേക്കുള്ള താക്കോലായി പ്രയോജനപ്പെടുന്നുണ്ട്. അവളുടെയും അവന്റെയും അവനവൻചിന്തകളുടെ ഉയരങ്ങളിലെത്തി കഥ അവസാനിക്കുകയാണ്. അതിനുമുൻപായി "അവർ മുറി തുറന്ന് കാണിച്ചുകൊടുത്തു. പിന്നെ പുറത്തിറങ്ങി കടലും അസ്തമയസൂര്യനും നോക്കിനിന്നുകൊണ്ട് പറഞ്ഞു. "എന്റെ കടൽ, എന്റെ അസ്തമയം". അയാളുംകടലിലേക്ക് നോക്കി അതുതന്നെ ആവർത്തിച്ചു. "എന്റെ കടൽ, എന്റെ അസ്തമയം."

മുറി തുറന്നുകാണിക്കുമ്പോൾ പരസ്പരം കാണാനാവുന്നത് അവരുടെ മനസ്സുകൾ തന്നെയാണ്. അതേസമയം കടലും അസ്തമയവും അവരുടെ ആത്മീയമായ സങ്കല്പങ്ങളെയാണ് പ്രതിനിധാനം ചെയ്യുന്നത്. വിശപ്പ് സ്വാനുഭവമായി തിരിച്ചറിയുന്നതിനൊപ്പം അന്യരുടെ വിശപ്പും തിരി

ച്ചറിയുക അഥവാ അവരുടെ അഭിനിവേശത്തിൽ പങ്കുചേരുക എന്ന ധാർമ്മിക ബോധത്തിലേക്കാണ് ആഖ്യാനസൗഷ്ഠവമുള്ള ഈ കഥ വിരൽചൂണ്ടുന്നത്.

വിരഹം എന്ന രണ്ടാമത്തെ കഥ ആദ്യകഥയുടെ തുടർച്ചയാണ്. കിടപ്പു മുറിയിൽ ആവശ്യപ്പെടുന്ന രുചി കയ്പ്പും ചവർപ്പുമല്ല മധുരമാണ് എന്നു തുടങ്ങി, പ്രണയത്തിന്റെ ചിലന്തിവലകളിൽ വീർപ്പുമുട്ടിച്ചു കൊല്ലാൻ വന്ന ഒരാളാണോ നിങ്ങൾ എന്ന ചോദ്യത്തിലാണ് കഥ അവസാനി ക്കുന്നത്. പ്രണയത്തിന്റെ മുള്ളുവേലികൾ തീർക്കുന്ന അസ്വാതന്ത്ര്യം പ്രണയനിരാസം പോലെ നിഷേധാത്മകമാണെന്ന തിരിച്ചറിവാണ് ഈ കഥയിൽ ധ്വനിക്കുന്നത്. വിധേയം എന്ന കഥയിലും അന്ധമായ പ്രണ യത്തിന്റെവിരസതയാണ് അനുഭവവേദ്യമാകുന്നത്. പ്രണയവേളയിലെ ദീർഘചുംബനങ്ങൾ ഒരാൾക്ക് ജീവവായുവാണെങ്കിൽ പങ്കാളിക്ക് അങ്ങ നെയാവണമെന്നില്ലെന്നും ഒരുപക്ഷേ സ്വയം നഷ്ടപ്പെടാനുള്ള സാഹചര്യ മാണുള്ളതെന്നുമുള്ള കണ്ടെത്തലാണ് ഈ കഥയിൽ സൂചിതമാവുന്നത്.

മരണം പോലും എപ്പോഴെന്ന് നിശ്ചയമില്ലാത്ത മനുഷ്യർ എന്തിനാണ് ജീവിതത്തെ ഇത്രമേൽ ഭയപ്പെടുന്നത് എന്ന ചോദ്യമാണ് വിശ്വാസം എന്ന കഥയിലൂടെ ഉന്നയിക്കുന്നത്. ജീവിതത്തിൽ അർഹമായതിലും പരിഗണന ലഭിക്കുന്നവരും സൗഖ്യം അനുഭവിക്കുന്നവരുമായവരുടെ ഭയപ്പാടുകളും നഷ്ടബോധങ്ങളുമാണ് ഈ കഥയിൽ നിറഞ്ഞുനിൽക്കു ന്നത്.

സാമ്പത്തികസ്വാതന്ത്ര്യമാണ് മനുഷ്യസ്വാതന്ത്ര്യത്തിൽ പ്രധാനപ്പെട്ട തെന്നും ജീവിതത്തിന്റെ പുതിയ ആകാശങ്ങളിലേക്ക് കുതിച്ചുയരാനുള്ള ആത്മവിശ്വാസം മറ്റൊന്നുമല്ലെന്നും കഥ ഓർമ്മപ്പെടുത്തുന്നു.

വിധി, വിഭൂതി, വിപണി, വിചാരണ എന്നീ കഥകളും മനുഷ്യാവസ്ഥ കളുടെ സഹജമായ വാസനകളും രുചികളും കർമ്മപഥങ്ങളുമാണ് അനാവരണം ചെയ്യുന്നത്.

വൈരാഗ്യം എന്ന വികാരം യഥാർത്ഥ ജീവിതത്തിലൊരു ചാലക ശക്തിയാണെന്ന സൂചനയിലൂടെയാണ് 'വൈരാഗ്യം'എന്ന കഥ തുട ങ്ങുന്നത്. ”നീ ജീവിതത്തിൽ ഒന്നുമാവില്ല”എന്ന ആദ്യ പ്രണയിനിയുടെ ശാപതുല്യമായ വാക്കുകൾ ഒരു വരപ്രസാദം പോലെ ജീവിതത്തെ തിരിച്ചുപിടിക്കാനുള്ള ചാലകശക്തിയായി മാറുന്നതാണ് കഥ.

മോട്ടിവേഷൻ ക്ലാസുകളിൽ കേട്ടു ശീലിച്ച ഇത്തരം വാക്കുകളും അനുബന്ധ കഥകളും സാഹിത്യത്തിനപ്പുറം ആത്മജ്ഞാനത്തിന്റേതായ നിലപാടുകളിലൂടെയാണ് സഞ്ചരിക്കുന്നത്.

എല്ലാ കഥകളിലും കഥാകാരന്റെ ആത്മസ്പർശമുണ്ടെന്ന കാര്യം

മുൻപേ സൂചിപ്പിച്ചുവല്ലോ. ഉയരത്തിലുള്ള പാർപ്പിടങ്ങളും കടലിന്റെ അപാരനീലിമയും സാമാന്യമായ സവിശേഷതയാണ്. ഭൗതികമായ അന്വേഷണത്തേക്കാൾ ആത്മീയമായ കണ്ടെത്തലുകളാണ് കാവല്ലൂർ മുരളീധരന്റെ കഥകളിൽദർശനീയമാവുന്നത്.

ആദ്യപുസ്തകത്തിലേതിന് സമാനമായ യാത്രകൾ ഈ കൃതിയിലും കടന്നുവരുന്നുണ്ട്. ഒരാളുടെ തോളിൽ വേതാളത്തെപ്പോലെ കിടന്ന് അപ്രിയമായ ചോദ്യങ്ങളൊന്നും ചോദിക്കാതെ ഉത്തരങ്ങൾ അനുഭവി ച്ചറിയുന്ന രചനാചാതുര്യം കഥകളിൽ പ്രത്യക്ഷമാകുന്നുണ്ട്.

"കപടലോകത്തിൽ ആത്മാർത്ഥമായൊരു ഹൃദയമുണ്ടായതാണെൻ പരാജയം" എന്ന കവിവാക്യം തീർച്ചയായും സ്വാർത്ഥനായൊരു മനുഷ്യന്റെ ആപ്തവാക്യമായി നിറം മങ്ങിയിട്ടുണ്ട്.

അറിഞ്ഞോ അറിയാതെയോ ഇത്തരം ആപ്തവാക്യങ്ങളിൽ മുറുകെ പ്പിടിച്ച് ജീവിതദർശനങ്ങളെ രൂപപ്പെടുത്തുന്നവരെ പരിഹസിക്കുന്ന കഥയാണ് 'വിഷാദം'.

ഇരുപത്തഞ്ചു കഥകളെക്കുറിച്ചും വിശദീകരിക്കുന്നത് ഉചിതമാവില്ലെ ന്നറിയാം. പക്ഷെ ഓരോ കഥയും ഓരോ തുടർച്ചയാണ് എന്നതിനാൽ ഒരു കഥയെയും വേറിട്ടുനിർത്താനാവില്ല. വേറിട്ടുനിൽക്കുന്നില്ല എന്നതാണ് സത്യം. 'തുന്നിച്ചേർക്കാത്ത വിരൽ' എന്ന കൃതിയുടെ തുടർച്ചയാണ് 'വിശപ്പ്'. ഈ പുസ്തകത്തിലെ ഇരുപത്തഞ്ച് കഥകളും ഒരു പരമ്പര പോലെ രചിക്കപ്പെട്ടതാണ്. തീരുമാനിക്കപ്പെട്ടതും ആകസ്മി കവുമായ കർമ്മപഥങ്ങളിലൂടെ കടന്നുപോകുന്ന മനുഷ്യബന്ധങ്ങളും ജീവിതാവസ്ഥകളുമാണ് കഥാകൃത്ത് ആവിഷ്കരിക്കുന്നത്. പരസ്പരം ശക്തിദൗർബല്യങ്ങൾ തിരിച്ചറിഞ്ഞിട്ടും അനുഭവിച്ചറിയാൻ കൊതിക്കു ന്നവരുടെയും ശ്രമിക്കുന്നവരുടെയും ജീവിതത്തിന്റെ പൊള്ളലുകളും വേവലുകളും വായനയിൽ അനുഭവപ്പെടുന്നുണ്ട്. ഇനിയും പറഞ്ഞുതീ രാത്ത അനേകം അനുഭവങ്ങളും ബാക്കിനിൽക്കുന്നുണ്ട്.

സാഹചര്യങ്ങൾക്കനുസൃതമായോ വിധേയപ്പെട്ടോ, അഭിനയിച്ചോ, സഹകരിച്ചോ ജീവിക്കേണ്ടിവരുന്ന ആധുനിക മനുഷ്യരുടെ സ്വത്വപ്രതി സന്ധികളാണ്

"വിശപ്പ്" എന്ന ഈ പുസ്തകത്തിൽ കാണാനാവുന്നത്. സ്വന്തം അനുഭ വപരിസരങ്ങളിൽ നിന്നുകൊണ്ട് സ്വയം കണ്ടെത്താനും തിരിച്ചറിയാനും പ്രതിരോധിക്കാനും അതിജീവിക്കാനും പാടുപെടുന്ന മനുഷ്യർക്ക് ഇത് ഒരു കൈപുസ്തകമാണ്. സ്വയം കണ്ടെത്താനും തിരിച്ചറിയാനുമുള്ള നിലനില്പിന്റെ പുസ്തകം.

**രാധാകൃഷ്ണൻ വെട്ടത്ത്**



# വിശപ്പ്

നോവൽ

## കാവല്ലൂർ മുരളീധരൻ

**നോ**വൽ എന്ന കലാരൂപത്തെപ്പറ്റിയുള്ള വായനക്കാരുടെ പരമ്പരാഗതമായ ഉറച്ച ധാരണകളെയും സൗന്ദര്യമൂല്യങ്ങളെയും തകിടം മറിക്കുന്നുണ്ട് ഈ നോവൽ. ഒരർത്ഥത്തിൽ ഇതൊരു പരീക്ഷണ നോവലാണ്. നമ്മുടെ കാലത്തെ മനുഷ്യജീവിതം നേരിടുന്ന ദാർശനികവും സാമൂഹികവും രാഷ്ട്രീയവുമായ പ്രശ്നങ്ങളെക്കുറിച്ച് എഴുത്തുകാരൻതന്നെ വെളിപ്പെടുത്തി നീങ്ങുകയാണ് നോവലിൽ. ഉചിതമായ സന്ദർഭങ്ങൾ സൃഷ്ടിച്ച് ജീവിതത്തിനേറ്റ ആഘാതങ്ങളും മുറിവുകളും കാവ്യാത്മകമായി പ്രകാശിപ്പിക്കുന്നു. മനുഷ്യജീവിതത്തെപ്പറ്റിയുള്ള കാവ്യാത്മകമായ പ്രസ്താവങ്ങൾ നോവലിൽ ഉടനീളമുണ്ട്. മനുഷ്യജീവിതത്തിന്റെ മൗലികമായ വശങ്ങളിൽ ഈ കലാകാരന്റെ കണ്ണുകൾ എത്തുന്നുണ്ട്. മനുഷ്യബന്ധങ്ങളുടെ നിഗൂഢസ്വഭാവങ്ങളിലേക്ക് നോവൽ വിരൽചൂണ്ടുന്നതു കാണാം. സ്ത്രീപുരുഷ ബന്ധത്തിന്റെ ആഴവും പ്രണയത്തിന്റെ മൗലികസ്വഭാവങ്ങളും ഈ കലാസൃഷ്ടി അർത്ഥവത്തായ സൂചനകളിലൂടെ വ്യക്തമാക്കുന്നു. മാത്രമല്ല ജീവിതത്തിന്റെ ആത്യന്തിയായ പൊരുൾ എന്തെന്ന അന്വേഷണവും നോവലിൽ ഉണ്ട്. അത് നോവലിന് ദാർശനികഛായ പകർന്നു കൊടുക്കുന്നു. ആ സ്വഭാവമാണ് നോവലിനെ മികച്ച കലാസൃഷ്ടിയായി മാറ്റുന്നത്.

**ഡോ. പ്രസന്നരാജൻ**

നോവൽ ₹ 195

സാഹിതി പബ്ലിക്കേഷൻസ്
ഇഷാര കോംപ്ലക്സ് ഇലവുംതിട്ട
പി.ഒ., പത്തനംതിട്ട
Reg. No. PTM/TC/23/2022
www.sahithisangama.com

ISBN: 978-93-94587-36-6